മലങ്കര സുറിയാനി കത്തോലിക്കാ സഭ

# വിശുദ്ധ കുർബാനക്രമം

(ക്യംതാ, സ്ളീബാ പ്രാർത്ഥനാക്രമങ്ങൾ ചേർന്നത്)

*Imprimatur*

**✠ Moran Mor Baselios Cardinal Cleemis**

*Major Archbishop - Catholicos*
*of the Syro - Malankara Catholic Church*

*Reprinted in* 2018

*Prepared by*
The Synodal Commission for Liturgy

*Printed at*
St. Mary's Press, Pattom, Thiruvananthapuram - 695 015

## വിഷയവിവരം


| | |
|---|---|
| **കൃംതാ പ്രാർത്ഥനകൾ** | പേജ് |
| സന്ധ്യ | 5 |
| സൂത്താറാ | 29 |
| രാത്രി | 45 |
| പ്രഭാതം | 70 |
| മൂന്നാംമണി | 97 |
| ആറാംമണി | 99 |
| ഒൻപതാംമണി | 102 |
| **സ്ലീബാ പ്രാർത്ഥനകൾ** | |
| സന്ധ്യ | 105 |
| സൂത്താറാ | 116 |
| രാത്രി | 123 |
| പ്രഭാതം | 127 |
| മൂന്നാംമണി | 150 |
| ആറാംമണി | 152 |
| ഒൻപതാംമണി | 154 |
| **വിശുദ്ധ കുർബാനക്രമം** | |
| പഴയ നിയമ വായന സഹായി | 157 |
| കുർബാനക്രമം | 159 |
| **അനുബന്ധങ്ങൾ** | |
| വിശുദ്ധ കുർബാനയിൽ മാറിവരുന്ന ഗീതങ്ങളും പ്രാർത്ഥനകളും | 210 |
| മേൽപട്ടക്കാരുടെ ശുശ്രൂഷാ വേളകളിൽ ചൊല്ലുന്ന ഗീതങ്ങൾ | 231 |
| വിശുദ്ധ കുർബാനയ്ക്കുശേഷം കൃതജ്ഞത | 236 |
| വിശുദ്ധ കുമ്പസാരം | 240 |
| ദൈവമാതാവിനോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥന | 249 |
| വിശുദ്ധ കുർബാനയുടെ വാഴ്വ് | 256 |
| പെരുന്നാൾ റാസാ ഗാനങ്ങൾ | 259 |
| സുറിയാനി, ഗ്രീക്ക് പദങ്ങളുടെ അർത്ഥം | 270 |

മലങ്കര
സുറിയാനി കത്തോലിക്കാ സഭ

# ഉയിർപ്പുകാലത്തെ (ക്യംതാ) പ്രാർത്ഥനകൾ

# സന്ധ്യ

## കൗമാ

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും. ആമ്മീൻ.

തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഊശാന.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

ദൈവമേ, നീ പരിശുദ്ധനാകുന്നു.

ബലവാനേ, നീ പരിശുദ്ധനാകുന്നു.

മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ✠ ഞങ്ങളോട് കരുണ ചെയ്യണമേ. (മൂന്നു പ്രാവശ്യം)

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളോട് കരുണചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

✠ കുരിശടയാളം ഉള്ള സ്ഥലങ്ങളിൽ തല വണങ്ങി കുരിശു വരയ്ക്കണം. ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും കുമ്പിടീൽ ഇല്ല.

ദൈവമേ, നിനക്കു സ്തുതി. സ്രഷ്ടാവേ നിനക്കു സ്തുതി. പാപികളായ അടിയാരോട് കരുണചെയ്യുന്ന മിശിഹാ രാജാവേ, നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപ നിറഞ്ഞ മറിയമേ, നിനക്ക് സമാധാനം. നമ്മുടെ കർത്താവ്, നിന്നോടുകൂടെ. നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ നമ്മുടെ കർത്താവ് യേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി, ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.

കർമ്മി : ശുബ്ഹോ ലാബോ ഉലബ്റോ വൽറൂഹോ കാദീശോ.

ജനം : ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകണമേ.





## പ്രാരംഭ പ്രാർത്ഥന

കർമ്മി : ദൈവമായ കർത്താവേ, ഞങ്ങൾ പരിപക്വമായ നടപടികളാൽ തിരുമുമ്പാകെ ശോഭിച്ചുകൊണ്ട് നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇടവിടാതെ സ്തുതിക്കുവാൻ തക്കവണ്ണം മൂന്നാം ദിവസത്തെ നിന്റെ ഉയിർത്തെഴുന്നേല്പ്പു ദിവസത്തെ സ്വർഗസേനകളോടുകൂടെ വെടിപ്പിലും വിശുദ്ധിയിലും പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. (മോറാൻ വാലോഹാൻ ല്ഒൽമ്മീൻ)

ജനം : ആമ്മീൻ.

## സങ്കീർത്തനം 51

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോട് കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്ത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമേ.

എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കെതിരായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അത് നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യുവാനായിട്ടു തന്നെ.

എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാന ത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു.

സോപ്പാകൊണ്ട് എന്റെമേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും അതിനാൽ എന്നെ നീ വെൺമയാ ക്കണമേ. ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.

എന്റെ പാപങ്ങളിൽനിന്ന് നിന്റെ തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമേ.

ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്ക ണമേ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ.

നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുക യുമരുതേ.

എന്നാലോ, നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചുതരണമേ. മഹത്ത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ.

അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും.

കർത്താവേ, എന്റെ അധരങ്ങൾ എനിക്ക് തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലി കളിൽ നീ രമ്യപ്പെട്ടുമില്ല.





ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ.

അപ്പോൾ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ കാളകൾ ബലിയായി കരേറും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(ഹ്ത്തീസ്ലോക്ഹോയേൻല്ഹാത്തോയെ - എന്ന രീതി)

1. ഈ നിന്നുത്ഥാനത്തിൻനാൾ
   വംശത്തലയാം ആദം മോദിക്കും
   നാഥാ! സർവ്വേശാ!
   കൃപചെയ്കെന്നിൽ.
2. നിന്നെ മൃതനായവർ കബറിൽ മുദ്രക്കല്ലും
   കാവലുമായ് വെച്ചാർ. നാഥാ....
3. മിശിഹാ വിൺമൺവാസികളെ-
   ഉത്ഥാനത്താൽ മോദിപ്പിച്ചവനേ. നാഥാ....
4. സൗരഭ്യക്കൂട്ടുമെടുത്താ ശിഷ്യസ്ത്രീകൾ
   ചെന്നാർ നിൻ കബറിൽ. നാഥാ....
5. യോഹന്നാനും കീപ്പായും സന്തോഷത്താൽ
   ഓടിക്കബറെത്തി. നാഥാ....

ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

6. ദേവാ! സ്തുതി നിൻ കരുണയ്ക്കും
രക്ഷകനേ, നിൻ കൃപയതിനും നിത്യം. നാഥാ...

കുറിയേലായിസ്സോൻ.

## സങ്കീർത്തനങ്ങൾ 141,142,119,117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു. എന്നോട് നീ ഉത്തരമരുളി, എന്റെ വചനങ്ങൾ സൂക്ഷിച്ചുകേൾക്കണമേ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപംപോലെയും എന്റെ കൈകളുടെ കാഴ്ച സന്ധ്യാബലിപോലെയും കൈക്കൊള്ളണമേ.

എന്റെ ഹൃദയം ദുഷ്ക്കാര്യത്തിന് ചായുകയും ഞാൻ അന്യായമായി പ്രവർത്തിക്കുകയും ചെയ്യാതിരിക്കുവാൻ എന്റെ വായ്ക്ക് കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് സൂക്ഷിപ്പുകാരനെയും നിയമിക്കണമേ.

ദുഷ്ടന്മാരോടുകൂടെ ഞാൻ അപ്പം ഭക്ഷിക്കുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ.

ദുഷ്ടന്മാരുടെ എണ്ണകൊണ്ട് എന്റെ ശിരസിനെ അഭിഷേകം ചെയ്യരുതേ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദുഷ്ടതയ്ക്ക് എതിരായിട്ടാകുന്നു.

അവരുടെ ന്യായാധിപന്മാർ പാറയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ പിളർക്കുന്ന കൊഴുപോലെ പാതാളത്തിന്റെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടിരിക്കുന്നു.

കർത്താവേ, ഞാൻ എന്റെ കണ്ണുകൾ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടിരിക്കുന്നു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.





എനിക്കായി കെണികൾ മറച്ചുവച്ചിട്ടുള്ള പ്രശംസകരുടെ കൈയിൽനിന്ന് എന്നെ കാത്തുകൊള്ളണമേ.

ഞാൻ കടന്നുപോകുന്നതിനുമുമ്പ് അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലകളിൽ വീഴും.

**142.** ഞാൻ എന്റെ ശബ്ദമുയർത്തി കർത്താവിനെ വിളിച്ചു. എന്റെ ശബ്ദമുയർത്തി ഞാൻ കർത്താവിനോട് അപേക്ഷിച്ചു.

അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ എന്റെ ഞെരുക്കങ്ങൾ ഞാൻ അറിയിക്കുക യും ചെയ്തു.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ നീ എന്റെ ഊടുവഴികൾ അറിയുന്നു. ഞാൻ നടക്കുന്ന വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചുവെച്ചു.

ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്ന് ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്ക് ഇല്ലാതെയായി. എന്റെ ആത്മാവിനുവേണ്ടി ചോദിക്കുന്നവനും ഇല്ല.

കർത്താവേ, ഞാൻ നിന്നോടു നിലവിളിച്ചു. നീ എന്റെ ആശ്രയവും ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയും ആകുന്നു എന്ന് ഞാൻ പറഞ്ഞു.

എന്റെ അപേക്ഷ സൂക്ഷിച്ചു കേൾക്കണമേ. എന്തെന്നാൽ ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പിക്കുന്നവരിൽനിന്ന് എന്നെ വിടുവിക്കണമേ. എന്തെന്നാൽ അവർ എന്നേക്കാൾ ബലമുള്ളവരായിരിക്കുന്നു.

ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടതിന് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്ന് പുറപ്പെടുവിക്കണമേ. നീ എനിക്ക് പ്രതിഫലം തരുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

**119:105-112.** നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു.

നിന്റെ നീതിയുള്ള വിധികൾ ആചരിക്കുന്നതിനായി ഞാൻ ആണയിട്ട് നിശ്ചയിച്ചു.

ഞാൻ ഏറ്റവും ക്ഷീണിച്ചിരിക്കുന്നു. കർത്താവേ, നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ.

കർത്താവേ, എന്റെ (വായുടെ) വചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിന്റെ വിധികൾ എന്നെ പഠിപ്പിക്കണമേ.

എന്റെ ആത്മാവ് എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണം ഞാൻ മറന്നില്ല.

ദുഷ്ടൻമാർ എനിക്കായി കെണികൾവച്ചു. (എന്നാലും) ഞാൻ നിന്റെ കല്പനകളിൽനിന്ന് തെറ്റിപ്പോയില്ല.

ഞാൻ നിന്റെ സാക്ഷിയെ എന്നേക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദം ആകുന്നു.

നിന്റെ കല്പനകൾ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായി ഞാൻ എന്റെ ഹൃദയം തിരിച്ചു

**117.** സകല ജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ; സകല ജനങ്ങളുമേ അവനെ നിങ്ങൾ സ്തുതിപ്പിൻ.

എന്തെന്നാൽ, അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...





## എനിയോനോ

(സ്ലീമൊറിയോബ്റഹമ്മെ - എന്ന രീതി)

1. എൻനാഥാ! നിൻകൃപ നിന്നെ
ഇപ്പാപികളിൽ ചായിച്ച്
നിൻസ്ളീബാച്ചിറകിൽ തൂങ്ങും
നിൻസഭമേൽ കൃപതോന്നേണം.

2. അതിശക്തി മഹത്ത്വങ്ങളതാൽ
മൃതരിടയിന്നേറ്റോൻ മിശിഹാ,
ദുരിതക്കടലീന്നടിയാരെ
കരുണയൊടെഴുന്നേല്പിക്കേണം.

3. നിന്നുത്ഥാനത്തിന്റെ വിശു-
ദ്ധോത്സവമാമിദ്ദിവസത്തിൽ
നിൻകൃപയെ സ്തോത്രം ചെയ്വാൻ
ഞങ്ങളുടെ പാപം മോചിക്ക.

4. ക്രോബകൾ ജീവമരത്തോട്ടം
കാത്തീറയർ മിശിഹാ കബറും
പള്ളികൾ ദയറാകളുമിന്നീ-
യുത്ഥാനം കൊണ്ടാടുന്നു. ബാറെക്മോർ

ശുബ്ഹോ...മെൻഓലം

5. ശരണത്താലെയുറങ്ങീടും
മൃതരെ മോദിപ്പിച്ചവനേ,
മോദിപ്പിച്ചടിയാരെ നിൻ-
വലമാക്കണമുത്ഥാനത്തിൽ.

സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ.

## പ്രുമിയോൻ

കർമി : നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് കരുണയും ദയയും യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കണമേ.

കർമി : സ്തുതിയും സ്തോത്രവും മഹിമയും പുകഴ്ചയും അനശ്വരകീർത്തിയും ഇടവിടാതെ സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.

തിരുവിഷ്ടത്താൽ മരണത്തിനായി വരികയും സ്നേഹാധികൃത്താൽ കബറിലേക്ക് പ്രവേശിക്കുകയും ചെയ്ത നല്ലയിടയനും, മനുഷ്യരെക്കുറിച്ച് സ്നേഹമുള്ളവനും, സകലത്തിലും ഉയർന്നിരിക്കുന്നവനും, സ്വഭാവത്തിൽ അദൃശ്യനും, നാനാധനങ്ങളും വാരിയെടുക്കപ്പെടുന്ന ഭണ്ഡാരമുള്ള ധനവാനും, എല്ലാ ഭാഗങ്ങളിലേക്കും തന്റെ നിക്ഷേപങ്ങളെ വിഭജിച്ചു കൊടുക്കുന്നവനുമായ കർത്താവിന് സ്തുതി. സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും, നേരങ്ങളിലും, കാലങ്ങളിലും, സമയങ്ങളിലും, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും തനിക്കു യോഗ്യമാകുന്നു. (ബ്കുലഹൂൻ യൗമ്മോ സൊദ് ഹായായിൻ ല്ഒൽമ്മീൻ.)

ജനം : ആമ്മീൻ.

## ഹൂസോയോ

പാപപരിഹാരം ചെയ്യുന്നവനും വെടിപ്പാക്കുന്നവനും....





## സെദറാ

കർമി : ഞങ്ങളുടെ ദൈവമായ മിശിഹാ, നിന്റെ രക്ഷാകരമായ വ്യാപാരത്താലും മനുഷ്യരെക്കുറിച്ചുള്ള നിന്റെ ദിവ്യസ്നേഹത്താലും കാതോലികവും ശ്ലൈഹികവുമായ നിന്റെ സഭയെ സകല ജനതകളിൽനിന്നും നീ തെരഞ്ഞെടുത്ത് അതിനെ നിന്റെ വിശുദ്ധ രക്തത്താൽ വിലയ്ക്കുവാങ്ങി നിന്റെ മഹത്ത്വമുള്ള മണവാട്ടിയാക്കിത്തീർത്തു. നീ ഞങ്ങളെ നിന്റെ മക്കളും അവകാശവുമാക്കിത്തീർക്കുകയും മരണത്തിന്റെയും സാത്താന്റെയും അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കുകയും നിന്നെക്കുറിച്ചുള്ള അറിവിന്റെ യോഗ്യതയുള്ള പ്രകാശത്താൽ പ്രകാശിപ്പിക്കുകയും ചെയ്തിരിക്കുന്നു.

കർത്താവേ, ഞങ്ങളും നിന്റെ മക്കളെല്ലാവരും നിന്റെ ദിവ്യകല്പനകൾ ആചരിക്കുകയും അവയെ ധ്യാനിക്കുകയും രാവും പകലും നിന്റെ പ്രമാണങ്ങളനുസരിച്ച് നടന്ന് നിന്നിൽ സന്തോഷിക്കുകയും ചെയ്യുമാറാകണമേ. ഞങ്ങൾ, ജീവിപ്പിക്കുന്നതായ നിന്റെ സുവിശേഷം പ്രസംഗിക്കുകയും സകല ജനതകളുടേയുമിടയിൽ നിന്റെ ഏവൻഗേലിയോനെ വഹിക്കുകയും വിശുദ്ധ ശ്ലീഹന്മാരും ദീർഘദർശിമാരും അറിയിപ്പുകാരും ഞങ്ങൾക്ക് ഒരുക്കിത്തന്നിട്ടുള്ള മാർഗത്തോടുചേർന്ന് അതിൽക്കൂടെ നടക്കുകയും അവരുടെ ചൊവ്വുള്ള കാലടികളെ പിന്തുടരുകയും ചെയ്യുമാറാകണമേ. നിന്റെ ദിവ്യ ഇഷ്ടത്താൽ ഞങ്ങളെല്ലാവരും പൂർണതപ്പെടുകയും നീ അവർക്കു കൊടുത്തിട്ടുള്ള മഹത്ത്വത്തിൽ ഞങ്ങൾ കിരീടം ധരിപ്പിക്കപ്പെടുകയും ചെയ്യുമാറാകണമേ. വിശ്വാസികളായ നിന്റെ ജനങ്ങൾക്ക് നിന്റെ കല്പനകളുടെ രഹസ്യത്തെ ഞങ്ങൾ കൊടുക്കുകയും ജീവന്റേയും സന്തോഷത്തിന്റേയും

വചനം ഞങ്ങൾ പ്രസംഗിക്കുകയും നിന്റെ മഹിമയുള്ള പ്രകാശത്തിൽ ഞങ്ങൾ ശോഭിക്കുകയും നിന്റെ ആത്മീയ ഉറവയിൽനിന്ന് ഞങ്ങൾ ധാരാളമായി പുഷ്ടിപ്പെടുകയും നിന്റെ ജീവകരമായ പാനീയത്താൽ ഞങ്ങൾ പൂർണമായി ഇമ്പപ്പെടുകയും ചെയ്യുമാറാകണമേ. ഞങ്ങൾ നിത്യവും മാധുര്യമുള്ള ഗാനങ്ങളും ചേർച്ചയുള്ള സ്തുതികളും എല്ലാനേരവും ഇടവിടാതെ ആനന്ദകരമായ സ്തോത്രങ്ങളും നിനക്കും പ്രത്യേകം മഹത്ത്വമുള്ളതും വിസ്മയനീയങ്ങളുമായ അത്ഭുതപ്രവൃത്തികൾ നിറഞ്ഞിരിക്കുന്ന നിന്റെ ഉയിർത്തെഴുന്നേൽപ്പിനും അർപ്പിക്കുമാറാകണമേ.

നിന്റെ കരുണയ്ക്കായി നോക്കിപ്പാർക്കുകയും നിന്റെ കുരിശാരോഹണത്തെ ഏറ്റുപറയുകയും നിന്റെ ദൈവത്വത്തെ വിശ്വസിക്കുകയും ചെയ്യുന്ന നിന്റെ ഇടവകയ്ക്ക് സമാധാനവും നിന്റെ സഭയ്ക്ക് ശാന്തിയും സൗജന്യമായി നൽകണമേ. സത്യവിശ്വാസത്തോടുകൂടി അതിൽനിന്ന് യാത്രപുറപ്പെട്ടിരിക്കുന്ന വിശ്വാസികളായ മരിച്ചുപോയവർക്ക് സ്വർഗത്തിൽനിന്നുള്ള നിന്റെ എഴുന്നള്ളത്ത് ദിവസത്തിൽ നിന്റെ വലത്തുഭാഗത്തുനിന്നുള്ള പരമാനന്ദം കൊടുക്കണമേ. ഞങ്ങളും വിശ്വാസമുള്ള സഭയുടെ മക്കളെല്ലാവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. (ഹോശോ വബ്കൂല്സ്ബാൻ ല്ഒൽമ്മിൻ)

കർമി : ദൈവത്തിൽനിന്ന് കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ.

ജനം : ആമ്മീൻ.





## കോലോ

(ലോക്മൊറിയോ കോറേനാൻ–എന്ന രീതി)

1. നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ
ഖേദിക്കേണ്ടാ നിൻ പാപ-
ത്തെയോർത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ
ഞാൻ കൊണ്ടടികൾ
ഏദൻ കനി നീ തിന്നതിനായ്
കയ്പും കുടിച്ചേൻ ഞാൻ
നഗ്നതയാൽ നീ ഇലകൾ ചാർത്തി
നഗ്നതയോടെന്നെയവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ്
കോപം താതന്റെ.

2. മോദിക്ക വിശുദ്ധ സഭേ നമ്മുടെ നാഥൻ
മൂന്നാം നാളിൽ ജീവിച്ചാ-
ക്കബറീന്നെഴുന്നേറ്റാൻ
പാപത്തെ കൊലയാൽ കൊന്നാൻ
മൃതിയെ മൃതിയാൽ
ക്രോബകൾ കുന്തം താനേറ്റ-
ക്കുന്തത്താൽ നീക്കി
തൻ കബറാൽ–തീർത്താൻ കബർനാശം
തന്നുത്ഥാ–നാലിങ്ങുയിരേകി
ഏറ്റിവ താൻ പോക്കി വഴിത്തെ-
റ്റെല്ലാം ഞങ്ങളുടെ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

3. തൻ ശുദ്ധശരീരം ഭക്ഷിച്ചുയിരേകും
രക്തം പാനം ചെയ്ത മൃതർ-

ക്കായ് നാം പ്രാർത്ഥിക്ക
അഴിവില്ലാ-ലോകത്തവർ തൻ
ദേഹികൾ മേലും
പാപതമസ്സാത്മാക്കളിലും
വാഴായ്‌വാൻ തന്നെ
അവരാത്മാ-ക്കളെ നീക്കിയ നാഥാ
ഏറ്റവർ ചൊന്നാർ നിൻ സ്കീപ്പായെ
നിൻ വലഭാഗത്തു-നിറുത്തീ-
ടേണം നീയവരെ.

മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ.

## എത്രോ

കർമ്മി : ഗോഗുൽത്തായുടെ മുകളിൽ ബലിയർപ്പിക്കപ്പെടുകയും ക്രൂശാരോഹണത്താൽ ലോകത്തിന്റെ അന്യായത്തെ പരിഹരിക്കുകയും ചെയ്ത പുണ്യപ്പെടുത്തുന്ന ബലിയും സംയോജിപ്പുണ്ടാക്കുന്ന ധൂപകലശവുമായ എന്റെ കർത്താവേ, ബലഹീനരായിരിക്കുന്ന നിന്റെ ദാസരായ ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ നിസ്സാര ധൂപത്തെ മനുഷ്യരെക്കുറിച്ചുള്ള നിന്റെ സ്നേഹം നിമിത്തം കൈക്കൊള്ളണമേ. അതു നിന്റെ ബഹുമാനത്തിന്റെ മഹാശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുമാറാകണമേ. നിന്റെ അടുക്കൽനിന്ന് ഞങ്ങൾക്ക് കടങ്ങളുടെ പരിഹാരവും പാപമോചനവും അയച്ചുതരികയും നിന്റെ മനുഷ്യസ്നേഹം മൂലം ഞങ്ങളുടെ മരിച്ചുപോയവരെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. (മോറാൻ വാലോഹാൻ ല്ഒൽമ്മീൻ)

ജനം : ആമ്മീൻ.





## കോലോ

(കൂക്കോയോ)

1. നിൻ മുറിവുകളീന്നേറ്റേൻ മൂ-
റോൻ മണമെൻ നാഥാ,
നിന്നധരങ്ങളഹോ പട്ടിൻ-
നൂലോടൊത്തുള്ളൂ
    കാണ്മാൻ വന്നോ-രെന്നെ ഭടർ ചുറ്റി
    ഗോഗുൽത്തായി-ക്കവരെ വിട്ടോ-ടി
നിൻ മാർവുതുറന്നും രക്തം
വാർന്നും കണ്ടേൻ ഞാൻ,
കുരിശാലടിയാരെ കാക്കും
നാഥന്നായ് സ്തോത്രം
ഹാലേലുയ്യാ - അട്ടഹസിക്കുന്നേൻ.

2. എന്നെ മയക്കി നിൻ നൽ സൗ-
ന്ദര്യാശ്ചര്യങ്ങൾ
നിൻ സ്തുതി ദൈവസുതാ പാടാൻ
സ്വരമിവനില്ലൊന്നും
    പിതൃവലമായ് നി-ന്നെക്കണ്ടേൻമേലിൽ
    കള്ളന്മാർ-ത-ന്നിടയിലുമാഴത്തിൽ
നിൻ ശയ്യ മരിച്ചോർ-മദ്ധ്യേ
സ്വർഗം നിൻ പീഠം
ഈറയർ മേലും നരർ കീഴും
നാഥന്നായ് സ്തോത്രം
ഹാലേലുയ്യാ-അട്ടഹസിക്കുന്നു. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

3. ഞങ്ങൾ തൻ മൃതരെ-നീയോർ-
ത്തേകീടാശ്വാസം
ചാർത്തി സ്നാനേ മദ്ബഹായിൽ-

നിന്നെയുൾക്കൊണ്ടോർ
നിൻ ശുദ്ധ ശരീ-രത്തെ ഭക്ഷിച്ചും
നിൻ രക്തക്കാ-സാ-പാനം ചെയ്തോർ
അബ്രാഹത്തൊടു നിൻ രാജ്യ-
ത്താനന്ദിച്ചാർത്തും
നിൻ വലമായ് നിന്നും നിന്നെ
സ്തോത്രം ചെയ്യേണം
ഹാലേലുയ്യാ-നൽകീടാശ്വാസം.

## ഹൂലോലോ

ഹാലേലുയ്യാ ഉ-ഹാലേലുയ്യാ
സ്വർഗം സന്തോഷിക്കും ഭൂവാനന്ദിക്കും
മിശിഹാരാജൻ തന്നുത്ഥാനത്തിൽ. ഹാലേ
ലുയ്യാ.

## ഏവൻഗേലിയോൻ വായന

## കുക്കിലിയോൻ

മക്കളിലപ്പൻ കൃപചെയ്‌വതുപോലെ
ഹാലേലുയ്യാ ഉ-ഹാലേലുയ്യാ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും.

പുല്ലിനുതുല്യം നരനുടെ നാളുകളഹോ
ഹാലേലുയ്യാ ഉ-ഹാലേലുയ്യാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

## എക്ബോ

ശരണത്താലേ-നിൻ കൃപയിൽ





മരണമടഞ്ഞൊരു-ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്
സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

## കോലോ

രക്ഷകനേ നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീ-ക്കി ജീവിപ്പി-
ച്ചണിയിക്കുക നിന്നെ നോക്കു-ന്നവരിൽ കാന്തി.
ബാറെക്മോർ.

ശുബ്ഹോ...

മൃതരെ ജീവിപ്പിപ്പാനെഴു-ന്നെള്ളും രാജാ
മുകിലഴകിന്മേലാഘോഷിത-നായീടുന്നു.
നയവാന്മാർതൻ മുൻകൊമ്പിൻനാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു
മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ
(ഒന്നാം രാഗം)

1. ഉത്ഥാനത്താൽ തൻസഭയെ വീണ്ടോനാം പുത്രാ!
നിൻ ശൈനോ നൽകിത്തൻ പ്രജയെ കാക്കേണം നീ
2. ആനന്ദമെഴുന്നീടുമതിന്റെ കോണുകളിൽ നിൻ-
ശൈനൊ കോട്ടയ്ക്കൊപ്പം മേവിക്കാത്തീടേണം
3. നിൻ ശ്ലോമ്മോ തൻ വാതിലുകാക്കേണം നിൻ ശൈനോ
വന്നിഹ വാസം ചെയ്‌വോരെല്ലാം കണ്ടീടേണം
4. സ്തുത്യൻ സഭയെത്തീർത്തതിനെക്കാത്തീടും താതൻ
വന്ദ്യൻ കൊലയാൽ സദ്യയതിന്നേകീടും പുത്രൻ

5. കബറീന്നുയിർപൂണ്ടോരു സുതന്നായെല്ലാജാതി
ക്കാരിൽനിന്നും വന്ദനകൂട്ടും റൂഹാ സ്തുത്യൻ

6. വിൺമൺ ലോകർക്കൈക്യം നൽകീടും ശൈനോ നി-
ന്നുത്ഥാനത്താൽ നിൻ സഭയിൽ ശൈനോ നൽകേണം.

**കൗമാ**

(കാദീശാത്ത് ആലോഹോ)

ശുദ്ധൻ നീ ആലോഹോ
ശുദ്ധൻ നീ ബലവാനേ
ശുദ്ധൻ നീ മൃതിഹീനാ
ഞങ്ങൾക്കായ് ക്രൂശേറ്റോനേ, കൃപചെയ് ✠
(മൂന്നു പ്രാവശ്യം)

കർത്താവേ, ചെയ് കാരുണ്യം
കർത്താവേ, ചെയ് കൃപയാലേ
കർത്താവേ, പ്രാർത്ഥന പരികർമ്മങ്ങൾ
കൈക്കൊണ്ടും ചെയ് കാരുണ്യം.

സ്തുത്യൻ നീ ആലോഹോ
സ്തുത്യൻ നീ സ്രഷ്ടാവേ,
സ്തുത്യൻ നീ പാപികളിൽ കൃപ-
ചെയ്യും മിശിഹാ രാജാവേ. ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,...
കൃപനിറഞ്ഞ മറിയമേ,...

**വിശ്വാസപ്രമാണം**

സർവ്വശക്തനായ പിതാവും, ആകാശത്തിന്റെയും ഭൂമി യുടെയും കാണപ്പെടുന്നവയും, കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവുമായ സത്യേകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.





ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽനിന്ന് ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യ ദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശ ത്തിൽ പിതാവിനോട് സമത്വമുള്ളവനും, സർവ്വ സൃഷ്ടിക്കും ഹേതുവായവനും മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗത്തിൽ നിന്നിറങ്ങി ✠ പരിശുദ്ധ റൂഹായിൽനിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്ന് ✠ മനുഷ്യ നായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട് ✠ കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, സ്വർഗത്തിലേക്ക് കരേറി, തന്റെ പിതാ വിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവ സാനമില്ലാത്തവനും, ഏക കർത്താവുമായ യേശുമിശിഹാ യിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാ വിൽനിന്നു പുറപ്പെട്ട് പിതാവിനോടും, പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായി ജീവനും, വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവും, ഏകവും വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമോദീസാ ഒന്നു മാത്രമെ യുള്ളു എന്ന് ഞങ്ങൾ ഏറ്റുപറഞ്ഞ്, മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ

ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

ബാറെക്മോർ, സ്തൗമെൻകാലോസ്, കുറിയേലായിസ്സോൻ.

## ദൈവമാതാവിനോടുള്ള കുക്കിലിയോൻ

കർമ്മി : നിന്നാൾ സ്തുതിയൊടു രാജമകൾ
ഹാ...ഉ...ഹാ...
നിൻ വലഭാഗേ-രാജഭാമിനിയും

ജനം : നിന്നഴകരചൻ മോഹിപ്പാൻ ഹാ...ഉ...ഹാ...
നിൻ ജനമോർക്കായ്ക പിതൃഗൃഹവും.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

### എക്ബോ

കർമ്മി : ഭക്തർ പുകഴ്ചാഭാജനമേ

ജനം : നിന്നിലുദിച്ചോരേകസുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ-
പക്കലപേക്ഷയണക്കേണം
സ്തൗമെൻകാലോസ്-കുറിയേലായിസ്സോൻ.

### കോലോ

കർമ്മി : മന്നമകൾ-ക്കായി ശ്ലോമ്മോ

ജനം : വന്നേ-കി ദൂതവരൻ
നിന്നോടുകൂ-ടെൻ നാഥൻ നി-
ന്നിൽ ത-ന്നുദയമതും. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : അഖിലജഗൽ-പതിയേ നായക-
നായേറ്റി ഘോഷിച്ചാൾ





അതിബഹുമാ-നിച്ചു മറിയാം
വലുതാം പടവായ് താൻ.
മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ.

### ബോവൂസോ

കർമ്മി : മോറാനീശോ കുരിശും ✠ നിൻ

ജനം : മാതൃജനത്തിൻ-പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ-
വടികളെയും മായ്ച്ചീടേണം.

## വിശുദ്ധന്മാരോടുള്ള കുക്കിലിയോൻ

കർമ്മി : നയവാൻ പനപോലെ തളിർത്തിടുമേ ഹാ...
വളരുമവൻ ലബനോന്റെ കാരകിൽപോൽ

ജനം : വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ ഹാ...
വർദ്ധിക്കുമവർക്കു തുഷ്ടിപുഷ്ടികളും.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

### എക്ബോ

കർമ്മി : ഒരുപോലിങ്ങും മാർ (തോമ്മാ)

ജനം : വാനിലുമതുപോൽ നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നി-
ന്നോർമ്മയെ ബഹുമാനിച്ചോർക്കായ്.
സ്തൗമെൻ...

### കോലോ

കർമ്മി : പ്രാർത്ഥനയിൻ-സമയമിതല്ലോ മാർ (തോമ്മാ)

ജനം : പതിവിൻപടി നിൻ-കൂട്ടത്തലയായ് പ്രാർത്ഥിക്കാ

ഇമ്പമെഴും-നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നി-
ന്നാടുകളെ മൂശേപ്പോൽ തൃ-ക്കൈ വാഴ്ത്തേണം.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : നിന്നെ വരി-ച്ചൊരു താതന്നും മാർ (തോമ്മാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മുടി ചൂടിക്കുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും.
മൊറിയോ...

## ബോവൂസോ

കർമ്മി : പരിശുദ്ധന്മാരേ നിങ്ങൾ

ജനം : പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

## ഹൂത്തോമ്മോ

(കർമ്മി പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)

വലത്തുകൈയുടെ മൂന്ന് വിരലുകൾ ചേർത്തുപിടിച്ച്
കുരിശാകൃതിയിൽ ആശീർവദിക്കുന്നു.

പിശാചുക്കൾക്ക് ഭയങ്കരവും മാലാഖമാർക്ക് ബഹുമാനവും സത്യവിശ്വാസികൾക്ക് ബലമുള്ള കോട്ടയുമാകുന്ന ദൈവപുത്രന്റെ വന്ദ്യ സ്ലീബാ ✠ രാത്രിയിലും പകലിലും സന്ധ്യയിലും പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും എല്ലാ നാഴികയിലും എല്ലാ സമയത്തും നമ്മോടുകൂടെയും നമ്മുടെ ഇടയിലുമായിരുന്ന് നമ്മെ കാത്തുകൊള്ളുകയും മറച്ചുകൊള്ളുകയും ചെയ്യട്ടെ.

ദുഷ്ടമനുഷ്യരുടെ കഠിനകോപത്തിൽനിന്നും പിശാചുക്കളുടെയും അവിശ്വാസികളുടെയും അസൂയയിൽനിന്നും ഉപദ്രവിക്കുന്ന അധികാരികളിൽനിന്നും ദയയില്ലാത്ത യജമാനൻമാരുടെ കൈകളിൽനിന്നും രഹസ്യ





ശത്രുക്കളിൽനിന്നും പരസ്യശത്രുക്കളിൽനിന്നും ബലംചെയ്യുന്ന കൈയിൽനിന്നും അന്യായമായ കാലിൽനിന്നും സാത്താന്റെ കെണികളിൽനിന്നും ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കുന്ന ദുർവികാരങ്ങളിൽനിന്നും പാപത്തിന്റെ സകല ശക്തിയിൽനിന്നും നാം ഒഴിഞ്ഞ് രക്ഷപെട്ട് വീണ്ടുകൊള്ളപ്പെടുമാറാകട്ടെ. ആയത് കരുണയുള്ള മാതാവും ജയം ധരിച്ചിരിക്കുന്നവളും രണ്ടാമത്തെ ആകാശവും സത്യക്രിസ്ത്യാനികളുടെ പുകഴ്ചയുമായിരിക്കുന്ന മാലിന്യമില്ലാത്ത കന്യകയും ദൈവമാതാവുമായ വിശുദ്ധ മറിയാമിന്റെ പ്രാർത്ഥനകളാലും അപേക്ഷകളാലും തന്നെ.

ജനം : ബാറെക്മോർ.

ജയിപ്പിക്കുന്നതും രക്ഷിക്കുന്നതും ജീവിപ്പിക്കുന്നതുമായ സ്ളീബായുടെ ✠ വലിയ ശക്തിയാലും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേൻമാരുടെയും മൗദ്യാനന്മാരുടെയും നീതിമാന്മാരുടെയും ആചാര്യന്മാരുടെയും വിശുദ്ധ പിതാക്കന്മാരുടെയും സത്യമുള്ള ഇടയന്മാരുടെയും സത്യവിശ്വാസികളായ മല്പാന്മാരുടെയും പ്രാർത്ഥനകളാലും വിശുദ്ധ സഭയിലെ മല്പാന്മാരായ മാർ അപ്രേമിന്റെയും മാർ യാക്കോബിന്റെയും മാർ ഇസഹാക്കിന്റെയും പ്രാർത്ഥനകളാലും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും മാർ ഗീവർഗീസ് സഹദായുടെയും മാർ ബഹനാന്റെയും അവന്റെ സഹോദരിയായ സാറായുടെയും അവന്റെ കൂട്ടുകാരായ നാല്പതു സഹദേന്മാരുടെയും പ്രാർത്ഥനകളാലും മാർ യോഹന്നാൻ മാംദാനയുടെയും മാർ സ്തേഫാനോസ് ശെമ്മാശ്ശന്റെയും പ്രാർത്ഥനകളാലും നമ്മുടെ കർത്താവിനെ സ്നേഹിച്ച് തന്റെ കല്പനകളാചരിച്ചിട്ടുള്ള വിശുദ്ധന്മാരുടെ സംഘം മുഴുവന്റെയും പ്രാർത്ഥനകളാലും ഞങ്ങളോടുകൂടെ ഈ പ്രാർത്ഥനയെ (ശുശ്രൂഷയെ) യോഗ്യമാംവണ്ണം നിവർത്തിച്ചിട്ടുള്ള ഞങ്ങളുടെ പിതാക്കന്മാരും സഹോദരന്മാരും പ്രധാനികളുമായുള്ളോരെ, ഇന്ന് ഞങ്ങൾക്കും

നിങ്ങൾക്കും ഇടയനായ സാർവ്വത്രികസഭയുടെ അദ്ധ്യക്ഷ നായിരിക്കുന്ന പരിശുദ്ധ പിതാവ് (......) മാർപാപ്പായുടെയും നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ (......) കാതോലിക്കാ ബാവായുടെയും നമ്മുടെ മേൽപ്പട്ട ക്കാരൻ ആബൂൻ മോർ (......) മെത്രാപ്പോലിത്തായുടെയും പ്രാർത്ഥനകളാലും നാമെന്നേക്കും കാത്തുകൊള്ളപ്പെടു കയും വീണ്ടുകൊള്ളപ്പെടുകയും ചെയ്യുമാറാകട്ടെ.

ജനം : ബാറെക്മോർ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങ ളെല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ✠ ആത്മീയ മായ ഈ ശുശ്രൂഷയിൽ (പ്രാർത്ഥനയിൽ) ഞങ്ങളോടു കൂടെ സംബന്ധിച്ചിട്ടുള്ളവരായ നിങ്ങൾ ഓരോരുത്ത രേയും ✠ ദൈവമായ കർത്താവ് അനുഗ്രഹിച്ച് പുണ്യപ്പെ ടുത്തുമാറാകട്ടെ. ✠ ദൈവമായ കർത്താവ് നിങ്ങളെയും വിശ്വാസികളായ മരിച്ചുപോയവരെയും ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തുമാറാകട്ടെ.

(കിഴക്കോട്ടു തിരിഞ്ഞുനിന്നുകൊണ്ട്)

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ, ബലഹീനവും കുറവുള്ളവയുമായ ഞങ്ങളുടെ പ്രാർത്ഥ നകൾ നിന്റെ ഉന്നത സിംഹാസനത്തിൻ മുമ്പാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയും ആക്കി ത്തീർക്കണമേ. (ആബോ വബ്റോ ഉ-റൂഹോ കാദീശോ ഹോശോ വബ്കുൽ സ്ബാൻ ല്ഒൽമീൻ)

ജനം : ആമ്മീൻ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേ ലായിസ്സോൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടാ യി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താ വേ, ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ



# സൂത്താറാ

## കൗമാ

(മെൻ ഹൌബൈമോർ ദോഹെൽനൊ)

1. പരിശുദ്ധന്മാർക്കായ് കാക്ക-
പ്പെടുമുദ്യാനം
പൂകായ്‌വാനെന്നെ
    വേലിക്കൊപ്പം നേർക്കുന്നെൻ-
    കടമോർത്തുണ്ടു ഭയം നാഥാ,
നരകത്തീന്നെന്നെയേറ്റി
പ്പാർപ്പിക്കുക നിൻ-
ഹിതമൊത്താ ദിക്കിൽ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

2. രക്ഷകനേശുമഹാരാജാ
സ്തുതിചെയ്യുന്നോൻ
അനുതാപക്കാർ മുൻ
    നിൻ വാതിൽ തുറന്നീടുന്നു
    എല്ലാ നന്മയുമേകും നിൻ
*നന്തുനിയാവാനെന്നെ നിൻ
നൽവരമേകി-
സന്തോഷിപ്പിക്ക.
മൊറിയൊ റാഹേം അലൈൻ ഊ ആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

(ഹോയൻല്ഹാത്തോയെ)

1. ദുഷ്ടന്മാരിൽ കാ-
രുണ്യം പൂണ്ടോനേ!
കാരുണ്യം ചെയ്നിൻ
ന്യായത്തീർപ്പിൻനാൾ

* വീണ

2. ദുഃഖംപൂണ്ടോർ നിൻ-
വാതിൽ മുട്ടുന്നു
കാരുണ്യത്താൽ നൽ-
കേണം യാചനയെ.

3. സ്വർഗസ്ഥൻ താതാ,
പ്രാർത്ഥിക്കുന്നയ്യോ
കൈക്കൊണ്ടിക്കർമ്മം
കാരുണ്യം ചെയ്ക.

4. വിണ്ണവർ തൻ നാഥാ
മണ്മയരാശയുമേ!
കൈക്കൊണ്ടീക്കർമ്മം
കാരുണ്യം ചെയ്ക.

അല്ലെങ്കിൽ

## മാർ അപ്രേമിന്റെ ബോവൂസോ

1. കർത്താവേ, കൃപ ചെയ്യണമേ.
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതി അയച്ചരുളണമേ നി-
ന്നറയീന്നലിവുമനുഗ്രഹവും.

2. നിദ്രവെടിഞ്ഞിട്ടുണർവൊടു ഞാൻ
നിൻ മുൻ നിൽക്കാറാകണമേ
വീണ്ടുമുറങ്ങിലതിൽ പാപം
തീണ്ടുകയും ചെയ്യരുതേ ഞാൻ.

3. അക്രമമുണർവിൽ ചെയ്യാതെ
കാക്കണമേ നാഥാ കൃപയാൽ
നിദ്രയിൽ ഞാൻ പാപം ചെയ്കിൽ
നിൻ കൃപ മോചനമരുളണമേ.





4. എളിമയെഴും നിൻ ✠ കുരിശിനെയോർ -
ത്തേകണമടിയനു സുഖനിദ്ര
മായാരൂപക്കാഴ്ചകളിൽ
പായാതെന്നെ രക്ഷിക്ക.

5. സ്വച്ഛന്ദമുറങ്ങുന്നേരം
ദുശ്ചിന്തകൾ ദുഷ്ടന്മാരും
എന്നെ വന്നു ഭരിക്കായ്‌വാൻ
ഈരാവിൽ കാക്കണമെന്നെ.

6. എൻദേഹമശേഷം സൂക്ഷിപ്പാൻ
ഏകുക വെളിവിൻ ദൂതനെ നീ
നിൻ മെയ് ഞാൻ ഭക്ഷിച്ചതിനാൽ
ദുർമ്മോഹേ വീഴരുതേ ഞാൻ.

7. ആശ്വാസത്തൊടുറങ്ങുമെനി-
ക്കാവുക നിൻ രക്തം കാവൽ
ഈ നിൻ സദൃശ്യമതാം സൃഷ്ടി-
ക്കേകണമേ നീ സ്വാതന്ത്ര്യം.

8. നിൻ കൈവേലയതാം മെയ്മേൽ
നിന്റെ വലംകൈ മേവണമേ
പരിചയ്ക്കൊപ്പം കാക്കുക നിൻ
കരുണക്കോട്ട വളഞ്ഞെന്നെ.

9. മെയ്യിതുറങ്ങുമ്പോൾ കാവൽ
ചെയ്യണമേ നിന്നുടെ ശക്തി
ആകണമേ നൽധൂപം പോൽ
എന്റെയുറക്കം തിരുമുമ്പിൽ.

10. നിൻ മാതൃപ്രാർത്ഥനയാലെൻ
ശയ്യയ്ക്കണയരുതേ ദുഷ്ടൻ
സാത്താനെന്നെ കൊല്ലായ്‌വാൻ
തിരുബലിയവനെ വിലക്കണമേ.

11. നിൻ വാക്കെന്നിൽ നിവർത്തിക്ക
നിൻ കുരിശെന്നുയിർ ✠ കാത്തിടുക
എന്നെ താങ്ങിയ നിന്നൻപാൽ
നിന്നെയുണർവ്വിൽ സ്തുതി ചെയ്‌വാൻ.

12. നിന്നിഷ്ടം കേട്ടതിനെ ഞാൻ
അനുവർത്തിപ്പാൻ കർത്താവേ
നീതിയെഴുന്നൊരു രാവുമെനി-
ക്കേകണമേ നൽ സന്ധ്യയതും.

13. വെളിവാം മിശിഹാ, രക്ഷക, നീ
വെളിവിൽത്തന്നെ നിൻ വാസം
വെളിവിൻ പുത്രന്മാർ നിന്നെ-
ത്തന്നെ വന്ദിച്ചീടുന്നു.

14. വെളിവിൽ വസിക്കുന്നുലകത്തിൻ
രക്ഷകനാമീശോ സ്തോത്രം
ഇഹപരലോകങ്ങളിൽ നിന്റെ
കൃപ ഞങ്ങളിലുണ്ടാകണമേ.

15. സ്തോത്രം സ്തോത്രം കർത്താവേ,
സ്തോത്രമതായിരമായിരമായ്
അനവധിയായ് സ്തോത്രം നാഥാ
കൃപവേണം ഞങ്ങളിലെന്നും.

16. സ്തോത്രം മാലാഖകൾ ശുശ്രൂ-
ഷിച്ചീറയർ വന്ദിപ്പവനേ
പ്രാർത്ഥന കേൾക്കീറയരുടെയും
മാലാഖകളുടെയും നാഥാ.

17. ത്രിത്വൈകത്വവുമേകത്വ
ത്രിത്വവുമായി സ്ഥിതിചെയ്യും
പിതൃസുത പരിശുദ്ധാത്മാവാം
സത്യൈക പരന്നായ് സ്തോത്രം.





18. * ബലഹീനജന പ്രാർത്ഥനയെ
കേൾപ്പവനും കാഴ്ചകൾ പോലെ
അനുതാപം പൂണ്ടവർ കണ്ണീർ
കൈക്കൊള്ളുന്നവനും സ്തോത്രം.

19. ഈറയർ ശുശ്രൂഷിപ്പവനേ
മാലാഖകൾ വാഴ്ത്തുന്നവനേ
വൃക്ഷദലത്തിൻ സംഖ്യയിൽ മൺ -
മയർ നിന്നെ സ്തുതി ചെയ്യുന്നു.

20. പിതൃസുത പരിശുദ്ധാത്മാവാം
സത്യൈക പരനായ് സ്തോത്രം
ചെയ്തീടേണം നാം സത്യ-
ജ്ഞാന വിവേകത്തൊടുകൂടി.

21. മൃതികര വിഷമാം പൊൻവെള്ളി
ധനമയ്യോ നേടരുതേ നീ
തേടുക സുഖകരമുപദേശം
നിന്നെ നാഥൻ സ്നേഹിപ്പാൻ.

22. നാല്പതു നോമ്പതു നോൽക്കുക നീ
തീറ്റുക തീനില്ലാത്തവരെ
+ ഈശായി സുതനൊപ്പം നീ
പ്രാർത്ഥിക്കുക ദിനമേഴൂഴം.

23. നാല്പതു നാളിന്നുപവാസം
മൂശ കഴിച്ചേലിയാവും
നാഥൻ ശത്രുവിനെ വെന്നു
നാല്പതു നാളുപവാസത്താൽ.

---

* ഇതുമുതൽ അവസാനഖണ്ഡം ഒഴിച്ചുള്ള ഭാഗങ്ങൾ വലിയനോമ്പിലും മൂന്നു നോമ്പിലും ചൊല്ലിയാൽ മതി.

\+ ഈശായി സുതൻ = ദാവീദ്

24. കടൽ കുഴിയഗ്നിച്ചൂളകളിൽ
നിന്നു കരേറിയ പ്രാർത്ഥനപോൽ
അടിയാരുടെ പ്രാർത്ഥനകൾക്കും
കൃപയാം വാതിൽ തുറക്കണമേ.

25. പ്രാർത്ഥന കേട്ടീടുന്നവനേ
യാചന നൽകീടുന്നവനേ
പ്രാർത്ഥനകേട്ടു നിരപ്പായി
കൃപയാൽ യാചന നൽകണമേ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ ദൈവത്തിന്റെ നിഴലിൽ മഹത്ത്വപ്പെടുന്നു.

ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും സങ്കേതസ്ഥലവുമെന്ന് കർത്താവിനെക്കുറിച്ച് നീ പറയുക.

എന്തെന്നാൽ, അവൻ വിരുദ്ധതയുടെ കെണിയിൽ നിന്നും വ്യർത്ഥസംസാരത്തിൽനിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തെയും മദ്ധ്യാഹ്നത്തിൽ വീശുന്ന കൊടുംകാറ്റിനെയും ഭയപ്പെടുകയില്ല.

നിന്റെ ഭാഗത്ത് ആയിരങ്ങളും നിന്റെ വലത്തുഭാഗത്ത് പതിനായിരങ്ങളും വീഴും.

എങ്കിലും, അവ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലോ നിന്റെ കണ്ണുകൾകൊണ്ട് നീ കാണുക മാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലം നീ കാണും.





എന്തെന്നാൽ, തന്റെ വാസസ്ഥലം ഉയരങ്ങളിൽ ആക്കിയ എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല. ശിക്ഷ നിന്റെ വാസസ്ഥലത്തിന് സമീപിക്കുകയുമില്ല.

എന്തെന്നാൽ, നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ മാലാഖമാരോട് കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ച ഉണ്ടാകാതിരിപ്പാനായി അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസോസർപ്പത്തെയും അണലിയെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും.

അവൻ എന്നെ വിളിക്കും. ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തി, എന്റെ രക്ഷ അവനെ ഞാൻ കാണിക്കും.

**121** : ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്ന് വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ, ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ്, തന്റെ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും.

പകൽ സൂര്യനോ, രാത്രിയിൽ ചന്ദ്രനോ നിന്നെ ഉപദ്ര വിക്കുകയില്ല.

കർത്താവ്, സകല ദോഷങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളും. അവൻ നിന്റെ ആത്മാവിനെ കാത്തു കൊള്ളും.

കർത്താവ്, നിന്റെ ഗമനത്തെയും നിന്റെ ആഗമന ത്തെയും ഇതു മുതൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

### അല്ലെങ്കിൽ

അത്യുന്നതനുടെ മറവിൽ വസിപ്പോൻ ഹാലേലുയ്യാ
ദൈവത്തിൻ നിഴലി-ൽ മഹിതനവൻ

എന്നാശ്രയവും ശരണവുമീശ-ൻ ഹാലേ...
എന്നഭയം നീയെന്നുരചെ-യ് നാഥനൊടായ്

വൈരുദ്ധ്യത്തിൻ കെണിയിൽനിന്നും ഹാലേ..
രക്ഷിക്കുമവൻ പാഴ്വാ-ക്കിൽനിന്നും

ചിറകിൻ തൂവലുകൾകൊണ്ടു മറയ്ക്കുമവൻ- ഹാലേ...
തൻ സത്യം നിൻചുറ്റും-ആയുധമായ്

രാവിൽ ഭയവും പകൽ അസ്ത്രമതും-ഹാലേ...
ഇരുളിൽ വചനം ഉച്ചയിൽ ഊതും കാറ്റും ഭയമേകാ

നിൻ പാർശ്വത്തായിരമായ് നിപതിക്കും-ഹാലേ...
നിൻ വലഭാഗേ പതിനായിരമാ-യ് വീണീടും

നിന്നെ സമീപിക്കില്ലവ എന്നാൽ നീ കാണും-ഹാലേ..
ദുഷ്ടൻ തൻ പ്രതിഫലമതു നീ-ദർശിക്കും





തൻ വാസസ്ഥലമുയരതിലാക്കിയവൻ-ഹാലേ...
എൻ ശരണം നാഥ-ൻ നീയത്രേ

ദോഷം നിന്നെ സമീപിച്ചീടാ-ഹാലേ...
നിൻ വാസസ്ഥാനത്തണയാ-ശിക്ഷയതും

നിൻവഴികളിലഖിലം നിന്നെ കാത്തീടാൻ-ഹാലേ...
നിന്നെപ്രതി മാലാഖകളോടവനാ-ജ്ഞാപിക്കും

നിൻ പാദങ്ങളിൽ നീ ഇടറായ്‌വാൻ-ഹാലേ....
ഭുജമതിൽ നിന്നെയവർ ഏറ്റീടും.

ഗോർസോസർപ്പം അണലിയെയും നീ പാദാൽ മർദ്ദിക്കും-ഹാലേ...
സിംഹം പെരുമ്പാമ്പിനെയും നീ-മെതിചെയ്യും

അവനെന്നെ അന്വേഷിച്ചെൻ നാമം അറിയുകയാൽ-ഹാലേ...
ബലമേകും ഞാനവനെ രക്ഷിക്കും

അവനെന്നെ വിളിക്കും ഞാനവനുത്തരമരുളും-ഹാലേ..
ഞെരുക്കത്തിൽ ഞാനവനാ-യ് ബലമേകും

ദീർഘായുസിനാൽ അവനെ ഞാൻ തൃപ്തനാക്കും-ഹാലേ..
എൻരക്ഷയുമവനേ-കാണിക്കും

ഗിരിശൃംഗങ്ങളിലേക്കെൻ മിഴികളുയർത്തും ഞാൻ...ഹാലേ..
എൻ തുണയെവിടുന്നാ-ഗതമാകും

ഭൂവാനങ്ങൾ നിർമിച്ചോൻ നാഥൻ തന്റെ-ഹാലേ...
സന്നിധിയിൽനിന്നു സഹായം വ-ന്നെത്തീടും

നിൻ പാദം വഴുതുവാനിടയാക്കീടാ-ഹാലേ...
നിൻ കാവൽക്കാരൻ ഉറക്കം തൂ-ങ്ങുകയില്ല

ഇസ്രായേലിൻ കാവൽക്കാരൻ-ഹാലേ...
ഉറക്കം തൂങ്ങീടാ നിദ്രി-തനായീടാ

കർത്താവത്രേ നിൻ കാവൽക്കാരൻ-ഹാലേ...
തൻ വലപാണി നിനക്കേകും-നിഴലുകളെ

പകലാദിത്യൻ രാവിൽചന്ദ്രൻതാനും-ഹാലേ...
ശല്യമതേകീടി-ല്ല നിനക്കായ്

എല്ലാ ദോഷമതീന്നും നാഥൻ-ഹാലേ...
കാത്തീടും നിന്നാ-ത്മാവിനെയും

നിൻഗമനാഗമനങ്ങളെ ഇതുമുതലെന്നേക്കും കാത്തീടും-ഹാലേ...
സ്തുതിയങ്ങേക്കുചിതം ദേവേശാ. ബാറെക്മോർ.

കർമ്മി : ശുബ്ഹൊ...

ജനം : ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ
മെൻഓലം വാദാ മൊല്ഓലം ഒൽമീൻ ആമ്മീൻ.

## അപേക്ഷ

കർത്താവേ, നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ, നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്ത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ സമാധാനപൂർണ്ണമായ സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും നീ പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമേ.

കർത്താവേ, നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.





ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകൾ ഒക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോട് അപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ നൽകണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോട് കരുണ ചെയ്യണമേ.

### അല്ലെങ്കിൽ

1 കർത്താവേ, മറ ചെയ്തീടേണമേ
ഞങ്ങളെ നി-ന്റെ
കൃപയതിനുടെ ചിറകി-ൻ നിഴലിൽ.

2 കേൾപ്പവനഖിലം നീ
ദാസന്മാർ-തൻ
യാചനയെ നീ-
കേൾക്കണമേ കാരു-ണ്യത്താൽ.

3 ശാന്തി നിറഞ്ഞൊരു രാവും നൽ
പുണ്യമെഴുന്നൊരു സന്ധ്യയതും
ഞങ്ങൾ രക്ഷകനാം മിശിഹാ
മഹിമയെഴും രാജാ നൽക.

4 ഞങ്ങൾ കണ്ണുകൾ നിൻ പക്കൽ
നോക്കുന്നു ഋണപാപങ്ങൾ
പോക്കീട്ടിഹ പരലോകത്തിൽ
നിൻ കൃപ ഞങ്ങൾക്കേ-കണമേ.

5 നിൻ കൃപ ഞങ്ങളെ മറചെയ്ക
തവകൃപ നിൽക്കണമിവർ മുമ്പിൽ

നിൻ സ്ലീബാ ദുഷ്ടനിൽനിന്നും
സൈന്യമതീന്നും കാ-ക്കണമേ.

6 ജീവനോടെങ്ങൾ വസിച്ചീ-ടും
നാളുകളൊക്കെയിലും നിന്റെ
വലതുകരം തുണയായ് ഇവർമേൽ
ആവാസം ചെയ്തീ-ടണമേ.

7 ഞങ്ങൾ മദ്ധ്യേ നിൻ ശക്തി
വാഴണമേ നിന്നൊടു കേഴും
ആത്മാക്കൾക്കുണ്ടാവണമേ
നിന്നുടെ ശരണം ര-ക്ഷയതും.

8 ജനനീമറിയാമിന്റേയും
ശുദ്ധരുടേയും പ്രാർത്ഥനയാൽ
മോ-ചിച്ചടിയാർമേൽ
നാഥാ നീ കൃപ ചെ-യ്യണമേ.

## ക്രോബേന്മാരുടെ സ്തുതി
(എസെ 3:12)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, ഞങ്ങളോട് കരുണ ചെയ്യണമേ.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, ഞങ്ങളോട് കരുണ ചെയ്യണമേ.





വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, കൃപയുണ്ടായി ഞങ്ങളോട് കരുണചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.

നീ വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി.

ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി.

ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,...
കൃപനിറഞ്ഞ മറിയമേ, നിനക്ക് സമാധാനം...

## വിശ്വാസപ്രമാണം

## സ്തോത്രം

ദൈവമേ, നിനക്ക് സ്വീകാര്യമായ സ്തുതിയും സ്തോത്രവും നന്ദിപൂർവ്വം അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

പിതാവായ ദൈവമേ, നീ ഞങ്ങളുടെ സ്രഷ്ടാവും സംരക്ഷകനുമാകയാൽ നിനക്ക് സ്തോത്രം.

പുത്രനായ ദൈവമേ, നീ ഞങ്ങളുടെ രക്ഷകനും, പരിത്രാതാവും ആകയാൽ നിനക്ക് സ്തോത്രം.

പരിശുദ്ധാത്മാവായ ദൈവമേ, നീ ഞങ്ങളെ ശുദ്ധീകരിക്കുന്നവനും പരിപാലിക്കുന്നവനുമാകയാൽ നിനക്ക് സ്തോത്രം.

പരിശുദ്ധ ത്രിത്വമേ, വിശുദ്ധ കത്തോലിക്കാസഭയ്ക്ക് നീ സ്വയം വെളിപ്പെടുത്തിയതിനാലും അതിന്റെ മക്കളായി ഞങ്ങളെ അനുഗ്രഹിച്ചിരിക്കുന്നതിനാലും നിനക്ക് സ്തോത്രം.

ഈ ജീവിതത്തിലേക്ക് ഞങ്ങളെ കൊണ്ടുവന്നതിനാൽ സ്തോത്രം.

നിന്റെ വിശുദ്ധരുടെ ഉത്തമ മാതൃകകൾക്കും ദിവ്യോപദേശങ്ങൾക്കും വേണ്ടി സ്തോത്രം.

നിന്നെ അറിയുകയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്‌വാൻ തക്കതായ കൃപ ഞങ്ങൾക്ക് തന്നിട്ടുള്ളതിനാൽ സ്തോത്രം.

ഇന്നേദിവസം തൃക്കൈയിൽനിന്ന് ഞങ്ങൾ പ്രാപിച്ച എല്ലാ സഹായങ്ങൾക്കുംവേണ്ടി സ്തോത്രം.

### മദ്ധ്യസ്ഥത

ഞങ്ങളുടെ മാതാപിതാക്കൾ, സഹോദരസഹോദരികൾ, ചാർച്ചക്കാർ, ഗുരുക്കന്മാർ, സ്നേഹിതർ, ഞങ്ങൾക്ക് നന്മ ചെയ്തിട്ടുള്ളവർ എന്നിവരെയെല്ലാം അനുഗ്രഹിക്കണമേ. ഈ ദേശത്തെയും ഭരണാധികാരികളെയും സർവ്വജനങ്ങളെയും അനുഗ്രഹിക്കണമേ.

സകല ജനങ്ങളെയും നിന്റെ സത്യത്തിലേക്കും രക്ഷയിലേക്കും ആകർഷിക്കണമേ. ഞങ്ങളുടെ അകത്തോലിക്കാ സഹോദരങ്ങളെ അനുസരണത്തിലേക്കും തിരുസഭയുടെ ഐക്യത്തിലേക്കും തിരിച്ചു വരുത്തണമേ. ലോകമാകെയുള്ള നിന്റെ തിരുസഭയെ അനുഗ്രഹിക്കണമേ. തിരുസഭയുടെ തലവനായ പരി. (......) മാർപാപ്പയെയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ (......) കതോലിക്കാബാവായെയും അനുഗ്രഹിക്കണമേ. ഞങ്ങളുടെ ഇടയനും മേൽപ്പട്ടക്കാരനുമായ ആബൂൻ മോർ (......) മെത്രാപ്പോലീത്തയെയും സത്യവിശ്വാസികളായ എല്ലാ എപ്പിസ്ക്കോപ്പാമാരെയും അനുഗ്രഹിക്കണമേ.





ഞങ്ങളുടെ എല്ലാ ഭദ്രാസനങ്ങളെയും ഇടവകകളെയും മിഷ്യനുകളെയും പട്ടക്കാരെയും വൈദിക വിദ്യാർത്ഥികളെയും സന്യാസീ-സന്യാസിനികളെയും അനുഗ്രഹിക്കണമേ.

എല്ലാ രോഗികളെയും ക്ലേശിതരെയും പരദേശവാസികളെയും അനാഥരെയും ഭവനരഹിതരെയും തൊഴിൽ രഹിതരെയും പ്രത്യേകമായും അനുഗ്രഹിക്കണമേ.

ഞങ്ങളുടെ വിദ്യാലയങ്ങളെയും ആതുരാലയങ്ങളെയും എല്ലാ സ്ഥാപനങ്ങളെയും അവയിൽ പ്രവർത്തിക്കുന്നവരെയും അവയോട് ബന്ധപ്പെടുന്നവരെയും എല്ലാ കുടുംബാംഗങ്ങളെയും സകല ജനങ്ങളെയും അനുഗ്രഹിക്കണമേ.

നിന്റെ കൃപകളാലും ഐശ്വര്യങ്ങളാലും ഞങ്ങളെ എല്ലാവരെയും ആശിർവദിക്കണമേ.

### സമർപ്പണം

ഇന്നേദിവസം ഞങ്ങൾ ചെയ്തുപോയ തെറ്റുകളും പാപങ്ങളും ദയതോന്നി ഞങ്ങളോടു ക്ഷമിക്കണമേ. ഈ രാത്രിയിൽ ഞങ്ങളെ കാത്തുകൊള്ളണമേ. ഈ രാത്രിയിലും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്റെ കൃപയിലും വിശുദ്ധിയിലും ഞങ്ങളെ പാലിക്കണമേ.

ഞങ്ങളുടെ ശിഷ്ടായുസ്സിനെയും ഞങ്ങളെത്തന്നെയും തിരുമുമ്പാകെ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ സമർപ്പണം കൈക്കൊള്ളണമേ.

പിതാവായ ദൈവമേ, നിന്റെ സ്നേഹവും പുത്രനായ ദൈവമേ, നിന്റെ കൃപയും പരിശുദ്ധാത്മാവായ ദൈവമേ, നിന്റെ സംസർഗവും ആവാസവും ഇന്നും എന്നും ഞങ്ങൾക്കുണ്ടാകണമേ.

ദൈവമാതാവിന്റെയും സകല വിശുദ്ധരുടെയും പ്രാർത്ഥനാസഹായങ്ങളും അനുഗ്രഹങ്ങളും ഇപ്പോഴും എന്നേക്കും ഞങ്ങൾക്കുണ്ടായിരിക്കണമേ. ആമ്മീൻ.

വിശുദ്ധ മാതാവേ, ഈ രാത്രിയിൽ ദൈവകൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്തുകൊള്ളണമേ. ആമ്മീൻ.

ഞങ്ങളുടെ കാവൽമാലാഖമാരേ, ഈ രാത്രിയിൽ ദൈവകൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്തു കൊള്ളണമേ. ആമ്മീൻ

(എല്ലാവരും)

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. എന്നിലുള്ള സകലവുമേ, അവന്റെ പരിശുദ്ധനാമത്തെ പുകഴ്ത്തുക.

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതേ.

❖



# രാത്രി പ്രാർത്ഥന

### ഒന്നാം കൗമാ

ഉറക്കമില്ലാത്ത ഉണർവുള്ളവനായ കർത്താവേ, നിന്റെ ഉണർവിനെ ഞങ്ങൾ സ്തുതിക്കുവാനായി പാപ മുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായി മരണവും നാശവുമാകുന്ന ഉറക്കത്തിൽനിന്ന് ഞങ്ങളെ നീ ജീവിപ്പിക്കണമേ. പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും, വാഴ്ത്തപ്പെട്ടവനും നീ ആകകൊണ്ട് നിന്നെ സ്തുതിക്കുന്ന സ്വർഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊരുമിച്ച് വിശുദ്ധിയോടെ ഇപ്പോഴും എപ്പോഴും എന്നേക്കും നിന്നെ സ്തുതിച്ച് വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മീൻ.

### സങ്കീർത്തനങ്ങൾ 134,119,117

ബാറെക്മോർ, രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നില്ക്കുന്ന കർത്താവിന്റെ സകല ദാസന്മാരുമേ, നിങ്ങൾ കർത്താവിനെ വാഴ്ത്തുവിൻ.

നിങ്ങൾ വിശുദ്ധ സ്ഥലത്തേക്ക് നിങ്ങളുടെ കൈകൾ ഉയർത്തി കർത്താവിനെ വാഴ്ത്തുവിൻ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽനിന്നും നിന്നെ അനുഗ്രഹിക്കും.

**119: 169-176.** കർത്താവേ, എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ.

എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമേ.

എന്റെ നാവ് നിന്റെ വചനം ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടുകൂടിയവ ആകുന്നു.

നീ നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ, എന്റെ അധരങ്ങൾ നിന്റെ സ്തുതി ഉച്ചരിക്കും. ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവ് നിന്റെ രക്ഷയ്ക്കായി കാത്തിരുന്നു. നിന്റെ വേദപ്രമാണം ഞാൻ ധ്യാനിച്ചു.

എന്റെ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെ പോയ ആടിനെപ്പോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമേ! എന്തെന്നാൽ ഞാൻ നിന്റെ കല്പനകൾ മറന്നില്ല.

**117.** സകല ജാതികളുമേ, കർത്താവിനെ സ്തുതിക്കുവിൻ. സകല ജനങ്ങളുമേ, നിങ്ങൾ അവനെ സ്തുതിക്കുവിൻ.

എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

കർമ്മി : ശുബ്ഹോ...
ജനം : മെൻഓലം...

## എനിയോനോ

(എത്തയിർ ഹാത്തോയെ - എന്ന രീതി)

1. നമ്മുടെ രക്ഷകനാ-
ക്കബറീന്നുയിർ പൂണ്ടി-
ങ്ങേറ്റൊരു രാവിൽ





നാമെല്ലാവരുമുറക്കമുണർ-
ന്നൊന്നായ് സ്തുതി പാടീടേണം.

2. ഞായർ ദിവസമതിൽ
ദൈവസുതൻ കബറി-
ന്നുള്ളീന്നേറ്റു
സ്തുതി സകലാധിപനെന്നേവം
സഭയും മക്കളുമാർക്കുന്നു.

3. മൂന്നാം നാൾ മൃതരീ-
ന്നുയിർ പൂണ്ടേറ്റവനാം
മിശിഹാ, പാപ-
ക്കുഴിയിൽനിന്നും മരണത്തിൽ
നിന്നും ഞങ്ങളെയേറ്റേണം

4. യൗനാൻ തൻ സാദൃ-
ശ്യംപോൽ മുപ്പകലും
രാവും ഭൂവി-
ന്നുൾമേവിത്താൻ മൂന്നാം നാൾ
ജീവിച്ചുയിർത്തെഴുന്നേറ്റു. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

5. ജയവീര്യത്തോടാ
ക്കബറീന്നേറ്റവനാം
അപ്രത്യക്ഷൻ
തന്നാദ്യന്തവിഹീനസുത-
ന്നായി സ്തുതി നാമേറ്റേണം.
സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ.

## പ്രുമിയോൻ

## കോലോ

(ദഹത്തൊലൊ നെഹത്തെ - എന്ന രീതി)

1 വിണ്ണുലകിന്നരചൻ താൻ
തൻ സഭയെ പണിതതിനെ

ആക്കിത്തന്നാസ്ഥാനം
പുക്കതിനുള്ളെ വാണു
കർത്താതന്നൊടു സംസാ-
രിക്കേണ്ടുന്നവരെല്ലാം
സഭയുൾ പൂകട്ടെയിതാ
താനതിൽ മേവീടുന്നു
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
സഭയെ വളർത്തുന്നവനേ,
കൃപചെയ്തീടടിയാരിൽ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

2. മിശിഹാ തൻ മണവാട്ടി
ആയിടും ശുദ്ധസഭ
ഭാഗ്യങ്ങൾ പൂർണ്ണമതാം
പറുദീസാ സദൃശമഹോ.
മാമോദീസായുമതിൽ
സഹദേന്മാരസ്ഥികളും
പൂജാപീഠവുമുണ്ട്
ഏന്തി ജീവൗഷധിയെ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
ഭാഗം ചെയ്തേകീടും
കഹനേന്മാർകളുമുണ്ട്.

## കോലോ

(ആബൊ ക്സബ്വോ – എന്ന രീതി)

1. രക്ഷകനേ, നിന്റെ മുഖം
കാൺമതിനു, വിരോധിക്കല്ലേ
നിന്നുത്ഥാനം ക-
ണ്ടാ സ്ത്രീവർഗത്തോ-





ടടിയാർ മണവറയുള്ളിൽ പു-
ക്കാനന്ദിപ്പാറാകേണം.

2. ഭോഷന്മാരാം, ദാസന്മാർ
ആണികൾ വീക്കിയ തൃക്കൈകൾ
കടമാകും കടലീ-
ന്നടിയാരെയേറ്റി
നിന്ദ്യത്തിന്മക്കൂപത്തിൽ
നിന്നിങ്ങു കരേറ്റീടേണം. ബാറെക്മോർ.
ശുബ്ഹോ...മെൻഓലം...

3. ചിന്തപ്പെട്ടാ നിൻരക്തം
ഞങ്ങളുടെ കറകൾ തുടച്ചെല്ലാം
വ്രണമെല്ലാം നീക്കി
സുഖമേകീ ഗാത്രം
സ്ലീബാമേൽ വേർപെട്ട നിൻ-
ഉയിരടിയാരെ ചേർക്കേണം.
മൊറിയൊ റാഹേം അലൈൻ ഊ ആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസോ

1. ഉത്ഥാനത്താൽ തൻ സഭയെ വീണ്ടോനാം പുത്രാ,
നിൻ ശൈനോ നൽകിത്തൻ പ്രജയേ കാക്കേണം നീ
2. ദൂതർ കൂട്ടം രാജനുമാനം നൽകാനെത്തി
ഗബ്രിയേലും കൂട്ടരുമവിടെ കാഹളമൂതി.
3. തിരുവുള്ളത്താൽ നിദ്രയിൽനിന്നും എഴുന്നേറ്റോനാം,
ഉണർവുള്ളോനെക്കാൺമാൻ വന്നൂ വാനവസൈന്യം
4. ഞങ്ങൾക്കായി പീഡിതനായി മൃത്യുവരിച്ചു
മഹിമാ ജീവൻ പ്രാപിച്ചോനേ നിതരാം സ്തോത്രം!
5. താതൻ റൂഹായിവരോടൊപ്പം രക്ഷകനേ, തേ
ജീവിപ്പോരും മൃതരും വാഴ്ത്തും; കൃപ ചെയ്യേണമേ.
6. വിൺമൺലോകർക്കൈക്യം നൽകീടും ശൈനോ നി-
ന്നുത്ഥാനത്താൽ നിൻസഭയിൽ ശൈനോ നല്കേണം.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം... ✠ പുറം. 40

## കോലോ

(ല്മൽക്കൂസ് റൌമ്മോ- എന്ന രീതി)

1. ക്രൂശിൽ തൂക്കി-
ച്ചാ സെഹ്യോനെ നീ-
ക്കിയ മിശിഹാ സ്തുത്യൻ
സഭയെ ഒത്തു വിവാഹം താൻ
സഭ തന്നെ സ്തുതി ചെയ്തേറ്റം
എത്തിജ്ജാതികളെല്ലാ ദേ-
ശത്തീന്നും സ്തുതി പാടിത്ത-
ന്നുത്ഥാനത്തിൽ മോദിക്കുന്നു. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

2. വെള്ളങ്കിക്കാ-
രാം പ്രഭപൂണ്ടോരെ
കബറിനടുക്കൽ കാ-
വൽക്കാർ കണ്ടിട്ടങ്ങോടി
ഊർശ്ലേം പൂകിച്ചൊല്ലിയിദം
കബറിൽ നിങ്ങളടച്ചവനോ
വാതിൽമുദ്ര പതിച്ചിട്ടും
നിൽക്കുന്നൂ മിന്നൽപോലവിടെ.
മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ.





## മാർ അപ്രേമിന്റെ ബോവൂസോ

1. ഞങ്ങൾ തൻ കർത്താവേ, നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ-
നത്താൽ തന്നോനാം പുത്രാ.

2. ഇപ്പെരുന്നാളിൽ കർത്താവേ,
നിൻ കോപത്തെ നീക്കേണം
ഇപ്പെരുന്നാളിൽ കർത്താവേ,
നിർമ്മലരാകേണം ഞങ്ങൾ.

3. ഇപ്പെരുന്നാളിൽ കർത്താവേ,
തരണം ഞങ്ങൾക്കുൾവെണ്മ
സ്തുതി പെരുന്നാൾകൾക്കീശന്നും
മുടിയവയേ അണിയിപ്പോനും.

4. ശുദ്ധികൾ നാഥാ ശുദ്ധാ നി-
ന്നൊടു താതന്നും റൂഹായ്ക്കും
ഹാലേലുയ്യാ പാടാൻ ഞ-
ങ്ങൾക്കേകീടേണം ശുദ്ധി.

5. ഞങ്ങൾതൻ കർത്താവേ, നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ-
നത്താൽ തന്നോനാം പുത്രാ.

6. അടിയാരേയുത്ഥാനത്താൽ
രക്ഷിച്ചോനാം മിശിഹാ, നീ
നൽകീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം... ✠ പുറം. 40

## എക്ബോ

(അനീഹ് മൊറിയൊല് ആനീദൈൻ)

കർത്താവേ, നൽകാശ്വാസം
നിൻ സൽഭവനങ്ങൾക്കുള്ളിൽ
വാങ്ങിപ്പോയോർക്കായ്
കൃപയീ ഞങ്ങൾക്കും
അടിയാർക്കുമവർക്കും പറ്റും
കുറ്റങ്ങളെ മാറ്റീടേണം.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, ഉത്തരമരുളിച്ചെയ്തു ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ

## പ്രുമിയോൻ

## കോലോ

(അത്ത്മൊറിയോ ആനീഹ് ഏനൂൻ ആബോഹൈൻ)

1. കർത്താവേയാശ്വാസം നൽ-
കുത്ഥാനത്തിൻ നാളോളം
താൽക്കാലികമാമീജ്ജീവൻ
വിട്ട പിതാക്കൾക്കും





ഭ്രാതൃജനങ്ങൾക്കും
കാന്തിയെഴുന്നറകൾക്കുള്ളിൽ
നൽകീടാശ്വാസം
അവരെയോർക്കും നാൾ കബറു-
ള്ളസ്ഥിതികളറിയേണം
നിൻകല്പന മണ്ണയരാമാ-
ദാമ്യർക്കുയിരേകീടുമ്പോൾ
കാന്തിയണിഞ്ഞിട്ടവർ നിന്നോ-
ടൊപ്പം മണവറയിൽ പൂകി
ഉയിരേകും നിന്നെ
സ്തോത്രം ചെയ്യേണം. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

2. ആർക്കായ്ക്കാഴ്ചകളിവിടെയണ-
യ്ക്കുന്നോ ഭാഗ്യമവന്നേറ്റം
മേൽ സ്വർഗത്തിലവ-
ന്നോർമ്മയതുണ്ടാകും
ഗോത്രപ്പേരുകളോർമ്മയ്ക്കായ്
കർത്താവിൻ മുൻപിൽ
കാണ്മാൻ കല്ലുകളിൽ മൂശ
കൊത്തിയതോർക്കുമ്പോൾ
നിങ്ങൾ-തൻ മൃതർപേരുകളെ
ഓർക്കാനും പള്ളിയിലിവിടെ
എഴുതാനും മേൽ സ്വർഗത്തിൽ
മിശിഹാ തൻ വരവിൽ തന്നോ-
ടവർ മോദിപ്പാനും
ചേർപ്പിൻ പ്രിസ്തായിൽ *
മൊറിയോറാഹേം അലൈൻ ഊ ആദാറൈൻ.

* മരിച്ചുപോയവരുടെ പേരെഴുതുന്ന പുസ്തകം

## മാർ ബാലായിയുടെ ബോവൂസോ

(ഹാദെസ്മ്‌ലെ റഹമ്മെ)

1. കരുണ നിറഞ്ഞവനേ,
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമേ.

2. നിന്നിൽ ശരണത്താൽ
നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും
മൃതരിൽ കനിയണമേ.

3. അവരബറാഹത്തി-
ന്റെയുമിസഹാക്കുടെയും
യാക്കോബിന്നുടെയും
മടിയിൽ പാർക്കണമേ.

4. വന്നവനും വരുവോ-
നും മൃതർ തന്നുയിരും
സ്തുതനെന്നു ശരീരാ-
ത്മാക്കൾ പാടണമേ.

## നാലാം കൗമാ*

✠ ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ
ദൈവമേ, നിനക്കു സ്തുതി.
✠ ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ
ദൈവമേ, നിനക്കു സ്തുതി.
✠ ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ
ദൈവമേ, നിനക്കു സ്തുതി.

* തിരശീല നീക്കുന്നു. ത്രോണോസിൽ കുരിശിന്റെ മുമ്പിൽ ഒരു മെഴുകുതിരി കത്തിക്കുന്നു.





കരുണയുള്ള ദൈവമേ, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളോട് കരുണ ചെയ്യണമേ.

നാം ദൈവത്തിന്റെ മക്കളായി തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗത്തിൽ നീതിമാന്മാരോടും, പുണ്യവാന്മാരോടുംകൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, ഞങ്ങളോട് കരുണ ചെയ്ത് ഞങ്ങളെ സഹായിക്കണമേ.

## മാവൂർബോ

(ലൂക്കോ 1:46-55)

മറിയം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു.

എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു.

എന്തെന്നാൽ, അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു.

കണ്ടാലും, ഇതുമുതൽ സകല വംശങ്ങളും എനിക്ക് ഭാഗ്യം തരും.

എന്തെന്നാൽ, ശക്തിമാനും തന്റെ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തിച്ചിരിക്കുന്നു.

അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ടു ജയമുണ്ടാക്കി, തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു.

അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽനിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു സമ്പൂർണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു.

അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും അവന്റെ സന്തതികളോടും എന്നേക്കുമായി അരുളിച്ചെയ്തിരുന്ന പ്രകാരം, തന്റെ കരുണയെ ഓർക്കുകയും ചെയ്തു.

ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

## ബോത്തെദ് മാവൂർബോ

(തുബൈക്മറിയം ബസ്ദാവീദ്)

1. ഹാ, നിൻഭാഗ്യം ദാവീദിൻ
മകൾ മറിയാമേ,
ദൈവം നിന്നിൽനി-
ന്നു ശരീരം പൂ-ണ്ടി-
ട്ടാദാമ്യരെയടിമയൊഴി-
ച്ചെല്ലാം വീണ്ടു.

2. നിബിയന്മാർ ശ്ലീഹന്മാർ സഹ-
ദേന്മാർ നയവാന്മാ-





രാചാര്യന്മാർ
ലേവിയരായോ-രേ,
പ്രാർത്ഥിപ്പീൻ മിശിഹാ കൃപചെയ്-
വാൻ ഞങ്ങളുടെമേൽ.

3. നിൻ ഗാത്രം ഭക്ഷിച്ചും നിൻ
രക്തം പാനം
ചെയ്തും ശരണത്താൽ
മൃതരാ-യോർക്കാശ്വാ-
സത്തോടോർമ്മയുമലിവോടുള-
വാക്കെ-ൻനാഥാ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

4. മാലാഖ നാഥാ, നിന്നുടെ
മാതാ താനും പരിശുദ്ധന്മാരുമ-
ണയ്ക്കും പ്രാർത്ഥ-നയാൽ
ശു-ശ്രൂഷകൾ കൈക്കൊ-
ണ്ടരുൾ ചെയ്യേണം. ആമ്മീൻ.

## സങ്കീർത്തനം 133

സഹോദരന്മാർ ഒരുമിച്ചുവസിക്കുന്നത് എത്ര നല്ലതും എത്ര മനോഹരവും ആകുന്നു.

അതു അഹറോന്റെ തലയിലും താടിയിലും അതേ, അവന്റെ അങ്കിയുടെ നെഞ്ചിൽ വീണുകിടക്കുന്ന അവന്റെ താടിയിലും ഒലിക്കുന്ന തൈലം പോലെയും സെഹിയോൻമലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞു പോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹവും ജീവനും കല്പിച്ചു.

ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

## എനിയോനോ

ദൈവമാതാവിന് പ്രകീർത്തിയും അവളുടെ പ്രാർത്ഥന യാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്ക് പ്രകീർത്തിയും അവരുടെ പ്രാർത്ഥന യാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടേയും സഹദേന്മാരുടേയും പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

കർത്താവേ, നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരത്തിനും ഞങ്ങളെ യോഗ്യരാക്കണമേ. ദയയുള്ളവനും കരുണ നിറഞ്ഞിരിക്കുന്നവനുമേ, നിന്റെ ന്യായവിസ്താര ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമേ.

തന്നെ വിളിക്കുന്ന പാപികൾക്ക് തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

കർത്താവേ, വിശ്വാസമുള്ള സഭയുടെ മക്കൾക്കു നല്ല പ്രകീർത്തി ഉണ്ടാക്കണമേ.

ജനം : മെൻഓലം...





നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലത്തുഭാഗത്ത് നിൽക്കുമാറാകണമേ.

## എനിയോനോ

കന്യകയായ ദൈവമാതാവേ, എല്ലാക്കാലത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമേ.

കർത്താവേ, എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികളെ വയ്ക്കുന്ന ദുഷ്ടനെ നിന്റെ വിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽനിന്നു മായിച്ചുകളയണമേ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കയും അതിൽ ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമേ.

വചനമായ യേശുതമ്പുരാനേ, ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും മരിച്ചു പോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമേ.

നാം ജീവനോടിരിക്കുന്ന നാൾ ഒക്കെയും എല്ലായ്പ്പോഴും പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സ്തുതിച്ച് ആരാധിച്ച് മഹത്ത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ, നീ എഴുന്നെള്ളുന്ന നിന്റെ ആ വലിയ ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് ഞങ്ങളെ നിർത്തണമേ.

ഈ സമയത്തു നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട് നിന്റെ രാജ്യം അനുഭവിക്കുവാനും ഞങ്ങളെ നീ യോഗ്യരാക്കണമേ.

ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ, നിന്റെ കൃപ ഞങ്ങൾക്കുണ്ടായി, ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളോടു കരുണ ചെയ്യണമേ.

കർത്താവേ, കൃപ ചെയ്ത് ഞങ്ങളെ സഹായിക്കണമേ.

## സങ്കീർത്തനങ്ങൾ 148,149,150

ഉറങ്ങിയവരേ, നിങ്ങൾ ഉണർന്നെഴുന്നേറ്റ് സ്തുതിപ്പിൻ.

ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവന്റെ സകല ദൂതന്മാരുമേ, അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ, അവനെ സ്തുതിപ്പിൻ.

ആദിത്യചന്ദ്രന്മാരേ, അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷത്രങ്ങളുമേ അവനെ സ്തുതിപ്പിൻ.

ആകാശങ്ങളുടെ ആകാശങ്ങളും ആകാശങ്ങൾക്കുമീതെയുള്ള വെള്ളങ്ങളുമായുള്ളോവേ, അവനെ സ്തുതിപ്പിൻ.

അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ. എന്തെന്നാൽ അവൻ പറഞ്ഞു, അവ ഉണ്ടായി; അവൻ കല്പിച്ചു. അവ സൃഷ്ടിക്കപ്പെട്ടു.

അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി. അവൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽനിന്നും മഹാസർപ്പങ്ങളും, എല്ലാ ആഴങ്ങളും അഗ്നിയും കല്മഴയും ഉറച്ച വെള്ളവും ഹിമവും അവന്റെ വചനപ്രവൃത്തിയായ കാറ്റും കൊടുങ്കാറ്റുമേ, കർത്താവിനെ സ്തുതിപ്പിൻ.





പർവ്വതങ്ങളും സകല കുന്നുകളും ഫലവൃക്ഷങ്ങളും സകല കാരകിലുകളും, മൃഗങ്ങളും സകല കന്നുകാലികളും ഇഴജന്തുക്കളും പക്ഷികളും പറവകളുമേ കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും സകല ജാതികളും ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപരും, ശിശുക്കളും, കന്യകമാരും, വൃദ്ധരും, യുവാക്കളുമേ കർത്താവിനെ സ്തുതിപ്പിൻ. ഇവർ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവന്റെ നാമം മാത്രം വലിയതാകുന്നു. അവന്റെ മഹത്ത്വം ഭൂമിയിലും ആകാശത്തിലും ഉണ്ട്.

അവൻ തന്റെ ജനത്തിന്റെ കൊമ്പിനെയും, തന്റെ സകല നീതിമാന്മാർക്കും തനിക്കടുത്ത ജനമായ ഇസ്രായേൽ പുത്രന്മാർക്കും മഹത്ത്വത്തെയും ഉയർത്തുന്നു.

**149.** കർത്താവിന് ഒരു പുതിയ പാട്ടും, നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ.

ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കുകയും സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കുകയും ചെയ്യട്ടെ.

അവർ തപ്പുകളാലും ചതുരത്തപ്പുകളാലും, അവന്റെ നാമത്തെ സ്തുതിക്കുകയും വീണകളാൽ അവന് പാടുകയും ചെയ്യട്ടെ.

എന്തെന്നാൽ, കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്ക് പ്രതിക്രിയയും, ജാതികൾക്ക് ശിക്ഷയും ചെയ്‌വാനും. അവരുടെ രാജാക്കന്മാരെ വിലങ്ങുകൾ കൊണ്ടും അവരുടെ പ്രഭുക്കന്മാരെ ഇരുമ്പു ചങ്ങലകൾകൊണ്ടും ബന്ധിപ്പാനും എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവന്റെ സകല നീതിമാന്മാർക്കും മഹത്ത്വം ഉണ്ടാകുവാനുമായി, അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

**150.** കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ.

കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ.

നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. ശ്വാസമുള്ള എല്ലാ ജീവികളും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമേ, കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ, അവനെ നിങ്ങൾ സ്തുതിപ്പിൻ.





എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

ത്രിത്വത്തിന് സ്തുതി, ത്രിത്വത്തിന് സ്തുതി, സ്തുതിക്കപ്പെട്ടതും, ഉണ്മയായതും ആദ്യന്തമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ, എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## ദൈവമാതാവിനോടുള്ള കുക്കിലിയോൻ

കർമ്മി : നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ-ഹാ
നിൻ വലഭാഗേ രാജഭാമിനിയും

ജനം : നിന്നഴകരചൻ മോഹിപ്പാൻ ഹാ - ഹാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

കർമ്മി : ഭക്തർ പുകഴ്ചാ ഭാജനമേ

ജനം : നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.
സ്തൗമെൻ ...

## കോലോ

കർമി : ദൈവത്തിൻമാതാ-മറിയാമിന്നും നിബിയ-

ജനം : ന്മാർക്കും ശ്ലീ-ഹന്മാ-ർക്കും നൽസഹദേ-ന്മാർക്കും
സഭയിൻ മക്കൾക്കൊ-ക്കെയ്ക്കും കാലംതോറും
എന്നേക്കും നല്ലോ-രോർമ്മയതുണ്ടാ-കട്ടെ.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : തിരുവുള്ളത്താൽ ക-ന്യകമറിയാ-മ്മിന്നുൾ
ജാതനതായ് ജാ-തിക്കാരെവഴിനേ-രാക്കി
രക്ഷിച്ചവൾ ത-ന്നോർമ്മയ്ക്കൗന്നത്യം ചേർത്ത
സുതനായ് സ്-തോത്രം പ്രാ-ർത്ഥിക്കട്ടവൾ
ഞങ്ങൾക്കായ്

## വിശുദ്ധന്മാരോടുള്ള കുക്കിലിയോൻ

കർമി : നയവാൻ പനപോലെ തളിർത്തിടുമേ ... ഹാ
വളരുമവൻ ലബനോന്റെ കാരകിൽപോൽ

ജനം : വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ ... ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും. ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

കർമി : ഒരുപോലിങ്ങും മാർ(തോമ്മാ)

ജനം : വാനിലുമതുപോൽ നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്.
സ്തൗമെൻ...





## കോലോ

കർമി : പ്രാർത്ഥനയിൻ സമയമിതല്ലോ മാർ (തോമ്മാ)

ജനം : പതിവിൻപടി നിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈ വാഴ്ത്തേണം.
ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : നിന്നെ വരിച്ചൊരു താതനും മാർ (തോമ്മാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മുടി ചൂടിക്കുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേററട്ടെ ഞങ്ങൾക്കെന്നും.

## പരേതർക്കുവേണ്ടിയുള്ള കൂക്കിലിയോൻ

കർമി : മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ - ഹാ -
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും

ജനം : പുല്ലിനു തുല്യം നരനുടെ നാൾകളഹോ - ഹാ -
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ.
ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

കർമി : ശരണത്താലെ നിൻ കൃപയിൽ

ജനം : മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്
സ്തൗമെൻ...

## കോലോ

കർമി : ഉയിരേകുന്നോൻ രാജാ -

ജനം : വുയരത്തിൽ നിന്നെഴുന്നെള്ളി
ജീവൻ മൃതരാ -
മേവർക്കും നല്കുന്നു
കബറുകളുള്ളിൽ നിന്നിങ്ങ -
വരവരുയിരോടെഴുന്നേററു
ഉയിരേകും നി-ന്നെ
സ്തുതി ചെയ്തീടുന്നു. ബാറെക്മോർ.

കർമി : ശുബ്ഹോ ...

ജനം : "എന്റെ ശരീരം ഭക്ഷി -
ച്ചെൻ രക്തം പാനം ചെയ്വോൻ
പാതാളത്തിൽ പോകാനായ് വിടാ ഞാൻ
എന്നുമവൻ ജീവിപ്പാ-
നങ്ങെത്തീട്ടു മരിച്ചതു ഞാൻ"
എന്നും കർത്താ-തന്നരുളിന്നു മഹത്ത്വം.
മൊറിയോറാഹേം അലൈൻ ഊ ആദാറൈൻ.

## മാർ അപ്രേമിന്റെ ബോവൂസോ

1. ഞങ്ങൾ തൻ കർത്താവേ, നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശൻ-
മാരും ചെയ്യും യാചിപ്പാൽ.

2. മറിയാമ്മിന്നായ് ശ്ലോമ്മോ വ-
ന്നറിയിച്ചോരാ മാലാഖ
ദൈവം യോജിപ്പായെന്നായ്
വന്നറിവിങ്ങേകീടേണം.

3. പനിനീർ ഹാനനിയാദ്യർമേൽ
വീഴ്ത്തിയൊരാ മാലാഖാ താൻ
മൃതർ തന്നസ്ഥിക്കൂട്ടത്തിൽ
കൃപയാം നീർ വീഴ്ത്തീടേണം.

4. ഞങ്ങൾ തൻ കർത്താവേ, നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
നിൻ മാതാവും കാദീശൻ-
മാരും ചെയ്യും യാചിപ്പാൽ.

5. നിൻ മാതാവും കാദീശൻ-
മാരും ചെയ്യും യാചിപ്പാൽ
നൽകീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും.





## മാലാഖമാരുടെ സ്തുതി

അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ, ബലഹീനരും, മൺമയരുമായ ഞങ്ങളും ഇപ്രകാരം പറഞ്ഞുകൊണ്ട് സ്തുതിക്കുന്നു. എല്ലാ കാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിന് സ്തുതിയും, ഭൂമിയിൽ സമാധാനവും, ശാന്തിയും മനുഷ്യമക്കൾക്ക് നല്ല പ്രത്യാശയും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ കീർത്തനങ്ങൾ നിനക്ക് ഞങ്ങൾ ആലപിക്കുകയും ചെയ്യുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും സ്വർഗീയ രാജാവും സ്രഷ്ടാവുമായ കർത്താവേ, നിന്നെയും, യേശു മിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവേ നിന്നെയും, പരിശുദ്ധ റൂഹായോടുകൂടെ, നിന്റെ മഹത്ത്വത്തിന്റെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും, വചനവും, ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമായ ദൈവകുഞ്ഞാടായിരിക്കുന്ന ദൈവമായ കർത്താവേ, ഞങ്ങളോട് കരുണയുണ്ടാകണമേ.

ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കുന്നവനുമേ, നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

തന്റെ പിതാവിന്റെ വലത്തുഭാഗത്ത് മഹത്ത്വത്തോടെയിരിക്കുന്നവനേ, ദയതോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പരിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു. പിതാവായ ദൈവത്തിന് മഹത്ത്വം. ആമ്മീൻ.

എല്ലാ കാലത്തും എല്ലാ സമയത്തും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യുന്നു.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ





തിരുനാമം സ്തുതിക്കപ്പെട്ടതും എന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു. മഹത്ത്വം നിനക്ക് യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ, നിനക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച ചേർച്ചയാ കുന്നു. അത് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും, ആമ്മീൻ.

### മാനീസോ

മോറാനേശുമിശിഹാ, നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതേ.

കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.

കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായി നിന്റെ സ്നേഹം നിന്റെ ഇടത്തിൽ നിന്നു ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോട് കരുണ ചെയ്യണമേ. ആമ്മീൻ

❖

# പ്രഭാതപ്രാർത്ഥന

## കൗമാ

കർമി : ശുബ്ഹോ...

ജനം : ബലഹീനരും പാപികളും...

## പ്രാരംഭപ്രാർത്ഥന

കർമി : ദൈവമായ കർത്താവേ, ഭാഗ്യമുള്ളവയും പ്രകാശം നിറഞ്ഞിരിക്കുന്നവയുമായ കതിരുകളാൽ ഞങ്ങളുടെ കണ്ണുകളെ നീ പ്രകാശിപ്പിക്കണമേ. മരിച്ചവരുടെ ഇടയിൽനിന്നുള്ള നിന്റെ ഉയിർത്തെഴുന്നേല്പു ദിവസത്തിൽ ഞങ്ങളെ സന്തോഷിപ്പിക്കുകയും നിന്റെ കർതൃത്വത്തിന്റെ ഉദയത്താൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും ചെയ്യണമേ. ഞങ്ങളുടെ ജീവന്റെ ആശാബന്ധവും ആത്മാക്കളുടെ രക്ഷിതാവും ആയിരിക്കുന്ന ഞങ്ങളുടെ മിശിഹാ കർത്താവേ, നിന്റെ കൃപയുടെ സഹായത്താൽ ഞങ്ങളെ തുണയ്ക്കുകയും ചെയ്യണമേ (മോറാൻ വാലോഹാൻ ല്ഒൽമീൻ).

ജനം : ആമ്മീൻ.

## സങ്കീർത്തനം 51

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോട് കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമേ.

എന്തെന്നാൽ, എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കെതിരായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ





തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അത് നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യുവാനായിട്ടു തന്നെ.

എന്തെന്നാൽ, അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു.

സോപ്പാകൊണ്ട് എന്റെമേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെൺമയാക്കണമേ. ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയുള്ളവനാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.

എന്റെ പാപങ്ങളിൽനിന്ന് നിന്റെ തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമേ.

ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ.

നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതേ.

എന്നാലോ, നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചുതരണമേ. മഹത്ത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ.

അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ, രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും.

കർത്താവേ, എന്റെ അധരങ്ങൾ എനിക്ക് തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ, ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലി കളിൽ നീ രമ്യപ്പെട്ടുമില്ല.

ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ.

അപ്പോൾ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ കാളകൾ ബലിയായി കരേറും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(ബ്രിക്ദ്ഹാദീ ലശ്മായോനേ – എന്ന രീതി)

1. മഹിമയൊടക്കബറീന്നു പുറ
പ്പെട്ടീ സൃഷ്ടികളെ
ശോഭിപ്പിച്ചൊരു ശോഭയതാ–
മേശു സ്തുത്യനഹോ.

2 ശെമഓനും യോഹന്നാനും
ചെന്നാക്കബറിങ്കൽ
സ്തുതിപാടി സന്തോഷത്തോ–
ടെപോയവർ തിരികെ.

3. ആഴ്ചയിലാദ്യത്തേതായീ–
ടുന്നീ ശുദ്ധദിനെ
ആദ്യജനുയിർ പൂണ്ടെഴുന്നേല്പി–
ച്ചീ മണ്മയരെയും.





4. കൊന്നവരെ ജീവിച്ചേശു
ലജ്ജിപ്പിച്ചതിനാൽ
പള്ളികളും ദയറാകളുമി
ന്നാനന്ദിക്കുന്നു.

5. മൃതർ തന്നാത്മാക്കളുമിന്നാ–
നന്ദിക്കും കൃപയാം
പനിനീരവർ മേലുയിർ പൂണ്ടോ–
രേശു വീഴ്ത്തിയതാൽ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

6. രക്ഷകനേ, നിന്നേയും നി–
ന്നുത്ഥാനത്തേയും
കൊണ്ടാടുന്നടിയാർക്കുയിരേ–
കേണം നിന്നരുൾപോൽ.
കുറിയേലായിസ്സോൻ.

## സങ്കീർത്തനം 63

എന്റെ ദൈവമേ, നീ എന്റെ ദൈവമാകുന്നു. ഞാൻ നിന ക്കായി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരി ക്കുന്ന ഭൂമിയെപ്പോലെ, എന്റെ ആത്മാവ് നിന്നെക്കുറിച്ചു ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരി ക്കുന്നു.

നിന്റെ ബലത്തെയും നിന്റെ ബഹുമാനത്തെയും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ, നിന്റെ കരുണ ജീവനെക്കാൾ നല്ലതാ കുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ കിടക്കയിൽ ഞാൻ നിന്നെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ, നീ എനിക്ക് സഹായക്കാരനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു. നിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിക്കുവാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും.

അവർ വാളിന് ഏല്പിക്കപ്പെടുകയും കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും.

രാജാവ് ദൈവത്തിൽ സന്തോഷിക്കും. അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ, അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(കോലോദ് ശുബഹോ - എന്ന രീതി)

1. ദൈവമുയിർത്തു മഹത്ത്വത്തോടാ-
ദാമിനെയും തൻ-
മക്കളെയും ജീവിപ്പിച്ചു
ദൂതഗണം തൽപ്പതിയെ വാഴ്ത്തി
ഭൂമി വിളങ്ങി
ഭ്രമമൊടു കാവൽക്കാർ നിന്നു.





2. ശെമഓൻ കീപ്പാ യോഹന്നാനൊടു-
മൊന്നിച്ചീനാ-
ളക്കബറിടമതിലേക്കോടി
യാക്കോബാനന്ദിച്ചു തോമ്മാ തൃപ്തിപ്പെട്ടു-
മത്തായി സ്തോത്രം പാടി.

3. പാതാളം പുക്കിടയൻ വിഗ്രഹ
സേവ അകറ്റി
തന്നുടെ സഭയെ രക്ഷിച്ചു
ജീവിച്ചു മഹത്ത്വത്തോടെഴുന്നേ -
റ്റതിനെ ശക്ത്യാ
ശത്രുക്കളിൽനിന്നും വീണ്ടു.

4. വീഞ്ഞിൻ ലഹരിയൊഴിഞ്ഞവനെപ്പോൽ
കർത്താവീനാൾ
മരണത്തെ വിട്ടുണർവ്വോടെ
മൃതിയെക്കൊന്നു തകർത്ത പാതാ-
ളത്തിൻ വാതിൽ
തീർത്തൊരു നിത്യ കൽപീഠം.

5. ദൈവമുയിർത്തു മരിച്ചവരീന്നി-
ന്നെഴുന്നേറ്റും
കാവൽക്കാരിൽ ഭ്രമമേറി
മിശിഹാ ജീവിച്ചെന്നവരൂർശ്ലേം
പുക്കാർത്തതിനാൽ
ക്രൂശിച്ചവർ ലജ്ജിച്ചേറ്റം. ബാറെക്മോർ

ശുബ്ഹോ...മെൻഓലം...

6. നിൻവരവോർത്തു വസിച്ചു മരിച്ചവർ
ഖിന്നരെ മോദി-
പ്പിക്കും നിൻ തേജസ്സതിനെ
കണ്ടിന്നേദിവസം തങ്ങളുടെ
തലകളുയർത്തി
നിൻ കൃപയെ സ്തുതി ചെയ്യുന്നു.

കുറിയേലായിസ്സോൻ.

## സങ്കീർത്തനം 19

ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു.

പകൽ പകലിനു വാക്ക് ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല വാക്കുകളുമില്ല.

ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യന് ഒരു കൂടാരം അടിച്ചു. അതു മണവറയിൽനിന്നു പുറപ്പെടുന്ന മണവാളൻ എന്നപോലെ ആകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ അറ്റങ്ങളിൽനിന്ന് അതിന്റെ പുറപ്പാടും ആകാശത്തിന്റെ അതിർത്തികളിന്മേൽ അതിന്റെ താങ്ങലും ആകുന്നു. അതിന്റെ ചൂടിൽനിന്നും മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിന്റെ വേദപ്രമാണം കറ ഇല്ലാത്തതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനം ഉള്ളവരാക്കു ന്നതും ആകുന്നു.

കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതുമാകുന്നു. കർത്താവിന്റെ ന്യായവിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു.





അവ സ്വർണ്ണത്തെയും നല്ല രത്നങ്ങളെയുംകാൾ ആഗ്രഹിക്കത്തക്കവയും തേനിനെയും തേൻകട്ടയെയുംകാൾ മാധുര്യമുള്ളവയും ആകുന്നു.

അത്രയുമല്ല, നിന്റെ ദാസനും അവയിൽ സൂക്ഷ്മമുള്ളവനായിരിക്കും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും.

പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിക്കുവാനും പാപങ്ങളിൽനിന്ന് ഞാൻ വെടിപ്പാക്കപ്പെടുവാനും ആയി അന്യായത്തിൽനിന്ന് നിന്റെ ദാസനെ തടയണമേ.

എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ, എന്റെ വായുടെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും എന്റെ ഹൃദയത്തിന്റെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമേ.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(ശ്മായോ മ്ദീത്തൊല് മാലാഖെ – എന്ന രീതി)

1. മിശിഹാ ജീവിച്ചെഴുന്നേറ്റു
കാവൽക്കാർ ലജ്ജിതരായി
തൻ പ്രിയയാം സഭ സന്തോഷ
ത്താലാത്മപ്രിയനെ വാഴ്ത്തും.

2. ഞായർദിനേ കീപ്പാ യോഹ–
ന്നാന്മാരൊത്തോടിപ്പോയി
ഗുരു മൃതരീന്നുയിർ പൂണ്ടേറ്റ–
ന്നതു കേട്ടാരാഞ്ഞിടുവാനായ്.

3. രക്ഷകനേ, നിന്നുത്ഥാന-
ത്തിൻ ദിനമാമിന്നടിയാരിൽ
പ്രീതിയെഴുന്നളവില്ലാക്കാ-
രുണ്യത്താൽ പോക്കുക കുറ്റം.

4. ദയറാകൾ പള്ളികളും സ-
ന്തോഷം കൈക്കൊണ്ടിന്നാളിൽ
പുത്രൻ തന്നുത്ഥാനത്തെ
വാഴ്ത്തി സ്തോത്രം പാടുന്നു. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

5. നഷ്ടമതാം തന്നുരുവും വീ-
ണ്ടാദാമിൻ ജീർണ്ണശരീരം
പുതുതാക്കാനായ് മൃതലോക-
ത്തേക്കല്ലോ ദൈവമിറങ്ങി.
കുറിയേലായിസ്സോൻ.

## ഏശ 42:10-13; 45:8

കർത്താവിന് ഒരു പുതിയ പാട്ടിനെയും അവന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽനിന്നും പാടുവിൻ. സമുദ്രത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും അതിലുള്ള സകലവും, ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ, കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽസ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ, അവർ പർവ്വതങ്ങളുടെ മുകളിൽനിന്ന് ആർത്തുകൊള്ളട്ടെ. കർത്താവിന് മഹത്ത്വം കൊടുക്കുകയും അവന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും. അവൻ യോദ്ധാവ് എന്നപോലെ വാശിയെ ജ്വലിപ്പിക്കും.





അവൻ ആർത്തു പ്രബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ, മേലിൽനിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ, നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവ് ഞാനാകുന്നു.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(യൌമ്മോനോ - എന്ന രീതി)

1. ഇന്നാൾ നിൻ കബറിങ്കൽ ദൂതന്മാർ
പൂണ്ടും വെള്ളങ്കി
ശിഷ്യകൾ ധൂപസുഗന്ധക്കൂ-
ട്ടുകളോടും പോയ്
അറിയിച്ചവരെ മാലാഖാ
തൻ സ്തുത്യമുത്ഥാനം.

2. തിരുവുളമായ് മൃതിപൂണ്ടാക്കബറീന്നി-
ങ്ങുയിരേറ്റു മാനുഷരെ
വീഴ്ചയിൽ നിന്നേറ്റി സ്വർഗക്കൂ-
ട്ടത്തോടുകൂടെ
മോദിപ്പാൻ നമ്മെ മേളി-
പ്പിച്ചോനായ് സ്തോത്രം.

3. ഞായർദിനേ, ദൂതന്മാർ വെള്ളയണി-
ഞ്ഞെത്തി കബറരികെ
അവരിലൊരാൾ നീക്കിയ കല്ലിന്മേ-
ലേറിയിരുന്നു

അഖിലേശൻ ജീവിച്ചെന്നറി-
യിച്ചാ നാരികളെ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

4. നാഥാ നിന്നുത്ഥാനം ദൂതർക്കി-
ന്നേകുന്നാനന്ദം
ഇതു നാരികൾ ചൊന്നറിവായതിനാൽ
ശെമഓൻ കീപ്പാ
സന്തോഷിക്കുന്നാനന്ദി-
ക്കുന്നാ യോഹന്നാൻ.

കുറിയേലായിസ്സോൻ.

## മാവുർബോ

(ലൂക്കോ 1:45-55)

മറിയം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു.

എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു.

എന്തെന്നാൽ, അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു.

കണ്ടാലും, ഇതുമുതൽ സകല വംശങ്ങളും എനിക്ക് ഭാഗ്യം തരും.

എന്തെന്നാൽ, ശക്തിമാനും തന്റെ നാമം പരിശുദ്ധവും ആയിരിക്കുന്നവൻ വലിയ കാര്യങ്ങൾ എന്നിൽ പ്രവർത്തി ച്ചിരിക്കുന്നു.

അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ട് ജയമുണ്ടാക്കി, തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു.





അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽനിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു.

അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും അവന്റെ സന്തതികളോടും എന്നേക്കുമായി അരുളി ച്ചെയ്തിരുന്നപ്രകാരം തന്റെ കരുണയെ ഓർക്കുകയും ചെയ്തു. ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(ലൊക്ദ്കി - എന്ന രീതി)

1. തൻ മൃതിയാലഴകാകെനശി-
പ്പിക്കും മരണത്തെക്കൊന്നി-
ട്ടാകൽക്കറുസാ തൻ കീഴിൽ
നിന്നടിയാരെ വീണ്ട നിന-
ക്കുചിതധ്വനിയിൽ സ്തുതിപാടു-
ന്നടിയാരെല്ലാരും. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

2. അതുല വിശുദ്ധസഭേ, പ്രാർത്ഥി-
പ്പാൻ നിൻ മക്കളെയും കൂട്ടി
സ്ലീബായാൽ രക്ഷിച്ച സുത-
ന്നായി സ്തോത്രം പാടീടുക
ഉചിത ധ്വനിയിൽ സ്തുതിപാടു-
ന്നടിയാരെല്ലാരും. ആമ്മീൻ.

## സങ്കീർത്തനം 113:1-9

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യന്മാരേ, സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയംമുതൽ അതിന്റെ അസ്തമനംവരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കുംമേലായി ഉന്നതനും അവന്റെ മഹത്ത്വം ആകാശങ്ങൾക്ക് മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോട് സദൃശൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു കുപ്പയിൽനിന്നും ഉയർത്തുന്നു.

അവൻ വന്ധ്യയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

കർമി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(സോഗെദ് ലോക് മൊറിയോ - എന്ന രീതി)

1. മാനവർ വാനോർ മുൻ മുൻ നിൻ
മഹിമയെ വന്ദിച്ചീടുന്നു.
കരുണാനിധിയാം ഞങ്ങളുടെ
കർത്താവേ, സ്തുത്യൻ നീയേ.

2. ഞായർ ദിനമിന്നുയരത്തിൻ-
പടിവാതിൽ തുറക്കപ്പെട്ടു
പൂഴിയിൽ മൃതരായ് മേവിയവർ-
ക്കുൾ ശരണമുറപ്പുണ്ടായി.

3. മോറാനീശോ നിന്നുത്ഥാ-
നാൽ സൃഷ്ടികൾ മോദിച്ചെല്ലാം
മൃതർ നീയവരെ കബറുൾപോയ്
കണ്ടതിനാൽ സ്തുതി ചെയ്യുന്നു. ബാറെക്മോർ

ശുബ്ഹോ...മെൻഓലം...

4. ഏകസുതൻ താനുയിർ പൂണ്ടി-
പരിശുദ്ധമതാം ദിവസത്തിൽ
മിശിഹാ ജീവിച്ചീടുകയാൽ
മൺവിണ്ണുലകുകൾ മോദിച്ചു

## എനിയോനോ

(ല്ഹൌദത്തയിനൊ - എന്ന രീതി)

1. യൂദന്മാർ കുരിശിൽ തൂക്കി-
ത്തന്നെ കബറതിൽ വച്ചിട്ടും
ഉത്ഥാനത്താലുളവാകും
ലജ്ജാശങ്കയവർക്കുണ്ടായ്
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.

2. സീമാവാഹി പരാക്രമിയെ
കബറുൾദ്രോഹികൾ പൂട്ടീട്ടും
ഇടിവാൾപോലെ പുറത്തായ് താൻ

മുദ്രക്കില്ലാതൊരു കേടും
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.

3. നാഥൻ വിളവാ വേലക്കാ-
രൊടു ചോ-ദിപ്പാനായ് വന്നു
അവകാശമമർത്താനവനെ
തോപ്പിൻ പുറമെയവർ തൂക്കി
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ. ബാറെക്മോർ.
ശുബ്ഹോ...മെൻഓലം...

4. കാണാത്തതിനെ തേടിത്തൻ-
ലോകം നാഥൻ പൂകിയിതാ
കബറിൽത്തന്നെയടച്ചവരെ
ലജ്ജിപ്പിച്ചുത്ഥാനത്താൽ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.
കുറിയേലായിസ്സോൻ

## മത്തായി 5:3-12

ആത്മാവിൽ ദരിദ്രതയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ എന്തെന്നാൽ, അവർ ആശ്വസിപ്പിക്കപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ, അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്ന് ദാഹിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവരുടെമേൽ കരുണയുണ്ടാകും.





ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ദൈവത്തെ കാണും.

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും.

നീതിനിമിത്തമായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ എന്തെന്നാൽ, സ്വർഗരാജ്യം അവരുടെതാകുന്നു.

എന്റെ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും, നിങ്ങൾക്കു വിരോധമായി സകല ദുഷ്കാര്യങ്ങളെയും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ.
ബാറെക്മോർ

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(എസ്ദാക്രൈൻ മൊറിയോ)

1. നാഥാ, നിൻ രാജ്യ-
ത്തിൻ മഹിമാഗമനേ
സ്ലീബാച്ചിറകാൽ-
ഞങ്ങളെ മൂടിക്കൊള്ളേണമേ.

2. നാഥാ, നിൻ രാജ്യ-
ത്തിൻ മഹിമാഗമനേ
നിൻ പരിശുദ്ധ-
ന്മാരോടടിയാർ ചേരേണമേ.

3. ഇന്നേകസുതൻ ത-
ന്നുത്ഥാനെ ദൂതർ
സ്ത്രീകൾക്കാന-
ന്ദം സന്തോഷവുമറിയിച്ചു.

4. നാഥാ, നിൻ രാജ്യ-
ത്തിൻ മഹിമാഗമനേ
നിൻ നാമത്തെ-
യേറ്റൊരുഞങ്ങളെയേൽക്കേണമേ. ബാറെക്മോർ.

കർമ്മി : ശുബ്ഹോ വീക്കോറോ ഉസെഗുത്തോ ഉറാബൂ സ്യോയൂസോ നെസ്തുവേ ദ്നാസേക് ലാബോ ഉലബ്റോ വൽറൂഹോ കാദീശോ

ജനം : മെൻഓലം...

5. നാഥാ, നിൻ രാജ്യ-
ത്തിൻ മഹിമാഗമനേ
പുണ്യം ഞങ്ങൾ-
ക്കും നൽകീടു മരിച്ചോർക്കും.
സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ.

## പ്രുമിയോൻ

കർമ്മി : നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് കരുണയും ദയയും യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കണമേ.

കർമ്മി : സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും അനശ്വരകീർത്തിയും ഇടവിടാതെ കരേറ്റുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.





നാം തന്നോടപേക്ഷിക്കാതെതന്നെ തന്റെ കൃപമൂലം നമ്മെ മരണമില്ലാത്തവരാക്കിത്തീർക്കുവാനായി തന്റെ തിരുവിഷ്ടത്താൽ നമ്മുടെ അടുക്കലേക്കു വരികയും തന്റെ തിരുമേനിയുടെ കഷ്ടാനുഭവത്താൽ നമ്മുടെ കടച്ചീട്ടിനെ കീറിക്കളയുകയും മരണമുള്ളതായ നമ്മുടെ വർഗത്തിന് തന്റെ ഉയിർത്തെഴുന്നേൽപ്പുമൂലം മരണമില്ലായ്മയെ സൗജന്യമായിത്തരികയും, മേലുള്ളവർക്കും താഴെയുള്ളവർക്കും തന്റെ പുനരുത്ഥാനത്താൽ സന്തോഷവും ആനന്ദവും ദാനം ചെയ്യുകയും ചെയ്ത നല്ല ഉടയവനായ തനിക്ക് സ്തുതി. പ്രഭാതപ്രാർത്ഥനയുടെ ഈ നേരത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും തനിക്ക് യോഗ്യമാകുന്നു. (ബ്കുലഹൂൻ യൗമ്മോസോദ്ഹായായിൻ ല് ഒൽമീൻ).

ജനം : ആമ്മീൻ.

## ഹൂസോയോ

പാപപരിഹാരം ചെയ്യുന്നവനും വെടിപ്പാക്കുന്നവനും...

## സെദറാ

സകലത്തിന്റെയും സ്രഷ്ടാവും നിർമ്മാതാവും പ്രതാപശാലിയുമായ ദൈവംതമ്പുരാനേ, നിന്റെ സ്നേഹംമൂലം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി തിരുവിഷ്ടത്താൽ കഷ്ടാനുഭവത്തിനും മരണത്തിനും സ്ലീബായ്ക്കുമായി നീ എഴുന്നള്ളി വന്നു. സ്വജനത്തിൽനിന്ന് ആക്ഷേപവും നിന്ദയും പരിഹാസവും നീ സഹിച്ചു. നീ ന്യായാധിപതിമാരുടെ ന്യായാധിപതിയായിരിക്കുമ്പോൾ നാടുവാഴിയായ പീലാത്തോസിന്റെ മുമ്പാകെ നിൽക്കുകയും ദുഷ്പ്രവൃത്തി

ക്കാരനും കുറ്റക്കാരനും എന്നപോലെ അടികളാൽ ചോദ്യം ചെയ്യപ്പെടുകയും ചെയ്തു. ഒരു കുറ്റക്കാരനും ഹീനനും എന്നപോലെ നീ ന്യായസ്ഥലത്ത് ഏല്പിക്കപ്പെട്ടു. നീ ഭയമുളവാക്കുന്നവിധം ക്രൂബേന്മാരുടെമേൽ ആവഹിക്കപ്പെടുന്നവനായിരിക്കുമ്പോൾ നിന്റെ തിരുവിഷ്ടത്താൽ നിന്ദയുടെ സ്ലീബാമേൽ നീ തൂക്കപ്പെട്ടു. നീ സ്കീപ്പായിൽ നഗ്നനായി തറയ്ക്കപ്പെട്ടപ്പോൾ സൂര്യനെ അതിന്റെ സ്ഥലത്ത് അന്ധകാരപ്പെടുത്തി. അശുദ്ധപ്പെട്ടിരുന്ന വായുമണ്ഡലത്തെ നിന്റെ തൃക്കൈകൾ വിരിച്ച് നീ ശുദ്ധീകരിച്ചു. ഹൃദയഭേദകമായ നിന്റെ അട്ടഹാസത്താൽ ദൈവാലയത്തിന്റെ തിരശീലയെ നീ ചീന്തുകയും ഭൂമിയെ വിറപ്പിക്കുകയും പാറകളെ പൊളിക്കുകയും കബറുകളെ തുറക്കുകയും ചെയ്തു. നിന്റെ പാതാളപ്രവേശനത്താൽ മരണത്തെയും സാത്താനെയും വധിക്കുകയും പാതാളത്തിൽ ഉണ്ടായിരുന്ന മരിച്ചവർക്ക് ശരണവും സന്തോഷവും ജീവനും നാശമില്ലായ്മയും പ്രസംഗിക്കുകയും പാതാളക്കുഴിയിൽ ബന്ധിക്കപ്പെട്ടിരുന്നവരെ അഴിച്ചുവിടുകയും പാതാളത്തിന്റെ അഗാധകുഴിയിൽ ബന്ധനസ്ഥനായിരുന്നവരെ പുറത്തിറക്കുകയും കബറുകളിലുണ്ടായിരുന്നവരുടെ കഴുത്തുകളെ മറുതലിപ്പുകാരനായ ദുഷ്ടന്റെ നുകത്തിൽ നിന്ന് സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കുകയും ചെയ്തു. സകല സൃഷ്ടിക്കും നീ പുതിയ ജീവനെ സൗജന്യമായി കൊടുക്കുകയും ലോകത്തെമുഴുവനും നിരപ്പും സമാധാനവും മനുഷ്യസ്നേഹവുംകൊണ്ട് നിറയ്ക്കുകയും ചെയ്തു. ജീവന്റെയും രക്ഷയുടെയും സുവിശേഷം പ്രസംഗിക്കുവാനായിട്ട് നിന്റെ വിശുദ്ധ ശ്ലീഹന്മാരോട് നീ കല്പിച്ചു. ദൈവം കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റുവെന്നും തന്റെ ശത്രുക്കൾ ചിതറിപ്പോയി എന്നും അവർ ലോകമെങ്ങും അറിയിച്ചു.





അതിനാൽ കാരുണ്യവാനായ കർത്താവേ, രക്ഷിക്കുന്നതും ജീവനുണ്ടാക്കുന്നതുമായ ഈ നിന്റെ ഉയിർത്തെഴുന്നേല്പ്പു ദിവസത്തിൽ ഞങ്ങൾ നിന്റെ കൃപയോട് ഇപ്രകാരം അപേക്ഷിക്കുന്നു. നീ ഞങ്ങളെ മരണമില്ലാത്തവരും നാശമില്ലാത്തവരും ആക്കിത്തീർക്കണമേ. ആക്ഷേപകരവും നിന്ദാകരവുമായ സകല വികാരങ്ങളോടും എതിർത്തു നിൽക്കുന്നതിന് ഞങ്ങൾ പ്രാപ്തരാകുവാൻ ജീവിപ്പിക്കുന്നതായ നിന്റെ ശക്തിയാൽ ഞങ്ങളെ ആയുധം ധരിപ്പിക്കണമേ. ആകൽക്കറുസായെയും അവന്റെ സകല സൈന്യങ്ങളെയും നിന്റെ സഹായത്താൽ ഞങ്ങൾ ജയിക്കുമാറാകണമേ. ഞങ്ങളെല്ലാവരും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനെ സന്തോഷത്തോടുകൂടെ എതിരേല്ക്കുവാനായിട്ട് നല്ല അവസാനത്തിനും നിരപ്പുള്ള പുറപ്പാടിനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് നീ ക്ഷമിക്കണമേ. സത്യവിശ്വാസത്തോടെ നിന്നിൽ നിദ്ര പ്രാപിച്ചിരിക്കുന്ന വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരെ നീതീകരിച്ച് ഭാഗ്യമുള്ള ഭവനങ്ങളിൽ ആശ്വസിപ്പിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമേ. (ഹോശോ വബുകൂൽസ്ബാൻ ല്ഒൽമീൻ).

ജനം : ആമ്മീൻ.

ദൈവത്തിൽനിന്ന് കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും രണ്ടു ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ.

ജനം : ആമ്മീൻ.

## കോലോ

(ഏനോനോ നുഹറോ - എന്ന രീതി)

1. അഗ്ന്യാത്മീയന്മാരീറേരും
ദൂതന്മാരും തീ പൂണ്ടോർ
കാദീശ് കാദീശെന്നാർത്തും കൊ-
ണ്ടിന്നാ കബറിങ്കൽ വന്നു
ദൈവം കബറീന്നുത്ഥാനം
ചെയ്തേറ്റം മഹിമാവോടെ
കാവൽക്കാർ കണ്ടന്ധന്മാ-
രായ് മേലീന്നീറേന്മാരെ-
യവർ കണ്ടായ് മൃതരെപ്പോലെ.

2. മുദ്രയ്ക്കില്ലേ സത്യം കേടെ-
ന്നാരായുന്നാചാര്യന്മാർ
ഒന്നിച്ചുത്തരമതിനവർ ചൊന്നാർ
മുദ്രയ്ക്കൊട്ടും കേടില്ല
മൃതരായ് ഞങ്ങളെയാക്കിത്തീർ-
ത്താശ്ചര്യം വരുവിൻ കാണ്മാൻ
ഞങ്ങൾ സ്വപ്നം കാണുന്നോ
എന്നാലും ദൈവം കാട്ടും
സത്യത്തെ മറവാക്കാമോ? ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

3. വാങ്ങിപ്പോയ പിതൃക്കൾക്കും ഭ്രാ-
താക്കൾക്കും നൽകാശ്വാസം
നിന്നാരാധകരെ നിൻ പരിശു-
ദ്ധന്മാർ സംഘത്തിൽ ചേർക്ക
നീ സിംഹാസനമേറീട്ടാ
ദുഷ്ടന്മാരെ നീക്കുമ്പോൾ
അവർ നിൻ കാരുണ്യം കണ്ട്





നിൻ മാഹാത്മ്യമുദിക്കുമ്പോൾ
വലഭാഗത്തായീടേണം.
മൊറിയൊ റാഹേം അലൈൻ ഉ ആദാറൈൻ.

## എത്രോ

കർത്താവേ, നിന്റെ വിശുദ്ധ ശരീരത്തെ പൂശുവാനായി സുഗന്ധപരിമളാദികളോടുകൂടെ പോയ പരിപാകതയുള്ള സ്ത്രീകളെപ്പോലെ സൽക്രിയകളാകുന്ന നല്ല വസ്ത്രങ്ങളോടും കുറ്റമില്ലാത്ത നടപടികളാകുന്ന മഹിമയുടെ അലങ്കാരങ്ങളോടുംകൂടെ സ്തോത്രങ്ങളാൽ ഞങ്ങൾ നിന്റെ മുമ്പാകെ വരുമാറാകണമേ. ആ സ്ത്രീകളെപ്പോലെ ഞങ്ങൾ നിന്നെ കണ്ട് ആനന്ദിക്കുകയും നിന്റെ ദിവ്യ തൃക്കാലുകളെ വന്ദിക്കുകയും ചെയ്യുമാറാകണമേ. മാളികയിൽവച്ച് നിന്റെ ശിഷ്യന്മാരെപ്പോലെ നിന്റെ സമാധാനത്താൽ ഞങ്ങൾ സന്തോഷിച്ച് ആനന്ദിക്കുകയും അവരോടുകൂടെ ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും പരിശുദ്ധ റൂഹായെയും നിരന്തരം സ്തുതിച്ച് വന്ദിക്കുകയും ചെയ്യുമാറാകണമേ. (മോറാൻ വാലോഹാൻ ല്ഒൽമ്മിൻ.)

ജനം : ആമ്മീൻ

## കോലോ

(ലോക്മൊറിയോ കോറേനാൻ - എന്ന രീതി)

1. ദൈവത്തിൻ പുത്രനെ മറിയാ-
മുത്ഥാനത്തിൻ
ശേഷം തോട്ടക്കാരൻപോൽ
കണ്ടാൾ തോട്ടത്തിൽ
നീയെന്തിനു കരയുന്നാരെ-
യാരായുന്നു
എന്നതിനെൻ നാഥനെയവർകൊ-
ണ്ടെങ്ങോ പോയെന്നാൾ,

താനവളെ മറിയാമേയെന്നാൻ
ഓടിപ്പോയുടനവളറിയിച്ചാൾ
കർത്താവുത്ഥാനം ചെയ്തെ-
ന്നാശ്ലീഹന്മാരെ.

2. ഉത്ഥാനം ചെയ്തുടനെ ത-
ന്നെക്കുരിശിച്ചാ
സെഹിയോനെ നശിപ്പിച്ചു സഭാ-
പാണിഗ്രഹണത്തെ
ഒത്തുയിരിൻ തൻ മേശയൊരു-
ക്കം ചെയ്തതിനുൾ
തൻ രക്തമതിൽ ചേർത്തോരാ
പുത്രന്നായ് സ്തോത്രം
സ്തോത്രം സ്ലീബായാൽ വീണ്ടവനായ്
സ്തോത്രം ചാവാലുയിർ ചേർത്തവനായ്
സ്തോത്രം പുണ്യത്തിനു തനുരുധി-
രങ്ങൾ തന്നവനായ്. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

3. തൻ ശുദ്ധശരീരം ഭ-
ക്ഷിച്ചും രക്തം
പാനം ചെയ്തും മൃതരായോർ
തന്നാത്മാക്കൾ മേൽ
അഴിയാ ലോകേ പാപത്തി-
ന്നിരുൾ വാഴായ്വാൻ
പ്രാർത്ഥിച്ചീടുക നാം മിശിഹാ
തന്നോടവർ പേർക്കായ്
അവരാത്മാക്കളെ വാങ്ങിയ നാഥാ
അവർ നിന്നെ കൊണ്ടാടിയതാലെ
നീയവരെ വിളിച്ചു നിർത്തീ-
ടണമേ വലഭാഗേ.





## ഹൂലോലൊ

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
നാഥനുണർന്നിതുറക്കക്കാരനെയും തൻ-
വീഞ്ഞിൻ ലഹരി വെടിഞ്ഞൊരു പുരുഷനെയും പോലെ
ഹാലേലുയ്യാ.

## ഏവൻഗേലിയോൻ

## കുക്കിലിയോൻ

1. നിന്നാൾ സ്തുതിയൊടു രാജമകൾ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
നിൻ വലഭാഗേ രാജഭാമിനിയും.

2. നയവാൻ പനപോലെ തളിർത്തിടുമേ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
വളരുമവൻ ലെബനോന്റെ കാരകിൽപോൽ.

3. മക്കളിലപ്പൻ കൃപചെയ്വതുപോലെ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

## എക്ബോ

(ലാലോഹോ ശുബഹോബ്റൗമ്മൊ)

സ്തുതി ദൈവത്തിന്നുയരത്തിൽ
തൻ മാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക.
സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

## കോലോ
(ശ്ലോമ്മോ ദാബോ മെൻ റൗമ്മെ)

1. താതൻശ്ലോമ്മോ ഗബ്രിയേൽ
മൂലം മേലീന്നാധന്യ
മറിയാമ്മിനു നൽകപ്പെട്ടു
തീപൂണ്ടോർ വായിൽ തിങ്ങും
ശ്ലോമ്മോ ചൊന്നാർ നാഥൻ നിൻ-
കൂടെത്തന്നുദയം നിന്നിൽ.

2. ശ്ലോമ്മോ തൻ നിബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ ശ്ലോമ്മോ നാഥങ്കൽ
കൂറേറും സഹദേന്മാർക്കും
ശ്ലോമ്മോ തൻ മക്കൾ വസിക്കും
പരിശുദ്ധ സഭയ്ക്കും ശ്ലോമ്മോ.

ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

3. നാം ദൈവസുതന്മാരാവാ-
നായുഷ്ക്കാലത്തിൽ ചൊല്ലി-
ത്തന്ന താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാ-
സം സ്വർഗേപുത്രൻ ദൈവം.
മൊറിയോ റാഹേംഅലൈൻ ഊ ആദാറൈൻ

## മാർ യാക്കോബിന്റെ ബോവൂസോ

1. ഉത്ഥാനത്താൽ തൻ സഭയേ വീണ്ടോനാം പുത്രാ
നിൻ ശൈനോ നൽകിത്തൻ പ്രജയെ കാക്കേണം നീ.





2. മൃതിയെ വെന്നു ബലവാൻ സ്ലീബാ തന്നിലുറങ്ങി
മൂന്നാം നാളിലുണർന്നെഴുന്നേറ്റാൻ ബലവാനായി.

3. താഡനമേറ്റോൻ മൂന്നു മണിക്കൂർ കുരിശിൽ മേവി
ക്ഷീണിച്ചോനടികൊണ്ടു നശിക്കാതിങ്ങെഴുന്നേറ്റു.

4. താതൻ ദാവീദ് ഈശൻ വരവിങ്ങനെ കണ്ടപ്പോൾ
ഓടിച്ചെന്നാ വീണയുമേന്തി രാഗമൊരുക്കി.

5. ചൊന്നാൻ ലഹരി കുറഞ്ഞ മനുജന്നൊപ്പം നാഥൻ
മിത്രങ്ങൾക്കാനന്ദം വൈരിക്കല്ലലുമേകി.

6. വിൺമൺ ലോകർക്കൈക്യം നൽകീടും ശൈനോ നി-
ന്നുത്ഥാനത്താൽ നിൻ സഭയിൽ ശൈനോ നൽകേണം.

## കൗമാ

ശുദ്ധൻ നീ ആലോഹോ ഹാലേലുയ്യാ
ശുദ്ധൻ നീ ബലവാനേ, കുറിയേലായിസ്സോൻ
ശുദ്ധൻ നീ മൃതിഹീനാ, ✠ ക്രൂശേറ്റു വീണ്ടവനേ.
(മൂന്നു പ്രാവശ്യം)

കർത്താവേ ചെയ് കാരുണ്യം, ഹാലേലുയ്യാ
കർത്താവേ ചെയ് കൃപയാലേ, കുറിയേലായിസ്സോൻ
കർത്താവേ പ്രാർത്ഥന പരികർമ്മങ്ങൾ കൈക്കൊണ്ടും-
ചെയ് കാരുണ്യം.

സ്തുത്യൻ നീ ആലോഹോ, ഹാലേലുയ്യാ
സ്തുത്യൻ നീ സ്രഷ്ടാവേ, കുറിയേലായിസ്സോൻ
സ്തുത്യൻ നീ പാപികളിൽ കൃപചെയ്യും മിശിഹാരാജാവേ
ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,...
കൃപനിറഞ്ഞ മറിയമേ, നിനക്കു സമാധാനം...

### ദിനപ്രതിഷ്ഠ

കരുണയുള്ള ദൈവമേ, ഈ ദിവസത്തെ നിനക്ക് ഞങ്ങൾ പ്രതിഷ്ഠിക്കുന്നു. ഇന്നേദിവസം തിരുസഭയിൽ എല്ലായിടത്തും അർപ്പിക്കുന്ന കുർബാനകളെയും പ്രാർത്ഥനകളെയും പുണ്യപ്രവർത്തികളെയും നിനക്ക് ഞങ്ങൾ കാഴ്ച വയ്ക്കുന്നു. ഇവയോടുചേർത്ത് ഞങ്ങളുടെ പ്രാർത്ഥനകളെയും സുഖദുഃഖങ്ങളെയും പ്രയത്നങ്ങളെയും ഞങ്ങൾ അർപ്പിക്കുന്നു.

ഇന്ന് നിന്റെ വഴിയിൽക്കൂടെ ഞങ്ങളെ നടത്തണമേ. ഇന്നു നിന്റെ ശക്തി ഞങ്ങളെ സഹായിക്കണമേ.

ഇന്നത്തെ ഞങ്ങളുടെ സകല വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളും തിരുനാമമഹത്ത്വത്തിനുതകുന്നവയാക്കിത്തീർക്കണമേ.

സാത്താന്റെ കെണികളിൽനിന്നും തിന്മയിലേക്കുള്ള പരീക്ഷയിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

കരുണയുള്ള കർത്താവേ, ഇന്നു ഞങ്ങളുടെ മുൻപിലും പിൻപിലും ഞങ്ങളുടെ വലത്തും ഇടത്തും ഞങ്ങൾക്കു താഴെയും മീതെയും ഞങ്ങളുടെ ഉള്ളിലും എല്ലാ വശത്തും ആയിരുന്ന് ഞങ്ങളെ സംരക്ഷിക്കുകയും പുണ്യപ്പെടുത്തുകയും ചെയ്യണമേ.

ദൈവമാതാവിന്റെയും സകല വിശുദ്ധരുടെയും പ്രാർത്ഥനാസഹായങ്ങളും അനുഗ്രഹങ്ങളും ഇപ്പോഴും എന്നേക്കും ഞങ്ങൾക്കുണ്ടായിരിക്കണമേ. ആമ്മീൻ.

പരി. ത്രിത്വമേ, ആദ്യന്തമില്ലാത്ത നിന്റെ കൃപയും ശക്തിയും ഞങ്ങളുടെ സഹായത്തിനായി അയച്ചുതരണമേ. കർത്താവേ, നിന്റെ രക്ഷ എപ്പോഴും ഞങ്ങൾക്ക് ഉണ്ടായിരിക്കണമേ. ആമ്മീൻ.

❖



# മൂന്നാം മണിയുടെ പ്രാർത്ഥന

### കൗമാ

### കോലോ

(മൊറിയോ മോറാൻ - എന്ന രീതി)

1. ഉടയോൻ നാഥാ,
നീയുത്ഥാനം ചെയ്തപ്പോൾ
തോട്ടക്കാരൻ-
പോൽ മറിയാം കണ്ടു
റബ്ബീ നീയോ
പൊയ്ക്കൊണ്ടെങ്കിൽ ചൊല്ലെവിടെ?
അവനെ ഞാൻ പോ-
കട്ടെ കൊണ്ടെന്നാൾ
നാഥൻ ചൊന്നാൻ
ഞാൻ തന്നെ; ജീവിച്ചേൻ ഞാൻ;
നീ ചെന്നെന്റെ
ശിഷ്യന്മാരൊടു ചൊൽ. ബാറെക്മോർ

ശുബ്ഹോ...മെൻഓലം

2. ഒന്നാം നാളാം-
ഈ ഞായർ നാൾ ദൈവം ത-
ന്നഗ്രേജാതൻ
താൻ ജീവിച്ചിട്ടീ-
ലോകർക്കെല്ലാ-
മഗ്രജനാദത്തെ ജീവി
പ്പിച്ചേറ്റി താ-
തങ്കൽ തൻകൂടെ
ഹേ! ആദാമിൻ
സുതരേ, നിങ്ങളെ വീണ്ടോനാ-

മാദാമുടയോ-
ന്നായ് സ്തോത്രംചെയ്‌വീൻ.
മൊറിയോറാഹേം അലൈൻ ഊ ആദാറൈൻ.

### മാർ അപ്രേമിന്റെ ബോവൂസോ

ഞങ്ങൾ തൻ കർത്താവേ, നീ
കാരുണ്യം ചെയ് ഞങ്ങൾമേൽ
സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ-
നത്താൽ തന്നോനാം പുത്രാ.

ഈ ഞായർ നാൾ നാമാശാ
ധൈര്യങ്ങൾ പൂണ്ടോരായി
ഉയിരോനുത്ഥാനം ചെയ്തു.
കുരിശിച്ചോർ ലജ്ജിച്ചല്ലോ.

വൻ ദിനമാം ഞായർ നാളിൽ
കബറീന്നുത്ഥാനം ചെയ്തു
ഉയരേപ്പോയ് തൻ താതന്റെ
വലഭാഗത്തായല്ലോ താൻ.

ഞങ്ങൾ തൻ കർത്താവേ, നീ
കാരുണ്യം ചെയ് ഞങ്ങൾ മേൽ
സ്വാതന്ത്ര്യം ഞങ്ങൾക്കുത്ഥാ-
നത്താൽ തന്നോനാം പുത്രാ.

അടിയാരെയുത്ഥാനത്താൽ
രക്ഷിച്ചോനാം മിശിഹാ നീ
നൽകീടേണം പുണ്യം ഞ-
ങ്ങൾക്കും വാങ്ങിപ്പോയോർക്കും.

### പഴയ നിയമത്തിൽ നിന്നുള്ള വായനകൾ

❖



# ആറാം മണിയുടെ പ്രാർത്ഥന

### കൗമാ

### കോലോ

(തുറോദ് സീനായി)

1. ഉടയോൻ നാഥാ
ഗിരി സീനാ നിൻ സ-
ന്നിധിയിങ്കൽ തുള്ളി
മലയും കടലും പേറും നി-
ന്നെ കന്യക ഗർഭേ പേറി
അവൾ ഗർഭിണിയായാശ്ചര്യ-
ത്താൽ തന്നെ പെറ്റാൾ നിന്നെ
വലുതാക്കീടണമവൾ തന്നോർമ്മ.

2. കാദീശന്മാർ
ജീവന്നും രാജ്യ-
ത്തിനുമവകാശക്കാർ
മിശിഹായെ സ്നേഹിച്ചോരേ-
തിനു യോഗ്യന്മാരാഭാഗ്യം
കാതുകളാൽ കേട്ടിട്ടില്ലേ
കണ്ണുകളാൽ കണ്ടിട്ടില്ലേ
ഇല്ലേ ചിത്തേ കല്പിച്ചിട്ടും. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

3. മാമ്മോദീസാ-
മൂലം മിശിഹാതൻ
റൂശ്മാ കുത്തപ്പെ-
ട്ടും തൻ ഗാത്രം ഭക്ഷിച്ചും
തൻ രക്തം പാനം ചെയ്‌വോർ

താൻ മൂലം ജീവൻ പൂണ്ടി-
പ്പൂഴിയതിൽ നിന്നിങ്ങേറി-
ട്ടണിയും നൽമഹിമാവിന്നങ്കി.
മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ.

## മാർ ബാലായിയുടെ ബോവൂസോ

1 മാതാ കാദീശ-
ന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും മൃത-
രായോർക്കും പുണ്യം.

2 വാഴ്വായ് തീരണമേ
മറിയാമ്മിന്നോർമ്മ
അവൾ പ്രാർത്ഥനയാത്മാ-
ക്കൾക്കായും കോട്ട.

3 നിബിയന്മാർ ശ്ലീഹ-
ന്മാർ സഹദേന്മാരേ,
ഞങ്ങൾക്കായ് കൃപയാ
ചിപ്പീനെല്ലാരും.

4 നിൻ ശരണത്താൽ മൃത-
രാം ഭ്രാതൃപിതൃക്കൾ
മേലാനന്ദപ്പനി-
നീർ നീ വീഴ്ത്തേണം.

5 മാതൃ സ്മരണയുയർ-
ത്തി, സിദ്ധരെയേറ്റി
മൃതരെ വാഴ്ത്തീടു-
ന്നവനായ് സ്തോത്രം.

6 മാതാ കാദീശ-
ന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും മൃത-
രായോർക്കും പുണ്യം.





## മാനീസോ *

സ്വഭാവപ്രകാരം മരണമില്ലാത്തവനും തന്റെ കൃപയാൽ മനുഷ്യവർഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കുംവേണ്ടി വിശുദ്ധിയും മഹത്ത്വവും വെടിപ്പുമുള്ള ദൈവമാതാവായ വി. കന്യകമറിയാമിൽനിന്ന് ഭേദംകൂടാതെ മനുഷ്യനായി ത്തീരുകയും ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെടു കയും ചെയ്തവനായി സ്വർഗീയ പിതാവിന്റെ ഏകപുത്ര നും വചനവുമായിരിക്കുന്ന രാജാവായ എന്റെ കർത്താവേ, നിന്നെ ഞാൻ പുകഴ്ത്തും.

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ഇല്ലാതാ ക്കിയവനും പരി. ത്രിത്വത്തിൽ ഒരുവനും തന്റെ പിതാവി നോടും ജീവനുള്ള തന്റെ പരിശുദ്ധ റൂഹായോടുംകൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങളെല്ലാവരോടും കരുണ ചെയ്യണമേ.

## വിശ്വാസപ്രമാണം

❖

* നമസ്ക്കാരത്തെതുടർന്ന് വി. കുർബാനയുണ്ടെങ്കിൽ മാനീസോയും വിശ്വാസ പ്രമാണവും ഇവിടെ ചൊല്ലുന്നില്ല.

# ഒൻപതാംമണിയുടെ പ്രാർത്ഥന

**കൗമാ**

**കോലോ**

(അംസൊാഹദെബ്രീകെ)

1 നിൻപ്രിയസഹദേന്മാരോടും,
നിന്നുടെ നൽ കാദീശ-
ന്മാരോടും കൂടെ
ഓർക്കണമേ ഞങ്ങൾക്കുറ്റു-
ള്ളോരാം മൃതരെ
നിൻ വലമാക്കിത്തീർത്തവരെ
ഹാലേലുയ്യാ മോദിപ്പിക്ക. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം

2 തിരുസഭ മക്കൾക്കായ് നിന്നോ-
ടേറ്റം ദുഃഖത്താലെ
കേണീടുന്നേവം
നാഥാ, മാമോദീസായാൽ
നിന്നെപ്പൂണ്ടോർ
തീനരകം പൂകീടാതെ
ഹാലേലുയ്യാ-മോദിക്കണമേ.

മൊറിയോ റാഹേം അലൈൻ ഉ ആദാറൈൻ.

**മാർ ബാലായിയുടെ ബോവൂസോ**

കരുണനിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ
നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ
അവരബറാഹത്തിന്റെയും ഇസഹാക്കുടെയും
യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ
വന്നവനും വരുവോനും മൃതർതന്നുയിരും
സ്തുതനെന്ന് ശരീരാത്മാക്കൾ പാടണമേ.

❖



**മലങ്കര**

**സുറിയാനി കത്തോലിക്കാ സഭ**

# സ്ലീബാകാലത്തെ പ്രാർത്ഥനാക്രമം

(സെപ്തംബർ 14 മുതൽ ഓശാന വരെ)

# സന്ധ്യ

## കൗമാ

കർമ്മി : ശുബ്ഹോ ലാബോ ഉലബ്റോ വൽറൂഹോ കാദീശോ.

ജനം : ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകണമേ.

## പ്രാരംഭപ്രാർത്ഥന

കർമ്മി : ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ മാതാവിനെയും സകല പരിശുദ്ധന്മാരെയും തിരുമുമ്പാകെ ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥനാ സഹായങ്ങളാൽ ഞങ്ങളെ കാത്തുകൊള്ളണമേ. അവരുടെ പുണ്യജീവിതത്തെ അനുകരിക്കുവാനും അവരെപ്പോലെ നിന്റെ തിരുവിഷ്ടം പ്രവർത്തിക്കുവാനും ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിക്കും. (മോറാൻ വാലോഹാൻ ല്ഒൽമ്മിൻ.)

ജനം : ആമ്മീൻ.

## സങ്കീർത്തനം 51

ദൈവമേ, നിന്റെ കൃപയിൻ പ്രകാരം... പേജ് 7

## എനിയോനോ

(ഹൗബോറൂയോ – എന്ന രീതി)

1. സകലത്തെ-യുമുളവാക്കി പരിപാലി-പ്പോൻ
പേറീടുന്നു
ശിശുപോൽ കുർബാ-നയിൽ
ഈശോ-കൃപ ചെയ്കടിയാരിൽ.

2. ഇതു നാളീ-ശൻ തനുവാഘോഷിപ്പു-തൻ
മാതൃക നോക്കി
നാമനുതപിക്കേണം
ഈശോ-കൃപ ചെയ്കടിയാരിൽ.

3. തൻതനു-രക്തം ഉൾക്കൊണ്ടോരിഷ്ട-ർക്കായ്
ശാശ്വതമാം-നവ-
ജീവൻ വാഗ്ദാനം
ചെയ്തോ-രുത്തമനായ് സ്തോത്രം. ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

4. സത്യൈകേ-ശ്വരതാതനു സ്തുതി നീണാൾ-
സുതനും സ്തോത്രം
റൂഹായ്ക്കാരാ-ധന
മാന-ങ്ങളുമുണ്ടാകട്ടെ.
കുറിയേലായിസ്സോൻ.

## സങ്കീർത്തനങ്ങൾ 141, 142, 119, 117

കർത്താവേ, നിന്നെ ഞാൻ വിളിച്ചു... പേജ് 10

## എക്ബോ

(ലെക് നെസ്കാശാഫ് – എന്ന രീതി)

സർവ്വേ-ശാം-ബേ
രാജാധിപരാജൻ സവിധേ-അർത്ഥിക്കണമടിയാ-ർക്കായി
തന്നൈക്യം ശാന്തിയുമീ-ഭൂവെങ്ങും-വാ-ഴാ-ൻ





രോഷവടീ-ഭൂചരരീ-ന്നകലാനായർത്ഥിക്ക
തൽ കാരുണ്യത്താൽ.
സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

## പ്രുമിയോൻ

കർമ്മി : നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് കരുണയും ദയയും യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കണമേ.

കർമ്മി : സ്തുതിയും സ്തോത്രവും മഹിമയും പുകഴ്ചയും അനശ്വരകീർത്തിയും ഇടവിടാതെ സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.

തന്റെ മാതാവിന്റെ ഓർമ്മയെ സ്വർഗത്തിലും ഭൂമിയിലും ശ്രേഷ്ഠമാക്കിയവനും തന്റെ വിശുദ്ധന്മാരുടെ തിരുനാളുകളെ നാനാഭാഗങ്ങളിലും ബഹുമാനിച്ചവനും വിശ്വാസികളായ പരേതരുടെ അസ്ഥികളിൽ അനുഗ്രഹത്തിന്റെ പനിമഞ്ഞു തളിച്ചവനുമായ യേശുമിശിഹായ്ക്കു സ്തുതി. സന്ധ്യാപ്രാർത്ഥനയുടെ നേരത്തും സകല പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും തനിക്കു യോഗ്യമാകുന്നു. (ബ്കുലഹൂൻ യൗമ്മോസൊദ് ഹായായിൻല്ഒൽമീൻ.)

ജനം : ആമ്മീൻ.

## ഹൂസോയോ

പാപപരിഹാരം ചെയ്യുന്നവനും വെടിപ്പാക്കുന്നവനും...

## സെദറാ

ദൈവമായ കർത്താവേ, നിന്നോട് ഞങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. വിശുദ്ധിയോടുകൂടെ കന്യാത്വത്തിൽ നിന്നെ പ്രസവിച്ച മാലിന്യമില്ലാത്ത ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെ സ്വീകാര്യമായ പ്രാർത്ഥനകളാൽ കരുണതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ. വിശുദ്ധന്മാരുടെ പ്രാർത്ഥനകളാലും നീതിമാന്മാരുടെ അപേക്ഷകളാലും പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും സ്നേഹത്താലും രക്തസാക്ഷികളുടെ മരണത്താലും പീഡിതരുടെ ഞെരുക്കത്താലും മനോദുഃഖമനുഭവിക്കുന്നവരുടെ നെടുവീർപ്പുകളാലും കരുണയുള്ളവരുടെ ധർമ്മപ്രവൃത്തികളാലും സകല വിശുദ്ധരുടേയും വെടിപ്പുള്ള വ്യാപാരങ്ങളാലും പാപികളും കുറ്റക്കാരുമായ നിന്റെ ദാസരായ ഞങ്ങളുടെ പശ്ചാത്താപത്തെയും സുഗന്ധധൂപത്തെയും പ്രാർത്ഥനകളെയും കൃപയോടെ കൈക്കൊള്ളണമേ. ഞങ്ങളുടെ വർഗത്തോടുള്ള നിന്റെ കരുണയും ദയയും ഓർക്കണമേ. ഞങ്ങളുടെ അടുക്കലുള്ള നിന്റെ ഉടമ്പടികളെയും വാഗ്ദാനങ്ങളെയും സ്മരിക്കണമേ. ഞങ്ങളിൽനിന്ന് ക്രോധശിക്ഷകൾ നീക്കിക്കളയണമേ. വിശ്വാസികളായ പരേതരെ മഹത്വമുള്ള നിന്റെ ഭവനങ്ങളിൽ ആശ്വസിപ്പിക്കണമേ. നിന്നെ പ്രസാദിപ്പിച്ചിട്ടുള്ളവരോടുകൂടെ കാരുണ്യവാനായ നിന്നെയും വന്ദ്യനായ നിന്റെ പിതാവിനെയും ആശ്വാസപ്രദനായ പരിശുദ്ധ റൂഹായേയും മഹത്വപ്പെടുത്തുവാൻ ഇപ്പോഴും എപ്പോഴും എന്നേക്കും ഞങ്ങളെ യോഗ്യരാക്കണമേ.

ജനം : ആമ്മീൻ.

കർമ്മി : ദൈവത്തിൽനിന്ന് കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ.

ജനം : ആമ്മീൻ.





## കോലോ

(ശാബഹ് സാദീക്കെ ല്മൊറിയൊ - എന്ന രീതി)

"ജാതികളേ, സ്തുതി ദൈവത്തെ"

1. നിബിയർ ശ്ലീഹൻമാർ-സഹദേർ ശുദ്ധർക്കും
പരിമളധൂപത്താൽ-സ്മരണ ഭവിക്കട്ടെ. ബാറെക്മോർ

ശുബ്ഹോ... മെൻഓലം...

2. ശുദ്ധസഭയ്ക്കും തൻ-സുതരെല്ലാവർക്കും
പരിമളധൂപത്താൽ-സ്മരണ ഭവിക്കട്ടെ.
3. സ്തുതിഭാജനമടിയാ-ർക്കഭയവുമായവളേ
ദൈവാംബിക നീയായ്-അതിനാൽ ഭാഗ്യവതി.
4. ചൊന്നാൾ മറിയാം ഞാ-നല്ലവനെ വഹിപ്പു
അവനെന്നെപ്പേറി-പാലിപ്പോനവനി.
5. നിബിയർ ശ്ലീഹന്മാർ-സഹദേർ ശുദ്ധന്മാർ
കേണർത്ഥിക്കണമേ-കൃപയീയടിയാർക്കായ്.
6. സഹദേർ ഞങ്ങൾക്കായ്-മദ്ധ്യസ്ഥത നിൻ മുൻ
അർത്ഥിപ്പവരാവാൻ-കേഴുന്നടിയങ്ങൾ.
7. ഉത്തമന്യായസ്ഥാ-കൃപ ചെയ്തീടണമേ,
വീഴ്ചകൾ നീക്കണമേ-നിൻ കാരുണ്യത്താൽ.
8. നിന്നെയുപേക്ഷിച്ച-ശെമഓനഘമുക്തി-
ഏകിയ നീയെന്റെ-ശരണം കൃപ ചൊരിക.
9. മേല്പൂറിശിലേമിൽ-മിശിഹാസന സവിധേ
ഓർക്കണമേ മൃതരാം-വിശ്വാസികളേയും.

മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ.

### എത്രോ

കർത്താവേ, കരുണാപൂർവ്വം നിന്റെ ദാസരുടെ ധൂപം കൈക്കൊള്ളണമേ. നിന്റെ ആചാര്യന്മാരുടെ ധൂപത്തിൽ സംപ്രീതനാകണമേ. നിന്റെ ആരാധകരുടെ ശുശ്രൂഷയിൽ പ്രസാദിക്കണമേ. നിന്റെ മാതാവിനും വിശുദ്ധന്മാർക്കും നല്ല അനുസ്മരണയുണ്ടാക്കണമേ. വിശ്വാസികളായ പരേതർക്ക് സമാശ്വാസം നൽകണമേ. പുത്രനായ മിശിഹാതമ്പുരാനേ, നിന്റെ പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടെ നീ ഇപ്പോഴും എപ്പോഴും എന്നേക്കും വന്ദ്യനും സ്തുത്യനുമാകുന്നു. (മോറാൻ വാലോഹാൻ ല്ഒൽമ്മീൻ).

ജനം : ആമ്മീൻ.

### കോലോ

"താ-വകവലമായ് രാജസ്ത്രീ-ഹാലേലുയ്യാ"

1. ഭാഗ്യവതി മറിയാമേ, ഞാനെങ്ങനെ നിന്നെ
വിളിക്കണമീശാംബിക കന്യാ തനു പൂ-ണ്ടൊരു മേഘം
നീതിക്കതിരോൻ പ്രഭ വിതറും വിമലാകാശം
മോശയണിഞ്ഞൊരു വദനാ-വരണം നിൻ രഹസ്യമതായ്
ദിവിധരകൾ-വാഹകനെപ്പേറും
നല്ലൊരു ശാ-രീരിക രഥവും നീ
ദൈവഹിതാൽ തൻ മാതാവാം ഈശൻദാസി നീ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2. പോക്കണമേ ഞങ്ങൾ പിഴകൾ ദൈവാംബികയേ
അലകൾ കാറ്റിവകളടിപ്പു നാനാ-ദിശിനിന്നും
ഈശൻ മുൻപർത്ഥിച്ചീടാൻ തേ സ്വാതന്ത്ര്യം
അനുഗ്രഹമെങ്ങൾക്കരുൾ സൗഖ്യം രോഗാതുരർതൻ മേൽ
ക്ലേശിപ്പോ-ർക്കാശ്വാസം പ്രത്യാ-
ഗമനം ദൂ-രസ്ഥിതരായോർക്കും
കേഴുക ഞങ്ങൾക്കഘമോചനമുണ്ടായിത്തീരാൻ.





3. വാ-ഴ്ത്തുക നീ കൃപയാലാണ്ടിൻ ദ്വാദശ മാസം
നീ നിയമിച്ചൊരു പന്തിരുവർ ശ്ലീഹർ യാചനയാൽ
വേ-നൽ വർഷവുമനുകാലം വന്നീടണമേ
നൻമകൾ കർത്താവരുളും ഭൂവിളവും നൽകീടും
ഫലമേകും-ചെറുമഴയും, വാഴ്‌വിൻ
വൻമഴയും - ഏകണമേ നാഥാ,
ഭക്ഷിച്ചഗതികൾ എളിയോർ
നിൻനാമം പുകഴ്ത്തട്ടെ.

4. സ്തേ-ഫാനോസിൻ കൊലയെ പരിശോധന ചെയ്കെ
വിസ്മിതനായ് ഞാൻ അവനേറ്റം കഷ്ടപ്പെട്ടതിനാൽ
പ്രാർത്ഥിച്ചാൻ അവർ തന്നെ കല്ലെറിയുന്നേരം
നാഥാ ക്ഷമയരുളറിയാതിവ ചെയ്യുന്നിവരിൽ നീ
ഏവം കേ-ണാനവ നരികൾക്കായ്
തന്നെജമാനന് സമനായവനും
തൻ പ്രാർത്ഥനയാലടിയാർക്കായ്
തുണയേകുക നാഥാ.

5. ഉത്സുകനാം വ്യാപാരിയവൻ മുത്തുകൾ നേടി
എത്തീടുമ്പോൾ വിജയശ്രീനേടി (മാർത്തോമ്മാ)
ജാഗരണം നോമ്പർത്ഥനകളിലീശൻ പ്രീതൻ
ഉടയോനവനുടെ വ്യാപാരം ദർശിച്ചതിനാലെ
പ്രീതിയെഴുന്നരുളി സൗഖ്യത്തിൻ
വരമതിനാൽ ആദാമ്യകുലത്തിൻ
വേദനരോഗങ്ങളുമെല്ലാം
സൗഖ്യമതാക്കീടാൻ.

6. നാ-ഥാ, തവ വിധിയിൽ പക്ഷാഭേദമതില്ല
ഋണപൂരിതനായതിനാൽ ഞാൻ ഖേദിക്കുന്നയ്യോ
ഭീ-കരഗ്രന്ഥമനാവൃതമായ് നിന്നുടെ നീതി
എൻ കടമതുവായിക്കുമ്പോൾ കൃപയാൽ ദയ ചെയ്ക
നിൻ കൃപ നിൻ നീതിയോടർത്ഥിക്കും
എൻ കടവും മായും കൃപ ചൊരിക
പാപത്താലെ വിശ്വാസം
വെടിയാത്തോനിവനിൽ

7. കൈക്കൂലിയെ വാങ്ങാതുള്ളൊരു ന്യായാധിപനേ
തവഹിതമൊത്തൊരു കാഴ്ചയതെന്തിവനിന്നർപ്പിപ്പാൻ
കേ-ട്ടേൻ നീ സ്നേഹിക്കുന്നു കണ്ണീരധികം
ശോധിതസ്വർണ്ണമമൂല്യമതാം രത്നത്തേയുംകാൾ
കർത്താവേ, കൈക്കൊണ്ടെൻ കണ്ണീർ
മോചിക്കെൻ കടവും കൻമഷവും
നിൻ കൃപയാൽ ദയചെയ്-
കെന്നിൽ ആശിസ്സരുളണമേ.

8. ജീ-വാത്മജ, സഭതൻ സുതരാം മൃതരായവരിൻ
പേരുകൾ മുദ്രിതമാക്കുക നിൻ ദിവ്യ-മദ്ബഹായിൽ
തീ-നരകജ്വാല കെടുത്തും തനുരക്തങ്ങൾ
അവരുടെയവയവമുൾക്കൊണ്ടതിൽ അവർ ഖേ-ദിക്കില്ല
എൻ തനുരക്തമശിച്ചും പാനം
ചെയ്വോരിൽ ഞാനെഴുമവരെന്നിൽ
പാർക്കുമവർക്കുയിരേകും
ഞാനെന്നും ചൊന്നാൻ നീ.

## ഹൂലോലൊ

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ-
നാഥൻ ചൊന്നാൻ നീയെൻ സൂനു
നിന്നെ ഞാനിന്നു ജനിപ്പിച്ചു ഹാലേലൂയ്യാ.

## ഏവൻഗേലിയോൻ





## കുക്കിലിയോൻ

കർമ്മി : മക്കളിലപ്പൻ കൃപചെയ്വതുപോലെ
ഹാലേലുയ്യാ ഉ-ഹാലേലുയ്യാ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും

ജനം : പുല്ലിനുതുല്യം നരനുടെ നാളുകളഹോ
ഹാലേലുയ്യാ ഉ-ഹാലേലുയ്യാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

കർമ്മി : ശരണത്താലേ-നിൻ കൃപയിൽ

ജനം : മരണമടഞ്ഞൊരു- ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്.
സ്തൗമെൻ...

## കോലോ

കർമ്മി : രക്ഷകനേ നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ

ജനം : വിലയേറും രക്ത കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീ-ക്കി ജീവിപ്പി-
ച്ചണിയിക്കുക നിന്നെ നോക്കു-ന്നവരിൽ കാന്തി.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മൃതരെ ജീവിപ്പിപ്പാനെഴുന്നെള്ളുംരാജാ
മുകിലഴകിന്മേലാഘോഷിതനായീടുന്നു
നയവാന്മാർതൻ മുൻകൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.
മൊറിയോ...

## മാർ യാക്കോബിന്റെ ബോവൂസോ

(ശൌത്തെഫ് ലാൻമോർ - എന്ന രീതി)

1. കാക്കുക നാഥാ, ജീവിതമേന്തും ഞങ്ങളെയെന്നും
മൃതരായോർക്കായരുളുക പുണ്യം തവ കൃപയാലെ.
2. ആയതു നിന്റെ പ്രിയമെഴുമോമൽ ജനനിയുടെയും
നിബിയർ സഹദേർ ശ്ലീഹന്മാർ തൻ പ്രാർത്ഥനയാലെ.
3. ഭാഗ്യമെഴും തൻ നിബിയന്മാരെ ശ്ലീഹൻമാരേ,
ധന്യത ചേർന്ന സഹദേൻമാരേ, തുണയേകണമേ.
4. പ്രാർത്ഥിച്ചീടുന്നടിയാരതിനായനിശം ഞങ്ങൾക്കാ-
ശ്രയമേകാൻ കൃപയേകണമേ വേഗം നിങ്ങൾ.
5. താതന്റേതാം മിത്രരുമേകജാതൻ തന്റെ
ദിവ്യമായ രഹസ്യാത്മജരും നിങ്ങൾ തന്നെ.
6. തന്നിൽനിന്നും നൽ സമ്പാദ്യം നിങ്ങൾ വാങ്ങി
ഏകീടണമേ അവശന്മാരാമീയടിയാർക്കായ്.
7. വാനവർഗാനം കൈക്കൊൾവോനേ, അടിയാർ സ്തോത്രം
കൈക്കൊണ്ടാശിസ്സരുളീടണമേ ഞങ്ങൾക്കായി.
8. പുണ്യം നൽകീടടിയാർക്കും വാങ്ങിപ്പോയോർക്കും
നിൻ മാതാ ശുദ്ധന്മാർ സ്മരണ ഘോഷിക്കയാൽ.
9. സൽസ്മൃതി വാനിൽ ഉളവാകട്ടെ ഭൂവിലുമെല്ലാം
ശുദ്ധൻമാരാമനുഗ്ര്യഹീതർ മൃതരായോർക്കും.
10. പാവനയാം നിൻ മാതാവിന്നും ശുദ്ധന്മാർക്കും
വിണ്ണുലകത്തിലുണ്ടാകട്ടെ നീണാളോർമ്മ.





## കൗമാ

ശുദ്ധൻ നീ ആലോഹോ, ശുദ്ധൻ നീ ശുദ്ധൻ നീ
ശുദ്ധൻ നീ ബലവാനേ, ശുദ്ധൻ നീ ശുദ്ധൻ നീ
ശുദ്ധൻ നീ മൃതിഹീനാ, ശുദ്ധൻ ശുദ്ധൻ ശുദ്ധൻ നീ
ഞങ്ങൾക്കായ് ക്രൂശേറ്റോനേ കൃപ ചെയ്യ് ✠
(മൂന്നു പ്രാവശ്യം)

കർത്താവേ ചെയ് കാരുണ്യം
കർത്താവേ ചെയ് കൃപയാലെ
കർത്താവേ പ്രാർത്ഥന പരികർമ്മങ്ങൾ കൈക്കൊണ്ടും-
ചെയ് കാരുണ്യം.

സ്തുത്യൻ നീ ആലോഹോ
സ്തുത്യൻ നീ സ്രഷ്ടാവേ
സ്തുത്യൻ നീ പാപികളിൽ കൃപചെയ്യും
മിശിഹാരാജാവേ- ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...
കൃപ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം...

### വിശ്വാസപ്രമാണം

❖

# സൂത്താറാ

## കൗമാ

## കോലോ

1. വെളിവാക്കിത്തരു നാഥാ, എൻ കുറവുകളെല്ലാം
നിൻ പ്രകാശത്താൽ
അവയെ-തെറ്റിന്നിരുൾ മൂടി
നിന്നാൽ തെളിയണമെൻ ബോധം
സൃഷ്ടികളെ ശോഭിപ്പിക്കും പ്രഭ നീയല്ലോ
ഞാൻ നിന്നെ വാഴ്ത്തും. ബാറെക്മോർ.
ശുബ്ഹൊ...മെൻഓലം...

2. സ്വർഗം കാംക്ഷിപ്പോർ ദൈവത്തെ
സൽസ്നേഹത്താൽ
തോഷിപ്പിക്കേണം
അതിനാലല്ലോ പരിശുദ്ധർ
പ്രഭയിൻ മണിയറയേറുന്നു
അതിനാൽ രക്ഷിതരായ് ദുഃഖമകന്നനുതാപികളും
നാകം പൂകുന്നു. മൊറിയോ റാഹേം ...

## എക്ബോ

കഷ്ടമെനിക്കാ-യ് ശുദ്ധർ മദ്ധ്യേ-ഞാൻ നിസ്സഹായനായ്
അവരുടെ നടപടി പിന്തുടരായ്കയാൽ
അവർ വിരുന്നിനു ഞാനന്യനുമായേൻ
ബഹിഷ്കൃതനായ് ഞാൻ-
ദുഷ്ക്കർമത്താൽ-അവരിൽ നിന്നും.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.





## സങ്കീർത്തനങ്ങൾ : 91, 121

അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ ദൈവത്തിന്റെ നിഴലിൽ മഹത്ത്വപ്പെടുന്നു.

ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും സങ്കേതസ്ഥലവുമെന്ന് കർത്താവിനെക്കുറിച്ച് നീ പറയുക.

എന്തെന്നാൽ, അവൻ വിരുദ്ധതയുടെ കെണിയിൽ നിന്നും വ്യർത്ഥസംസാരത്തിൽനിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തെയും മദ്ധ്യാഹ്നത്തിൽ വീശുന്ന കൊടുംകാറ്റിനെയും ഭയപ്പെടുകയില്ല.

നിന്റെ ഭാഗത്ത് ആയിരങ്ങളും നിന്റെ വലത്തുഭാഗത്ത് പതിനായിരങ്ങളും വീഴും.

എങ്കിലും, അവ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലോ നിന്റെ കണ്ണുകൾകൊണ്ട് നീ കാണുക മാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലം നീ കാണും.

എന്തെന്നാൽ, തന്റെ വാസസ്ഥലം ഉയരങ്ങളിൽ ആക്കിയ എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല. ശിക്ഷ നിന്റെ വാസസ്ഥലത്തിന് സമീപിക്കുകയുമില്ല.

എന്തെന്നാൽ, നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ മാലാഖമാരോട് കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ച ഉണ്ടാകാതിരിപ്പാനായി

അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസോസർപ്പത്തെയും അണലിയെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ബലപ്പെടുത്തും.

അവൻ എന്നെ വിളിക്കും. ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തി, എന്റെ രക്ഷ അവനെ ഞാൻ കാണിക്കും.

121 : ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെനിന്ന് വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ, ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല. ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ്, തന്റെ വലത്തു കൈകൊണ്ട് നിനക്ക് നിഴലിടും.

പകൽ സൂര്യനോ, രാത്രിയിൽ ചന്ദ്രനോ നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ്, സകല ദോഷങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളും. അവൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.





കർത്താവ്, നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ, സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ

മെൻഓലം വാദാമൊല്ഓലം ഒൽമീൻ ആമ്മീൻ.

## അപേക്ഷ

കർത്താവേ, നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ, നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്ത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ, സമാധാനപൂർണ്ണമായ സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്ക് തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും നീ പരിഹരിച്ച് ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോട് കരുണ ചെയ്യണമേ.

കർത്താവേ, നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകൾ ഒക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോട് അപേക്ഷിക്കുന്ന ആത്മാക്കൾക്ക് ശരണവും രക്ഷയും നീ നൽകണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ, ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോട് കരുണ ചെയ്യണമേ.

അല്ലെങ്കിൽ

1 കർത്താവേ, മറ ചെയ്തീടേണമേ
ഞങ്ങളെ നി-ന്റെ
കൃപയതിനുടെ ചിറകി-ൻ നിഴലിൽ.

2 കേൾപ്പവനഖിലം നീ
ദാസന്മാർ-തൻ
യാചനയെ നീ-
കേൾക്കണമേ കാരു-ണ്യത്താൽ.

3 ശാന്തി നിറഞ്ഞൊരു രാവും നൽ
പുണ്യമെഴുന്നൊരു സന്ധ്യയതും
ഞങ്ങൾ രക്ഷകനാം മിശിഹാ
മഹിമയെഴും രാജാ നൽക.

4 ഞങ്ങൾ കണ്ണുകൾ നിൻ പക്കൽ
നോക്കുന്നു ഋണപാപങ്ങൾ
പോക്കീട്ടിഹ പരലോകത്തിൽ
നിൻ കൃപ ഞങ്ങൾക്കേ-കണമേ.

5 നിൻ കൃപ ഞങ്ങളെ മറചെയ്ക
തവകൃപ നിൽക്കണമിവർ മുമ്പിൽ
നിൻ സ്ലീബാ ദുഷ്ടനിൽനിന്നും
സൈന്യമതീന്നും കാ-ക്കണമേ.

6 ജീവനോടെങ്ങൾ വസിച്ചീ-ടും
നാളുകളൊക്കെയിലും നിന്റെ
വലതുകരം തുണയായ് ഇവർമേൽ
ആവാസം ചെയ്തീ-ടണമേ.

7 ഞങ്ങൾ മദ്ധ്യേ നിൻ ശക്തി
വാഴണമേ നിന്നൊടു കേഴും
ആത്മാക്കൾക്കുണ്ടാവണമേ
നിന്നുടെ ശരണം ര-ക്ഷയതും.

8 ജനനീമറിയാമിന്റേയും
ശുദ്ധരുടേയും പ്രാർത്ഥനയാൽ
മോ-ചിച്ചടിയാർമേൽ
നാഥാ നീ കൃപ ചെ-യ്യണമേ.

## ക്രോബേന്മാരുടെ സ്തുതി

(എസെ 3:12)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. ✠

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, ഞങ്ങളോട് കരുണ ചെയ്യണമേ.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, ഞങ്ങളോട് കരുണ ചെയ്യണമേ.

വിശുദ്ധിയും മഹത്ത്വവുമുള്ള ത്രിത്വമേ, കൃപയുണ്ടായി ഞങ്ങളോട് കരുണചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു.

നീ വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി.
ഞങ്ങളുടെ കർത്താവേ, നിനക്ക് സ്തുതി.
ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്ക് സ്തുതി.
ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,...
കൃപനിറഞ്ഞ മറിയമേ, നിനക്ക് സമാധാനം...

**വിശ്വാസപ്രമാണം**

**മാതാവിനോടും പരിശുദ്ധന്മാരോടുമുള്ള കുക്കിലിയോൻ**

**ഹൂത്തോമ്മോ**

❖



# രാത്രി പ്രാർത്ഥന

ഉറക്കമില്ലാത്ത..... പേജ് 45
ബാറെക്മോർ, രാത്രികാലങ്ങളിൽ... പേജ് 45

**എനിയോനോ**

(ക്രൂബേർ സ്രാപ്പേന്മാർ ...... എന്നരീതി)

1. മിശിഹാ - രക്ഷകനേ
നിൻ കുരിശാൽ കുസ്തന്തീനോസ് വിജയം-നേടി
സ-ഭയും സുതരും:
രക്ഷിതരായവരും
ആ കുരിശതിനെ, വന്ദിച്ചു വണങ്ങീ-ടുന്നു.

2. നിൻ തിരു-സ്ലീബായെ
ഊർശ്ലേമിൽ കണ്ടെത്തിയ ഹെലേനാ-രാജ്ഞി
യ്ക്കൊപ്പം ഞങ്ങൾ
തവ സന്നിധിയിങ്കൽ
ആ കുരിശതിനെ, വന്ദിച്ചു വണങ്ങീ-ടുന്നു.

3. ഹെലേ-നാരാജ്ഞി
പ്രഭപൂരിത സ്ലീബായെ വന്ദി-പ്പാനായ്
സ-ഭയും സുതരും:
ഊർശ്ലേം പൂകിയപോൽ
ആ കുരിശതിനെ, വന്ദിച്ചു വണങ്ങീ-ടുന്നു.

4. പടനാ-യകനായി
കുസ്തന്തീനോസിനെ തുണച്ചോബലവാ-ൻ സ്ലീ-ബാ
നിൻ ചിറകാലേ
രക്ഷിക്കുകയെന്നും
ആ കുരിശതിനെ, വന്ദിച്ചു വണങ്ങീ-ടുന്നു.
ബാറെക്മോർ

5. വിശ്വാ - സിനിസഭയോ
ദൈവസുതൻ തിരുസ്ലീബായിൽ അഭയം
പ്രാപി-ക്കുന്നു
നിൻ വരവിങ്കൽ
സഭ സുതരെല്ലാരും
ആ കുരിശതിനെ, വന്ദിച്ചു വണങ്ങീ-ടുന്നു.
സ്തൗമെൻ കാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ-സെദറ

### കോലോ

(ദൈവജനനീ...)

രാ-വും പകലും
സ്ലീബാ കാക്കുന്നു
പള്ളികൾ ദയറാകൾ
സഹദേരസ്ഥികൾ കുടികൊള്ളും
അവയീന്നൊഴുകുന്നു സഹായം
മോദിപ്പൂ മാനവരെല്ലാം
അവർതൻ ഓർമ്മയെ മാനിച്ചോൻ
സ്തുത്യൻ തൻ-തിരുനാമം വന്ദ്യം. ബാറെക്മോർ

നിൻ തിരുസ്ലീബായാ-ൽ
സഭ രക്ഷിതയായോൾ
ശോഭിക്കുന്നനിശം
നിൻ പീഡകളാൽ മോചനവും
രക്തത്താൽ പാപവിമുക്തി
ഉത്ഥാനത്താൽ പുതുജീവൻ
തോഷിക്കുന്നതിലവൾ മക്കൾ
സ്തുത്യൻ തൻ-തിരുനാമം വന്ദ്യം. മൊറിയൊ....





## മാർ യാക്കോബിന്റെ ബോവൂസോ

1. തിരുസഭയെത്തൻ കുരിശാൽ തെറ്റിൽനി-ന്നും വീണ്ടോൻ
സുതനെ ശാന്തി നല്കി പാലിക്ക-ണമവൾ സുതരെ
2. സത്യപിതാവേ! കാണുക തിരുഹിത ബ-ലിയാം സുതനെ
എൻ പേർക്കായ് മൃതിയേറ്റോനവനാൽ ഏ-കുക പുണ്യം
3. എൻ കൈകളിൽ നിന്നീ ബലി കൈക്കൊണ്ടു-ൾ
ത്തെളിവാലെ
മായിക്കണമേ തിരുമുമ്പിൽ ഞാൻ ചെയ്-തൊരു പാപം
4. പാപങ്ങളെയും ബലികളെയും നീ തൃ-ക്കൺ പാർക്ക
ബലി കാഴ്ചകളോ പാപത്തെക്കാൾ പാ-രം ശ്രേഷ്ഠം
5. എൻ പാപത്താൽകുന്തവുമാണിയുമേ-റ്റോൻ സൂനു
ആ യാതനയാൽ നീ തെളിയും ഞാൻ ര-ക്ഷിതനാകും
6. വലഭാഗത്തെ കള്ളന്മേൽ നീ തൂ-കിയ കൃപയാൽ
ദൈവാത്മജനേ കനിവായിവർമേൽ കൃ-പ ചെയ്യണമേ.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം.......(3 പ്രാവശ്യം)

### കോലോ

(പറുദൈസാ) യേശു പിതൃസുതനേ......

നിദ്രയിൽ യാക്കോബു ക-ണ്ടൊരു ഗോ-വേണിസമം
നീരുറവയിൽ നാ-ട്ടിയ ദ-ണ്ഡും സ്ലീബായെ
മുൻ കുറിയായ് ലോക-ത്തിനു നല്-കപ്പെട്ടു
വിശ്വാസിനിയാം സഭ രക്ഷിതയാ-യി
തിരുസ്ലീബായെ വന്ദിക്കു-ന്നവൾ മോദാൽ
സ്ലീബാ ചിറകിലവൾ മോദി-ക്കുന്നനിശം.ബാറെക്മോർ

സ്ലീബാ അടിയാർതൻ അഭയ-സ്ഥാനമതും
സ്ലീബാ അടിയാരുടെ അഭിമാ-നവുമല്ലോ
സ്ലീബാ അടിയാരുടെ ശരണം - രക്ഷയുമാം
സ്ലീബായാൽ അടിയാർ ദൈവസുതരാകുന്നു-
സ്ലീബാ അടിയാരുടെ പ്രത്യാ-ശയുമുയിർപ്പും
സ്ലീബായാൽ അടിയാർ ഏദൻ -പൂകുന്നു. മൊറിയൊ....

### മാർ അപ്രേമിന്റെ ബോവൂസോ

1. കർത്താവേ കൃപ ചെയ്യണമേ
നിൻ സ്ലീബാ ഞങ്ങൾക്കഭയം
സ്ലീബായാൽ സ്വാതന്ത്ര്യത്തെ
നല്കിയ നാഥാ തേ സ്തോത്രം

2. കെവുറിൻ ശെമഓൻ നിൻ സ്ലീബാ
താങ്ങി സഹായിച്ചതു കൃപയാൽ
ലോകത്തെ വഹിക്കുന്നവനാം
നിന്നെ തുണച്ചുന്നതനായി

3. രാജാവിൻ സാദൃശ്യമതാം
സ്ലീബായെ നമിപ്പോരിവർക്ക്
ഇരുലോകങ്ങളിലും കരുണ
കോട്ടയുമഭയവുമാകട്ടെ.

4. കർത്താവേ കൃപ ചെയ്യണമേ
നിൻ സ്ലീബാ ഞങ്ങൾക്കഭയം
സ്ലീബായാൽ സ്വാതന്ത്ര്യത്തെ
നല്കിയ നാഥാ തേ സ്തോത്രം.

### മൂന്നാം കൗമാ

രാത്രി പ്രാർത്ഥനക്രമം പേജ് 52-54

### നാലാം കൗമാ

രാത്രി പ്രാർത്ഥനക്രമം പേജ് 54-69



# പ്രഭാതപ്രാർത്ഥന

### കൗമാ

കർമ്മി : ശുബ്ഹോ ലാബോ ഉലബ്റോ വൽറൂഹോ കാദീശോ.

ജനം : ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകണമേ.

### പ്രാരംഭ പ്രാർത്ഥന

കർമ്മി : പ്രഭാതത്തിന്റെ സ്രഷ്ടാവും, അന്ധകാരത്തെ നീക്കിക്കളയുന്നവനും സൃഷ്ടികളെ പ്രകാശിപ്പിച്ച് ആനന്ദിപ്പിക്കുന്നവനുമായ കർത്താവേ! പരിപാകതയുള്ള നടപടികൾ ഞങ്ങളിൽ നീ സൃഷ്ടിക്കേണമേ. പാപത്തിന്റെ സകല അന്ധകാരത്തേയും ഞങ്ങളിൽനിന്നു നീക്കിക്കളയണമേ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, നിന്റെ കൃപയുടെ മഹത്ത്വരശ്മികളാൽ ഞങ്ങളെ നീ പ്രകാശിപ്പിച്ച് ആനന്ദിപ്പിക്കേണമേ. (മോറാൻ വാലോഹാൻ ല്ഒൽമീൻ).

ജനം : ആമ്മീൻ.

### സങ്കീർത്തനം 51

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോട് കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്ത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമേ.

എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കെതിരായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അത് നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യുവാനായിട്ടു തന്നെ.

എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു.

സോപ്പാകൊണ്ട് എന്റെമേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും അതിനാൽ എന്നെ നീ വെൺമയാക്കണമേ. ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.

എന്റെ പാപങ്ങളിൽനിന്ന് നിന്റെ തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമേ.

ദൈവമേ, ഒരു വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ.

നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതേ.

എന്നാലോ, നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചുതരണമേ. മഹത്ത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമേ.





അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ ദൈവമേ, എന്റെ രക്ഷയുടെ ദൈവമേ, രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും.

കർത്താവേ, എന്റെ അധരങ്ങൾ എനിക്ക് തുറക്കണമേ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ, ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ രമ്യപ്പെട്ടുമില്ല.

ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ.

അപ്പോൾ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിൻമേൽ കാളകൾ ബലിയായി കരേറും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(തൂബൈക് ഈ-ത്തോമ് കീർത്തെ - എന്ന രീതി)

1. ഭാഗ്യം തേ- മിശിഹാ തൻമണവാ-ട്ടിയാകും സഭയേ
   തവവരനില്ല-ന്ത്യം ഈശോ കൃപ ചെയ്കടിയാരിൽ.
2. നാനാജാ-തികളിൽ തന്നധികാ-രം ഏന്തുന്നോളും
   ഭൂപാലർപോ-ലും കൂപ്പും സഭയേ! തേ ഭാഗ്യം.

3. സഹദേർര-ക്തം നിൻ കോട്ടയുറപ്പിക്കും നിബിയർ വേ-ളി
ചൊന്നസഭേ! ഭാ-ഗ്യം ഈശോ കൃപചെയ്കടിയാരിൽ.

4. അടിസ്ഥാന-ശിലയാം ശെമഓ-ൻ കയ്യിൽ നിജതാക്കോൽകൾ
ദത്തസഭേ ഭാ-ഗ്യം ഇശോ കൃപ ചെയ്കടിയാരിൽ.
ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

5. സത്യൈകേ-ശൻതാതനു സ്തുതിനീണാൾ സുതനും സ്തോത്രം
റൂഹായ്ക്കാരാ-ധനമാനങ്ങളുമുണ്ടാകട്ടെ.
കുറിയേലായിസ്സോൻ.

## സങ്കീർത്തനം 63

എന്റെ ദൈവമേ, നീ എന്റെ ദൈവമാകുന്നു. ഞാൻ നിന ക്കായി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരി ക്കുന്ന ഭൂമിയെപ്പോലെ, എന്റെ ആത്മാവ് നിന്നെക്കുറിച്ചു ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരി ക്കുന്നു.

നിന്റെ ബലത്തെയും നിന്റെ ബഹുമാനത്തെയും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ, നിന്റെ കരുണ ജീവനെക്കാൾ നല്ലതാ കുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്ന പോലെ പുഷ്ടിയാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.





എന്റെ കിടക്കയിൽ ഞാൻ നിന്നെ ഓർത്തു. രാത്രികാല ങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ, നീ എനിക്ക് സഹായക്കാരനായി ത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു. നിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിക്കുവാൻ അന്വേ ഷിച്ചു. അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും.

അവർ വാളിന് ഏല്പിക്കപ്പെടുകയും കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും.

രാജാവ് ദൈവത്തിൽ സന്തോഷിക്കും. അവനെ ക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ, അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എനിയോനോ

(അംസുൽത്തോകാദീശ്ത്തോ - എന്ന രീതി)

1. കർത്താവാം-സർവ്വേശാ
തവഹിതമതുപോൽ നവമാസം
നിന്നെ വഹിച്ചോൾ മറിയവുമായ്
സ്തുതി പാടാൻ വരമേ-കേണം.

2. കർത്താവാം-സർവ്വേശാ
ജാതികളിൽ നിൻ സുവിശേഷം
ഭാഷിച്ചോരാം-ശ്ലീഹരുമായ്
സ്തുതിപാടാൻ വരമേ-കേ-ണം.

3. കർത്താവാം-സർവ്വേശാ
വിശ്വാസികളാം മല്പാന്മാർ
ശുദ്ധപിതാക്ക-ന്മാരൊടുമായ്
സ്തുതിപാടാൻ വരമേ-കേ-ണം.

4. കർത്താവാം-സർവ്വേശാ
നിർമ്മലസേവകരാചാര്യർ
സ്നേഹിതർ നീതിഷ്ടരുമായി
സ്തുതിപാടാൻ വരമേ-കേ-ണം.

5. കർത്താവാം സർവ്വേശാ
നിന്നെ സമീപിച്ചഘമുക്തി
പ്രാപിച്ചാപ്പാ-പിനിയൊത്ത്
സ്തുതിപാടാൻ വരമേ-കേണം.

6. കർത്താവാം സർവ്വേശാ
ആത്മം ജലമിവയിൽനിന്ന്
നിന്നെവരിച്ചാ മൃതരൊത്ത്
സ്തുതിപാടാൻ വരമേ-കേ-ണം. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

7. കർത്താവാം-സർവ്വേശാ
അനിശം സ്തുതിചെയ്തീടുന്ന
വാനവ ദൂതന്മാരൊത്ത്
സ്തുതിപാടാൻ വരമേ-കേ-ണം.
കുറിയേലായിസ്സോൻ.

## സങ്കീർത്തനം 19

ആകാശങ്ങൾ ദൈവത്തിന്റെ മഹത്ത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു.





പകൽ പകലിനു വാക്ക് ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല.

ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യന് ഒരു കൂടാരം അടിച്ചു. അതു മണവറയിൽനിന്നു പുറപ്പെടുന്ന മണവാളൻ എന്നപോലെ ആകുന്നു. പരാക്രമം ഉള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ അറ്റങ്ങളിൽനിന്ന് അതിന്റെ പുറപ്പാടും ആകാശത്തിന്റെ അതിർത്തികളിന്മേൽ അതിന്റെ താങ്ങലും ആകുന്നു. അതിന്റെ ചൂടിൽനിന്ന് മറവായിരിക്കുന്നത് ഒന്നും ഇല്ല.

കർത്താവിന്റെ വേദപ്രമാണം കറ ഇല്ലാത്തതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനം ഉള്ളവരാക്കുന്നതും ആകുന്നു.

കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേക്കും നിലനിൽക്കുന്നതുമാകുന്നു. കർത്താവിന്റെ ന്യായവിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു.

അവ സ്വർണ്ണത്തെയും നല്ല രത്നങ്ങളെയുംകാൾ ആഗ്രഹിക്കത്തക്കവയും തേനിനെയും തേൻകട്ടയെയുംകാൾ മാധുര്യമുള്ളവയും ആകുന്നു.

അത്രയുമല്ല, നിന്റെ ദാസനും അവയിൽ സൂക്ഷ്മമുള്ളവനായിരിക്കും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും.

പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിക്കുവാനും പാപങ്ങളിൽ നിന്ന് ഞാൻ വെടിപ്പാക്കപ്പെടുവാനും ആയി അന്യായത്തിൽനിന്ന് നിന്റെ ദാസനെ തടയണമേ.

എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ, എന്റെ വായുടെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും എന്റെ ഹൃദയത്തിന്റെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമേ.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

കുറിയേലായിസ്സോൻ

## ഏശ 42:10-13, 45:8

കർത്താവിനു ഒരു പുതിയ പാട്ടിനെയും അവന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽനിന്നും പാടുവിൻ. സമുദ്രത്തിലേക്കു ഇറങ്ങിപ്പോകുന്നവരും അതിലുള്ള സകലവും ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ, കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ. കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽനിന്നും ആർത്തുകൊള്ളട്ടെ. കർത്താവിനു





മഹത്ത്വം കൊടുക്കുകയും അവന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവ് പരാക്രമശാലി എന്നപോലെ പുറപ്പെടും. അവൻ യോദ്ധാവ് എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്തു പ്രബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളേ, മേലിൽനിന്ന് ആനന്ദിപ്പിൻ. മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താവു ഞാനാകുന്നു.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ആമ്മീൻ.

## സങ്കീർത്തനം 113

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യന്മാരെ, സ്തുതി പാടുവിൻ, നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയംമുതൽ അസ്തമനംവരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്ത്വം ആകാശങ്ങൾക്കു മീതെയും ആകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോടു സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളൂ?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിന് കുപ്പയിൽനിന്ന് ഉയർത്തുന്നു.

അവൻ വന്ധ്യയായവളെ മക്കളുടെ സന്താഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.
കുറിയേലായിസ്സോൻ.

## മത്താ 5:3-12

ആത്മാവിൽ ദരിദ്രതയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാകുന്നു.

ദു:ഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ആശ്വസിക്കപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്നു ദാഹിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവരുടെമേൽ കരുണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും

നീതി നിമിത്തമായിട്ടു പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തെന്നാൽ, സ്വർഗരാജ്യം അവരുടേതാകുന്നു.

എന്റെ നിമിത്തം (മനുഷ്യർ) നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും നിങ്ങൾക്ക് വിരോധമായി സകല ദുഷ്ക്കാര്യങ്ങളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ.

ബാറെക്മോർ.





കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

മാതാവാം-മറിയാമും
സ്നാപകയൂ-ഹാനോനും
ഇവർ ഞങ്ങൾക്കായർത്ഥിക്കും നാഥാ!
കൃപതോന്നീ-ടേ-ണം.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

## പ്രുമിയോൻ

കർമ്മി : നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് കരുണയും ദയയും യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കണമേ.

കർമ്മി : സ്തുതിയും സ്തോത്രവും മഹിമയും പുകഴ്ചയും അനശ്വരകീർത്തിയും ഇടവിടാതെ സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.

സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളും വിശ്വാസികളുടെ പ്രശംസയും ദൈവമാതാവുമായ വിശുദ്ധ കന്യകമറിയാമിന്റേയും നിബിയന്മാരുടേയും ശ്ലീഹന്മാരുടേയും സഹദേന്മാരുടേയും മല്പാന്മാരുടേയും ഓർമ്മയെ സ്വർഗത്തിലും ഭൂമിയിലും ശ്രേഷ്ഠമാക്കി ബഹുമാനിക്കുകയും സത്യവിശ്വാസത്തിൽ നിദ്രപ്രാപിച്ചവർക്ക് ജീവൻ വാഗ്ദാനം ചെയ്യുകയും ചെയ്ത മിശിഹാതമ്പുരാനു സ്തുതി. തനിക്കു പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളു

കളിലും കാലങ്ങളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനിലും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു. (ബ്കുല ഹൂൻ യൗമ്മോസൊാദ് ഹായായിൻല്ഒൽമ്മീൻ.)

ജനം : ആമ്മീൻ.

## സെദറാ

ന്യായപ്രമാണ ശുശ്രൂഷയുടെ ആചാര്യരായിത്തീർന്ന് നിന്നെ പ്രസാദിപ്പിച്ച വിശുദ്ധ പിതാക്കന്മാരും നിന്റെ മഹത്ത്വപ്രത്യക്ഷതയെ മുൻകൂട്ടി അറിയിച്ച നിബിയന്മാരും നിന്റെ ജീവദായകമായ സുവിശേഷം പ്രസംഗിക്കുകയും നിന്റെ അധികാരത്താൽ മനുഷ്യർക്ക് മാമോദീസ നൽകുകയും ചെയ്ത ശ്ലീഹന്മാരും നിന്റെ ദൈവത്വത്തെ ഏറ്റുപറഞ്ഞ് സകലത്തിലും നിന്നെ ബഹുമാനിച്ച മൗദ്യാനന്മാരും നിന്റെ സത്യവിശ്വാസത്തെ നിലനിർത്തിയ മല്പാന്മാരും ഞങ്ങൾക്കുവേണ്ടി നിന്നോടു അപേക്ഷിക്കുമാറാകണമേ. രണ്ടാമത്തെ സ്വർഗമായിത്തീർന്ന മഹത്ത്വവതിയും ദൈവമാതാവുമായ വിശുദ്ധ കന്യകമറിയാമിന്റേയും സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനകളാൽ കോപത്തിന്റെ ദണ്ഡനങ്ങളെ ഞങ്ങളിൽനിന്ന് നീക്കിക്കളയണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ രോഗികളെ സുഖപ്പെടുത്തുകയും മനോവ്യഥയിലിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. സത്യവിശ്വാസത്തോടുകൂടി നിന്നിലുള്ള പ്രത്യാശയിൽ നിദ്ര പ്രാപിച്ചവർക്ക് ആശ്വാസവും സൽസ്മരണയും നീ പ്രദാനം ചെയ്യണമേ. ഞങ്ങളും അവരും നിന്റെ വലത്തുഭാഗത്തുള്ള ഉൽകൃഷ്ടമായ നിലയ്ക്ക് അർഹരായിത്തീരണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും.





ജനം : ആമ്മീൻ

കർമ്മി : ദൈവത്തിൽനിന്ന് കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കുമോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം പ്രാപിക്കുമാറാകട്ടെ.

ജനം : ആമ്മീൻ.

## കോലോ

(തൂ-റോദ് സീനായ് - എന്ന രീതി)

"എൻ വിളി നിൻമുൻ ഏറണമേ"

1. നാ-ഥാ നിൻമുൻ
ഏറ്റിയൊരീധൂപം
സ്വീകൃതമാകണമേ
അഹറോൻ മശ്കൻസബിനായിൽ *
കാട്ടിയ ധൂപസുഗന്ധത്തിൽ
തുഷ്ടിപ്പെട്ടുനിരപ്പായ് നീ
ഉയരേകീഴിലുമൊരുപോലെ
നിന്നിഷ്ടാൽ-സ്വീകൃതമായതുപോൽ.

ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

2. അ-മ്മാനുവേൽ
അത്ഭുതനാം ശിശുവെ
കന്യക ഗർഭിണിയായ്
പെറ്റെന്നോതിയ സത്യത്തിൻ
പ്രാസംഗികനാമേശായ
ചൊന്നൊരു-കന്യകമറിയാമിൽ
നിന്നിഹ-ശിശുവായ് വന്നവനേ
സ്തുതിയും-സ്തോ-ത്രവുമിവയങ്ങേയ്ക്കായ്.

* താൽക്കാലിക കൂടാരം

(ദൈവമാതാവ്)

3. പേ-റി മറിയാം
തലമുറപൂർവ്വികനെ
അവനവളെ താങ്ങീ-
ടുമ്പോളവൾ യൗസേപ്പൊത്ത്
പോയാൾ പേർവഴി ചാർത്താനായ്
ബേത്‌ലഹേമിൽ സൃഷ്ടികൾതൻ
ഉടയവനെ പേറുന്നവളോ
ദാരിദ്ര്യാൽ-വാണാക്കൽഗുഹയിൽ.

4. പാ-വന കന്യേ
മറിയാമേ സ്വസ്തി
സൃഷ്ടികൾ ഘോഷിപ്പൂ
ഉദരെ പൈതലിനുരുവേകു-
ന്നവനെ ഗർഭേ കപ്പൽപോൽ
നീ പേറി നിൻ വാഹകനെ
ഈറയർതേ സ്തുതി പാടുന്നു
നിൻ മടിയിൽ-ഉദിച്ചോനതിവന്ദ്യൻ.

(പരിശുദ്ധർ)

5. മാ-നിപ്പാൻ നാം
കടമുള്ളവരത്രേ
യൗസേപ്പസ്ഥികളെ
ബഹുമാനിച്ചൊരു മൂശേപ്പോൽ
ശുദ്ധാത്മാസ്ഥികളെയെന്നും
കോപത്തിൻ സമയെ നീതി-
ക്കൊത്തൊരു-ശിക്ഷ-വരാതവരും
കേണീടും നമ്മൾക്കായനിശം.





6. കാ-ലേ കണ്ടു
സത്യം നിലനില്ക്കും
നശ്വരമാണീ ഭൂ-
വെന്നും സഹദേർ കണ്ടതിനാൽ
മായയതാം ധന സ്വത്തെല്ലാം
വിട്ടിഷ്ടപ്പെട്ടവർ ദൈവ-
സ്നേഹാൽ മരണമതേറ്റതിനാൽ
അവർ നമ്മൾ-ക്കാശ്രയമാകട്ടെ.

(അനുതാപം)

7. കേഴുന്നു ഞാൻ
നിൻ കൃപദയകൾക്കായ്
ഉത്തമനാത്മജനേ
നിൻ നിണമെയ് ഞാൻ കൊണ്ടതിനാൽ
പൂകരുതേ ഞാൻ തീനരകം
നിൻ സ്ലീബാ ഞാൻ തള്ളീട്ടി-
ല്ലതിനാലെന്നെ തള്ളരുതേ-
തലമുറതൻ വിധി നീ പറയുമ്പോൾ.

8. ആ-രേകിടുമേ
കണ്ണീരുറവകളും
അനുതാപക്കരളും
നിഷ്ഫലമതുപോൽ വ്യർത്ഥവുമാം-
പണികളിലാണ്ടു കഴിഞ്ഞോരെൻ
ആയുസ്സിൻ വർഷങ്ങളെയോർ-
ത്തഴലതിപൂണ്ടു കരഞ്ഞിഹ ഞാൻ
ക്ഷീണിതനായ് ഞാനെൻ വൃത്തികളാൽ.

(പരേതർ)

9. ആ-രും തെല്ലും
മറക്കരുതീലോകം
പോകുമഴിഞ്ഞൊന്നായ്
സ്ത്രീതൻ ജാതകരെല്ലാരും
കബറുകളുള്ളിൽ പൂകീടും
നൃപരാചാര്യർ നിബിമാർപോൽ
മിശിഹായും മരണക്കാസാ
രുചിനോക്കി നമ്മെ രക്ഷിച്ചു.

10. മാ-മോദീസാ
മൂലം മിശിഹാതൻ
മുദ്ര പതിഞ്ഞവരായ്
തന്നുടെ ഗാത്രം ഭക്ഷിച്ചും
തൻരക്തം പാനം ചെയ്തും
ജീവിപ്പോർ പുനരുത്ഥാനാൽ
പൂഴിയിൽനിന്നു കരേറീടും
അണിയിക്കപ്പെടുമവർ മഹിമാങ്കി. മൊറിയോ റാഹേം...

എത്രോ

കർത്താവേ, തിരുമുമ്പാകെ ഞങ്ങൾ സമർപ്പിക്കുന്ന ഈ സുഗന്ധധൂപത്തിൽ നീ പ്രീതിപ്പെടുമാറാകണമേ. ഇതിനാൽ നിന്റെ മാതാവിനും പരിശുദ്ധന്മാർക്കും നല്ല അനുസ്മരണയുണ്ടാകണമേ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, നിന്റെ ശരണത്തിൽ നിദ്ര പ്രാപിച്ച വിശ്വാസികളായ ഞങ്ങളുടെ പരേതരെ ആശ്വസിപ്പിക്കുകയും പുണ്യപ്പെടുത്തുകയും ചെയ്യണമേ. (മോറാൻ വാലോഹാൻ ല്ഒൽമ്മീൻ).





ജനം : ആമ്മീൻ.

കോലോ

(ബ് ഏദോനോ-ദോനഹബ്നുഹ്റോ-രാഗം)

1. പുലർകാലേ-ഗിരിമുകളിൽ മൂശ
കണ്ടൊരു ദർശനമതിലായി
അഗ്ന്യാത്മീ-യന്മാർ ദൂതന്മാർ
വാഴ്ത്തുന്നീശനെയും പാർത്താൻ
കണ്ടകപടർപ്പെരിയായതിലായ്
കത്തുന്നഗ്നിയതും കണ്ടു
കർത്താവിവിടെ വസിപ്പതിനാൽ
നിൻ പാദുകമതു നീക്കിടു നീ-
യെന്നൊരു സ്വരവും കേട്ടവിടെ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം

2. തൻദയയി-ന്നിഷ്ടംപോലുദരെ
വന്നുവസിച്ചവനേ സ്തുതിതേ
സ്തോത്രം തേ-മാതിൻ കന്യാത്വം
ഭഞ്ജിക്കാതിഹ വന്നവനേ
അടിയാർ രക്ഷയ്ക്കായ് സ്വയമായ്
താഴ്ന്നങ്ങെതാതനു സുതരും
റൂഹാ തന്നനുബന്ധിതരും
ആയിട്ടടിയാരെ മാറ്റാൻ
നരനായവനേ സ്തോത്രം തേ

(ദൈവമാതാവ്)

3. യൂഹാനോ-ൻ മാതാവേലിശുബാ
ഈശോ തൻ മാതാമറിയാം

ഇവർ രാജൻ - തന്നരമനയുഗ്മം
  വന്ധ്യത്വാപരകന്യാത്വം
  ശിശുതൻ മുൻപിൽ ശിശുതുള്ളി
  പൂർവ്വികൻ മുന്നാധുനികൻ
തൻ കർത്താവൊടു സ്വസ്തിയുര-
ച്ചരുളീ, വരു, നീ ശാന്തതയാൽ
ശ്ലോമ്മോ സൃഷ്ടിയെ നിരപ്പാക്കും.

4. പ്രസവിച്ചാ-ൾ മറിയാം ദൈവത്തെ
എന്നേൽക്കാത്തവനന്യൻ താൻ
അവനീശൻ-ഈശന്നാത്മജനും
  എന്നേറ്ററുളാത്തോരെല്ലാം
  വേദവിരോധികളാകുന്നു
  താതൻ മറിയാമിവരിൽ നി
ന്നാദിയതില്ലാതിഹകാലെ
വന്നൊരു വന്ദ്യൻ സുതനൊന്നെ-
ന്നേൽക്കാതുള്ളവനന്യൻ താൻ.

**(വിശുദ്ധർ)**

5. ജഗദീശാ-ത്മജ ശ്ലീഹൻമാരും
ശിഷ്യരുമവർതൻ പാണികളിൽ
ക്രൂശനിശം - പേറിയിരുന്നല്ലോ
  വിഗ്രഹ വന്ദനയാലയ്യോ
  പാഴായ് പോയൊരുപാരവരും
  ഉഴുതുനിരപ്പാക്കി നന്നായ്
ഭക്തിവിഹീനതയവർ-നീക്കി
നല്ലൊരു വിശ്വാസം വിതറി
അതു നിലനില്ക്കുന്നെന്നേക്കും.





6. സഹദേൻമാ-ർപോരിനിറങ്ങിയഹോ
അതിലവർ വധകർ വധ്യരുമായ്
പലർ കാൺകെ-അവരെ കൊന്നവനാം
  ദുഷ്ടനെ രഹസ്യെയവർ കൊന്നു
  അവനവരെ കൊന്നൊരുശേഷം
  കെട്ടിയടിയ്ക്കപ്പെട്ടവർമുൻ
അവൻ ഇതി നിലവിളിയോടലറി
സഹദേരടരിനു ഞാൻ പോരാ
ഈശൻ ശക്തിയവർക്കുണ്ട്.

**(പ്രത്യേക വിശുദ്ധൻ)**

7. (മാർത്തോമ്മാ) ഉൽസുകനാം ഭൃത്യൻ
വിശ്വാസത്തിൻ യോദ്ധാവ്
തൻഗേഹം തീർത്തൊരു നൽശില്പി
  തൻ ശിരസുയർന്നഥ വാനോളം
  ശാഖകളേറെ വിരിച്ച തരു
  പരിശുദ്ധാത്മാ പാർത്തവനിൽ
അവനിൽ നിന്നരുൾ വാങ്ങാനാ
ജാതികൾ നാനാദിശിനിന്നും
വരുന്നവനോർമ്മയെ മാനിപ്പാൻ.

**(അനുതാപം)**

8. യൗനാൻതൻ-അർത്ഥനയെ ദൈവം
കൈക്കൊണ്ടലയാഴിക്കുഴിയിൽ
ബലമേറും-മത്സ്യത്തോടരുളി
  ഛർദ്ദിച്ചവനെ-മൂന്നാം നാൾ
  പ്രാർത്ഥനകേട്ടു നിരപ്പായി
  കൃപയാൽ യാചന നൽകണമേ

കോപിപ്പിച്ചങ്ങേ-ഞങ്ങൾ
നിൻപ്രതി മൃതരാം സഹദേന്മാർ
പ്രാർത്ഥിക്കുന്നിഹ ഞങ്ങൾക്കായ്.

9. നാഥാ നീ-നീതി വിധിക്കുമ്പോൾ
ഇരുളരുതേ പാപത്താൽ ഞാൻ
നീതിജ്ഞ-ർ മഹിമ ധരിക്കുമ്പോൾ
വിധിയിൽ ഞാൻ ലജ്ജിക്കരുതേ
അഘമതിൽ വീണഹമെഴുന്നേല്പാൻ
നിൻ വലപാണിയെനിക്കേകേ
വാതിൽ തുറപ്പവനേയനുതാ-
പിക്കായ് ക്രൂശിൽ തസ്ക്കരനായ്
ചെയ്തൊരു കൃപ ചൊരികെന്മേലും.

## (പരേതർ)

10. കർത്താവേ-നിന്നിൽ നിദ്രിതരാം
താതർക്കും ഭ്രാതാക്കൾക്കും
സ്മരണയുമാ-ശ്വാസവുമേകണമേ
നിന്നാരാധകരെ നീ നിൻ
പരിശുദ്ധന്മാരോടു ചേർക്ക
നീ നിൻ ന്യായാസനമേറി
ദുഷ്ടന്മാരെ നീക്കുമ്പോൾ
ശിഷ്ടർ നിൻ കാരുണ്യത്താൽ
നിൻ വലഭാഗം ചേരണമേ.

## ഹൂലോലൊ

ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ-
നാഥൻ ചൊന്നാൻ നീയെൻ സൂനു
നിന്നെ ഞാനിന്നു ജനിപ്പിച്ചു ഹാലേലുയ്യാ.





## ഏവൻഗേലിയോൻ

## കുക്കിലിയോൻ

1. നിന്നാൾ സ്തുതിയൊടു രാജമകൾ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
നിൻ വലഭാഗേ രാജഭാമിനിയും.

2. നയവാൻ പനപോലെ തളിർത്തിടുമേ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
വളരുമവൻ ലെബനോൻ കാരകിൽപോൽ.

3. മക്കളിലപ്പൻ കൃപചെയ്‌വതുപോലെ
ഹാലേലുയ്യാ ഉ ഹാലേലുയ്യാ
ഭക്തന്മാരിൽ ദൈവം കൃപചെയ്യും. ബാറെക്മോർ
ശുബ്ഹോ... മെൻഓലം...

4. സ്തുതി ദൈവത്തിന്നുയരത്തിൽ
തൻമാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക. സ്തൗമെൻ...

## കോലോ

(ശ്ലോമ്മോ ദാബോ മെൻ റൗമ്മെ)

1. താതൻശ്ലോമ്മോ ഗബ്രിയേൽ
മൂലം മേലീന്നാധന്യ
മറിയാമ്മിനു നൽകപ്പെട്ടു
തീപൂണ്ടോർ വായിൽ തിങ്ങും
ശ്ലോമ്മോ ചൊന്നാർ നാഥൻ നിൻ-
കൂടെത്തന്നുദയം നിന്നിൽ.

2. ശ്ലോമ്മോ തൻ നിബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ ശ്ലോമ്മോ നാഥങ്കൽ
കൂറേറും സഹദേന്മാർക്കും
ശ്ലോമ്മോ തൻ മക്കൾ വസിക്കും
പരിശുദ്ധ സഭയ്ക്കും ശ്ലോമ്മോ. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

3. നാം ദൈവസുതന്മാരാവാ-
നായുഷ്ക്കാലത്തിൽ ചൊല്ലി-
ത്തന്ന താതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാ-
സം സ്വർഗേപുത്രൻ ദൈവം.
മൊറിയോ റാഹേംഅലൈൻ ഊ ആദാറൈൻ.

## മാർ യാക്കോബിന്റെ ബോവൂസൊ

(ശൗത്തേഫ്ലാൻമോർ - എന്ന രീതി)

1. ചേർക്കുക നാഥാ ഞങ്ങളെയങ്ങേ-അമ്മയുടേയും
നിൻ ശുദ്ധന്മാർ ഏവരുടെയും ഓർമ്മയതിങ്കൽ.

2. പ്രാർത്ഥിച്ചീടും ഇവർ നിൻ സവിധേ ഞങ്ങൾക്കായി
ഏകുക പുണ്യം ഞങ്ങൾക്കും വാങ്ങിപ്പോയോർക്കും.

3. ഭാഗ്യം ജാതൻ രഹസ്യമുരച്ച നിബിയന്മാർക്കും
ഭാഗ്യം തന്റെ സൂക്തികൾ ഘോഷിച്ചൊരു ശ്ലീഹർക്കും.

4. ഭാഗ്യം പീഡ ധീരതയാലേറ്റൊരു സഹദേർക്കും
ഭാഗ്യമവർ തൻ ഓർമ്മയെയെന്നും മാനിക്കുന്നു.





5. സ്തോത്രം ഇഷ്ടാൽ മരിയെവരിച്ച താതനെന്നും
സഹദേന്മാരിൽ ശക്തികൊടുത്ത സുതനും സ്തോത്രം.

6. സ്തോത്രം വാങ്ങിപ്പോയവരെയേറ്റും റൂഹായ്ക്കും
അവർ സ്വഭാവം അവിഭാജ്യമാം വിധമൊന്നല്ലോ.

7. ഉണ്ടാകട്ടെ സൽസ്മൃതി വാനിൽ സഭയിലുമേവം
അനുഗൃഹീതർ ശുദ്ധന്മാർ വാങ്ങിപ്പോയോർക്കും.

## കൗമാ

ശുദ്ധൻ നീ ആലോഹോ ഹാലേലുയ്യാ
ശുദ്ധൻ നീ ബലവാനേ, കുറിയേലായിസ്സോൻ
ശുദ്ധൻ നീ മൃതിഹീനാ, ✠ ക്രൂശേറ്റു വീണ്ടവനേ.
(മൂന്നു പ്രാവശ്യം)

കർത്താവേ ചെയ് കാരുണ്യം, ഹാലേലുയ്യാ
കർത്താവേ ചെയ് കൃപയാലേ, കുറിയേലായിസ്സോൻ
കർത്താവേ പ്രാർത്ഥന പരികർമ്മങ്ങൾ
കൈക്കൊണ്ടും ചെയ് കാരുണ്യം.

സ്തുത്യൻ നീ ആലോഹോ, ഹാലേലുയ്യാ
സ്തുത്യൻ നീ സ്രഷ്ടാവേ, കുറിയേലായിസ്സോൻ
സ്തുത്യൻ നീ പാപികളിൽ കൃപ ചെയ്യും
മിശിഹാരാജാവേ. ബാറെക്മോർ

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...
കൃപനിറഞ്ഞ മറിയമേ നിനക്കു സമാധാനം...

**ദിനപ്രതിഷ്ഠ** പേജ് 96

❖

# മൂന്നാം മണിയുടെ പ്രാർത്ഥന

**കൗമാ**

**കോലോ**

(കരുണക്കടലേ ഞാൻ നോക്കും - എന്ന രീതി)

1 ഭാഗ്യവതീ എന്നോടു ചൊൽക
എങ്ങനെ ആദരവോടേറ്റു പാരും വാനും
നിറയുന്നോനേ നീ
ശ്രോത്രത്താലൊളിവായേറി
നിശ്ചലമായുദരേ വാണാൻ
തിരുഹിതമായ് തൻ
ബലമെന്നെ താങ്ങി
ഉദരേ ഞാൻ സുതനെ പേറി
ലോകപുരാതനനെപ്പെറ്റേൻ
ഹാലേലുയ്യാ രക്ഷിച്ചാൻ ലോകം. ബാറെക്മോർ.

ശുബ്ഹോ...മെൻഓലം...

2 ഏലിശാ തൻ നവ കുംഭം
ഗിദയോൻ കമ്പിളി പനിമഞ്ഞും പാവനകന്യേ
നിൻസാദൃശ്യമതായി
തരുനിരയിൽ സർപ്പം രോഷാൽ
മനുജനെ നിഹനിപ്പാൻ വീഴ്ത്തിയ വിഷമതുനിന്നാൽ
മധുരമതായ് മാറി
വിൺവൃഷ്ടിയെ നീ കൈക്കൊണ്ടു
മോദത്തിൻ നീർച്ചാലൊഴുകി
ഹാലേലുയ്യാ, സൃഷ്ടിയെ നിറവാക്കി.
മൊറിയോ....





## മാർ യാക്കോബിന്റെ ബോവൂസോ

(സ്ലുസോക്ക് ആമ്മാനു മ്ബാറെക്തോ)

വാഴ്ത്തപ്പെട്ടവളായോൾ കന്യേ!
പ്രാർത്ഥന ചെയ്തീടണമേ
നാഥൻ-ഞങ്ങളുടെ മേൽ കൃപചെയ്തീടാൻ

കൃപയാൽ, പൂരിത നീയർത്ഥിക്ക
കൃപയാചി-ക്കുമിവർ മേൽ
ആർദ്രതയുള്ളൊരു നാഥൻ ദയചെയ്തീടാൻ

കൃപയാൽ ദൈവമിറങ്ങി-ഭൂമൗ
കന്മഷമേശാതുള്ളോൻ
തന്നെപ്പേറി മറിയാം വിനയം ശാന്തതയിവയെ

ദർശിച്ചോൻ പരിശുദ്ധൻ
അവളിൽ വാസം ചെയ്തോൻ
താഴ്മയതുള്ളോർ പക്കൽ വാഴാൻ പ്രീതൻ

വിനയാന്വിത മറിയത്തെ വിളിച്ചോൻ
താതനു സ്തുതിയും വന്ദന
എളിമയൊടവളിൽ വസിച്ചോൻ പുത്രന്നായും

സ്തോത്രം എളിയവരുൾ പാർത്തീടും
പരിശുദ്ധാത്മാവിന്നും
സ്തുതിയേകൻ ത്രിത്വവുമായവനെന്നേക്കും

ദൈവാത്മജനേ ഒമ്പതുമാസം
നിന്നെ വഹിച്ചോൾ പ്രാർത്ഥനയാലേ
കോപത്തിന്റെ വടികളെ മാ-യിക്ക.

## പഴയ നിയമത്തിൽനിന്നുള്ള വായനകൾ

❖

# ആറാം മണിയുടെ പ്രാർത്ഥന

**കൗമാ**

**കോലോ**

(മാൽക്കൂസ് റൗമ്മോ)

1 പാ-വനകന്യേ! ദൈവത്തിൻ ജനനീ!
ധന്യതയാർന്നവൾ നീ
പരിമളധൂപമൊടെന്നേയ്ക്കും
നിന്നോർമ്മയതുണ്ടാകട്ടെ
താവക പ്രാർത്ഥനയാചനയാൽ
ധരയിന്മേൽ കൃപയുണ്ടാക
രമ്യതയീ സഭയിൻ മക്കളിലും ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

2 നീ-തിഷ്ടർക്കായ് സജ്ജമതാക്കിയൊരാ
മേശയ്ക്കർഹതനീ
നാഥാ! മൃതരായോർക്കേക
തവനിണമെയ്കൾ കൈക്കൊണ്ടാർ
നിൻ ശരണേ നിദ്രിതരവരെ
പിതൃസവിധേ കൈക്കൊള്ളണമേ
ജീവനതിൽ-സാക്ഷിച്ചവർ നിന്നെ
മൊറിയോ റാഹേം...

## മാർ ബാലായിയുടെ ബോവൂസോ

1 മാതാ കാദീശ-
ന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും മൃത-
രായോർക്കും പുണ്യം.





2 വാഴ്വായ് തീരണമേ
മറിയാമ്മിന്നോർമ്മ
അവൾ പ്രാർത്ഥനയാത്മാ-
ക്കൾക്കായും കോട്ട.

3 നിബിയന്മാർ ശ്ലീഹ-
ന്മാർ സഹദേന്മാരേ,
ഞങ്ങൾക്കായ് കൃപയാ
ചിപ്പീനെല്ലാരും.

4 നിൻ ശരണത്താൽ മൃത-
രാം ഭ്രാതൃപിതൃക്കൾ
മേലാനന്ദപ്പനി-
നീർ നീ വീഴ്ത്തേണം.

5 മാതൃ സ്മരണയുയർ-
ത്തി, സിദ്ധരെയേറ്റി
മൃതരെ വാഴ്ത്തീടു-
ന്നവനായ് സ്തോത്രം.

6 മാതാ കാദീശ-
ന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും പുണ്യം
മൃതരായോർക്കും.

❖

## ഒൻപതാം മണിയുടെ പ്രാർത്ഥന

**കൗമാ**

**കോലോ**

(അക്ക്മൊദ് ലോ ബ്ശീൻ ശൂ-ശാനെ)

1 പാഴൂഴിയിലുയരും - ശൂശാനപ്പൂക്കൾ
കൈപ്പണിയല്ലാത്തൊരു വസ്ത്രം
ചാർത്തീടുംപോൽ
ആദാം മക്കൾക്കായ് റൂഹ്ക്കുദിശാ നെയ്ത
വസ്ത്രമുയർപ്പിൽ ചാർത്തീടും പുണ്യാത്മാക്കൾ.
ബാറെക്മോർ.
ശുബ്ഹോ... മെൻഓലം....

2 'തരുനിരയിൽ വിളി ചെ-യ്തെന്നെ ഭ്രമിപ്പിച്ചാ
ശബ്ദത്തെനതി ചെയ്യുന്നേൻ; ചൊന്നാനാദാം
പുനരുത്ഥാനത്തിൽ എന്നെ മക്കളെയും
ആ ശബ്ദം വിളി ചെയ്തേറ്റും വലഭാഗമതിൽ'.
മൊറിയോ റാഹേം അലൈൻ ഉ ആദാറൈൻ.

**മാർ ബാലായിയുടെ ബോവൂസോ**

1 കരുണ നിറഞ്ഞവനേ, പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ

2 നിന്നിൽ ശരണത്താൽ നിദ്രയിലായ് നിന്റെ
വരവിനു കാത്തീടും മൃതരിൽ കനിയണമേ

3 അവരബറാഹത്തിന്റെയും ഇസഹാക്കുടെയും
യാക്കോബിന്നുടെയും മടിയിൽ പാർക്കണമേ

4 വന്നവനും വരുവോനും മൃതർതന്നുയിരും
സ്തുതനെന്ന് ശരീരാത്മാക്കൾ പാടണമേ.

❖



**മലങ്കര**

**സുറിയാനി കത്തോലിക്കാ സഭ**

# വിശുദ്ധ കുർബാനക്രമം

# പഴയനിയമ വായന സഹായി

**വായനയ്ക്കുമുമ്പുള്ള സുമോറോ:**

"നീതിമാന്മാരുടെ കൂടാരത്തിൽ മഹത്ത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദു മുഖാന്തരം പരിശുദ്ധ റൂഹാ പാടി". സങ്കീ. 118:15

**അല്ലെങ്കിൽ**

(സെഹിയോൻകോട്ടയിൽ... എന്ന രാഗം)

നീതിപ്രിയരുടെ നിലയത്തിൽ
സംസ്തുതിയുടെ രക്ഷാഗാനം
ദാവീദുരാജൻ തൻ നാവാൽ
പരിശുദ്ധൻ-റൂഹാ പാടി

| പുസ്തകം | പ്രഖ്യാപനം | പ്രതിവാക്യം |
|---|---|---|
| ഉല്പത്തി | 'ഒറൈത്തായുടെ ഒന്നാം പുസ്തകത്തിൽനിന്നും' ബാറെക്മോർ | സൃഷ്ടിയുടെ ഉടയവനു സ്തുതി അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ. |
| പുറപ്പാട്, ലേവ്യർ, സംഖ്യാ, നിയമാവർത്തനം | 'ഒറൈത്തായുടെ രണ്ടാം/മൂന്നാം/നാലാം/ അഞ്ചാം/പുസ്തകത്തിൽനിന്നും... | ദീർഘദർശിമാരുടെ ഉടയവനു സ്തുതി... |
| ജോഷ്വാ | ജോഷ്വാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും... | പ്രവാചകന്മാരുടെ ഉടയവനു സ്തുതി... |
| ന്യായാധിപന്മാർ | ന്യായാധിപന്മാരുടെ പുസ്തകത്തിൽ നിന്നും... | ന്യായാധിപന്മാരുടെ ഉടയവനു സ്തുതി... |
| റൂത്ത്, യൂദിത്ത്, എസ്തേർ | ശുദ്ധിമതിയായ റൂത്തിന്റെ/ യൂദിത്തിന്റെ/എസ്തേറിന്റെ പുസ്തകത്തിൽ നിന്നും.... | ശുദ്ധിമതിമാരുടെ/ഉടയവനു സ്തുതി... |
| 1, 2 ശമുവേൽ | ന്യായാധിപനായ ശമുവേലിന്റെ ഒന്നാം/രണ്ടാം പുസ്തകത്തിൽ നിന്നും | ന്യായാധിപന്മാരുടെ ഉടയവനു സ്തുതി... |
| 1, 2 രാജാക്കന്മാർ | രാജാക്കന്മാരുടെ ഒന്നാം/രണ്ടാം പുസ്തകത്തിൽനിന്നും... | രാജാക്കന്മാരുടെ ഉടയവനു സ്തുതി... |

| | | |
|---|---|---|
| 1, 2 ദിനവൃത്താന്തം | രാജാക്കന്മാരുടെ ഒന്നാം/രണ്ടാം ദിനവൃത്താന്തപുസ്തകത്തിൽ നിന്നും... | രാജാക്കന്മാരുടെ ഉടയവനു സ്തുതി... |
| എസ്രാ, നെഹെമിയാ. | ന്യായാധിപനായ എസ്രായുടെ/ നെഹമിയായുടെ പുസ്തകത്തിൽനിന്നും... | ന്യായാധിപന്മാരുടെ ഉടയവനു സ്തുതി... |
| ജോബ്, തോബിത്ത് | നീതിമാനായ ജോബിന്റെ/തോബിത്തിന്റെ പുസ്തകത്തിൽനിന്നും... | നീതിമാന്മാരുടെ ഉടയവവനു സ്തുതി... |
| 1, 2 മക്കബായർ | മക്കബായരുടെ ഒന്നാം/രണ്ടാം പുസ്തകത്തിൽനിന്നും... | മക്കബായരുടെ ഉടയവനു സ്തുതി... |
| സങ്കീർത്തനങ്ങൾ | രാജാവും ദീർഘദർശിയുമായ ദാവീദിന്റെ സങ്കീർത്തനങ്ങളിൽ നിന്നും... | രാജാക്കന്മാരുടെ ഉടയവനു സ്തുതി... |
| സുഭാഷിതങ്ങൾ സഭാ പ്രസംഗകൻ, ഉത്തമഗീതം ജ്ഞാനം | ജ്ഞാനിയായ സോളമന്റെ സുഭാഷിതങ്ങളിൽനിന്നും... | ജ്ഞാനികളുടെ ഉടയവനു സ്തുതി |
| പ്രഭാഷകൻ | ജ്ഞാനിയായ ബാർ സീറാക്കിന്റെ പുസ്തകത്തിൽനിന്നും... | ജ്ഞാനികളുടെ ഉടയവനു സ്തുതി... |
| ഏശയ്യാ | മഹത്ത്വമുള്ള ഏശയ്യാദീർഘദർശിയുടെ പുസ്തകത്തിൽനിന്നും... | ദീർഘദർശിയുടെ ഉടയവനു സ്തുതി... |
| ജറെമിയ, വിലാപങ്ങൾ | ജറെമിയ ദീർഘദർശിയുടെ പുസ്തകത്തിൽനിന്നും... | ദീർഘദർശികളുടെ ഉടയവനു സ്തുതി.... |
| ദാനിയേൽ എസെക്കിയേൽ ബാറുക്ക് | (പേര്) ദീർഘദർശിയുടെ പുസ്തകത്തിൽനിന്നും... | ദീർഘദർശികളുടെ ഉടയവനു സ്തുതി... |
| ഹോസിയാ മുതൽ മലാക്കി വരെയുള്ള 12 പ്രവാചകന്മാർ | (പേര്) പ്രവാചകന്റെ പുസ്തകത്തിൽനിന്നും... | പ്രവാചകന്മാരുടെ ഉടയവനു സ്തുതി... |



# കുർബാനക്രമം

ത്രോണോസിൽ കുരിശിനു മുൻപിൽ തിരി ഉണ്ടായിരിക്കണം, ദേവാലയത്തിൽ പ്രാർത്ഥന ആരംഭിക്കുന്നതിനു മുൻപ് ഈ തിരി കത്തിക്കേണ്ടതാണ്.

പള്ളിക്കകത്തു പ്രവേശിക്കുമ്പോൾ തലകുനിച്ചു വണങ്ങിയശേഷം കുരിശുവരച്ചുകൊണ്ട്.

ദൈവമേ, ആദരപൂർവം നിന്റെ ഭവനത്തിലേക്കു വന്ന് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും.

കർമി പ്രാർത്ഥനാസഹായം അപേക്ഷിക്കുന്നു.

ജനം : കർത്താവ് അങ്ങയുടെ പ്രാർത്ഥനകൾ കേട്ട് ബലിയിൽ പ്രീതിപ്പെടുകയും, കുർബാന കൈക്കൊണ്ട് അങ്ങയോടുകൂടെ ഞങ്ങളെ സംബന്ധിപ്പിക്കുകയും ചെയ്യട്ടെ.

ശുശ്രൂഷകൻ തിരശീല വലിച്ചു മദ്ബഹാ മറയ്ക്കുന്നു. നടുവിലത്തെ തിരിയിൽനിന്ന് ആദ്യം വടക്കുവശത്തേയും പിന്നീടു തെക്കുവശത്തേയും തിരികൾ കത്തിക്കുന്നു.

## പഴയനിയമവായന

ജനം : "നീതിമാന്മാരുടെ കൂടാരത്തിൽ മഹത്ത്വത്തിന്റെയും രക്ഷയുടെയും ശബ്ദം" എന്നു ദാവീദു മുഖാന്തരം പരിശുദ്ധ റൂഹാ പാടി.

അല്ലെങ്കിൽ

(സെഹിയോൻകോട്ടയിൽ... എന്ന രാഗം)

നീതി പ്രിയരുടെ നിലയത്തിൽ
സംസ്തുതിയുടെ രക്ഷാഗാനം
ദാവീദുരാജൻ തൻ നാവാൽ
പരിശുദ്ധൻ-റൂഹാ പാടി

ശുശ്രൂഷക്കാരൻ പ്രാർത്ഥനാമേശയുടെ വടക്കുകിഴക്ക് ഭാഗത്ത് ജനത്തിന് അഭിമുഖമായി നിന്ന് വായിക്കണം.

ശുശ്രൂ : (...) പുസ്തകത്തിൽനിന്ന്, ബാറെക്മോർ.

ജനം : (...) ഉടയവനു സ്തുതി, അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

## പരസ്യശുശ്രൂഷയ്ക്കു മുമ്പുള്ള ഗീതങ്ങൾ*

(ബ്നുഹറോക് ഹോസ്സേനാൻ - എന്ന രീതി)

(ധൂപം)

കർത്താവേ, പ്രാർത്ഥന കേട്ടരുൾ ഹാ-ലേ-ലുയ്യാ
കൈക്കൊള്ളണമഹറോനണച്ചതുപോലെ - ധൂപമിതും
കണ്ടടിയാർ ശുശ്രൂഷയെ നിനുവയരിൻ - യാചനപോൽ
കടലതിൽ യൗനാനെ-ന്നപോ-ലെ
കനിയുക ദാസന്മാ-രിലെന്നും

കർത്താവേ, നിലവിളി കേട്ടരുൾ ഹാ-ലേ-ലുയ്യാ
തീരുക തിരുനാമത്തിനു സുഖകരമാ-യീ ധൂപം
തൃക്കരളിന്നലിവിന്നനുകൂലമതാം-മൂലവുമായ്
നിരപ്പാകണമേ ദൈ-വമേ,-നിൻ
നിരുപമകൃപയാൽ ഞങ്ങ-ളോട്.

എന്നും സ്തുതി നിൻ കനിവിനു കനിവേറും- രക്ഷകനേ
എത്ര നിറഞ്ഞിന്നെങ്ങും കാണുന്നു-നിൻ ദാനം
നിനുവയരോടു-ണ്ടായ കോ-പം
നിലവിളിയാൽ നീ നീ-ക്കിയ-ല്ലോ.

അഹറോന്റെയുമാ സ്ക്കറിയാ തന്നുടെയും - ധൂപമതും
മരണത്തെ നീക്കിയ ഫിനഹാസിൻ പ്രാർ-ത്ഥനയുംപോൽ
അടിയാരുടെ ധൂപ-ത്തേയും
അൻപുടയോനേ, കൈ-ക്കൊൾക.

* കർമ്മി കാസായും പീലാസായും ശോശപ്പാക്കൊണ്ട് മൂടിയശേഷം പ്രുമി യോൻ ചൊല്ലിക്കഴിയുമ്പോൾ പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റിയും കുന്തുരുക്കവും എടുത്ത് കർമ്മിയെ സമീപിക്കണം.





(ദൈവമാതാവ്)

എരിതീനിര വിട്ടീറേ ദൂതനിറ-ങ്ങിച്ചെന്ന്
ഇതമൊടു മറിയാം ഗൃഹമതിൽ നസറേത്തിൽ ചൊല്ലിയിത്
'നിന്നോടു കൂടെ - കർത്താവീ
മന്നിടമഖിലം പാലിപ്പോൻ.'

മുൾമരമെരിയാതെരിതീതൻ നടുവിൽ-കണ്ടതുപോൽ
ചിൻമയനമ്മറിയാമിൽ വസിച്ചു ശരീ-രം പൂണ്ടു
അതിനാൽ ഭംഗവുമാ-ക്ക-ന്യാ
വ്രതമുദ്രയ്ക്കുണ്ടായില്ല.

(വിശുദ്ധന്മാർ)

ലോകം താതസഹോദരർ ജാതിയതും-തറവാടും
ആകെയുപേക്ഷിച്ചേശുവിനായ് മരണം-സ്നേഹിച്ച
സഹദേന്മാരെ സദാ-കാ-ലം
സ്മരണം ചെയ്‌വതു ന-ന്നേ-ററം.

തൂക്കപ്പെട്ടു മരത്തിൽ വിലാവു തുറ-ന്നാച്ചവളം
രക്തം വെള്ളമൊടൊഴുകും മിശിഹായെ-സഹദേന്മാർ
കണ്ടങ്ങോടി മരി-പ്പാ-നാ-യ്
കർത്താവിൻ പേർക്കെ-ല്ലാരും.

(അനുതാപം)

വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമതാം-വെളിവും നീ
കാന്ത്യാ ഞങ്ങളെ നീ-താ-ത-ൻ
കതിരേ ശോഭിപ്പി-ക്കെ-ന്നും.

വെളിവിൻ തട്ടിൽ വസിക്കും പുണ്യനിധേ പരിശുദ്ധാ
വേണ്ടാകഷ്ടത ദുഷ്ചിന്തയുമടിയാരീന്നൊഴിക്ക

സൽക്രിയകൾക്കു മന:-ശുദ്ധ്യാ
സംഗതി വരണേ ഞങ്ങൾക്ക്.
ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും
അബറാഹം തൻ ബലിയും കൈക്കൊണ്ട-കർത്താവേ
നോമ്പും പ്രാർത്ഥനയും-കൈക്കൊ-
ണ്ടലിവായുത്തരമേകണമേ.

മോചനമതിനായ് പാപികളേ, വരുവിൻ-യാചിപ്പിൻ
മുട്ടുന്നോർക്കു തുറന്നിടുമേ നാഥൻ-തൻവാതിൽ
യാചിക്കുന്നോൻ പ്രാപിക്കും
അന്വേഷിപ്പോൻ കൈ-ക്കൊള്ളും.

**(പരേതർ)**

കർത്താവേ, നിൻ രക്തശരീരങ്ങൾ-കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമേ-നല്ലോർമ്മ
നിന്റെ മഹത്ത്വമുദിക്കും-നാൾ
നില്ക്കണമവർ വലഭാ-ഗ-ത്തിൽ.

(സുറിയാനി)

*ബെദ് മോർ ദുകറോനോതോബോ ല്ആനിദേ മ്ഹൈമ്നേ*
*ദേക്കാൽ ഫഗറോക് കാദീശോ വെശ്ത്തീ ദ്മൊക്ക് ഹായോ*
*വന്ഖൂമുൻ മെൻ യാമീനോക്*
*ബ് യൗമോദ് ദൊനഹോ റാബൂസോക്*

**വേറൊന്ന്**

(വെളിവുനിറഞ്ഞോരീശോ - എന്ന രീതി)

സ്വർഗാധിപതേ ദേവാ, നിന്നുടെ ആലയമതിനുൾ
പൂകിയിതാ ഞാൻ സിംഹാസനസവിധേ വന്ദിപ്പൂ
ലംഘനമെല്ലാം മോചിച്ചെൻ
പാപമശേഷം മായ്ക്കേണം.





ഞങ്ങളണയ്ക്കും നേർച്ചകൾ നിൻ-പ്രീതിക്കാകണമേ
അപ്പം വീഞ്ഞിവ കാഴ്ചയണയ്ക്കുന്നു കൈക്കൊൾക
മൽക്കിസദേക്കിൻ കാഴ്ചപോലെ
ബലിയിതു സ്വീകൃതമാകണമേ.
നാഥാ, നിന്നുടെ ദാനങ്ങൾക്കെല്ലാം പകരമതായ്
എന്തങ്ങേക്കായ് നല്കീടും ഞാൻ നിൻ-ഹിതമതുപോൽ
അഖിലജനസവിധം ഞാ-നെൻ
നേർച്ചകൾ നിറവേററും നാഥാ.

ഹാബേലിൻ കുഞ്ഞാടും നോഹിനുടെ കാഴ്ചയതും
അബറാഹം തൻബലിയും കൈക്കൊണ്ട കർത്താവേ
നോമ്പും പ്രാർത്ഥനയും കൈക്കൊ-
ണ്ടലിവായുത്തരമേകണമേ.

ലോകത്തിന്നുടെ അനവധിയാം പാപം മായ്ച്ചീടാൻ
സ്വയബലിയായൊരു മിശിഹാ, നിൻ ബലിപോൽ ഞങ്ങളെയും
കാഴ്ചയതായിട്ടേകുന്നു
ബലിയിതു സ്വീകൃതമാകണമേ.

സൗഗന്ധികമാം, ധൂപംപോലായ്തീ-രാം ഞങ്ങൾ
ചിന്തകൾ, വചനം, ചെയ്തികളാൽ നിൻ പ്രീതിയെയേറ്റാം
തവ സവിധേ ആയുഷ്ക്കാലം
നിർമ്മലരായ് തീരാം ഞങ്ങൾ.

സ്വർഗകവാടം തുറക്കും താക്കോലായ് തീരട്ടെ
ഞങ്ങൾ പ്രാർത്ഥനയിൻ ശബ്ദം ദൂതർ ചൊല്ലീടും:
'മൺമയർ നാദം മോഹനീയം
ഈശൻ വേഗം കേൾക്കുന്നു.'

നാഥാ, നിൻ ജനനം, സ്നാനം, പീഡ, ക്രൂശേററം,
മൃതി, ഉത്ഥാനം, സ്വർഗാരോഹണമെ-ന്നിവയേയും

ആദിപിതാക്കളെയും ഞങ്ങൾ
ഓർത്തീടുന്നീ യാഗത്തിൽ.

മാതാ, കാദീശർ, നിബിയർ, ശ്ലീഹർ, സഹദേന്മാർ
വിശ്വാസികളാം മൃതരിവരെ ഞങ്ങൾ ഓർക്കുന്നു
അഗതികൾ രോഗികളായോർക്കും
നല്ലോരോർമ്മയതുണ്ടാക.
വിധവകൾ, എളിയവരെന്നിവരെ ഞങ്ങൾ ഓർക്കുന്നു
മാതൃപിതൃക്കൾ, സോദരസോദരികൾ സകലരെയും
ഗുരുജനമിവരേയും നാഥാ
ഓർത്തീടുന്നീ യാഗത്തിൽ.

ആർക്കായ് കാഴ്ചയിതർപ്പിച്ചീടുന്നോ, ആയവരെ
ഈ ദേവാലയ നിർമ്മിതിയിൽ പങ്കാ-ളികളായോർ
ഏവരെയും ഓർത്തീടുന്നു
ബലിയിതു സ്വീകൃതമാകേണമേ.

കർത്താവേ, നിൻ രക്തശരീരങ്ങൾ കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമേ നല്ലോർമ്മ
നിന്റെ മഹത്ത്വമുദിക്കും നാൾ
നിൽക്കണമവർ വലഭാഗത്തിൽ.

## വേറൊന്ന്

(വിശുദ്ധ ദൈവമാതാവിന്റെ തിരുനാളുകളിൽ പാടാവുന്നത്)

1. ധന്യേ! മാതാവേ-നിന്നോടുള്ളൻപാൽ
പാപത്തിൻ ഭാരം-നാഥൻ നീക്കട്ടെ
ന്യായത്തീർപ്പിങ്കൽ-പായിക്കാതമ്മേ
പ്രാർത്ഥിക്കേണം നീ-നിൻപുത്രൻ മുമ്പിൽ
ഹാലേലൂയ്യാ-ഹാലേലൂയ്യാ
നിൻ യാചിപ്പെന്നും-ഞങ്ങൾക്കാലംബം.





2. സീനായ് ശൈലത്തിൽ-മൂശാ ദർശിച്ച
മുൾക്കൂട്ടം കന്യേ!-നിൻ ചിത്രം തന്നെ
മാതാവേ! മുള്ളായ്-കണ്ടാൻ നിൻ ദേഹം
തീ തീണ്ടാഞ്ഞോരാ-പ്പത്രം* കന്യാത്വം
ഹാലേലൂയ്യാ-ഹാലേലൂയ്യാ
അന്തർഭാഗാഗ്നി-ഗർഭസ്ഥൻ ദൈവം.

3. കന്യാമേഘം ഭൂ-ലോകേശൻതന്നെ
എവ്വണ്ണം പൂണ്ടെ-ന്നെന്നോടോതുന്നു
മാലാഖാ മുമ്പൻ-ഗബ്രിയേൽ ചൊന്നാൻ
ലോകേശൻ നാഥൻ-വാഴ്വൂ നിന്നുള്ളിൽ
ഹാലേലൂയ്യാ-ഹാലേലൂയ്യാ
താൻതന്നെ സത്യം-വിശ്വത്തെ വീണ്ടോൻ.

4. വാഴ്വിന്നാകട്ടെ-മാതാവിന്നോർമ്മ
മാദ്ധ്യസ്ഥം നമ്മൾ-ക്കെന്നാളും കോട്ട
തന്നിൽ നിന്നല്ലോ-ശ്ലീഹന്മാർ നാഥൻ
ലോകം രക്ഷിപ്പാൻ-സംജാതം ചെയ്തു
ഹാലേലൂയ്യാ- ഹാലേലൂയ്യാ
താൻതന്നെ സത്യം-വിശ്വത്തെ വീണ്ടോൻ.

5. വിശ്വാസത്താലെ - വാങ്ങിപ്പോയോരെ
പ്രാർത്ഥിച്ചീടുമ്പോ - ളോർത്തീടേണം നാം
ആശ്വാസം നിത്യം - പ്രാപിച്ചീടാനായ്
ത്രോണോസിന്മേൽ പേ-രോർത്തീടേണം നാം
ഹാലേലൂയ്യാ- ഹാലേലൂയ്യാ
ജീവിപ്പിക്കുന്നോൻ - നാഥാ! സ്തോത്രം തേ!

---

* ഇല

## പരസ്യശുശ്രൂഷ

*(തിരശീല നീക്കുന്നു)*

കർമ്മി : കർത്താവേ, നിന്നെ പ്രസവിച്ച മറിയാമും..... ഞങ്ങളോടു കരുണ ചെയ്യണമേ.

(സാധാരണയായി വി.കുർബാനയ്ക്ക് കർമ്മിയും ശുശ്രൂഷകരും ത്രോണോസ് ചുറ്റി പ്രദക്ഷിണം ചെയ്യുന്നു. ശുശ്രൂഷക്കാർ മണിയും മർബഹാസായും കിലുക്കി കത്തിച്ച തിരികൾ വഹിച്ചുകൊണ്ട് കർമ്മിയുടെ മുമ്പേ നടക്കുന്നു.)

ജനം : സ്വഭാവപ്രകാരം മരണമില്ലാത്തവനും/ തന്റെ കൃപയാൽ മനുഷ്യവർഗം മുഴുവന്റെയും/ ജീവനും രക്ഷയ്ക്കുംവേണ്ടി/ വിശുദ്ധിയും മഹത്ത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യകമറിയാമിൽനിന്ന്/ഭേദം കൂടാതെ മനുഷ്യനായിത്തീരുകയും ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി/ സ്വർഗീയ പിതാവിന്റെ ഏക പുത്രനും, വചനവും രാജാവുമായ എന്റെ കർത്താവേ/ നിന്നെ ഞാൻ പുകഴ്ത്തും.

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ഇല്ലാതാക്കിയവനും/ പരിശുദ്ധ ത്രിത്വത്തിൽ ഒരുവനും/ പിതാവിനോടും ജീവനുള്ള പരിശുദ്ധാത്മാവിനോടുംകൂടെ/ ഒന്നുപോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ / ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങളെല്ലാവരോടും കരുണ ചെയ്യണമേ.

അല്ലെങ്കിൽ

(ബസ്ലൂസേമോ - എന്ന രീതി)

'മാതാ പരിശുദ്ധന്മാർ തൻ
പ്രാർത്ഥനയാ-ൽ കൃപ ചെയ്ക'
സ്വർഗപിതാവിന്നേകസുതൻ





വചനമതാം മൃതിരഹിതൻ നീ
നാഥാ നൃപതേ, ദേവാ നിൻ സ്തുതി
പാടി പുകഴ്ത്തീ-ടാം ഞാൻ
നിൻ കൃപയാൽ നീ, മനുകുലമഖിലം
രക്ഷയ്ക്കും ജീവനുമായിഹ വന്നോ-ൻ നീ-യേ
മഹിമയെഴും പരിപാവന കന്യ
ദൈവജനനി മറിയാമിൽ നിന്നു-
രുവായ് ജഡമേറോ-ൻ നീ-യേ
ഭേദമതെന്യേ മനുജനുമായ് നീ
മിശിഹാനാഥാ ഞങ്ങൾക്കായ് നീ ക്രൂശി-തനായി
തവ മൃതിയാൽ മൃതിയെ, നിഹനിച്ചോൻ നീ
അതിപാവനമാം ത്രിത്വത്തിൽ ഒരുവൻ നീയേ
താതനൊടും തൻ റൂഹായോടുമൊരുപോൽ
ആരാധ്യൻ സ്തുത്യനുമാം നാഥാ
ഇവർമേ-ൽ കൃപ തോന്നേ-ണമേ.

കർമ്മി : ദൈവമേ, നീ പരിശുദ്ധനാകുന്നു.

ജനം : ബലവാനേ, നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ✠ ഞങ്ങളോട് കരുണ ചെയ്യണമേ. *(മൂന്നു പ്രാവശ്യം)*

(മണിയും മർബഹാസായും കിലുക്കുന്നു)

(സുറിയാനി)

കർമ്മി : കാ-ദീശാത്ത്-ആലോഹോ

ജനം : കാ-ദീശാത്ത്-ഹൈൽസോനോ
കാ-ദീശാത്ത് ലോമോയൂസോ
ദസ്ത്ലെബ്ത്ത് ഹലോപ്പെൻ ✠എസ്റാഹാം
അലൈൻ *(മൂന്നു പ്രാവശ്യം)*

ജനം : കുറിയേലായിസ്സോൻ... കുറി... കുറി...

## പുതിയനിയമത്തിൽനിന്നുള്ള വായനകൾ

*ഒന്നാം വായനയ്ക്കു മുമ്പുള്ള ഗീതം*

ഭൂവിലശേ-ഷം
ദൈവത്താൽ പ്രേരിതരായ
ശ്ലീഹ-ൻമാർ-പോയ്
ജാതികളിടയിൽ
ഭൂതല സീമയതോളം
നല്ലേവൻ-ഗേലിയോൻ
കൈക്കൊൾവോ-ർക്കൊക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു
സ്വർഗമഹാ-രാ-ജ്യം.

വായനക്കാരൻ ത്രോണോസിന്റെ വടക്കേകോണ് മുത്തി (മേൽപട്ടക്കാരൻ സന്നിഹിതനെങ്കിൽ സ്ലീബായും മുത്തണം) മദ്ബഹാ വാതിൽക്കൽ വടക്കുഭാഗത്ത് ഒരുപടി താഴെ ഇറങ്ങിനിന്ന് ജനത്തിനഭിമുഖമായി വായിക്കുന്നു. പ്രധാന ശുശ്രൂഷകൻ വായനക്കാരന്റെ ഇടതുവശത്ത് ഒരു പടി മുകളിൽ നിന്ന് ധൂപം വീശുന്നു.

**വായനക്കാരൻ** : * (വിശുദ്ധ ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ) നിന്ന്, ബാറെക്മോർ.

**ജനം** : ശ്ലീഹന്മാരുടെ ഉടയവനു സ്തുതി, അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

**വായനക്കാരൻ** : എന്റെ വാത്സല്യമുള്ളവരേ,+ 'നിങ്ങൾ പശ്ചാത്തപിക്കുകയും പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിൻെറ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്യുവിൻ.

* അതാതു ദിവസത്തേക്ക് നിശ്ചയിച്ചിട്ടുള്ളത് വായിക്കണം. വായന കാതോലികലേഖനങ്ങളിൽ നിന്നാണെങ്കിൽ "ഇന്ന ശ്ലീഹായുടെ ലേഖനത്തിൽ നിന്നും" എന്ന് പേരു പറയണം. എല്ലാവരും "ശ്ലീഹായുടെ ഉടയവനു സ്തുതി" എന്ന് മറുപടി ചൊല്ലണം.

\+ നട. 2. 38-42.





പരിശുദ്ധാത്മാവിൻെറ ദാനം നിങ്ങൾക്കു ലഭിക്കും' എന്നു പത്രോസ് പറഞ്ഞു. അവൻ മറ്റു പല വചനങ്ങളാലും അവർക്കു സാക്ഷ്യം നൽകുകയും 'ഈ ദുഷിച്ച തലമുറയിൽനിന്നു നിങ്ങളെത്തന്നെ രക്ഷിക്കുവിൻ' എന്ന് ഉപദേശിക്കുകയും ചെയ്തു. അവന്റെ വചനം ശ്രവിച്ചവർ ജ്ഞാനസ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു. അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു. ബാറെക്മോർ.

### പൗലോസ് ശ്ലീഹായുടെ ലേഖനത്തിനു മുമ്പുള്ള ഗീതം

പൗലോസു ശ്ലീഹാ-ധന്യൻ ചൊൽ
കേട്ടേൻ- ഇതേ-വം:
ഞങ്ങളറീച്ചതിനെതിരായി
വേറൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാ ദൂതൻ
താനേൽക്കും സഭതൻ-ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശത്തിൽ
സ്ഥിരമായി നിൽക്കുന്നോൻ-ധന്യൻ.

വായനക്കാരൻ ത്രോണോസിന്റെ തെക്കേകോണ് മുത്തി (മേൽപട്ടക്കാരൻ സന്നിഹിതനെങ്കിൽ സ്ലീബായും മുത്തണം) മദ്ബഹാ വാതിൽക്കൽ തെക്കു ഭാഗത്ത് ഒരുപടി താഴെ ഇറങ്ങിനിന്ന് ജനത്തിനഭിമുഖമായി വായിക്കുന്നു. പ്രധാന ശുശ്രൂഷകൻ വായനക്കാരന്റെ വലതുവശത്ത് ഒരു പടി മുകളിൽ നിന്ന് ധൂപം വീശുന്നു.

**വായനക്കാരൻ** : വിശുദ്ധ പൗലോസ് ശ്ലീഹാ (എഫേസോസുകാർക്ക്)* എഴുതിയ ലേഖനത്തിൽനിന്ന്, ബാറെക്മോർ.

* അതാതു ദിവസത്തേക്കു നിശ്ചയിച്ചിട്ടുള്ളത് വായിക്കണം

ജനം : ശ്ലീഹായുടെ ഉടയവനു സ്തുതി. അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

വായനക്കാരൻ : എന്റെ സഹോദരങ്ങളേ,+ കർത്താവിനു വേണ്ടി തടവുകാരനായി തീർന്നിരിക്കുന്ന ഞാൻ നിങ്ങളോടപേക്ഷിക്കുന്നു, നിങ്ങൾക്കു ലഭിച്ച വിളിക്കു യോഗ്യമായ ജീവിതം നയിക്കുവിൻ. പൂർണ്ണമായ വിനയത്തോടും ശാന്തതയോടും ദീർഘക്ഷമയോടുംകൂടി നിങ്ങൾ സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണുതയോടെ വർത്തിക്കുവിൻ. സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്തുവാൻ ജാഗരൂകരായിരിക്കുവിൻ. വിളിക്കപ്പെട്ടപ്പോൾ നിങ്ങൾക്കു ലഭിച്ച പ്രത്യാശ ഒന്നായിരുന്നതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂ. സകലത്തിലുമുപരിയും സകലത്തിലൂടെയും സകലത്തിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവവും ഒരുവൻ. ബാറെക്മോർ.

വേറൊന്ന്

വായനക്കാരൻ : എന്റെ സഹോദരങ്ങളേ,• വത്സല മക്കളെപ്പോലെ നിങ്ങൾ ദൈവത്തെ അനുകരിക്കുന്നവരാകുവിൻ. ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹത്തിൽ ജീവിക്കുവിൻ. അവൻ നമുക്കുവേണ്ടി സുരഭിലമായ ഒരു നേർച്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു. നിങ്ങളുടെയിടയിൽ വ്യഭിചാരത്തിൻെറയും യാതൊരു വിധത്തിലുമുള്ള അശുദ്ധിയുടെയും ദുരാശയുടെയും പേര് ഉച്ചരിക്കപ്പെടുകപോലും അരുത്. അങ്ങനെ വിശുദ്ധർക്ക് യോഗ്യമായ രീതിയിൽ വർത്തിക്കുവിൻ. ബാറെക്മോർ.

+ എഫേ 4: 1–6;
• എഫേ 5: 1–3





ഏവൻഗേലിയോൻമേശ ത്രോണോസിന്റെ തെക്കുവശത്തു വച്ചിരിക്കണം. ഹാലേലൂയ്യാ ഗീതം പാടുമ്പോൾ ശുശ്രൂഷകൻ ഏവൻഗേലിയോൻ മേശ മദ്ബഹായുടെ വാതിൽക്കൽ വയ്ക്കുന്നു. മണിയും മർബഹാസായും കിലുക്കുന്നു.

ജനം : ഹാലേലുയ്യാ, ഹാലേലുയ്യാ സ്തുതിയാകുന്ന ബലികൾ കർത്താവിനു പൂജിപ്പിൻ; വെടിപ്പുള്ള കാഴ്ചകൾ എടുത്ത് തന്റെ പ്രാകാരങ്ങളിലേക്ക് പ്രവേശിച്ച് വിശുദ്ധ മദ്ബഹാ മുമ്പാകെ കർത്താവിനെ വന്ദിപ്പിൻ; ഹാലേലുയ്യാ.

അല്ലെങ്കിൽ

ഹാ–ഹാ–സ്തുതി യാഗങ്ങളണച്ചിടുവിൻ
ക–ർത്തൃ–പ്രാകാരേ നിർമ്മല കാഴ്ചയുമായ്
കർത്തനെ സ്തുതി മദ്ബഹാ മുമ്പിൽ – ഹാ...

## സുവിശേഷം

കർമ്മി ധൂപകലശത്തിൽ കുന്തുരുക്കം ഇട്ടശേഷം ശുശ്രൂഷകൻ ചൊല്ലുന്നു.

ശുശ്രൂ : ബാറെക്മോർ. നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന കർത്താവേശുമിശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻെറ ജീവനുള്ള വചനങ്ങൾ ആദരവോടും ഭക്തിയോടും കൂടെ നാം ശ്രദ്ധിച്ചു കേൾക്കണം.

ജനം : ദൈവമായ കർത്താവ്, അതിന് ഞങ്ങളെ യോഗ്യരാക്കി തീർക്കട്ടെ.

കർമ്മി : ✠ നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായി

രിക്കട്ടെ.

ജനം : അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

(മണിയും മർബഹാസയും കിലുക്കുന്നു)

കർമി : ജീവൻ നൽകുന്ന വചനമായ...

ജനം : വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. നമ്മുടെ രക്ഷയ്ക്കായി അവനെ അയച്ചവനു സ്തുതികളും നാമെല്ലാവരിലും അവന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

(മണിയും മർബഹാസയും കിലുക്കുന്നു)

കർമി : വിശുദ്ധ കന്യകമറിയാമിൽ നിന്ന്...

ജനം : അങ്ങനെ വിശ്വസിച്ചു ഞങ്ങൾ ഏറ്റുപറയുന്നു.

(മണിയും മർബഹാസയും കിലുക്കുന്നു)

(ഏവൻഗേലിയോനു ശേഷമുള്ള ഗീതം)*

ശുദ്ധൻ, ശുദ്ധൻ, ശുദ്ധൻ നീ നാഥാ,
ഉയരവർ കാദീശെന്നാർത്തു
മൺമയർ സ്വസ്ഥാനേ പൂജ്യൻ
മേലുയരങ്ങളിലെൻ പ്രിയസുത-
നിവനെന്നുരചെയ്തു താ-തൻ.

അല്ലെങ്കിൽ

(കൂക്കോയോ)

യജമാനൻ വരുമന്നേര-ത്തുണർവു-ള്ളോരായ്തൻ
മുന്തിരിത്തോപ്പിൽ പണിയായി കാൺമോരോ ധന്യരാം
പകലെല്ലാം തൻ കൂടെപ്പണിതോർ-
ക്കവനരകെട്ടി-പ്പരികർമ്മിച്ചീടും
താതനിരുത്തും മേശയ്ക്കായ് പരികർമ്മിക്കും സുതൻ
റൂഹ്ക്കുദിശാ പാറക്കലീത്താ മുടയു-ന്നോരോ-മുടി

*ഏവൻഗേലിയോന് ശേഷമുള്ള ഗീതം, പെരുന്നാളുകളും സഭാവത്സരത്തിലെ കാലങ്ങളും മാറിവരുന്നതനുസരിച്ച് അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന ഗീതങ്ങളിൽനിന്ന് തെരഞ്ഞെടുത്ത് ചൊല്ലണം. (പേജ് : 210 – 218)





ഹാലേലുയ്യാ ചൂടും മകുടത്തിൽ.

ശുശ്രൂ: ബാറെക്മോർ സ്തൗമെൻകാലൊസ്

ജനം : കുറിയേലായിസ്സോൻ

കർമി : നാമെല്ലാവരും പ്രാർത്ഥിച്ച്...

ജനം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കണമേ.

കർമി : സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

ജനം : ആമ്മീൻ

പ്രധാന ശുശ്രൂഷകൻ ധൂപകലശത്തിൽ കർമിയെക്കൊണ്ട് കുന്തുരുക്കം ഇടുവിച്ചതിനുശേഷം ത്രോണോസിന്റെ തെക്കേ കോണിൽ മൂന്നു പ്രാവശ്യം വീശി ത്രോണോസ് മുത്തി ത്രോണോസ് വലംവെച്ച് ത്രോണോസിന്റെ വടക്കേ കോണിൽ മൂന്നു പ്രാവശ്യം വീശി മുത്തിയതിനുശേഷം ഏവൻഗേലിയോൻ മേശയ്ക്ക് നേരെ മൂന്നു പ്രാവശ്യം വീശി തല വണങ്ങി (മേൽപട്ടക്കാരൻ സന്നിഹിതനെങ്കിൽ അദ്ദേഹത്തിനുനേരെ മൂന്നുപ്രാവശ്യം വീശി സ്ലീബാ മുത്തി) അനന്തരം ജനത്തിനുനേരെ തിരിഞ്ഞ് നടുക്ക് തെക്കേ വടക്കേ വശങ്ങളിൽ മൂന്നു പ്രാവശ്യം വീതം ക്രമപ്രകാരം വീശി തലവണങ്ങുന്നു. പ്രധാന ത്രോണോസിന്റെ ഇരുവശങ്ങളിലും ചെറിയ ത്രോണോസുകളുണ്ടെങ്കിൽ അതിനുനേരെ തിരിഞ്ഞ് മൂന്നുപ്രാവശ്യം വീതം വീശി തല വണങ്ങണം. തുടർന്ന് കർമിയുടെ ഇടതുവശത്ത് കിഴക്കോട്ട് അഭിമുഖമായി നിന്ന് ബാക്കി സമയം ധൂപം വീശുന്നു.

ശുശ്രൂ: ബാറെക്മോർ, കാരുണ്യവാനായ കർത്താവിന്റെ മുമ്പാകെയും, പുണ്യം നൽകുന്ന ബലിപീഠത്തിന്റെ മുമ്പാകെയും, ദിവ്യവും സ്വർഗീയവുമായ ഈ വിശുദ്ധ രഹസ്യങ്ങളുടെ മുമ്പാകെയും ധൂപം അർപ്പിക്കപ്പെടുന്നു. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹവും കരുണയും യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ

അനുഗ്രഹിച്ചു സഹായിക്കണമേ.

കർമ്മി : പാപപരിഹാരം നൽകുന്നവനും ...

ജനം : ആമ്മീൻ

## സെദറാ

ജനം : ആമ്മീൻ, കർത്താവ് അങ്ങയുടെ ശുശ്രൂഷ കൈക്കൊള്ളുകയും അങ്ങയുടെ പ്രാർത്ഥനക ളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യട്ടെ.

കർമ്മി : ദൈവത്തിൽനിന്നു കടങ്ങളുടെ ...

ജനം : ആമ്മീൻ

ശുശ്രൂഷകൻ ധൂപകലശത്തിൽ കുന്തുരുക്കം ഇടുവിച്ചതിനുശേഷം ധൂപക്കുറ്റി വാഴ്‌വിനായി കർമ്മിയുടെ വലതുവശത്ത് വടക്കോട്ട് അഭി മുഖമായി ധൂപകലശം ഉയർത്തി പിടിക്കണം, ഇടതുകൈ നെഞ്ചോട് ചേർത്ത് പിടിക്കണം. (തൂക്കാസാ പേജ് 57 കാണുക)

കർമ്മി : ബലഹീനനും പാപിയുമായ...*

പരിശുദ്ധനായ പിതാവ് പരിശുദ്ധൻ

(മണിയും മർബഹാസായും കിലുക്കുന്നു.)

ജനം : ആമ്മീൻ

കർമ്മി : പരിശുദ്ധനായ പുത്രൻ പരിശുദ്ധൻ

(മണിയും മർബഹാസായും കിലുക്കുന്നു.)

ജനം : ആമ്മീൻ

കർമ്മി : ജീവപ്രദനായ പരിശുദ്ധ റൂഹാ പരിശുദ്ധൻ. പാപി യായ ഈ ദാസന്റെ ധൂപത്തെ ...

(മണിയും മർബഹാസായും കിലുക്കുന്നു.)

ജനം : ആമ്മീൻ

ശുശ്രൂഷകൻ കർമ്മിയുടെ കൈ കഴുകുന്നതിന് വെള്ളം ഒഴിച്ചു കൊടുക്കണം. കൈ തുടയ്ക്കുന്നതിനുള്ള തൂവാലയും കൈയിൽ ഉണ്ടായിരിക്കണം.

* ധൂപക്കുറ്റി വാഴ്‌വ് സമയത്ത് ജനം കുരിശു വരയ്ക്കേണ്ട ആവശ്യമില്ല. ധൂപകലശം ഓരോ വ്യക്തിക്കും അഭിമുഖമായി വീശുന്ന അവസരങ്ങളി ലെല്ലാം തല വണങ്ങി കുരിശു വരയ്ക്കണം.





ശുശ്രൂ : ബാറെക്മോർ, ദിവ്യജ്ഞാനം ഉദ്ഘോഷിക്കപ്പെ ടുന്നു! നാമെല്ലാവരും ഭക്തിയായി നിന്ന് ഏറ്റു ചൊല്ലണം.

കർമ്മി : സർവ്വശക്തനായ പിതാവും,

ജനം : ആകാശത്തിന്റെയും ഭൂമിയുടെയും/കാണപ്പെടു ന്നവയും കാണപ്പെടാത്തവയുമായ സകലത്തി ന്റെയും സ്രഷ്ടാവുമായ/സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏക പുത്രനും/സർവ്വലോക ങ്ങൾക്കും മുമ്പേ പിതാവിൽനിന്നു ജനിച്ചവനും/ പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈ വത്തിൽ നിന്നുള്ള സത്യദൈവവും/ജനിച്ച വനും, സൃഷ്ടിയല്ലാത്തവനും/ സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും/സർവ്വ സൃഷ്ടിക്കും ഹേതുവായവനും/മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗത്തിൽനിന്നിറങ്ങി/ ✠ പരിശുദ്ധ റൂഹാ യിൽനിന്നും/ ദൈവമാതാവായ വിശുദ്ധ കന്യ കമറിയാമിൽനിന്നും/ ✠ ശരീരിയായിത്തീർന്നു മനുഷ്യനായി/പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ക്രൂശിക്ക പ്പെട്ടു/✠ കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ടു/ തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയിർ ത്തെഴുന്നേറ്റു/ സ്വർഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും/ ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരി ക്കുന്നവനും/തന്റെ രാജ്യത്തിന് അവസാനമില്ലാ ത്തവനും/ ഏക കർത്താവുമായ യേശുമിശിഹാ യിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും/

പിതാവിൽനിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും/ നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായി/ജീവനും പരിശുദ്ധിയുമുള്ള ഏക റൂഹായിലും/ കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമോദീസാ ഒന്നു മാത്രമേയുള്ളൂ എന്നു ഞങ്ങൾ ഏറ്റുപറഞ്ഞു/ മരിച്ചുപോയവരുടെ ഉയിർപ്പിനും/ വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

പ്രധാന ശുശ്രൂഷകൻ ക്രമപ്രകാരം മദ്ബഹായിൽ ധൂപാർപ്പണം നിർവ്വഹിച്ചതിനുശേഷം ധൂപകലശവുമായി ഹൈക്കലായുടെ പടിഞ്ഞാറേ വാതിലുവരെ ധൂപാർപ്പണം നടത്തി തിരിച്ചുവന്ന് മദ്ബഹായുടെ തെക്കുവശത്ത് ഒരുപടി താഴെ ഇരുകൈകളിലുമായി ധൂപകലശത്തിന്റെ ചങ്ങല പിടിച്ചുക്കൊണ്ട് ആദരവോടെ നിൽക്കുന്നു.

(ഗീതം)

യാചിക്കേണ്ടും - സമയമിതാ
മോചിക്കും നാഴികയിതു - താൻ
ഇതു നമസ്കാരത്തിൻ - സമയം
ഇതുതന്നെ കരുണാസമയം.

ഉന്നതമാം പദവിയിലേറി
ഇന്നിപ്പോൾ ഈ ആചാര്യൻ*
അനുഭവിച്ചീടുന്നോർക്കായി
അനുഷ്ഠിക്കുന്നീ കുർബാന.

പ്രിയരേ, ഇതു കരുണയുടെയും
ദയവിന്റെയും സമയം താൻ
സത്യസ്നേഹത്തോടെ സമാ -
ധാനം നൽകും സമയം താൻ.

* വി.കുർബാന അർപ്പിക്കുന്നത് മേൽപട്ടക്കാരനെങ്കിൽ "ഇന്നിപ്പോൾ ശ്രേഷ്ഠാചാര്യൻ" എന്നു മാറ്റി ചൊല്ലണം.





ദൂരസ്ഥർ സമീപസ്ഥരുമായ്
തമ്മിൽ നിരക്കും സമയം താൻ
അതിനാൽ സോദരരേ, വരുവിൻ
ഒരുപോൽ കരുണയിരന്നീടാം.

നാഥാ, കൃപ ചെയ്തീടണമേ
നാഥാ, കൃപ ചെയ്യുക കനിവാൽ
നാഥാ, നീ ഉത്തരമരുളീ -
ട്ടടിയാരോടു കൃപചെയ്യണമേ.

നല്ലവനേ, ഞങ്ങളുടെ ബലഹീ -
നതയോടുത്തരമരുളണമേ
നാമെല്ലാവരുമൊരുമിച്ചി -
ന്നീവണ്ണമിരന്നീടേണം.

ശുശ്രൂ : ബാറെക്മോർ, സ്തൗമെൻകാലൊസ്

ജനം : കുറിയേലായിസ്സോൻ

കർമ്മി രഹസ്യപ്രാർത്ഥന പൂർത്തിയാക്കി ദർഗായിൽ കയറുമ്പോൾ പ്രധാന ശുശ്രൂഷകൻ 'സ്തൗമെൻകാലൊസ്' ചൊല്ലി മദ്ബഹായിൽ പ്രവേശിച്ച് ത്രോണോസിന്റെ അടുക്കൽ കർമ്മിയുടെ വലതുവശത്തായി നിൽക്കുന്നു.

## അന്നാഫുറ

കർമ്മി ദർഗായിൽ കയറിനിന്നുകൊണ്ട്

കർമ്മി : സമാധാന പ്രാർത്ഥന

ജനം : ആമ്മീൻ

കർമ്മി : നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം : അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

കർമ്മി ശുശ്രൂഷകന് സമാധാനം കൊടുക്കുന്നു, ശുശ്രൂഷകൻ ത്രോണോസിന്റെ തെക്കുവശത്തും വടക്കുവശത്തും മുത്തി കാപ്പ ചുംബിച്ച് മദ്ബഹായിൽ നിൽക്കുന്ന സഹശുശ്രൂഷകർക്ക് സമാധാനം കൊടുത്തശേഷം ഹൈക്കലായിൽ ആദ്യം പുരുഷന്മാരുടെ വശത്തും പിന്നീട്

സ്ത്രീകളുടെ വശത്തും സമാധാനം കൊടുത്തശേഷം തിരിച്ച് മദ്ബഹായിൽ പ്രവേശിച്ച് കർമിയുടെ പിറകിൽ വടക്കുവശത്തുനിന്ന് ധൂപം വീശുന്നു. (തൂക്കാസാ പേജ് 60 കാണുക)

ശുശ്രൂ: ബാറെക്മോർ, നമ്മുടെ ദൈവമായ കർത്താവിന്റെ സ്നേഹംമൂലം പരിശുദ്ധവും ദിവ്യവുമായ ചുംബനത്താൽ തമ്മിൽ തമ്മിൽ സമാധാനം കൊടുക്കണം.

ജനം : ദൈവമായ കർത്താവേ, ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും ഈ സമാധാനത്തിനു ഞങ്ങളെ യോഗ്യരാക്കണമേ.

*(ഗീതം)*

അന്യോന്യം ശ്ലോമ്മോ നൽകിൻ
കർത്താവിൻ ശ്ലോമ്മോ നമ്മിൽ
വാസം ചെയ്തീടട്ടെന്നും
തമ്മിൽ ചുംബിക്കേണം നാം
തൻ ശ്ലോമ്മോയും നൽ ശൈനോയും -
നമ്മെ കാക്കട്ടെന്നാളും.

മാളികയിൽ ശിഷ്യന്മാരോ -
ടുത്ഥാനത്തിൻ നാളുകളിൽ
നാഥൻ കല്പിച്ചാനേവം
ശ്ലോമ്മോ! പ്രിയരേ! നിങ്ങളിലീ
ശ്ലോമ്മോ വാഴട്ടെന്നാളും-
ലോകാന്ത്യത്തോളം തന്നെ.

അന്യോന്യം സ്നേഹിക്കണമെ -
ന്നോതിയ നാഥാ! നിൻ സ്നേഹം
വാണീടണമെങ്ങളിലെന്നും
സ്തുതി, ദൈവത്തിന്നുയരത്തിൽ
ഭൂതലമെങ്ങും നൽ ശാന്തി-
മാനവരിടയിൽ സംപ്രീതി.





എല്ലാവരും സമാധാനം പ്രാപിച്ചശേഷം

ശുശ്രൂ: കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തലകുനിക്കണം.

ജനം : ഞങ്ങളുടെ കർത്താവും ദൈവവുമേ, തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.

അടുത്ത പ്രാർത്ഥന തീരുന്നതുവരെ
എല്ലാവരും തല വണങ്ങി നിൽക്കുന്നു.

കർമി : ആശീർവാദ പ്രാർത്ഥന

ജനം : ആമ്മീൻ

കർമി : സമർപ്പണ പ്രാർത്ഥന

ജനം : ആമ്മീൻ

കർമി ശോശപ്പാ ആഘോഷിക്കുന്നു. മണിയും
മർബഹാസായും കിലുക്കുന്നു.

ശുശ്രൂ: ബാറെക്മോർ, സഹോദരങ്ങളേ, നാമെല്ലാവരും ഭയഭക്തിയോടും വിശുദ്ധിയോടും സ്നേഹത്തോടും സത്യവിശ്വാസത്തോടും കൂടെനിന്നു സമർപ്പിക്കപ്പെട്ടിരിക്കുന്ന ദിവ്യവും പരിശുദ്ധവുമായ ഈ കുർബാനയിൽ ശ്രദ്ധിക്കണം. എന്തെന്നാൽ നമുക്കെല്ലാവർക്കുംവേണ്ടി ജീവനുള്ള ബലി സകലത്തിന്റെയും ഉടയവനായ പിതാവായ ദൈവത്തിന് രമ്യതയിലും സമാധാനത്തിലും അർപ്പിക്കപ്പെടുന്നു.

ജനം : ഈ കുർബാന അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്നു.

## എവുക്കാറിസ്തിയാ

(കൃതജ്ഞതാ സ്തോത്രം)

കർമി : പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതന്റെ കൃപയും...

ജനം : ആമ്മീൻ, അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

കർമ്മി : ഈ സമയത്ത് നാമെല്ലാവരുടെയും ബോധങ്ങളും...

ജനം : ഞങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ആയിരിക്കുന്നു.

കർമ്മി : ഭയഭക്തിയോടുകൂടെ കർത്താവിനു സ്തോത്രം...

ജനം : ഭയഭക്തിയോടുകൂടെ കർത്താവിനു സ്തോത്രം നൽകുന്നത് യുക്തവും ന്യായവുമാകുന്നു.

കർമ്മി : സ്തോത്ര പ്രാർത്ഥന.

മണിയും മർബഹാസായും കിലുക്കുന്നു.

ജനം : തന്റെ മഹത്ത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഉയരങ്ങളിൽ ഊശാന. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

അല്ലെങ്കിൽ

ശുദ്ധൻ, ശുദ്ധൻ, ശുദ്ധൻ
സർവ്വശക്തൻ യഹോവാ
തന്നുടെ മഹിമാവാൽ
വാനും... ഭൂവും... സംപൂ... രിതമാം
ഓ... ശാ... നാ... വാ... നിടത്തിൽ
കർത്തൻ തൻ ദിവ്യനാമത്തിൽ
വന്നോൻ ഇനി വരുവോൻ ധന്യൻ
ദൈവത്തിനു മഹത്ത്വം... വാ... നിടത്തിൽ.

കർമ്മി : അപ്പം വാഴ്ത്തുന്നു.

മണിയും മർബഹാസായും കിലുക്കുന്നു.

ജനം : ആമ്മീൻ





കർമ്മി : കാസാ വാഴ്ത്തുന്നു.

മണിയും മർബഹാസായും കിലുക്കുന്നു.

ജനം : ആമ്മീൻ

കർമ്മി : രക്ഷാകര പ്രവർത്തനങ്ങളെക്കുറിച്ചുള്ള അനുസ്മരണ.

പ്രധാന ശുശ്രൂഷകൻ കുന്തുരുക്കം ഇടുവിക്കുന്നു.

ജനം : ഞങ്ങളുടെ കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു. നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഏറ്റു പറയുന്നു. നിന്റെ രണ്ടാമത്തെ വരവിനായി നോക്കിപ്പാർക്കുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരിലും ഉണ്ടായിരിക്കണമേ.

അല്ലെങ്കിൽ

നിൻ മൃതി ഞങ്ങൾ നാഥാ
ഓർത്തുത്ഥാനത്തെയേറ്റോതി
നിൻ രണ്ടാം ആഗമനം കാക്കുന്നു
വാഴ്‌വരുളുക ഞങ്ങൾക്കായ് നീ.

കർമ്മി : പ്രാർത്ഥന

ജനം : സർവ്വശക്തിയുള്ള പിതാവായ ദൈവമേ, ഞങ്ങളോടു കരുണ ചെയ്യണമേ.

കർമ്മി : കൃതജ്ഞതാ പ്രാർത്ഥന

ജനം : ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിന്നോട് ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. നല്ലവനേ, ദയ തോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

## പരിശുദ്ധാത്മാവിന്റെ ആവസിപ്പ്

മണിയും മർബഹാസായും കിലുക്കുന്നു.

ശുശ്രൂ : ബാറെക്മോർ, എന്റെ വാത്സല്യമുള്ളവരേ, ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗമാകുന്ന ഉയരങ്ങ

ളിൽനിന്നു പ്രതാപത്തോടുകൂടി ഇറങ്ങി സമർപ്പിതമായിരിക്കുന്ന ഈ പരിശുദ്ധ കുർബാനമേൽ ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്ന ഈ സമയം എത്ര ദിവ്യവും ഭക്തിജനകവുമാകുന്നു. നിങ്ങൾ ഭയഭക്തിയോടുകൂടെ പ്രാർത്ഥിപ്പിൻ.

ജനം : ഞങ്ങൾക്കെല്ലാവർക്കും സമാധാനവും സംപ്രീതിയും ഉണ്ടാകണമേ.

കർമ്മി : കർത്താവേ, എന്നോടുത്തരമരുളണമേ...

ജനം : കുറിയേലായിസ്സോൻ, കുറി... കുറി...

മണിയും മർബഹാസായും കിലുക്കുന്നു.

കർമ്മി : പരിശുദ്ധാത്മാവ് ആവസിച്ച് ഈ അപ്പത്തെ...

ജനം : ആമ്മീൻ

മണിയും മർബഹാസായും കിലുക്കുന്നു.

കർമ്മി : അവൻ ഈ കാസായെ...

ജനം : ആമ്മീൻ

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ

ധൂപകലശം മാറ്റിവയ്ക്കുന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥനകൾ*

(ജനങ്ങൾക്ക് ഇരിക്കാവുന്നതാണ്)

### I

ശുശ്രൂ : ബാറെക്മോർ, നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭകളെ മേയിച്ചു ഭരിക്കുന്നവരായ എല്ലാ പിതാക്കന്മാർക്കുവേണ്ടിയും പ്രത്യേകിച്ചു നമ്മെ പരിപാലിച്ചു പോരുന്ന പരിശുദ്ധ പിതാവ്,

* വലിയ മദ്ധ്യസ്ഥ പ്രാർത്ഥനകൾ അനുബന്ധത്തിൽ നിന്നെടുത്ത് വായിക്കുക. (പേജ് : 218-222) വി. കുർബാന അർപ്പിക്കുന്നത് മേൽപട്ടക്കാരനാണെങ്കിൽ മദ്ധ്യസ്ഥപ്രാർത്ഥനസമയത്ത് വായനക്കാരന്റെ ഇടതുവശത്ത് മേൽപട്ടക്കാരന്റെ അംശവടി പിടിച്ചുകൊണ്ട് ശുശ്രൂഷകരിൽ ഒരാൾ നിൽക്കണം. മറ്റൊരാൾ വലതുവശത്ത് കത്തിച്ച തിരിയും പിടിക്കണം.





(......) മാർപാപ്പായ്ക്കുവേണ്ടിയും + നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് (ക്ലീമിസ്) കാതോലിക്കാ ബാവായ്ക്കുവേണ്ടിയും നമ്മുടെ അതിഭദ്രാസനത്തിന്റെ മേൽപട്ടക്കാരൻ ആബൂൻമോർ++ (......) മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും നമ്മുടെ മേൽപ്പട്ടക്കാരൻ ആബൂൻ മോർ (......) മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും സത്യവിശ്വാസികളായ എല്ലാ എപ്പിസ്ക്കോപ്പാമാർക്കുവേണ്ടിയും, കശ്ശീശന്മാർ, ശെമ്മാശന്മാർ, ദയറായക്കാർ മുതലായവർക്കു വേണ്ടിയും ക്രിസ്തീയ സഭ മുഴുവനുവേണ്ടിയും കർത്താവിനോട് നാം പ്രാർത്ഥിക്കണം.

ജനം : കുറിയേലായിസ്സോൻ

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ

### II

ശുശ്രൂ : ബാറെക്മോർ, വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ നമ്മുടെ സഹോദരങ്ങളെല്ലാവർക്കുവേണ്ടിയും പ്രത്യേകിച്ച് ഇപ്പോൾ പരീക്ഷയിലും ഞെരുക്കത്തിലും ഇരിക്കുന്നവർക്കു വേണ്ടിയും കർത്താവിനോടു നാം പ്രാർത്ഥിക്കണം.

ജനം : കുറിയേലായിസ്സോൻ

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ

\+ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ 'നമ്മുടെ സഭയുടെ തലവനും പിതാവും' എന്നതിനോട് ചേർത്ത് 'നമ്മുടെ മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായ്ക്കുവേണ്ടിയും ആബൂൻമോർ (......) എപ്പിസ്ക്കോപ്പായ്ക്കുവേണ്ടിയും' എന്ന് ചേർക്കണം.

++ ബത്തേരി, മൂവാറ്റുപുഴ, പൂത്തൂർ ഭദ്രാസനങ്ങളിൽപ്പെട്ട ഇടവകകളിൽ, തിരുവല്ലാ അതിഭദ്രാസനത്തിന്റെ മേൽപട്ടക്കാരന്റെ പേരുകൂടെ ചേർത്ത് വായിക്കണം.

## III

ശുശ്രൂ : ബാറെക്മോർ, നമ്മുടെ ഭരണാധികാരികൾക്കുവേണ്ടിയും അവർ നമ്മെ ശരിയായ മാർഗത്തിൽ നയിക്കുന്നതിനുവേണ്ടിയും കർത്താവിനോടു നാം പ്രാർത്ഥിക്കണം.

ജനം : കുറിയേലായിസ്സോൻ

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ

## IV

ശുശ്രൂ : ബാറെക്മോർ, ശുദ്ധിമതിയും ഭാഗ്യവതിയും അനുഗൃഹീതയും നിത്യകന്യകയും ദൈവമാതാവുമായ മറിയാമിനെയും, നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെയും, നിബിയന്മാർ, ശ്ലീഹന്മാർ, പ്രസംഗകർ, ഏവൻഗേലിസ്തന്മാർ, സഹദേന്മാർ, മൗദ്യാനന്മാർ എന്നിവരെയും നാം ഓർമ്മിക്കണം. അവരുടെ അപേക്ഷ നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോടു നാം പ്രാർത്ഥിക്കണം.

ജനം : കുറിയേലായിസ്സോൻ

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ

## V

ശുശ്രൂ : ബാറെക്മോർ, കുററമില്ലാത്തതും ശ്ലൈഹികവും ഏകവുമായ സത്യവിശ്വാസത്തെ പാലിച്ചു നമുക്കേല്പിച്ചു തന്നിട്ടുള്ള സകല വിശുദ്ധ പിതാക്കന്മാരെയും അംഗീകരിക്കപ്പെട്ട മല്പാന്മാരെയും നാം ഓർക്കണം. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോട് നാം പ്രാർത്ഥിക്കണം.

ജനം : കുറിയേലായിസ്സോൻ

കർമ്മി : പ്രാർത്ഥന





ജനം : ആമ്മീൻ

## VI

ശുശ്രൂ : ബാറെക്മോർ, സ്നേഹത്തിലും സത്യവിശ്വാസത്തിലും മരിച്ച് നമ്മിൽനിന്നു വേർപെട്ടുപോയ സകലരെയും നാം ഓർമ്മിക്കണം. കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും അവരെ യോഗ്യരാക്കുവാനും നമ്മെയും അവരെയും സ്വർഗരാജ്യത്തിൽ ചേർത്തുകൊള്ളുവാനുമായി കർത്താവിനോടു നാം പ്രാർത്ഥിച്ചു മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലണം.

ജനം : കുറിയേലായിസ്സോൻ, കുറി..., കുറി...

കർമ്മി : പ്രാർത്ഥന

ജനം : ദൈവമേ, സത്യവിശ്വാസത്തോടുകൂടെ ഞങ്ങളിൽനിന്നു വേർപിരിഞ്ഞ സകല മരിച്ചുപോയവരെയും ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമേ. മനസ്സോടും, മനസ്സു കൂടാതെയും, അറിവോടും, അറിവു കൂടാതെയും, തിരുമുമ്പിൽ ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള പിഴകൾ ക്ഷമിക്കണമേ.

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ, തന്റെ നാമം ആയിരുന്ന പ്രകാരം തന്നെ ഇരിക്കുകയും തലമുറ തലമുറയായി, കാലാകാലങ്ങളോളം സ്ഥിതി ചെയ്യുകയും ചെയ്യുന്നു.

കർമ്മി : നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം : അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

കർമ്മി ജനത്തെ ആശീർവദിച്ചു കഴിയുമ്പോൾ തിരശീലയിടുന്നു.

## അപ്പം മുറിക്കുന്ന ശുശ്രൂഷ

| | |
|---|---|
| * അൻപുടയോനേ, നിൻ വാതിൽ | ഹാ .. ഉ ഹാ ... |
| മുട്ടുന്നു ദാസർ നാദം | കുറിയേ... |
| ആവശ്യത്താൽ യാചിക്കും | ഹാ .. ഉ ഹാ ... |
| അടിയാരെ തള്ളീടല്ലേ | കുറിയേ... |
| അലിവൊടു ശിക്ഷിച്ചടിയാരെ | ഹാ .. ഉ ഹാ ... |
| അരിശം നീക്കികാക്കണമേ | കുറിയേ... |
| വാതിൽ തുറന്നീ പ്രാർത്ഥനയിൻ | ഹാ .. ഉ ഹാ ... |
| നാദം കേട്ടേകീടണമേ | കുറിയേ... |
| നിന്നെ വിളിക്കുന്നേ നാഥാ | ഹാ .. ഉ ഹാ ... |
| നിന്നുതവിക്കായ് ബലഹീനർ | കുറിയേ... |
| നല്ലവനേ കാരുണ്യത്താൽ | ഹാ .. ഉ ഹാ ... |
| നൽകണമേ യാചിപ്പുകളെ | കുറിയേ... |
| കർത്താവേ കാരുണ്യത്താൽ | ഹാ .. ഉ ഹാ ... |
| കനിവടിയാരിൽ ചെയ്യണമേ | കുറിയേ... |
| നന്മ നിറഞ്ഞോനേ, എന്റെ | ഹാ .. ഉ ഹാ ... |
| തിന്മകളെ നീ ഓർക്കരുതേ. | കുറിയേ... |

ശുശ്രൂ : സഹോദരങ്ങളേ, വീണ്ടും ദൈവമാതാവായ മറിയാമിനെക്കുറിച്ചും വിശുദ്ധന്മാരെക്കുറിച്ചും വിശ്വാസികളായ മരിച്ചു പോയവരെക്കുറിച്ചും നല്ല ഓർമ്മയുണ്ടാകുവാനായിട്ട് എല്ലായ്പ്പോഴും കർത്താവിനോട് നാം പ്രാർത്ഥിക്കണം.

ജനം : അവരുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ. ആമ്മീൻ

ശുശ്രൂ : നമ്മുടെ മിശിഹാതമ്പുരാനോട്, നമ്മുടെയും നമ്മുടെ പിതാക്കന്മാരുടെയും സഹോദരങ്ങളുടെയും പ്രഭുക്കന്മാരുടെയും ഗുരുക്കന്മാരുടെയും മരിച്ചുപോയവരുടെയും അന്യോന്യം നാം ഓരോരുത്തരുടെയും ആത്മാക്കൾക്കായി ധാരാളമായ അനുഗ്രഹങ്ങളും കരുണയും നാം യാചിച്ചു; വീണ്ടും യാചിക്കുകയും ചെയ്യുന്നു. ഇങ്ങനെ സകലത്തിനും ഉടയവനായിരിക്കുന്ന പിതാവായ ദൈവത്തെ നാം സ്തുതിക്കുകയും തന്റെ ഏകപുത്രനെ വന്ദിക്കുകയും ജീവനുള്ള പരിശുദ്ധ റൂഹായെ മഹത്വപ്പെടുത്തുകയും ചെയ്യണം. കരുണയുള്ള കർത്താവിന്റെ തൃക്കൈകളിൽ നമ്മുടെ ജീവനെ നാം ഭരമേല്പിച്ച് അവനോടു കരുണ യാചിക്കണം.

* മറ്റു ഗീതങ്ങൾ അനുബന്ധത്തിൽ കാണുക. (പേജ് : 222-224)





ജനം : കാരുണ്യവാനായ കർത്താവേ, നിന്റെ തൃക്കൈയിൽ ഞങ്ങളുടെ ജീവനെ ഞങ്ങൾ ഭരമേൽപ്പിക്കുന്നു. ഞങ്ങളോടു കരുണ ചെയ്യണമേ. നല്ലവനേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

അല്ലെങ്കിൽ

ശുശ്രൂ : കാരുണ്യവാനായ കർത്താവിന്റെ തൃക്കൈയിൽ നമ്മുടെ ജീവനെ നാം ഭരമേല്പിച്ച് കരുണ യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ, നിന്റെ തൃക്കൈയിൽ ഞങ്ങളുടെ ജീവനെ ഞങ്ങൾ ഭരമേല്പിക്കുന്നു. നല്ലവനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

ശുശ്രൂ : ബാറെക്മോർ, കർത്താവിനോടു നാം പ്രാർത്ഥിക്കണം.

ജനം : കുറിയേലായിസ്സോൻ

## കർതൃപ്രാർത്ഥന

എല്ലാവരും രണ്ടു കൈകളും ഉയർത്തിപ്പിടിച്ചുകൊണ്ട് ചൊല്ലുന്നു.

കർമ്മി : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,

ജനം : നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ

കർമ്മി : നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം : അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

ശുശ്രൂ : ബാറെക്മോർ, അർപ്പിക്കപ്പെട്ട വിശുദ്ധ രഹസ്യങ്ങളെ കൈക്കൊള്ളുന്നതിനുമുമ്പ് കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തലകുനിക്കണം.

ജനം : ഞങ്ങളുടെ കർത്താവും, ദൈവവുമേ, തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.

അടുത്ത പ്രാർത്ഥന തീരുന്നതുവരെ എല്ലാവരും തല വണങ്ങി നിൽക്കുന്നു.

കർമ്മി : ആശീർവാദ പ്രാർത്ഥന

ജനം : ആമ്മീൻ

കർമ്മി : നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.





ജനം : അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

കർമ്മി ആശീർവാദം നൽകുന്നു.
കുന്തുരുക്കം ഇടുവിക്കുന്നു.

ജനം : ആമ്മീൻ

ശുശ്രൂ : ബാറെക്മോർ, ഭയഭക്തിയോടെ നാം സൂക്ഷിക്കണം.

ജനം : കർത്താവേ, കരുണതോന്നി ഞങ്ങളെ അനുഗ്രഹിക്കണമേ.

പീലാസാ ഉയർത്തുമ്പോൾ മണിയും മർബഹാസായും കിലുക്കുന്നു.

കർമ്മി : വിശുദ്ധമായവ വിശുദ്ധിയും വെടിപ്പും ഉള്ളവർക്കു...

ജനം : പരിശുദ്ധനായ ഏക പിതാവും പരിശുദ്ധനായ ഏക പുത്രനും പരിശുദ്ധനായ ഏക റൂഹായും അല്ലാതെ പരിശുദ്ധൻ ഇല്ല. ആമ്മീൻ.

കാസാ ഉയർത്തുമ്പോൾ മണിയും മർബഹാസായും കിലുക്കുന്നു.

ജനം : ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും എന്നേയ്ക്കും സ്തുതി. ആമ്മീൻ.

കർമ്മി : തന്റെ കരുണയാൽ... നമ്മോടുകൂടെ.

ജനം : ആമ്മീൻ

മണിയും മർബഹാസായും കിലുക്കുന്നു.

കർമ്മി : തന്റെ തിരുമേനിയുടെ വിലയേറിയ പീഡാനുഭവത്താൽ... ... നമ്മോടുകൂടെ.

ജനം : ആമ്മീൻ

മണിയും മർബഹാസായും കിലുക്കുന്നു.

കർമ്മി : ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ സകലവും... ... നമ്മോടുകൂടെ.

മണിയും മർബഹാസായും കിലുക്കുന്നു.

ജനം : ആമ്മീൻ, കർത്താവിന്റെ തിരുനാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, കരുണ തോന്നി ഞങ്ങളെ സഹായിക്കണമേ.

അല്ലെങ്കിൽ

നാം ദൈവസുതന്മാരാവാ -
നായുഷ്ക്കാലത്തിൽ ചൊല്ലി
ത്തന്ന താതരെയോർക്കേണം.
നയവാന്മാർ പുണ്യപ്പെട്ടോ -
രൊന്നിച്ചേകുമവർക്കാശ്വാ -
സംസ്വർഗേ, പുത്രൻ ദൈവം.
മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ.

## ധൂപ പ്രാർത്ഥനകൾ

## I

## വി. ദൈവമാതാവ് (ബസ്മൽക്കോ)

### കുക്കിലിയോൻ

കുന്തുരുക്കം ഇടുവിക്കുന്നു.

കർമ്മി : നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ -ഹാ
നിൻ വലഭാഗേ രാജഭാമിനിയും

ജനം : നിന്നഴകരചൻ മോഹിപ്പാൻ ഹാ - ഹാ
നിൻ ജനമോർക്കായ്ക പിതൃഗൃഹവും.
ബാറെക്മോർ.





കർമ്മി : ശുബ്ഹോ ലാബോ...
ജനം : മെൻഓലം വാദാമ്മൊല് ...

### എക്ബോ

കർമ്മി : ഭക്തർ പുകഴ്ചാ ഭാജനമേ

ജനം : നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.
സ്തൗമെൻകാലൊസ് കുറിയേലായിസ്സോൻ.

### കോലോ - I

കർമ്മി : മന്നമകൾക്കായി ശ്ലോമ്മോ

ജനം : വന്നേകി ദൂതവരൻ
'നിന്നൊടുകൂടെൻ നാഥൻ നി -
ന്നിൽ തന്നുദയമതും'. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : അഖിലജഗൽപതിയെ നായക-
നായേററി ഘോഷിച്ചാൾ
അതിബഹുമാനിച്ചു മറിയാം
വലുതാം പടവായ്താൻ.
മൊറിയോറാഹേം അലൈൻ ഊ ആദാറൈൻ.

### കോലോ - II

*(ല്മറിയാം യൊൽദാസ് ആലോഹോ)*

കർമ്മി : ദൈവത്തിൻ മാതാ മറിയാമ്മിന്നും നിബിയ-

ജനം : ന്മാർക്കും ശ്ലീഹന്മാ-ർക്കും നൽ സഹദേന്മാർക്കും
സഭയിൻ മക്കൾക്കേവർക്കും കാലം തോറും
എന്നേക്കും നല്ലോരോർമയതുണ്ടാകട്ടെ.
ബാറെക്മോർ

കർമ്മി : ശുബ്ഹോ...

ജനം : തിരുവുള്ളത്താൽ കന്യകയാം മറിയാമ്മിന്നുൾ
ജാതനതായ് ജാതി-ക്കാരെ വഴിനേരാക്കി
രക്ഷിച്ചവൾ തന്നോർമയ്ക്കൗന്നത്യം ചേർത്ത

സുതനായ് സ്തോത്രം പ്രാ-ർത്ഥിക്കട്ടവൾ
ഞങ്ങൾക്കായ്. മൊറിയോ...

**കോലോ - III**

*(ദുഖറോനൊ ദു മറിയം)*

കർമ്മി : വാഴ്‌വായ് തീരണമേ. - മറിയാമിന്നോർമ്മ

ജനം : അവൾ പ്രാർത്ഥന ഞങ്ങൾക്കാത്മാ-വിനു കോട്ട.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : ദൈവാംബിക കന്യാ-മറിയാമിന്നായി
പരിമളധൂപചുരുൾ - വായുവിലുയരുന്നു.
മൊറിയോ...

**ബോവൂസോ**

കർമ്മി : മോറാനീശോ, കുരിശും നിൻ

ജനം : മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളെയും മായ്ച്ചീടേണം.

**അല്ലെങ്കിൽ**

*(ലോതെശ്ലേൻ ഓ കാദീശ്തോ)*

കർമ്മി : ഞങ്ങൾക്കായുള്ളർത്ഥന നീ

ജനം : നിർത്തീടരുതേ പരിശുദ്ധേ
ഏകാത്മജനോടർത്ഥിക്ക
ഞങ്ങളിലാർദ്രത തോന്നീടാൻ.

# II

## വിശുദ്ധർ (സാദീക്കോ)

### കുക്കിലിയോൻ

കുന്തുരുക്കം ഇടുവിക്കുന്നു.

കർമ്മി : നയവാൻ പനപോലെ തളിർത്തിടുമേ - ഹാ
വളരുമവൻ ലബനോൻ കാരകിൽപോൽ





ജനം : വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ - ഹാ
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

**എക്ബോ**

കർമ്മി : ഒരുപോലിങ്ങും മാർ (തോമ്മാ)

ജനം : വാനിലുമതുപോൽ നിന്നോർമ്മ
ഉതകണമേ നിൻ പ്രാർത്ഥന നിൻ
ഓർമ്മയെ ബഹുമാനിച്ചോർക്കായ്.
സ്തൗമെൻ...

**കോലോ - I**

കർമ്മി : പ്രാർത്ഥനയിൻ സമയമിതല്ലോ മാർ (തോമ്മാ)

ജനം : പതിവിൻപടി നിൻ കൂട്ടത്തലയായ് പ്രാർത്ഥിക്ക
ഇമ്പമെഴും നിൻ പാട്ടിൽ ശ്രദ്ധിച്ചീടും നിൻ
ആടുകളെ മൂശേപ്പോൽ തൃക്കൈ വാഴ്ത്തേണം.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : നിന്നെ വരിച്ചൊരു താതന്നും മാർ (തോമ്മാ)
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മുടി ചൂടിക്കുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും.
മൊറിയോ...

**കോലോ - II**

*(ന്ബിയേ കാദീശേ)*

കർമ്മി : നിർമ്മല നിബിമാരേ-രാജ്യസുത ശ്ലീഹന്മാരേ,

ജനം : പാപാബ്ധിയിലെങ്ങൾ-താഴായ്‌വാൻ പ്രാർത്ഥിപ്പിൻ
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : സൽ സഹദേന്മാരാം–ദൈവത്തിൻ ദാസന്മാരേ,
നിങ്ങടെ പ്രാർത്ഥനകൾ–കോട്ടകളെങ്ങൾക്കാകട്ടെ.
മൊറിയോ...

**കോലോ – III**

*(തൂബോ ലൻബീയെ)*

കർമി : ഭാഗ്യം നിബിയർക്കും –ഭാഗ്യം ശ്ലീഹർക്കും

ജനം : ഭാഗ്യം സഹദേർക്കും – പുനരുത്ഥാനദിനേ.
ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : മിശിഹായെ കാണ്മാൻ സഹദേരാശിച്ചു
വാളാൽ ചിറകേന്തി ഉന്നത പദമേറി.
മൊറിയോ...

**ബോവൂസോ**

കർമി : പരിശുദ്ധന്മാരേ, നിങ്ങൾ

ജനം : പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

# III

## ആചാര്യർ (കൊഹനെ)

### കുക്കിലിയോൻ

*കുന്തുരുക്കം ഇടുവിക്കുന്നു.*

കർമി : ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും ഹാ – ഹാ
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ
നിൻ ദാസൻ ദാവീദിനെയോർത്ത്

ജനം : നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ ഹാ–ഹാ
എൻ നിയമത്തേയും ഞാനുപദേശിക്കും
സാക്ഷ്യമിതും. ബാറെക്മോർ.





കർമി : ശുബ്ഹോ...

ജനം : മെൻഓലം...

**എക്ബോ**

കർമി : ശുചിയൊടു ശുദ്ധ്യാ ബെസ്ക്കുദിശാ

ജനം : സ്പർശിച്ചുള്ളാപ്പാദങ്ങൾ
പറുദീസിൻ വാതിൽപൂകി
വാനവരൊത്തു വസിക്കേണം.
സ്തൗമെൻ...

**കോലോ – I**

കർമി : ദൈവം സൃഷ്ടിച്ചാദത്തെ

ജനം : സ്രഷ്ടാവൊടു തുല്യം സൃഷ്ടി–
യായ് മൺമയനുദ്യാനത്തിൽ
തരുനിരയിൽ പോയ് വന്നീടു–
ന്നതു കാൺമാനുള്ളാനന്ദം
സൂക്ഷിച്ചുംകൊണ്ടേമേവി
കൂറുന്നീറേന്മാർ – മണ്ണിനുയർച്ചയിലാശ്ചര്യം.
ബാറെക്മോർ.

കർമി : ശുബ്ഹോ...

ജനം : ആദ്യാചാര്യത്വം കൈക്കൊ–
ണ്ടഹറോൻ മൂശയൊടൊന്നിച്ച്
സ്കറിയാവരെ നൽകി മൂശ
നിത്യാചാര്യനാമീശോ
സർവ ലോകോദ്ധാരണാർത്ഥം
നൽകി തൻ ശ്ലീഹന്മാർക്കും
നാനാ ഭൂമി വിഭാഗങ്ങൾക്കേകി ശ്ലീഹന്മാർ.

മെൻഓലം...

നിൻ ഗാത്രം കൈക്കൊണ്ടും നിൻ
രക്തത്താൽ പുണ്യപ്പെട്ടും
നിദ്രാപ്രാപ്തന്മാരോർക്ക–
പ്പെടണം സ്വർഗീയോർശ്ലേമിൽ
നീ സിംഹാസനമിതേറി

ദുഷ്ടരെ വേറാക്കുന്നേരം
സന്തുഷ്ടന്മാരാ-യവർ നിൻ വലമായ് നിൽക്കേണം.
മൊറിയോ...

**കോലോ - II**

കർമ്മി : നിർമ്മല മദ്ബഹായിൽ കർത്ത്യ -
സ്നേഹാൽ ശുശ്രൂഷിച്ചോരാം
വൈദികരെ പിൻചെല്ലും വ -
ന്നീറേന്മാർ ദേവാഗാരേ. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണം
മൊറിയോ...

**കോലോ - III**

കർമ്മി : നാഥാ, നൽകീടുക പുണ്യം - ഹാലേലുയ്യാ

ജനം : പള്ളികൾ ദയറാകളിൽ നിന്നെ ആയുഷ്ക്കാലേ
പരികർമ്മിച്ചോരാചാര്യർ ശെമ്മാശന്മാർക്കായ്
കരമതിൽ നിൻ തിരുമെയ് നിണമവരാഘോഷിച്ചാർ
കടമെല്ലാം നീങ്ങിടുവാനായ് മദ്ബഹായതിനുള്ളിൽ
നിൻ തിരുമെയ് അവർ പിഴപോക്കണമേ
തവരുധിരം പാപം മായ്ക്കണമേ
നിൻ വലഭാഗേ പാടുമവർ
നാഥാ, തേ സ്തോത്രം. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : ശ്ലീഹന്മാർ ശിരസ്സാം ശെമഓനോടായ് നാഥൻ
'കഹനൂസാ'* പരമുരചെയ്തോരതി മോഹനവചനം

* ആചാര്യത്വം





ഭവനവിചാരകനായ് നിന്നെ ഞാൻ നിയമിച്ചു
ഉയരാഴങ്ങടെ താക്കോൽകൾ നിൻ കൈകളിൽ നൽകി
നീ ബന്ധിച്ചാൽ ഞാൻ ബന്ധിക്കും
മോചിച്ചാൽ ഞാനും മോചിക്കും
പാപികൾ പേർക്കായ് യാചിക്കിൽ
നിൻ പ്രാർത്ഥന കേൾപ്പേൻ.'
മൊറിയോ...

**ബോവൂസോ**

*(ക്ലീലെ ഗ്ദീലിൻ)*

കർമ്മി : പരിചിൽ മുടഞ്ഞൊരു നൽമുടികൾ

ജനം : ബലിപീഠത്തിലിരിപ്പുണ്ട്
നിർമ്മലരായ് പരികർമ്മിപ്പോ-
രാചാര്യർക്കവ ചൂടീടും.

(വേറൊന്ന്)

*(മ്ശീഹോ ദീസൈക്)*

കർമ്മി : ആചാര്യേശാ, മ്ശിഹാ, കൂദാ-ശകളർപ്പിച്ചോ-

ജനം : രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം.

# IV

## പരേതർ (ആനീദേ)

## കുക്കിലിയോൻ

കുന്തുരുക്കം ഇടുവിക്കുന്നു.

കർമ്മി : മക്കളിലപ്പൻ കൃപ ചെയ്വതുപോലെ - ഹാ -
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും

ജനം : പുല്ലിനു തുല്യം നരനുടെ നാൾകളഹോ - ഹാ-
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

**എക്ബോ**

കർമ്മി : ശരണത്താലെ നിൻ കൃപയിൽ

ജനം : മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്
സ്തൗമെൻ...

*തിരശീല ഇടുന്നു.*

**കോലോ – I**

കർമ്മി : ഉയിരേകുന്നോൻ രാജാ –

ജനം : വുയരത്തിൽ നിന്നെഴുന്നെള്ളി
ജീവൻ മൃതരാ –
മേവർക്കും നല്കുന്നു
കബറുകളുള്ളിൽ നിന്നിങ്ങ –
വരവരുയിരോടെഴുന്നേറ്റു
ഉയിരേകും നി–ന്നെ
സ്തുതി ചെയ്തീടുന്നു. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : "എന്റെ ശരീരം ഭക്ഷി –
ച്ചെൻ രക്തം പാനം ചെയ്‌വോൻ
പാതാളത്തിൽ പോകാനായ് വിടാ ഞാൻ
എന്നുമവൻ ജീവിപ്പാ–
നങ്ങെത്തീട്ടു മരിച്ചതു ഞാൻ"
എന്നും കർത്താ–തന്നരുളിന്നു മഹത്ത്വം.
മൊറിയോ...

**കോലോ – II**

കർമ്മി : രക്ഷകനേ നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ

ജനം : വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീക്കി ജീവിപ്പി–
ച്ചണിയിക്കുക നിന്നെ നോക്കുന്നവരിൽ കാന്തി.





ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മൃതരെ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ
മുകിലഴകിൻ മേലാഘോഷിതനായീടുന്നു.
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി–
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.
മൊറിയോ...

**കോലോ – III**

കർമ്മി : ലോകം രണ്ടിലുമധികാരം

ജനം : ഏന്തുന്നവനേ നിൻ സ്ലീബാ
കാക്കണമേ ജീവിപ്പവരെ
മൃതരെ പാവനരാക്കണമേ. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : സംസ്കാരം ചെയ്യപ്പെട്ടോർ
മൃതരെ ഉയിർപ്പിക്കുന്നവനേ
അങ്ങേയ്ക്കായ് സ്തുതി താതന്നും
സ്തോത്രമതാത്മനുമുണ്ടാക.
മൊറിയോ...

**ബോവൂസോ**

കർമ്മി : മരമതിനുയരെക്കർത്താവേ
കള്ളനുകിട്ടിയ നിന്റെ വരം
ത്രിത്വത്തെ സ്തുതി ചെയ്തോരാം
മൃതരും കൈക്കൊണ്ടീടേണം.

**അല്ലെങ്കിൽ**

കർമ്മി : തൻ മരണത്താൽ–മരണത്തെ

ജനം : ജീവിപ്പിച്ചവനാം ദൈവസുതാ
സ്തുതി ദൈവത്തിന്നെന്നാർക്കാൻ
അടിയാരെ പൂഴീന്നേററണമേ.

*കുന്തുരുക്കം ഇടുവിക്കുന്നു*

ശുശ്രൂ : നാം ശബ്ദമുയർത്തിപ്പറയണം.

ജനം : പിതാവും പുത്രനും പരിശുദ്ധ റൂഹായുമായവൻ വന്ദിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനുമാകുന്നു. ആദിമുതൽ തലമുറ തലമുറകൾ വരെയും തനിക്കു സ്തുതി, ഹാലേലുയ്യാ.

തിരശീല നീക്കുന്നു, ശുശ്രൂഷകർ കത്തിച്ച തിരികൾ പിടിക്കുന്നു, മണിയും മർബഹാസായും കിലുക്കുന്നു.

കർമ്മി : ഞങ്ങളുടെ രക്ഷയ്ക്കായി വന്നവനും...

ജനം : ആമ്മീൻ

മണിയും മർബഹാസായും കിലുക്കുന്നു.

കർമ്മി : എന്നേക്കും ഞങ്ങളുടെ കർത്താവും...

ജനം : ആമ്മീൻ

മണിയും മർബഹാസായും കിലുക്കുന്നു.

കർമ്മി : മഹോന്നത ദൈവവും നമ്മുടെ...

ജനം : ആമ്മീൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, ദയ തോന്നി ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, ഉത്തരമരുളി ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ ശരണവുമേ, എന്നേക്കും നിനക്കു സ്തുതി. ബാറെക്മോർ.

അല്ലെങ്കിൽ

നാഥാ കൃപ ചെയ്യണമലിവാൽ
കൃപ ചെയ്യണമുത്തരമരുളി
കൃപ ചെയ്യണമേ നിനക്കു സ്തുതി
കൃപ ഞങ്ങളിലുണ്ടാകട്ടെ. ഹാലേലുയ്യാ.

വിശ്വാസികൾ വി. കുർബാന സ്വീകരിക്കുന്നു.





## വി. കുർബാന കൊടുക്കുമ്പോൾ ചൊല്ലുന്ന ഗീതം

(റീശൈ കൊഹനെ)

മേല്പട്ടക്കാർ - പട്ടക്കാരൊടു - ശെമ്മാശന്മാർ
കർത്താവിവരെ - നിയമിച്ചാക്കി - ഭൂമിയതിങ്കൽ
അണിയിച്ചാരവ - രനിശം തന്നുടെ സഭയെയിവിടെ
അനവരതം ചെ - യ്തേറ്റി വസിക്കും - സ്തുതികളതാലെ.
വിണ്ണിൻനായക - നാം തൻ നാഥ - രഹസ്യങ്ങളതായ്
മണ്ണിൻ വിളവുകൾ - പട്ടക്കാരൻ* - കാഴ്ചയണച്ചു.
തന്നുടെ പക്കലിറങ്ങി വരാനാ - യാത്മാവിനെ
നിന്നുവിളിച്ചീ - ടുന്നകമെ നൽ - ശരണത്താലെ.

അവനെ നിയമി - ച്ചോരാത്മാവോ - നിസ്സംശയമായ്
ആഘോഷത്താ - ലപ്പം തന്നിലി - റങ്ങി വസിച്ച്
അതിനെ ഗാത്രവു - മാക്കാസായെ - രക്തവുമാക്കും
അട്ടഹസിച്ചീ നാം ചൊല്ലീടുക - കുറിയേലായിസ്സോൻ.
കുറിയേ... കുറിയേ... കുറിയേലായിസ്സോൻ

(ഹൗ ദുനൂറോനെ)

അഗ്നിമയന്മാ - രാരെ നോക്കിൽ - വിറച്ചീടുന്നു
അവനെ മേശയിലപ്പം വീഞ്ഞായ് നീ കാണുന്നു
ആരെ മിന്നലു - ടുത്തവർ നോക്കുകിലെരിയുന്നുടനെ
അവനെ മൺമയർ - ഭക്ഷിച്ചു മുഖം തെളിയുന്നേററം

എരിതീ പുത്രരഹസ്യങ്ങളഹോ - വിണ്ണവരിടയിൽ
ഏശായാ താൻ കണ്ടിവ നമ്മൊടു - സാക്ഷിക്കുന്നു.
ദൈവത്വത്തിൻ - മടിയിലിരിപ്പൂ - രഹസ്യങ്ങളിവ
ഏവം മേശയിലാദാമ്യർക്കായ് - ഭാഗിക്കുന്നു.

ക്രോബേൻമാരുടെ - തേരതുപോലെ - സ്ഥിരമീ മദ്ബഹാ
സ്വർഗത്തിൻ സേ - നകളുണ്ടതിനെ - ച്ചുററിക്കൊണ്ട്

* വി.കുർബാന അർപ്പിക്കുന്നത് മേൽപട്ടക്കാരനെങ്കിൽ "മേൽപട്ടക്കാരൻ" എന്നു മാറ്റി ചൊല്ലണം.

ദൈവസുതൻ തിരു - മേനിയതല്ലോ - മേശയിലിവിടെ
കൈകളിലാദാം - മക്കളെടുത്താ - ഘോഷിക്കുന്നു.

പട്ടുധരിച്ചവ - നൊപ്പം നിന്നിഹ - വേണ്ടുന്നോർക്കായ്
പട്ടക്കാരൻ - മാണിക്യങ്ങളെ - വിതറീടുന്നു.
വാനവരിടയില - സൂയാദോഷം - പാടുണ്ടെങ്കിൽ
മാനുഷസുതരോ-ടാ ക്രോബേന്മാ - ർക്കുണ്ടതു നൂനം

കുരിശിപ്പാനായ് - സുതനെ, സെഹിയോൻ - നാട്ടി മരത്തെ
കുഞ്ഞാടതിനെ - ജനിപ്പിച്ചൊരു മര - മുണ്ടായവിടെ.
എവിടെ പുത്രൻ കൈകളിലാണി - തറയ്ക്കപ്പെട്ടു
ഇസഹാക്കിന്റെ - കെട്ടുകളെ ഛേ - ദിച്ചതുമവിടെ

തന്നെജമാനൻ തൻദിവ്യരഹ - സ്യങ്ങളെയേവം
താൻ കൈക്കൊണ്ടു - വലംകൈയാലെ - ജീവനതായി
പങ്കിട്ടെല്ലാ - വർക്കായിട്ടും - നൽകീടുന്ന
പട്ടക്കാരാ - വന്നീടുക സമാ - ധാനത്താലെ.

അമലമതാം ധൂ - പത്തിൻ കലശ - ത്തെക്കൈക്കൊണ്ട്
അതിനുടെ നല്ലൊരു - സൗരഭ്യത്തെ - ധൂപിപ്പിച്ചി -
ട്ടതിനാലങ്ങനെ - ലോകത്തെയാ - നന്ദിപ്പിക്കും
പട്ടക്കാരാ,* വന്നീടുക സമാ - ധാനത്താലെ.

ഭൂമിയതിങ്കൽ - തന്നാലൊരുവൻ - കെട്ടപ്പെട്ടാൽ
ആ മനുജൻ വി - ണ്ണുലകം തന്നിൽ - കർത്താവാലും
കെട്ടപ്പെട്ടവ - നാമെന്നുള്ളൊരു - പട്ടക്കാരാ,
വന്നീടുക സമാ - ധാനത്താലെ - ഹാലേലുയ്യാ.

ആഴമതിങ്കൽ തന്നാലൊരുവ - നഴിക്കപ്പെട്ടാൽ
ആ മനുജൻ താനുയരം തന്നിൽ കർത്താവാലും
അഴിക്കപ്പെട്ടവനാമെന്നുള്ളൊരു - പട്ടക്കാരാ,
വന്നീടുക സമാധാനത്താലെ - കുറിയേലായിസ്സോൻ

കുറിയേ... കുറിയേ... കുറിയേലായിസ്സോൻ.





## വേറൊന്ന്

(മാർ ബാലായിയുടെ ബോവൂസോ)

രക്ഷകനുരചെയ്താ-നെൻ മെയ് രക്തങ്ങൾ
കൈക്കൊള്ളുന്നോരിൽ-വാസം ചെയ്യും ഞാൻ.

വിശ്വാസാൽ ശുദ്ധ്യാ-യെന്നെ കൈക്കൊണ്ടു
കല്പന കാക്കുന്നോൻ എൻ സ്നേഹിതനല്ലോ.

ഗാത്രം ഭക്ഷണമാം - രുധിരം കാസായാം
അവ കൈക്കൊൾവോനിൽ-വാസം ചെയ്യും ഞാൻ.

ആത്മാവിനു മുക്തി-നേടാൻ പുണ്യമെഴും
രക്തശരീരങ്ങൾ-രക്ഷകനേ! നൽക.

താവക ഗാത്രത്താൽ-പരിഹാരം നേടി
നിശ്ചയമായ് ജീവൻ-പ്രാപിക്കും ഞങ്ങൾ.

രക്തശരീരങ്ങൾ-കൈക്കൊണ്ടതുമൂലം
അന്ത്യദിനേ ഞങ്ങൾ-വിധിയേററീടരുതേ.

തവമെയ് രക്തങ്ങൾ-ഉൾക്കൊണ്ടോർ ഞങ്ങൾ
വിധിയും ദണ്ഡനവും- നേടരുതേ നാഥാ!

നിൻമെയ് രക്തങ്ങൾ-ഞങ്ങൾക്കച്ചാരം
തന്നതിനാൽ വിധിയിൽ-നാഥാ! ചേർക്കരുതേ.

അംഗങ്ങളിലവയെ-നിക്ഷേപിക്കുകയാൽ
ഉയിരേകിയ നാഥാ!-വന്ദിക്കുന്നടിയാർ.

സത്യം കാക്കുന്നോ-രുത്തമ വിധി നാഥാ!
കടമെല്ലാം പോക്കി-വിധിയൊഴിവാക്കണമേ.

## വേറൊന്ന്

(ബാറാലോഹോ)

തിരുബലിയാൽ - പാപികളെ രക്ഷിച്ചൊരു ദൈവസുതാ,
നിൻ ബലിയാലെ കഷ്ടത മായ്ച്ചെൻ - ക്ലേശമകററൂ

ഗോഗുൽത്തായിൽ - മാർവ്വുതുറന്നോരുത്തമനേയെൻ
ദാഹം നീക്കീട്ടൊഴുകിയ നീരാൽ ചോരയതാലും.

അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും, തന്റെ മാതാവിന് മഹിമയും, സഹദേന്മാർക്കു പുകഴ്ചയുടെ കിരീടങ്ങളും മരിച്ചുപോയവരുടെമേൽ കരുണയും ദയയും ഉണ്ടായിരിക്കട്ടെ. ഹാലേലുയ്യാ.

**അല്ലെങ്കിൽ**

സ്തുതി ദൈവത്തിന്നുയരത്തിൽ
തൻമാതാവിന്നുന്നതിയും
മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക. ഹാലേലുയ്യാ.

## വി. ദൈവമാതാവിന്റെ പെരുന്നാളുകളിൽ

ഉണ്ടാ-കട്ടെ നല്ലോർമ്മ
നാഥാ നിന്നുടെ ജനനിയാം
കന്യക മറിയാമിന്നെന്നും
അവൾ യാചന തുണയാകട്ടെ. ഹാലേലുയ്യാ.

## വിശുദ്ധരുടെ പെരുന്നാളുകളിൽ

ഉണ്ടാ-കട്ടെ നല്ലോർമ്മ
നയവാന്മാർ താതന്മാർക്കും
വിശ്വാസികൾ മല്പാന്മാർക്കും
അവർ യാചന തുണയാകട്ടെ. ഹാലേലുയ്യാ.

## മേൽപട്ടക്കാരൻ വി. കുർബാന അർപ്പിക്കുമ്പോൾ

ഉണ്ടാ-കട്ടെ നല്ലോർമ്മ
മോറാൻ മോർ (......) പാപ്പാ
മോറാൻ മോർ (ബസേലിയോസ്)
ആബൂൻ മോർ (......)
അവർ യാചന തുണയാകട്ടെ. ഹാലേലുയ്യാ.

കർമ്മി : എന്നേക്കും ഞങ്ങളുടെ കർത്താവും...





കർമ്മി ത്രോണോസിലേക്കു തിരിയുമ്പോൾ
മണിയും മർബഹാസായും കിലുക്കുന്നു.

ജനം : ഭൂവാകെ നമിക്കും നിന്നെ
എല്ലാ നാവും സ്തുതി പാടും
കബറടഞ്ഞോർ നൽ ശരണം നീയേ
മൃതർ തന്നുയിർപ്പും നീ തന്നെ, ഹാലേലുയ്യാ.

**അല്ലെങ്കിൽ**

ഭൂലോകം നിന്നെ കുമ്പിട്ടു വന്ദിക്കും. സകല നാവുകളും തിരുനാമത്തിനു സ്തോത്രം നല്കും. എന്തെന്നാൽ നീ മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനും കബറടക്കപ്പെട്ടവരുടെ പ്രത്യാശയുമാകുന്നു. ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുകയും ഞങ്ങളോടുള്ള നിന്റെ കൃപയ്ക്കു നന്ദി പറയുകയും ചെയ്യുന്നു.

## കൃതജ്ഞതാ പ്രാർത്ഥനകൾ

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ

കർമ്മി : നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം : അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

ശുശ്രൂ : കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം.

ജനം : ഞങ്ങളുടെ കർത്താവും ദൈവവുമേ, തിരുമുമ്പാകെ ഞങ്ങൾ തലകുനിക്കുന്നു.

കർമ്മി : പുത്രനായ ദൈവത്തോടുള്ള പ്രാർത്ഥന

ജനം : ആമ്മീൻ. ബാറെക്മോർ.

## ഹൂത്തോമ്മോ

ജനം : കാഴ്ചയിതിൽ കർത്താവേ, നിൻ
തിരുവുള്ളം തുഷ്ടിപ്പെട്ട്
നല്ലവരാം മൃതർ പുണ്യപ്പെ -
ട്ടീറയരാനന്ദിക്കേണം.

അല്ലെങ്കിൽ

യേശു പിതൃസുതനേ ഞങ്ങളെ തുണയ്ക്കണമേ
യേശു മറിയസുതാ, ഞങ്ങളെ കാക്കണമേ

യേശു ബലമേകി യേശു പാലിക്ക
യേശു ദോഷിയെ ഞങ്ങളിൽ നിന്നകററണമേ
യേശു പരിഹരിക്ക ഋണകന്മഷമെല്ലാം
യേശു വിധിദിവസം ദയയിങ്ങേകണമേ.

അല്ലെങ്കിൽ

മാതാവു യാചിക്കും പരിശുദ്ധന്മാരും
നാഥാ, പുണ്യം നൽകിങ്ങും മരിച്ചോർക്കും.

കർമ്മി : സഹോദരങ്ങളും വാത്സല്യഭാജനങ്ങളുമേ...

ജനം : ആമ്മീൻ

കർമ്മി : ദൂരസ്ഥരും സമീപസ്ഥരും...

ജനം : ആമ്മീൻ

കർമ്മി : ബലഹീനനും പാപിയുമായ ഈ ദാസൻ*...

ജനം : ആമ്മീൻ. കർത്താവ് അങ്ങയുടെ കുർബാന സ്വീകരിക്കുകയും അങ്ങയുടെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യട്ടെ.

തിരശീല ഇടുന്നു.

* ഈ ദാസൻ എന്നു പറയുമ്പോൾ എല്ലാവരും 'ബഹുമാനപ്പെട്ട പട്ടക്കാരാ', മേൽപട്ടക്കാരനാണെങ്കിൽ 'വന്ദ്യപിതാവേ' എന്നു പറയുന്നു.





## ഉപകാരസ്മരണ

എന്റെ കടങ്ങളശേഷം നിൻ
കൃപയാൽ മായിച്ചീടണമേ
എൻ പാപങ്ങളെയും നീക്കി
പുണ്യമെനിക്കേകീടണമേ.

രക്ഷക, മിശിഹാ രാജാവേ
തിരുരഹസ്യം പൂജിച്ചതിനാൽ
നിൻ പ്രിയ സിദ്ധന്മാരൊപ്പം
നിൻ സ്നേഹിതനാക്കണമെന്നെ.

കർത്താവേ, നിന്നുടെ നിത്യ -
രാജ്യമതാകും സ്വർഗത്തിൽ
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും
നിന്നെ ഞാൻ ശുശ്രൂഷിക്കും.

നിത്യസ്തുതി കർത്താവിന്നും
വിധിദിവസം കൃപ നിങ്ങളിലും
ന്യായാധിപതിക്കാർദ്രതയി -
പ്പാതകനിലുമുണ്ടാകട്ടെ.

കൃപയുള്ളവനാം കർത്താവേ,
കൃപയെൻ മേലുണ്ടാകണമേ
കൃപയുണ്ടാവുക മടിയനതാം
എൻമേൽ കൃപയുണ്ടാകണമേ.

ഇക്കുർബാനയണച്ചുള്ളോ -
രിപ്പട്ടക്കാരൻ മേലും*
ഈ ശുശ്രൂഷകർ തൻമേലും
ഒരുപോൽ കൃപയുണ്ടാകണമേ.

* മേൽപ്പട്ടക്കാരനാണ് വി. കുർബാന ചൊല്ലുന്നതെങ്കിൽ, 'ഈ വന്ദ്യപിതാവിന്മേലും' എന്നു ചൊല്ലണം.

## കോലൊ

(ലൊൽദീനോ)

മോറാനേശു മിശിഹാ
ഉൾക്കൊണ്ടോരീ നിൻ മെയ്യും തിരുരക്തമതും
ശിക്ഷാപ്രതികാരങ്ങൾക്കായ്
തീരാതെ കുറ്റങ്ങളറാനുതകീടണമേ
നിൻ വലമതിൽ നിൽക്കുന്നതിനും
ഹാലേലുയ്യാ - ധൈര്യസമേതം.

നിൻ മോദത്താഴ്‌വരയിൽ കുടിപ്പിക്കും - നീയവരെ
കർത്താവേ, ഞങ്ങൾ ഭക്ഷിച്ചീ നിൻ മെയ്യും
വിശ്വാസത്താൽ പാനം ചെയ്തോ -
രുയിരേകും രക്തമതും തീ നരകത്തിൽ
പാലമതായ് തീർന്നേകണമേ
ഹാലേലുയ്യാ ജീവൻ നിത്യം. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ശിഷ്യന്മാർക്കായമ്മാളികയിൽ തൻ തിരുമേനി
ഖണ്ഡിച്ചാദാമ്യരുടെ
രക്ഷയ്ക്കും പുണ്യത്തിനുമായ് തൻ രക്തത്തെ
കാസാ തന്നിൽ ചേർത്തൊരു
ഹാലേലുയ്യാ സുതനായ് സ്തോത്രം.

പുതുജീവൻ നിന്നൊടു കൈക്കൊണ്ടോരാ കൈകൾ
അവസാനദിനെ - വിധിസമയ
ത്തെരിതീയിൻ രൂക്ഷതയിങ്കൽ ഞെട്ടീടല്ലേ
നിൻ ശൈത്യം കൊണ്ടവ താനേ
ഹാലേലുയ്യാ - നീട്ടപ്പെടണേ.

ജനം : മെൻഓലം...





ഗോഗുൽത്തായിൽ രക്ഷകനാ വൃക്ഷത്തിന്മേൽ
വച്ചങ്ങു മരിച്ചോർ നെടുവീർ-
പ്പിൻ ശബ്ദം കേട്ടിട്ടിളകി പാതാളത്തിൽ
ചെന്നവരുടെ നുകമതൊഴിച്ചു
ഹാലേലുയ്യാ മോദിപ്പിച്ചു.
മൊറിയോ...

കർമ്മി : കർത്താവേ, നിന്റെ ദാസന്മാർക്കും ദാസികൾക്കും...

ശുശ്രൂ : പാപം ചെയ്ത റൂബേലിനു മൃഗങ്ങളുടെ രക്തത്താൽ മോശ ജീവൻ കൊടുത്തെങ്കിൽ വിശ്വാസികളായ മരിച്ചുപോയവർക്കുവേണ്ടി അർപ്പിക്കപ്പെടുന്ന ജീവനുള്ള ബലിയാൽ അവർ എത്ര അധികമായി നീതീകരിക്കപ്പെടും!

ജനം : കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, ദയ തോന്നി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, ഉത്തരമരുളി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ ശരണവുമേ എന്നേക്കും നിനക്കു സ്തുതി.

ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...

കൃപനിറഞ്ഞ മറിയമേ, നിനക്ക് സമാധാനം...

❖

# അനുബന്ധങ്ങൾ

## 1

### വിശുദ്ധ കുർബാനയിൽ
### മാറിവരുന്ന ഗീതങ്ങളും പ്രാർത്ഥനകളും

### ഏവൻഗേലിയോന് മുൻപുള്ള ഗീതം

ഹാലേലു-യ് ഹാലേലുയ്യാ
സ്തുതിയാം ബ-ലികളണച്ചിടുവിൻ
കർത്താവി-നു പ്രിയരേ നിങ്ങൾ
ശുചിയേറും കാഴ്ച-കളോടെ
തൻ പ്രാകാ-രങ്ങളിലേറി
കർത്താവി-നെ വ-ന്ദിച്ചിടുവിൻ
പാവന മ-ദ്ബഹായിൻ മുമ്പിൽ
ഹാലേലു-യ് ഹാലേ-ലുയ്യാ

### ഏവൻഗേലിയോൻ കഴിഞ്ഞ്
### ഗീതത്തിനുപകരം ചൊല്ലാവുന്നത്

ഞങ്ങളുടെ കർത്താവേശുമിശിഹാ, നീ ഞങ്ങൾക്കു നൽകിയിട്ടുള്ള ജീവന്റെ വചനങ്ങൾക്കുവേണ്ടി നിന്നെയും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ അയച്ച നിന്റെ പിതാവിനെയും, ഞങ്ങളെ ജീവിപ്പിക്കുന്ന നിന്റെ പരിശുദ്ധ റൂഹായേയും ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

### ഏവൻഗേലിയോൻ കഴിഞ്ഞ് ചൊല്ലാവുന്ന മറ്റു ഗീതങ്ങൾ

#### വിശുദ്ധന്മാരുടെ ഓർമ്മദിവസങ്ങളിൽ

നിബി - യന്മാരും - ജാതികളോ
ടേവൻ - ഗേലിയോൻ
അറിയിച്ചാ ശ്ലീഹന്മാരും
നയവാന്മാർ, പുണ്യപ്പെട്ടോർ,
സഹദേന്മാർ, മൌദ്യാനന്മാർ,
ദൈവത്തിൻ മാതാ താനും





നല്ല മരിച്ചോർകളുമോർക്ക -
പ്പെട്ടീടുന്നിങ്ങവരുടെയാ
പ്രാർത്ഥന ഞങ്ങൾക്കെപ്പോഴും
കോട്ടയതായിത്തീരേണം.

#### മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളിൽ
*(പുലർകാലേ ഗിരിമുകളിൽ മൂശാ - എന്ന രീതി)*

മാർതോമ്മാ-നിന്നിൽ മോദിക്കും
സഭ നിൻ സ്മരണേ സ്തുതി പാടും,
ഈശനു നീ-പ്രീതിയണച്ചതിനാൽ
തൻ രാജ്യേ സിദ്ധരൊടൊന്നായ്
ആമോദം തേ നല്കീടും;
നിന്നോർമ്മയതിൻ ദിവസത്തിൽ
ഘോഷിക്കുന്നൊരു കൂട്ടത്തെ
സന്തോഷിപ്പിച്ചീടേണം
സന്ദർശിച്ചേകു സഹായം.

#### അനുതാപത്തിന്റെ കാലങ്ങളിൽ

എല്ലാം ഞാൻ പരിശോ-ധി-ച്ചേൻ
ദൈവാശ്രയമതിനെ - ക്കാ - യിൽ
വലുതായി - ഇല്ലൊന്നും
അതിൽ പ്രിയൻ താ-ൻ ധന്യൻ
സ്നേഹിച്ചതിനെ യൌസേഫ് - മിസ്രേം രാജാ - വായി
സ്നേഹിച്ചതു മൂശ റബി, സമുദ്രത്തെ ഭാഗിച്ചു
ഹാനനിയാ - ബാലർ സ്നേഹിച്ചതിനെ
തീച്ചൂളയിൽനിന്നും - രക്ഷ - പ്പെട്ടാർ
കനകത്തെക്കാൾ മോ-ഹ-നീ-യം
തേൻകട്ടേക്കാൾ-മാധു-ര്യം
ദൈവത്തെ - ഭജിപ്പോൻ - അവൻ തന്നെ ധന്യൻ.

#### കൂദോശ് ഈത്തോ ഞായർ

മൂശയെ ആ - സകലേ - ശൻ
മുള്ളുമരത്തിൽ നിന്ന്
അങ്ങു വിളിച്ച - രുൾചെയ്തു

കൂടാര - ത്തിൻമേലും
കൂടെയതി - ന്നുള്ളതിലും
കൈക്കൊണ്ടെന്ന - ധികാരം
ഹാലേ - ലുയ്യാ ഉഹാലെ - ലുയ്യാ
കഹനൂസാ* നടത്തുക നീ.

**ഹൂദോസ് ഈത്തോ ഞായർ**

ശുദ്ധതയിൻ ശുദ്ധതലം
കയറുമോരാ - വൈദികരെ
പറക വിളി-ച്ചീവണ്ണം:
അഴകൊടു കൈ - കഴുകി വെടി -
പ്പാക്കുവിനു - ശ്ക്കാമ്പുകളെ
പൂകിയഹോ - മദ്ബഹായിൽ
ഹാലേ - ലുയ്യാ ഉ ഹാലേ - ലുയ്യാ
തീയിനല്ലോ പരിചരിപ്പൂ.

തീയല്ലോ ഇമ്മദ്ബഹാ
തീ തന്നെ - പൂജയിതും
തീയിതിനെ - ചുറ്റുന്നു
തീയിനല്ലോ പരിചരിപ്പൂ.
വൈദികരേ, നിങ്ങളിഹ
ഇത്തീയിൻ - ജ്വാലകളിൽ
ഹാലേ - ലുയ്യാ ഉ ഹാലേ - ലുയ്യാ
എരിയായ്വാൻ സൂക്ഷിപ്പിൻ.

**സഖറിയായ്ക്കുള്ള സന്ദേശത്തിന്റെ ഞായർ**

പരിശുദ്ധാ - ലയമുള്ളിൽ
സ്കറിയാ - തൻ ധൂപത്തെ
കൈക്കൊണ്ട - കർത്താവേ,
നിൻ ദാസ - ന്മാരെ - നിന
ച്ചിന്നടിയാ - രണയ്ക്കുന്ന
ഈ ധൂപം - കൈക്കൊണ്ട്
ഹാലേ - ലുയ്യാ - ഉ ഹാലേ - ലുയ്യാ
ഇജ്ജനത്തിൽ - നിരക്കണമേ.

* ആചാര്യത്വം





**വി. ദൈവമാതാവിനോടുള്ള അറിയിപ്പു ഞായറാഴ്ചയും, മാർച്ച് 25-ാം തീയതിയും**
(ഉടയോൻ നാഥാ, ഗിരിസീന - എന്ന രീതി)

ദൈവജനനീ
ധന്യേ കന്യകയേ
പരിമള ധൂപത്തോ -
ടൊന്നിച്ചെന്നും നിന്നോർമ്മ
മാതേ നിന്നുടെ പ്രാർത്ഥനയാൽ
ലോകവ്യാപകമാം ശാന്തി
തിരുസഭ തന്നിൽ സംപ്രീതി
ഇവയെല്ലാം ഉളവാക്കീടണമേ.

**യൽദാ പെരുന്നാൾ**

ജീവാഹാരം ഞാൻതന്നെ നാഥൻതാൻ ചൊല്ലി
ഉയരേനിന്നായ് ഞാൻ വന്നു രക്ഷിപ്പാൻ ലോകം
അയച്ചുതാതൻ വചനമതാം എന്നെ
കർഷകനെപ്പോൽ ഗബ്രിയേൽ വിതച്ചു
സൽഭൂമറിയാം ഗർഭേ ഞാൻ റൂഹായാൽ ജാതനായ്
ദൂതന്മാരവർ ചെയ്യുംപോൽ, ആചാര്യർ കൈകളിൽ
ഹാലേലുയ്യാ... ഘോഷിക്കുന്നെന്നെ.

**ദനഹാ മുതൽ മൂന്നു നോമ്പുവരെയുള്ള ഞായറാഴ്ചകളിൽ**
(കൂക്കോയോ)

ചേർത്തു-സലിലം യോഹന്നാൻ സ്നാനം നൽകാൻ
മിശിഹാ സ്വ-സ്നാനത്താലതു പരിപാവനമാക്കി
നീരിൽനിന്നും തീരത്തേറുമ്പോൾ
മാനിച്ചൊരുപോൽ അവനിയുമംബരവും
പകലോൻ പനിമതികൾ കൂപ്പി മുകിലുകൾ സ്തുതിപാടി
അവനീ-ശുദ്ധീകരണാർത്ഥം വെള്ളത്തെ വാഴ്ത്തി
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ.

## വി. കന്യക മറിയാമിന്റെ ഓർമ്മപ്പെരുന്നാളുകളിൽ

(കൂക്കോയോ)

സ്വർഗത്തിന്റെ വാതിൽക്കൽ മറിയാം സ്ലീബായെ
തൃക്കൈ തന്നിലേന്തീട്ട് പുത്രനോടർത്ഥിക്കും
പുത്രാ, നിന്നെ - വഹിച്ചീ സ്ളീബായും
നിന്നിൽ തറച്ചോ - രീയാണി മൂന്നും
ചങ്കിൽ കുത്തിയ ചവളവുമോർത്തെൻ ഗോത്രത്തെ
അരിശം നീക്കിക്കാക്കേണം എന്നുമെന്നേക്കും
ഹാലേലുയ്യാ - സഭയിൻ മക്കളെ.

## മായൽത്തോ (ഫെബ്രുവരി 2)

*(ല്എൽമെൻ ശുപ്റേ ദാനോനേ - എന്ന രീതി)*

ഏറിയകാലം ഞാൻ പാർത്തു നിനക്കായി
ഇനിയും മൃത്യു രുചിപ്പാനായ് സ്വസ്ഥതയോടെ
അയയ്ക്കണമെന്നെയെ - ന്നുര ചെയ്താ ശിമയോൻ
യേശുവിനെ കൈകളിലേന്തി ആഘോഷിച്ചാൻ.

## സകല മരിച്ചുപോയവരുടേയും ഓർമ്മ (ആനീദെ)

(കൂക്കോയോ)

'കാഴ്ചകളർപ്പിപ്പീനെനിക്കായ്' ആത്മാവോതുന്നു
കർതൃശരീരം പോലൊന്നും തുണയേകീടില്ല
കരച്ചിൽ വിലാപം, കൊണ്ടെന്താം സാദ്ധ്യം!
കർതൃശരീരം തുണയേകുമെനിക്ക്
ലോകേശന്റെ സന്നിധിയിൽ, മിശിഹാ തിരുമുമ്പിൽ
എത്തി സ്വീകൃതനാകാൻ ഞാൻ ആചാര്യന്മാ -രേ,
ഹാലേലുയ്യാ എനിക്കായ് പ്രാർത്ഥിപ്പിൻ.

## പുരോഹിതന്മാരുടെ ഓർമ്മ (കൊഹനെ ഞായർ)

യജമാനൻ വരുമന്നേര... (പേജ് 172)

## വലിയ നോമ്പിലെ ഞായറാഴ്ചകൾക്ക്

(കൂക്കോയോ)

വലിയോരായുധമാം നോമ്പിൽ തീക്ഷ്ണതയുൾക്കൊൾക





ഇതിനാൽ ജയമേററു മൃതരാം മിശിഹായിൽ പൂർണ്ണരും
മലയിൽ മൂശ ശോഭിച്ചിതിനാലെ
നാഥൻ സാത്താനെ - ഇതിനാൽ വെന്നു
ഏലിയ നിബിയാ ഇതിനാലെ കയറിയഹോ തേ - രിൽ
സഹദേർ നയവാന്മാരിതിനാൽ ശ്രേഷ്ഠത പൂ - ണ്ടല്ലോ
ഹാലേലുയ്യാ - ഉ ഹാലേലുയ്യാ.

## ഓശാന ഞായറാഴ്ച

(ലൊക് മൊറിയോ - എന്ന രീതി)

നാഥൻതൻ ഊറിശിലേം എഴുന്നള്ളത്തിൽ
ബാലകരൊലിവിൻ കൊമ്പുകളോടെതിരേറ്റവർ പാടി
ദാവീദിന്നാത്മജനാം നാഥാ സ്വസ്തി
ഞങ്ങൾ രക്ഷയ്ക്കായ് വന്ന ദൈവത്തിൻ പുത്രാ
ഉയരത്തിൽ ഓശാന സ്തോത്രം
ഭൂമിയിൽ ഓശാന സ്തോത്രം
മഹിമയോടെ വരുവോൻ നാഥൻ എന്നേക്കും
സ്തുത്യൻ.

## പെസഹാ വ്യാഴാഴ്ച

(കൂക്കോയോ)

ഊറിശിലേം മഹാ-മാളികയിൽ പെസഹാനാളിൽ താൻ
ശിഷ്യർ സഹിതം നിറവേറ്റി പെസഹായിൻ ഭോജനം
ഗാത്രം പൂണ്ടു നരനായി പിറന്ന്
ഞങ്ങളുടെ സാദൃശ്യ രൂപമതായവന്
ജാതികളെ അതിമോദത്താൽ ചൊൽവിൻ ഹാലേ-ലുയ്യാ.
നമ്മുടെ രക്ഷാ പെസഹായാം നാഥൻ സ്തുത്യൻ തന്നെ
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ

## ദുഃഖശനിയാഴ്ച

(കൂക്കോയോ)

സ്ളീബാച്ചിറകിൽ നിന്നീശൻ മൃതരിടയിൽ ചെന്നു
നീതിസൂര്യനാം നിന്നെ തിരുസഭ കൈക്കൊണ്ടാൾ
തിരുമുറിവുകളെ ചുംബിച്ചവൾ ചൊല്ലി

പാതാളത്തിൽ - നാഥാ, നിൻ ദേഹം
ജീർണ്ണിക്കാൻ വിട്ടീടല്ലേ; മറുപടിയതിനോതി താൻ
തിരുസഭയേ നീയെഴുന്നേൽക്ക, സ്തോത്രം പാടീടുക
ഹാലേലുയ്യാ ഉയിർത്തെഴുന്നേൽക്കും ഞാൻ.

### കൃംതാ (ഉയിർപ്പ്) പെരുന്നാൾ
(കൂക്കോയോ)

തിരുസഭയെ നീ എഴുന്നേൽക്ക-സ്തോത്രം പാടീടുക
ശുദ്ധൻ പുത്രൻ രാജാവാം-മിശിഹാ താനുയിർത്തു
നിന്നിൽ പാർപ്പാൻ-മോദാലെഴുന്നരുളി
ബലിപീഠത്തിൽ ഗാത്രം രുധിരങ്ങൾ
തന്നീടും പോഷിപ്പിക്കും നിന്നെയെന്നേക്കും
തിരുസഭയെ നിൻ മക്കളുമായ് ഏറ്റം ആനന്ദിക്ക
ഹാലേലുയ്യാ - പുത്രന്നുത്ഥാനേ.

### പുതുഞായറാഴ്ച
(കൂക്കോയോ)

ശ്ലോമ്മോ നിങ്ങൾക്കെൻ പ്രിയരേ,അരുളി കർത്താവാ-
മാളികയിൽ ശിഷ്യന്മാരോടുയിർപ്പിൻ നാൾ - തന്നിൽ
വ്യാകുലമെല്ലാ - മവരീന്നൊഴിച്ചു താൻ
ശ്ലോമ്മോ ശൈനോ - അവരെ നിറച്ചന്ന്
നിങ്ങൾക്കെൻ ശ്ലോമ്മോ സതതം ഭവിക്കെന്നുമരുളി
കാവൽ നിങ്ങൾക്കിവമൂലം രാപകലുണ്ടാകും
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ.

### പുതുഞായറാഴ്ചയ്ക്കുശേഷം 1-ാം ഞായർ
(ലൊക്മൊറിയോ - എന്ന രീതി)

ധീവരകൻ* ശെമഊനെ താൻ വീശിയഹോ
ധീവരവൃത്തിയുപേക്ഷിക്കെന്നവനോടരുൾ ചെയ്തു
ജീവലോകം പൂകാനായ് നീ മാനുഷരെ

* മുക്കുവൻ





കൂട്ടിച്ചേർക്കുക അവരെ നീ വീശിടുക മോദാൽ
റോമായിൽ - ശെമഓൻ വല വീശി
തള്ളിയഹോ - പലർ ദേവന്മാരെ
വിശ്വാസാൽ നാഥങ്കലവർ ജീവൻ പ്രാപിച്ചു.

### പുതുഞായറാഴ്ചയ്ക്കുശേഷം 2-ാം ഞായറാഴ്ച മുതൽ പെന്തിക്കൊസ്തിവരെയുള്ള ഞായറാഴ്ചകൾക്ക്
(കൂക്കോയോ)

ദിവസങ്ങളിലേറ്റം വലുത് ഞായർദിനം ത - ന്നെ
ഭൂവാനങ്ങൾ സൃഷ്ടികളും മോദിക്കുന്നി-ദ്ദിനം
ദിവ്യത്രോണോസ് - ഇതിൽ മഹിമപ്പെടുന്നു
രക്ഷയിൻ - മാർഗം - ഘോഷിക്കുന്നിവിടെ
ആശ്വാസം പ്രത്യാശയും മൃതർക്കും ജീവിപ്പോർക്കും
കബറിൽ നിന്നിഹ കർത്താവും, എഴുന്നേറ്റിന്നിദ്ദിനം
ഹാലേലുയ്യാ സഭ മോദിക്കുന്നു.

### പെന്തിക്കൊസ്തി മുതൽ ശുനോയൊ വരെയുള്ള ഞായറാഴ്ചകൾക്ക് (ആഗ. 15)
(കൂക്കോയോ)

പെന്തിക്കൊസ്തിൻ നാളിലഹോ ശിഷ്യർ തന്മേലിതാ
റൂഹ്ക്കുദിശായാം തീ പാളി ആവാസം ചെ-യ്തു
നാവുകൾ സമമായ് പ്രാപിച്ചവർ ശക്തി
തൻ സുവിശേഷം ഘോഷം ചെയ്തീടാൻ
ലോകരെയെല്ലാം ചേർത്തീടാൻ മിശിഹായ്ക്കുള്ളോരായ്
അക്ഷയഭാഗ്യം രാജ്യമൊടാ ജീവനെയും നേടാൻ
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ.

### ശുനോയോ പെരുന്നാളിനും അതുമുതൽ സ്ലീബാ പെരുന്നാൾ (സെപ്. 14) വരെയുള്ള ഞായറാഴ്ചകൾക്കും
(അഗ്ന്യാത്മീയന്മാരീറേരും - എന്ന രീതി)

കന്യക തൻ വേർപാടിൽ 'ഓയാർ'*
വാഴ്ത്തപ്പെട്ടു ഭൂമിയതും
തിരുദേഹം കബറിൽ വച്ചതിനാൽ

* വായുമണ്ഡലം

ശുദ്ധീകരണം പ്രാപിച്ചു.
വിൺമൺവാസികളെല്ലാരും
അന്യോന്യം നിരകൾ ചേർന്നി
ട്ടത്യന്താമോദം പൂണ്ടു
ദൈവാലയമാം മാതാവിൻ
ദേഹത്തെയാഘോഷിച്ചു.

**സ്ലീബാ പെരുന്നാളിനും അതുമുതൽ കൂദോശ് ഈത്തോ വരെയുള്ള ഞായറാഴ്ചകൾക്കും**

(ലോക്മൊറിയോ - എന്ന രീതി)

കാലാന്ത്യേ മശ്ശിഹസമയം നാഥൻ വരുമേ
കാണാറാകും താനപ്പോൾ മേഘത്തിന്നുള്ളിൽ
ശോഭിക്കും കുരിശടയാളം നാനാ ദിശിയിൽ
തൻ മുൻ വരുമേ - ഗോത്രങ്ങൾ വിധിയേല്പാനായി
മോദിക്കും - നിബിയർ ശ്ലീഹന്മാർ
ഹാലേലുയ്യാ - ഉ - ഹാലേലുയ്യാ
ക്ലേശിച്ചീടും ദുഷ്ടന്മാർ കാവ്യന്മാരഖിലം.

## വലിയ മദ്ധ്യസ്ഥ പ്രാർത്ഥനകൾ

### I

ശുശ്രൂ. : ബാറെക്മോർ, ഇന്നും ഈ ആയുഷ്ക്കാലത്തും നമ്മുടെ അദ്ധ്യക്ഷന്മാരായിരുന്ന് നാലുഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ വിശുദ്ധ സഭകളെ മേയിച്ചുഭരിക്കുന്ന ശുദ്ധിമാന്മാരും ബഹുമാനപ്പെട്ടവരും ഭാഗ്യവാന്മാരും ആയി ദൈവത്താൽ നിലനിർത്തപ്പെട്ടു പോരുന്ന പരിശുദ്ധ പിതാവ് (......) മാർപാപ്പായ്ക്കു വേണ്ടിയും, നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് (ക്ലീമിസ്) കാതോലിക്കാ ബാവായ്ക്കുവേണ്ടിയും, നമ്മുടെ അതിഭദ്രാസനത്തിന്റെ മേൽപട്ടക്കാരൻ* ആബൂൻ മോർ (......) മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും നമ്മുടെ മേല്പട്ടക്കാരൻ ആബൂൻ മോർ (......) മെത്രാപ്പോലീത്തായ്ക്കുവേണ്ടിയും സത്യവിശ്വാസികളായ എല്ലാ എപ്പിസ്ക്കോപ്പാമാർക്കുവേണ്ടിയും ദിവ്യവും വിശുദ്ധവുമായ ഈ സമയത്തു ദൈവമായ കർത്താവിനോടു നാം പ്രാർത്ഥിക്കണം.

ജനം : കുറിയേലായിസ്സോൻ

കർമി : പ്രാർത്ഥന

ജനം : ആമ്മീൻ

### II

ശുശ്രൂ. : ബാറെക്മോർ, പലവിധ കഠിന പരീക്ഷകളിലകപ്പെട്ട് തന്നിൽ ആശ്രയിക്കുന്നവരെ സർവ്വശക്തിയുള്ള ദൈവമായ കർത്താവ് വേഗത്തിൽ ദർശിച്ചു രക്ഷിക്കട്ടെ. ഈ സമയത്ത് അവരെ ഓർക്കുവാനായി നിസ്സാരൻമാരും ബലഹീനന്മാരുമായ നമ്മെ ഭരമേല്പിച്ചിട്ടുള്ള വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ സഹോദരങ്ങൾ എല്ലാവരേയും നാം ഓർക്കണം. ദൈവത്താൽ പരിപാലിക്കപ്പെട്ടുപോരുന്ന ഈ ഇടവകയുടെ മക്കളാകുന്ന എല്ലാ വിശ്വാസികൾക്കും ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനും അവർ സുകൃതമുള്ളവരായിത്തീരുവാനും കർത്താവിനോടു നാം പ്രാർത്ഥിക്കണം.

ജനം : കുറിയേലായിസ്സോൻ

കർമി : പ്രാർത്ഥന

ജനം : ആമ്മീൻ





* ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ ഭദ്രാസനങ്ങളിലെ ഇടവകകളിൽ തിരുവല്ലാ അതിഭദ്രാസനത്തിന്റെ മേൽപട്ടക്കാരന്റെ പേരുകൂടി ചേർത്തു വായിക്കണം.

## III

ശുശ്രൂ. : ബാറെക്മോർ, നമ്മുടെ ഭരണാധികാരികൾക്ക് ജ്ഞാനവും വിവേകവും സഹകരണബുദ്ധിയും നല്കി നേർപാതയിൽ അവരെ നയിക്കുവാനും നമ്മുടെ മഹത്തായ രാജ്യത്തിൽ സമാധാനവും ഐക്യവും ക്ഷേമവും ഉണ്ടാകുവാനുംവേണ്ടി കർത്താവിനോടു നാം പ്രാർത്ഥിക്കണം.

ജനം : കുറിയേലായിസ്സോൻ

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ

## IV

ശുശ്രൂ. : ബാറെക്മോർ, ഭൂമിയിലെ സകല വംശങ്ങളിൽനിന്നും ഭാഗ്യങ്ങൾക്കു യോഗ്യതയുള്ളവളും മഹത്ത്വവതിയും അനുഗ്രഹീതയും നിത്യകന്യകയും ദൈവമാതാവുമായ വിശുദ്ധ മറിയാമിനെയും, വിശുദ്ധന്മാരായ ശ്ലീഹന്മാർ, പ്രസംഗകർ, ഏവൻഗേലിസ്തർ, സഹദേന്മാർ, മൗദ്യാനൻമാർ എന്നിവരെയും നാം ഓർക്കണം. ഭാഗ്യവാനും തന്റെ യജമാനന്റെ മുന്നോടിയുമായ മാർ യൂഹാനോൻ മാംദാനായെയും ശെമ്മാശൻമാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനും മഹത്ത്വമുള്ളവനുമായ മാർ സ്തേഫാനോസിനെയും ശ്ലീഹന്മാരിൽ പ്രധാനികളും ഉന്നതരുമായ മാർ പത്രോസിനെയും മാർ പൗലോസിനെയും നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായെയും സകല ശുദ്ധിമാൻമാരെയും ശുദ്ധിമതികളെയും നാം ഓർക്കണം. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോടു നാം പ്രാർത്ഥിക്കണം.





ജനം : കുറിയേലായിസ്സോൻ

കർമ്മി : പ്രാർത്ഥന

ജനം : ആമ്മീൻ

## V

ശുശ്രൂ. : ബാറെക്മോർ, ശ്ലൈഹികവും കുററമില്ലാത്തതുമായ ഏക സത്യവിശ്വാസത്തെ ഞങ്ങൾക്ക് ഏല്പിച്ചു തന്നശേഷം വിശുദ്ധിയിൽ മരിച്ച് ശുദ്ധിമാൻമാരുടെ സ്ഥലത്തു വിശ്രമിക്കുന്നവരെയും നിഖ്യായിലും കുസ്തന്തീനോപോളിസിലും എഫേസൂസിലും മററും വച്ച് നടത്തപ്പെട്ട പാവനവും വിശുദ്ധവുമായ പൊതു സൂന്നഹദോസുകളെയും, അവയിൽ ഉണ്ടായിരുന്ന സംപൂജ്യരും പ്രശസ്തരുമായ മല്പാൻമാരെയും ദൈവാത്മപൂരിതരായ പിതാക്കൻമാരെയും വിശിഷ്യാ ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും പുണ്യവാനും ശ്ലീഹായും സഹദായുമായ മാർ യാക്കോബ്, മാർ ഇഗ്നാത്തിയോസ്, മാർ ക്ലീമീസ്, മാർ ദിവന്നാസിയോസ്, മാർ ബസേലിയോസ്, മാർ ഗ്രിഗോറിയോസ്, മാർ അത്തനാസിയോസ്, മാർ യൂലിയോസ്, മാർ തെയോഫിലോസ്, മാർ ഈവാനിയോസ് എന്നീ പിതാക്കന്മാരെയും വചനമായ ദൈവം ശരീരിയായിത്തീർന്നു എന്നു നമ്മുടെ കർത്താവേശു മിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചവനും സത്യവാനും ഉന്നതഗോപുരവുമായ പ്രസിദ്ധനായ മാർ കൂറിലോസ്, സത്യവിശ്വാസത്തെ നിലനിർത്തിയ നീതിമാനും, പരിശുദ്ധനുമായ മാർ അപ്രേം, മാർ യാക്കോബ്, മാർ ഇസഹാക്ക്, മാർ ശെമഊൻ ദെസ്തൂനി, തെരഞ്ഞെടുക്കപ്പെട്ടവനായ മാർ അബഹാ എന്നീ പിതാക്കന്മാരെയും ഇവരുടെ മുമ്പും ഇവരോടുകൂടെയും ഇവരുടെ പിമ്പുമുള്ള

എല്ലാവരെയും നാം ഓർക്കണം. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. കർത്താവിനോടു നാം പ്രാർത്ഥിക്കണം.

**ജനം** : കുറിയേലായിസ്സോൻ

**കർമ്മി** : പ്രാർത്ഥന

**ജനം** : ആമ്മീൻ

## VI

**ശുശ്രൂ.** : ബാറെക്മോർ, ഈ പള്ളിയിൽനിന്നും ഈ സ്ഥലത്തുനിന്നും എല്ലാ ഭാഗങ്ങളിൽനിന്നും സ്നേഹത്തിലും സത്യവിശ്വാസത്തിലും നിദ്രയടഞ്ഞു ദൈവസന്നിധി പ്രാപിച്ചവരായ സകലരെയും നാം ഓർക്കണം. മിശിഹാതമ്പുരാൻ തന്റെ ധാരാളമായ അനുഗ്രഹങ്ങൾമൂലം കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും അവരെ യോഗ്യരാക്കുകയും നമ്മെയും അവരെയും സ്വർഗരാജ്യത്തിൽ ചേർത്തുകൊള്ളുകയും ചെയ്യട്ടെ. നാം പ്രാർത്ഥിച്ച് മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലണം.

**ജനം** : കുറിയേലായിസ്സോൻ... കുറി... കുറി...

### അപ്പം മുറിക്കുന്ന ശുശ്രൂഷയുടെ സമയത്ത് ചൊല്ലാവുന്ന ഗാനങ്ങൾ

## I

| | |
|---|---|
| സ്രാപ്പികളെക്കണ്ടേശായാ<br>ബെസ്ക്കുദിശായിൽ നിൻ മുമ്പിൽ | ഹാ-ഉ ഹാ-<br>കുറി... |
| ചിറകുകളാറാറുള്ളവരായ്<br>എരിതീയാമാത്മാക്കളവർ | ഹാ-ഉ ഹാ-<br>കുറി... |
| കാണായ്‌വാൻ നിൻ ദൈവത്വം<br>മുഖമവർ മൂടുന്നിരു ചിറകാൽ | ഹാ-ഉ ഹാ-<br>കുറി... |





| | |
|---|---|
| എരിയായ്‌വാൻ നിൻ ജ്വാലയതിൽ<br>ഇരുചിറകാലേ കാലുകളും | ഹാ-ഉ ഹാ-<br>കുറി... |
| അട്ടഹസിക്കുന്നിരു ചിറകും<br>കൊട്ടിയവർ നിന്നിട്ടേവം | ഹാ-ഉ ഹാ-<br>കുറി... |
| പരിശുദ്ധൻ നീ പരിശുദ്ധൻ<br>പരിശുദ്ധൻ നീ ദൈവസുതാ | ഹാ-ഉ ഹാ-<br>കുറി... |
| പരിശുദ്ധൻ നീ നിൻപക്കൽ<br>നിൻ ബഹുമാനം സ്തുത്യമഹോ | ഹാ-ഉ ഹാ-<br>കുറി... |

## II

*(അൻപുടയോനെ - എന്ന രീതി)*

നീതിജ്ഞൻ താതാ കാൺക
താവക വത്സല സൂനുവിനെ
നിൻ പ്രീതിക്കായീ ബലിയെ
കൈക്കൊൾവാൻ കനിവാകണമേ.

എൻപേർക്കായ് മൃതനാമിവനെ
കൈക്കൊണ്ടെൻ പാപം നീക്കി
എൻ കയ്യാലർപ്പിക്കുന്നീ
കാഴ്ചയെ നീ കൈക്കൊള്ളണമേ.

നിൻ മഹിമാവിൻ സന്നിധിയിൽ
ഞാൻ ചെയ്തോരപരാധങ്ങൾ
ഓർക്കരുതെന്നെതിരായ് നാഥാ
പ്രീതനുമാകണമേ ദയവായ്.

കണ്ടാലും ദുഷ്ടൻമാരാ
ഗോഗുൽത്തായിൽ ചിന്തിയതാം
സുതനുടെ രുധിരമതെൻ പേർക്കായ്
നിത്യപിതാവേ, കേഴുന്നു.

കരുണാനിധിയാം കർത്താവേ,
എന്നുടെ യാചന കേൾക്കണമേ
എൻപാപം പാരം വലുതാം
നിൻ കൃപയോ അതിലും ബഹുലം.

നിൻ ദയയെ തുലനം ചെയ്താൽ
ഭാരത്തിൽ മലയെ വെല്ലും
പാപങ്ങൾ വീക്ഷിച്ചാലും
യാഗമതും തൃക്കൺ പാർക്ക.

എൻപാപങ്ങൾ കാരണമായ്
നിൻ പ്രിയനോ ആണികളേററു
നിൻ കോപത്തെ നീക്കീടാൻ
വത്സലനേററു പീഡകളെ.

രക്ഷയ്ക്കായ് സുതനെ തന്ന
താതന്നായ് സ്തുതിയാകട്ടെ
ക്രൂശിൽ മരിച്ചെല്ലാരെയും
ജീവിപ്പിച്ചവനും വന്ദ്യൻ.

രക്ഷയതിൻ വ്യാപാരങ്ങൾ
പൂർണ്ണമതാക്കിയ റൂഹായ്ക്ക്
ഉണ്ടാകട്ടെന്നും സ്തോത്രം
ത്രിത്വത്തിൻ കൃപ ഞങ്ങളിലും.

## ഉയിർപ്പിനുശേഷം പെന്തിക്കൊസ്തിവരെയുള്ള ഞായറാഴ്ചകൾക്ക്

*(അൻപുടയോനെ - എന്ന രീതി)*

ഓടിപ്പോയി ശ്ലീഹന്മാർ ഹാ....ഉഹാ...
കബറിങ്കൽ എത്തിച്ചേർന്നു കുറിയേ....

വന്നീടിൻ ഉദ്ഘോഷിപ്പിൻ ഹാ....ഉഹാ...
സ്തോത്രം ഘോഷിപ്പിൻ നിങ്ങൾ കുറിയേ.....





ഹേ! സഭയേ, നിൻ ജാതരുമായ് ഹാ....ഉഹാ...
വന്നാലും വിശ്വാസത്താൽ കുറിയേ....

വാനവ ദൂതർ തൻ നാഥൻ ഹാ....ഉഹാ...
മഹത്ത്വത്തോടുയിർപ്പൂണ്ടേറ്റു കുറിയേ...

സാത്താൻ പാപം എന്നിവയെ ഹാ....ഉഹാ..
നാഥൻ വെന്നുത്ഥാനത്താൽ കുറിയേ...

രാജ്യത്തിന്നവകാശികളായ് ഹാ....ഉഹാ..
വാഴ്ത്തിച്ചേർത്തു താൻ നമ്മെ കുറിയേ...

## സ്ലീബായുടെ കുക്കിലിയോൻ

കർമ്മി : നിന്നാൽ വൈരിയെ വീഴ്ത്തീടും ഞങ്ങൾ ഹാ-
നിൻനാമത്താൽ ദ്വേഷികളെ കാൽക്കീഴാക്കും.

ജനം : ദ്വേഷികളീന്നെങ്ങളെ വീണ്ടതു നീയെ ഹാ-
വൈരിയെ ലജ്ജിപ്പിച്ചതു നീ. ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : മെൻഓലം...

## എക്ബോ

*(സ്ളീബോ സ്കോ സ്ളീബോ)*

കർമ്മി : സ്ലീബാ വിജയിക്കുന്നനിശം

ജനം : സ്ലീബാ വൈരിയെ വിജയിച്ചു
സ്ലീബായിൽ പുകഴുന്നോർക്കായ്
എന്നും സ്ലീബാ താ-നഭയം.
സ്തൗമെൻ...

## കോലോ

കർമ്മി : ജീവൻ നൽകും നൽസ്ളീബായെ എല്ലായ്പ്പോഴും

ജനം : നമിച്ചീടും ഞങ്ങൾ
ശരണമതായും രക്ഷയതായും നെറ്റിയതിന്മേൽ
വരച്ചീടുന്നെന്നും
ര-ക്ഷിച്ചീടും

രാപകൽ ഞങ്ങളെ ദുഷ്ടൻ തൻ
സൈന്യ-ങ്ങളിൽ നിന്നും സ്ളീബാ.
ബാറെക്മോർ.

കർമ്മി : ശുബ്ഹോ...

ജനം : കടലതിനെ തന്നുടെ വടിയാൽ ഭാഗിച്ചു മൂശ
ഇസറേല്യരെ വീണ്ടാൻ
മോറാനേശു സ്ളീബായാൽ തുറന്നാൻ പാതാളം
മൃതരെയുയിർപ്പിച്ചു
സ്തു-ത്യൻ മിശിഹാ
കബറീന്നും പറുദീസായ്ക്കായ്
ജീവ-ൻ മാർഗമതേ-കി-താൻ.
മൊറിയോ...

**ബോവൂസോ**

കർമ്മി : ഊറിശിലേം ഗോഗുൽത്തായിൽ

ജനം : ക്രൂശിതനേശു, സ്തോത്രം, തൻ
ശബ്ദത്താൽ കോട്ടകളിളകി
മൃതരെഴുന്നേറ്റു സ്തുതി പാടി.

## വി. കുർബാനയിൽ കുക്കിലിയോനു പകരം ചൊല്ലാവുന്ന ഗീതം

(നിമാർ കൂലാൻ)

ഭക്ത്യാ ചൊല്ലാം നാമൊന്നായ്
സ്ളീബായാൽ വീണ്ടൊരു സുതനായ്
സ്തോത്രം തേ രക്ഷാകരനേ
സ്തോത്രം തേ കൃപ ഞങ്ങളിലും. ഹാലേലൂയ്യാ.

ശുദ്ധാലയമുൾ നാം സഹിതം
വാനോർ സൈന്യം നിൽക്കുന്നു
ദൈവാത്മജ തനുരുധിരങ്ങൾ
കൊണ്ടാടുന്നവർ സാഘോഷം. ഹാലേലൂയ്യാ.





ശുദ്ധൻ, ശുദ്ധൻ, ശുദ്ധൻ നീ
പൂജിതനുന്നതനാം നാഥാ
മാതാ കാദീശർ മൃതർ തൻ
ഓർമ്മയെ ശ്രേഷ്ഠമതാക്കുന്നോൻ. ഹാലേലൂയ്യാ.

നാഥാ, നിൻ മദ്ബഹാ സവിധേ
ഭ്രാതൃപിതൃക്കളതാം മൃതരെ
ഓർക്കണമേ മഹിമോദയ നാൾ
നിൻ വലമായവർ നില്ക്കണമേ. ഹാലേലൂയ്യാ.

മിശിഹാ രാജാവുടയവനാം
ഈശൻ തൻ വ്യാപാരമതാൽ
അടിയാരാത്മാക്കൾ പുണ്യം
പ്രാപിക്കും വിശ്വാസത്താൽ. ഹാലേലൂയ്യാ.

ഭക്ത്യാദരവൊടു വന്നിവകൾ
കൈക്കൊൾവിൻ വിശ്വാസമൊടെ
ഋണകൻമഷ പരിഹാരാർത്ഥം
നിത്യമതായൊരു ജീവനുമായ്. ഹാലേലൂയ്യാ.

**കുക്കിലിയോനു പകരം ചൊല്ലാവുന്ന മറ്റൊരു ഗീതം**

(ബക്യെംതേ ദ്മൽകൊ മ്ശീഹാ)

മിശിഹാരാജോത്ഥാനത്താൽ
നേടീടേണം പുണ്യം നാം
സ്ലീബായാൽ രക്ഷിച്ചോനാം
ദൈവസുതാ നീ പരിശുദ്ധൻ
എന്നേവം വിശ്വാസത്തോ-
ടോതീടാം ഹാലേലൂയ്യാ.

മാതാകാദീശന്മാരും
വിശ്വാസം പാലിച്ചോരായ്
ഭൂവാസം കൈവിട്ടോർക്കും
ഓർമ്മയ്ക്കൗന്നത്യം ചേർത്തോൻ
പരിശുദ്ധൻ നീ പരിശുദ്ധൻ
പരിശുദ്ധൻ ഹാലേലൂയ്യാ.

നമ്മോടൊപ്പം ബെസ്കുദിശിൽ
നിൽക്കും സ്വർഗീയം സൈന്യം
ദേവേശൻ തൻ തനയന്റെ
ഗാത്രത്തെ ആഘോഷിപ്പൂ
വരുവിൻ പുണ്യം പ്രാപിപ്പിൻ
ഹാലേലുയ് - ഹാലേലുയ്യാ.

താതന്മാർ നേതാക്കന്മാർ
മാതാക്കൾ ഭ്രാതാക്കന്മാർ
നിൻയാഗത്തിൻ പീഠത്തിൽ
ഓർക്കപ്പെട്ടീടുന്നീശാ
നിർത്തണമവരെ നിൻ വരവിൽ
നിൻവലമായ് ഹാലേലുയ്യാ

## ഹൂത്തോമ്മോകൾ

**കൂദോശ് ഈത്തോ,**
**ഹൂദോസ് ഈത്തോ ഞായറാഴ്ചകൾക്ക്**
*(നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ - എന്ന രീതി)*

മൂശ മസ്കൻസബിനാ സ്ഥാപിച്ചപ്പോൾ
ഓരോ നേർച്ചകളർപ്പിച്ചു എല്ലാ മാനുഷരും
ധനവാന്മാർ പൊൻവെള്ളി വഴിപാടിട്ടു
ഇതരന്മാർ നൂൽശീലയതും ചെറുകാശും വിധവ
തിരുസഭ തൻ മുൻകുറിയിവയെല്ലാം
ഭൂമിയിലും സ്വർഗത്തിലുമൊരുപോൽ
തിരുസഭ സ്ഥാപകനാം നാഥന്നെന്നേക്കും സ്തോത്രം.

**ദുഃഖശനിയാഴ്ചയ്ക്ക്**
*(ദൈവമുയിർത്തു മഹത്വ - എന്ന രീതി)*

ഈശൻ പുത്രൻ നമ്മുടെ പേർക്കായ് മരണമതേറ്റൊരുശേഷം
ചെന്നുതാൻ പാ-താള-ത്തിൽ
മൃതരവർ മുമ്പിൽ വന്നുവണങ്ങി പുത്രൻ തന്നെ
ചൊല്ലിക്കൊണ്ടവർ ഊ-ശാന.





**പെന്തിക്കൊസ്തിക്കും അതിനുശേഷം**
**ശൂനോയൊ വരെയുള്ള ഞായറാഴ്ചകൾക്കും**
*(മാതാവു യാചിക്കും - എന്ന രീതി)*

നാഥാ, പ്രാപിച്ചു ഞങ്ങൾ നിന്നാത്മശക്തി
നിന്നിഷ്ടം ചെയ്‌വാൻ കൃപതരണേ.

**ശൂനോയൊ പെരുന്നാളിനും അതിനുശേഷം**
**സ്ലീബാ പെരുന്നാൾ വരെയുള്ള ഞായറാഴ്ചകൾക്കും**
*(എൻ നാഥാ, നിൻ കൃപനിന്നെ - എന്ന രീതി)*

വിൺമൺ വാസികളാൽ മറിയാം
കബറിലടയ്ക്കപ്പെട്ടപ്പോൾ
ആത്മശോഭ നിറഞ്ഞുള്ള
സദനത്തിൽ ആരോഹിതയായ്.

**സ്ലീബാ പെരുന്നാളിനും അതുമുതൽ കൂദോശ്**
**ഈത്തോവരെയുള്ള ഞായറാഴ്ചകൾക്കും**
*(ലോക്മൊറിയോ കോറേനാൻ - എന്ന രീതി)*

ആകാശേ കുസ്തന്തീനോസ് സ്ലീബാ കണ്ടു
വന്ദിച്ചുടനെ തലതാഴ്ത്തി സാഷ്ടാംഗം വീണു
പ്രാർത്ഥിച്ചു ചൊല്ലിയവൻ ആദരപൂർവ്വം
സ്ലീബാ തന്നോൻ കർത്താവേ, എന്നേക്കും സ്തോത്രം
വെല്ലും ഞാൻ ദുഷ്ടരെ സ്ലീബായാൽ
സഭനേടി സ്ലീബായാൽ മുക്തി
സ്ലീബാ രാപകലടിയാരെ കാവൽ ചെയ്യട്ടെ.

**അല്ലെങ്കിൽ**

*(സ്ലീബോ ഔസേദ്-ശൈനോ - എന്ന രീതി)*

ശുഭചിഹ്നം താൻ - സ്ലീബാ
വിജയക്കൊടി-താൻ സ്ലീബാ
നമ്മെ രക്ഷിച്ചീടും
സ്ലീബായിൽ പു-കഴുന്നു നാം.

## മാതാവിന്റെ പെരുന്നാളുകളിൽ

*(മാതാവു യാചിക്കും - എന്ന രീതി)*

നിൻപ്രാ-ർത്ഥന-മാതാ-മറിയാമേ, എന്നും
കോട്ടയതാവട്ടെ ആശിഷ-മേകീടുക.

## കൈമുത്തുമ്പോൾ ചൊല്ലാവുന്ന ഗാനങ്ങൾ

യജമാനൻ വരുമന്നേര... (പേജ് 172)

### അല്ലെങ്കിൽ

(യാമ്മൊദ്ദഹമൈക് - എന്ന രീതി)

കരുണക്കടലേ ഞാൻ-നോ-ക്കും
ദേവാ തനയാ എൻ പാപം
പെരുകി പിഴകൾ
വർദ്ധിച്ചയ്യോ! നീ
കഴുകണമെന്നെ സോ-പ്പാ-യാൽ
ഏകണമെൻ ബാഷ്പാൽ വെൺമ
പിതൃസ്നേഹത്താൽ
യാചിക്കുന്നേൻ ഞാൻ
ഹസിക്കരുതേ എന്നെ-വൈ-രി
തേറും നരരിൽ ദൂതൻമാർ
പ്രീതൻമാരായ്
തീർന്നിവ ചൊല്ലട്ടെ:
അനുതാപികളിൽ തൻ-വാ-തിൽ
രാപകലിങ്ങു തുറന്നീടും
ഹാലേലൂയ്യാ
നാഥാ സ്തുത്യൻ നീ.

പാപികൾ വന്നാമോ-ദി-പ്പാൻ
സൽദൂതാൽ ജീവൻ നേടാൻ
രക്ഷകനോതും
വചനം ശ്രുതിമധുരം
നിർജ്ജലഭുവി ഞാനാ- ത്മീ-യം
പാനീയവുമുയിരേകീടും
മഴയും ചൊരിയും





സാക്ഷാൽ കർഷകനാം
നുകരട്ടെൻ സവിധേ-പൂകി
ദാഹാർത്തന്മാർ ജീവജലം
ഹാലേലുയ്യാ
പാപവിമുക്തിക്കായ്.

# 2

# മേല്പട്ടക്കാരുടെ ശുശ്രൂഷാവേളയിൽ ചൊല്ലുന്ന ഗീതങ്ങൾ

## തിരുമേനിമാരെ സ്വീകരിക്കുമ്പോൾ

തോ-ബശ്ലോം, റോ-യോ, ശാ-റീ-റൊ
വ-മ്ദ-ബറോ-നൊ-ഹാ-ക്കീമ്മോ
ശേ-ത്തെസ്തൊദ്ഈ-ത്തോ ആക്-പെ-ത്തറോസ്
വ-ൽ പൌലോ-സ്ദോ-മെ-ത്ത്കൂലോ-മോ.
ആഹോ ഹബ്റൊദ-ൻബീ-യെ
ബർതെഗ്മോ തുബ്ദശലീ-ഹെ
താനോനോ അക്ക് ഈവലി-യോ
വ-ബ്സു-ലോ അക്ക്യൂ-ഹാ-നോൻ
തൂ-ബൊ-ല്ഈ-ത്തൊദ്കാ-ബൽ-ത്തോക്ക്.

### പരിഭാഷ

സ്വാഗതമോതുന്നു പിതാവേ സ്വാഗതമോതുന്നു
ക്ഷേമമൊടെ-ങ്ങെഴുന്നള്ളുക സാക്ഷാൽ
ഇടയാപണ്ഡിത നായകനേ
കീ-പ്പാപോൽ സഭതന്നടിസ്ഥാനം (2)
മുററും പൗലോസിനു സമനേ
നിബിനിവഹത്തിൻ പ്രിയ സഹജാ (2)
അപ്പസ്തോല സമൂഹസ്ഥാ-
ഏലിയാപോലുജ്ജ്വലനെ (2)
യൂഹാനോൻപോൽ വ്രതവരനേ
നിന്നെ വരിച്ചോരു സഭ ധന്യ. (2)

## കാതോലിക്കാബാവായെ സ്വീകരിക്കുമ്പോൾ

തോബശ്ലോം കുമറമ് അലിയോ
മോറാൻ മോർ (ബസേലിയോസ് ......)
റോയോ ഗബ്യോ
ഓനൊക്‌ലഹസോ സൊക്സഹ്യോ
വൽബുർക്കോസോക് ഹിമ്സഹ്യോ
ലാലോഹോ മൗദ്യോ ദഗ്ബൊക് ലോറോയോ
ബശ്മൊക് ഹൗഫായോ ഫ്സ്സിഹൊവുഹൊദ്യോ
മേക്കിൽനെകയെബ്കൂലേ ഹൈലാൻ
നീഹെ മോറാൻ മോർ (ബസേലിയോസ്)
നെസ്മാർലേ-ബേ-സൂക്കോയാൻ.

### പരിഭാഷ

സ്വാഗതമേ! - ശോഭിത - മോറാൻ
മോർ (ബസേലിയോസ്) ന-ല്ല-ജപാ-ലാ-
കാംക്ഷിച്ചീടു - ന്നജ - സംഘം-
ദർശനമതിനും - വാ - ഴ്വിന്നും
ഓ-തു-ന്നു- സ്തോത്രം ഈ-ശ-നോടങ്ങേ-യ്ക്കായ്
തവമോഹനനാമാൽ-മോ-ദി-ക്കു-ന്നു.
ആർക്കുന്നെങ്ങൾ - ഉച്ചസ്വരത്തിൽ
വാഴട്ടാബൂൻ - മോർ (ബസേലിയോസ്)
പ്രാ-പി-ക്കട്ടേ - ഭാവുകങ്ങൾ.

## മേൽപ്പട്ടക്കാരെ സ്വീകരിക്കുമ്പോൾ

തോബശ്ലോം ആബൂൻ സഹ്യോ
മോർ (......) റോയോ ഗബ്യോ
ഓനൊക്‌ലഹസോ സൊക്സഹ്യോ
വൽബുർക്കോസോക് ഹിമ്സഹ്യോ
ലാലോഹോ മൗദ്യോ ദഗ്ബൊക് ലോറോയോ
ബശ്മൊക് ഹൗഫായോ ഫ്സ്സീഹൊവുഹൊദ്യോ





മേക്കിൽനെകയെബ്കൂലേ ഹൈലാൻ
നീഹെ ആബൂൻ (......)
നെസ്മാർലേ-ബേ-സൂക്കോയാൻ

### പരിഭാഷ

സ്വാഗതമേ! - ശോഭിത - നാബൂൻ
മോർ (......) ന-ല്ല-ജപാ-ലാ-
കാംക്ഷിച്ചീടു -ന്നജ - സംഘം-
ദർശനമതിനും - വാ - ഴ്വിന്നും
ഓ-തു-ന്നു- സ്തോത്രം ഈ-ശ-നോടങ്ങേ-യ്ക്കായ്
തവമോഹനനാമാൽ-മോ-ദി-ക്കു-ന്നു.
ആർക്കുന്നെങ്ങൾ - ഉച്ചസ്വരത്തിൽ
വാഴട്ടാബൂൻ (......)
പ്രാ-പി-ക്കട്ടേ - ഭാവുകങ്ങൾ.

### വേറൊന്ന്

ക്രോലഹൂ-ൻ, മോ-റാൻ
ല ശ്ലി ഹൌപാ-ക്കേദേനൂ-ൻ
ബുറഹൊദ്-ഹൻപെ-ലോതീസ്ലൂൻ
ല് ബെസ് ശൊമറോയെ-ലോതേലൂൻ
വൽയുൽ-പ്പൊനഹൂൻ ദ-ഫറീ-ശെ-
ലോ-തെ-സ്ക്കർബൂൻദനുകീലു-
ഹ്വൌ താമ്മീമ്മേ, അക്യൌനേ
വാറീമ്മേ അ-ക്, ഹ്വാവോസൊ
ദ്ഹോ യേനൊമ്ശദാർ നൊലകൂ-ൻ
അക്എമറെ ബാ-യ് നൈ ദീബെ.

### പരിഭാഷ

അരുളി നാഥൻ ഏവം
ശിഷ്യന്മാരോടാജ്ഞയാൽ
ജാതിയിൻ വഴിയേ പോകരുതേ

ശമരവർ ഭവനെ പൂകരുതേ
പ്രീശന്മാർ തന്നുപദേശേ നിങ്ങൾ
ചേരൊല്ലിഹ കേൾ വഞ്ചനതൻ
പ്രാവുസമം കപടം കൂടാതുരഗം പോൽ
ബോധമുൾക്കൊൾവിൻ
ചെന്നായ് നടുവിൽ കുഞ്ഞാടു പോ-ലയ്യോ
ഞാനയയ്ക്കുന്നു നിങ്ങളെയും.

## മേൽപ്പട്ടക്കാർ വാഴ്വ് നൽകുമ്പോൾ

സ്ലൂസോക് ആമാൻ -
സ്ലൂസോക് ആമാൻ
ആബൂൻ മ്അലിയോ - (ഓ - ഓ -)
മോർ (......)
ലസ്ലാവോസോക് -
ലസ്ലാവോസോക്
നെശ്മാ മൊറിയോ - (ഓ - ഓ -)
വന്ഹാസേ - ലാൻ
ഫ്ശുത്ത് യാമീനോക് -
ഫ്ശുത്ത് യാമീനോക്
മല്യാസ് റഹമ്മേ - (ഏ - ഏ)
ബാറേക് ല്കൂലാൻ.

### പരിഭാഷ

പ്രാർത്ഥി - ച്ചാ - ലും
പ്രാർത്ഥി - ച്ചാ - ലും
വന്ദ്യ - പിതാ - വേ! (ഏ - ഏ)
മോർ (......)
നിൻ പ്രാ - ർത്ഥ - നകൾ
നിൻ പ്രാ - ർത്ഥ - നകൾ
കർത്തൻ കേട്ടീ - (ഈ - ഈ)
ട്ടരുളട്ടേ പുണ്യം.
ആശിസ്സേ - റും





ആശിസ്സേ - റും
തൃക്കൈ - നീട്ടി - (ഈ - ഈ)
വാഴ്ത്തീ - ടേണം.

## മേല്പട്ടക്കാരൻ സ്ലീബാ മുത്തിക്കുമ്പോൾ

അൽശെമഊ-ൻ, കീ-പ്പോബനിയോ-നൊ-
അൽശബഊ-ൻവത്തറെൻ അമ്മു-ദീൻ
നൊസ് ഈത്തോ-വെ-മ്റസ്ല്ദോറൂ-ശേ-
കാദീശെ-അർക്കെ, സീമ്മിൻ-ബി-
ബൻബീയേ-ബ-നിയോൻ
ബശലീഹേ മ്ശാ ററോൻ
സൊഹദേസീ-മ്മിൻ-ബി,
ശൂറെദ്ലോ-നോ-ഫലീ-ൻ
ദൊമ്യോനൊ-ലക-ൽ സൊമ്സാബാ-സ്തോ
വംശററീ-ൻ അർക്കൈബംശീ-ഹോ-

### പരിഭാഷ

തിരുസഭ ചൊന്നാൾ തൻ താർക്കികരോടേവം
എൻ പണി ശെമഓൻപാ-റയതിന്മീതെയല്ലോ
ഉണ്ടെനിക്കാ-യി തൂണുകൾ പന്തീ-രാർകൾ
ശുദ്ധന്മാ-രെന്നിൽ സ്ഥിരമായുത്തരമതുപോൽ
പണിതെന്നെ നിബിയർ
സ്ഥിരമാക്കീ ശ്ലീഹർ
സഹദേന്മാ-രെനിക്കായ്
ബലമേറും കോ-ട്ടകളായി
അലംകൃതയാ-യൊരുമ-ണവാട്ടി സമം ഞാനും
മ്ശിഹായാലെ-ന്നുത്തരമുറപ്പിക്ക-പ്പെട്ടോൾ.

❖

# 3
# വിശുദ്ധ കുർബാനാനുഭവശേഷം കൃതജ്ഞത

### വിശ്വാസപ്രകരണം

എന്റെ പ്രിയ യേശുതമ്പുരാനേ, നീ എന്റെ ഹൃദയത്തിൽ എഴുന്നെള്ളി വന്നുവല്ലോ. നീ എത്ര നല്ലവനാകുന്നു. നിന്നെ എന്റെ കണ്ണുകൾകൊണ്ട് കാൺമാൻ പാടില്ല എങ്കിലും ഇപ്പോൾ സത്യമായും നീ എന്നിൽ എഴുന്നെള്ളിയിരിക്കുന്നുവെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്നെ അനുഗ്രഹിക്കണമേ.

### ആരാധനപ്രകരണം

എന്റെ കർത്താവും എന്റെ ദൈവവുമേ, നിന്നെ ഞാൻ കുമ്പിടുന്നു. എന്റെ രക്ഷിതാവായ നീ അയോഗ്യനായ എന്റെ ആത്മാവിൽ എഴുന്നെള്ളിവരുവാൻ ഇഷ്ടപ്പെട്ടതിനാൽ നിന്നെ ഞാൻ ആരാധിക്കുന്നു. എന്റെ സ്രഷ്ടാവേ, നിനക്കു നിത്യമഹത്ത്വമുണ്ടായിരിക്കട്ടെ.

### സ്തോത്രപ്രകരണം

എന്റെ നല്ല യേശുതമ്പുരാനേ, പൂർണ്ണ ഹൃദയത്തോടെ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു. നീ എന്നോട് എത്ര കരുണയുള്ളവൻ! എത്ര സ്നേഹമുള്ളവൻ!

വിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന യേശുതമ്പുരാനേ, നീ ഏറ്റവും വാഴ്ത്തപ്പെട്ടവനാകുന്നു. എന്നെയും എല്ലാ പാപികളെയും സ്നേഹിക്കുന്നവനായ നീ ഏറ്റവും വാഴ്ത്തപ്പെട്ടവനാകുന്നു. സകലരും സർവ്വ സ്തോത്രങ്ങളാലും അളവുകൂടാതെ നിന്നെ സ്തുതിക്കുമാറാകട്ടെ.

സകല സൃഷ്ടികളുമേ, കർത്താവിനെ സ്തുതിപ്പിൻ. സകല ജാതികളുമേ, അവനെ സ്തുതിപ്പിൻ. സകല മോക്ഷവാസികളുമേ, കർത്താവിനെ സ്തുതിപ്പിൻ. എന്നേക്കും തന്നെ പുകഴ്ത്തുവിൻ. എന്തെന്നാൽ അവന്റെ കൃപ വലുതാകുന്നു.





എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. എന്നിലുള്ള സകലവുമേ, അവന്റെ വിശുദ്ധ തിരുനാമത്തെ പുകഴ്ത്തുക!

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.

### സ്നേഹപ്രകരണം

എന്റെ പ്രിയ കർത്താവേ, എന്നോടുള്ള സ്നേഹാധികൃത്താൽ നീ മനുഷ്യാവതാരം ചെയ്യുവാനും, കഠിന പീഡകൾ സഹിച്ച് തിരുരക്തമെല്ലാം ചിന്തി ക്രൂശുമരണം അനുഭവിക്കുവാനും, വിശുദ്ധ കുർബാനവഴിയായി എന്റെ ഹൃദയത്തിൽ എഴുന്നെള്ളി എന്റെ ഭക്ഷണമായിത്തീരുവാനും എന്നോടൊന്നിച്ചിരിക്കുവാനും തിരുമനസ്സായല്ലോ.

ഏറ്റവും മാധുര്യമേറിയ യേശുതമ്പുരാനേ, നിന്നെ ഞാൻ സ്നേഹിക്കുന്നു. എൻെറ പൂർണ്ണഹൃദയത്തോടെ നിന്നെ ഞാൻ സ്നേഹിക്കുന്നു. ദിനംപ്രതി അധികമധികം നിന്നെ സ്നേഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ സഹായിക്കണമേ.

### പ്രതിഷ്ഠാപ്രകരണം

സകല നന്മദാതാവായ യേശുമിശിഹാ, നിന്റെ തൃക്കൈകളിൽ എന്നെ ഞാൻ ഭരമേല്പിക്കുന്നു. കൃപാനിധിയായ നിന്റെ തിരുഹൃദയത്തിൽ എന്നെ ഞാൻ നിക്ഷേപിക്കുന്നു. ഒരിക്കലും നിന്റെ സ്നേഹഹൃദയത്തിൽ നിന്ന് അകലുവാൻ ഇടവരാതെ എന്നെ സദാ സംരക്ഷിക്കുന്നതിനായി നിനക്ക് എന്നെ ഇതാ കാഴ്ചയർപ്പിക്കുന്നു.

### അപേക്ഷ

"ചോദിപ്പിൻ നിങ്ങൾക്കു ലഭിക്കും"

എന്റെ രക്ഷിതാവേ, എന്റെ ആത്മാവിനു വേണ്ടുന്ന കാര്യങ്ങൾ എന്തെല്ലാമെന്നു നന്നായി നീ അറിഞ്ഞിരിക്കുന്നു. നീ അറിയുന്നതുപോലെയും മനസ്സാകുന്നതുപോലെയും എന്നെ ആശീർവദിക്കണമേ.

എന്റെ ആത്മശരീരങ്ങളെ ശുദ്ധീകരിക്കണമേ. എന്റെ നന്ദികേടിനെ മറന്ന് എന്റെ പാപങ്ങളെപ്പററി ഉത്തമ മനസ്താപവും മേലിൽ പാപം ചെയ്യാതിരിക്കുവാൻ ഉറപ്പുള്ള മനസ്സും എനിക്കു തരണമേ. ദൃഢവിശ്വാസവും ശക്തിയുള്ള ശരണവും തീക്ഷ്ണതയുള്ള സ്നേഹവും ഐഹികാസക്തികളിൽ വിരസതയും എനിക്കു നല്കണമേ. നിനക്കു അനിഷ്ടമായ അല്പ പാപംപോലും ചെയ്യാതെ എളിമ, ക്ഷമ, കീഴ്വഴക്കം, സഹോദരസ്നേഹം ആദിയായ പുണ്യങ്ങൾ ഉത്സാഹത്തോടെ സമ്പാദിക്കുവാനും നിന്റെ തിരുമനസ്സുപോലെ സദാ ജീവിച്ചു ഭാഗ്യമരണം പ്രാപിക്കുവാനും എന്നെ അനുഗ്രഹിക്കണമേ.

നിന്റെ പരിശുദ്ധ സഭയെ സംരക്ഷിക്കണമേ. തിരുസഭയുടെ തലവനായ മാർപ്പാപ്പായെ അനുഗ്രഹിക്കണമേ. തിരുസഭയിലെ സകല മേൽപ്പട്ടക്കാരെയും പട്ടക്കാരെയും നിന്റെ തിരുഹൃദയത്തിനൊത്തവരാക്കണമേ. സകല പാപികൾക്കും അനുതാപം കൊടുക്കണമേ.

അനേകരാലും അറിയപ്പെടാത്തവനും സ്നേഹിക്കപ്പെടാത്തവനുമായ ദൈവമേ, എല്ലാവരും നിന്നെ അറിയുവാനും സ്നേഹിക്കുവാനും കൃപ ചെയ്യണമേ. എന്റെ യേശുവേ, എന്റെ ആശ്രയമേ, നിന്നെ ഞാൻ ഉപദ്രവിച്ചിട്ടുള്ളതോളമെങ്കിലും നിന്നെ സ്നേഹിക്കുവാൻ കൃപ ചെയ്യണമേ. മേലിൽ നിന്നെ ഞാൻ സ്നേഹിക്കുകയില്ലെങ്കിൽ ഉടനെ എന്നെ മരിപ്പിക്കണമേ.

ക്രൂശിന്മേൽ എല്ലാവരാലും കൈവിടപ്പെട്ട യേശുവേ, എന്റെ മരണനേരം എന്നെ കൈവിടരുതേ. കർത്താവേ, എന്റെ ഹൃദയത്തിൽ നിന്റെ സിംഹാസനം സ്ഥാപിക്കുക. യേശുവേ, എന്റെ ദൈവമേ, എല്ലാ വസ്തുക്കളെയുംകാൾ നിന്നെ ഞാൻ സ്നേഹിക്കുന്നു.

### പ്രാർത്ഥന

നല്ലവനും എത്രയും മാധുര്യവാനുമായ യേശുവേ, ഇതാ ഞാൻ തിരുമുമ്പിൽ മുട്ടുകുത്തുന്നു. "എന്റെ





കൈകളും കാലുകളും അവർ തുളച്ചു. എൻെറ അസ്ഥികൾ എല്ലാം അവർ എണ്ണി" എന്ന് തിരുമൊഴിയായി ദാവീദു ദീർഘദർശി പറഞ്ഞുവെന്നത് എന്റെ കൺമുമ്പാകെ ദർശിച്ച് വലിയ പക്ഷത്തോടും ദു:ഖത്തോടുംകൂടി നിന്റെ അഞ്ചു തിരുമുറിവുകളെ എന്റെ മനസ്സിൽ ഓർത്തു ചിന്തിക്കുന്ന ഇപ്പോൾ വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളുടെ ജീവനുള്ള ഉണർവ്വുകളും എന്റെ പാപങ്ങളെപ്പറ്റി പൂർണ്ണ മനസ്താപവും അവയെ പരിഹരിക്കുവാൻ തക്ക സ്ഥിരതയുള്ള മനസ്സും എന്റെ ഹൃദയത്തിൽ പതിച്ചരുളണമെന്ന് എത്രയും വലിയ മന:ശുഷ്കാന്തിയോടെ നല്ല യേശുവേ, നിന്നോടു ഞാൻ അപേക്ഷിക്കുന്നു.

1.സ്വ. 1. കൃപ. 1 ത്രി.

### സർവ്വലോക രാജാവായ യേശുവിനോടുള്ള പ്രാർത്ഥന

യേശുമിശിഹാ, നിന്നെ ഞാൻ സർവ്വലോക രാജാവായി ഏറ്റുപറയുന്നു. നിർമ്മിക്കപ്പെട്ടിട്ടുള്ളവയെല്ലാം നിനക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നിന്റെ അധികാരമെല്ലാം എന്നിൽ നീ നടത്തുക.

പിശാചിനെയും അവന്റെ സകല പ്രൗഢിയെയും വ്യാപാരങ്ങളെയും ഞാൻ ഉപേക്ഷിച്ച് എന്റെ മാമോദീസായിലെ വാഗ്ദത്തങ്ങളെ നവീകരിച്ച് ഒരുത്തമ ക്രിസ്ത്യാനിയായി ജീവിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു. സർവ്വോപരി ദൈവത്തിന്റെയും തന്റെ തിരുസഭയുടെയും അവകാശങ്ങളുടെ വിജയത്തിനായി എന്നാലാവുന്നതെല്ലാം ചെയ്തുകൊള്ളാമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

യേശുവിൻെറ ദിവ്യഹൃദയമേ, നിന്റെ വിശുദ്ധ രാജത്വം സകലരും സ്വീകരിക്കുവാനും അതിനാൽ നിന്റെ സമാധാനഭരണം ലോകമെങ്ങും സ്ഥാപിക്കപ്പെടുവാനും വേണ്ടി എന്റെ ദുർബ്ബലമായ പ്രവൃത്തികളെ നിനക്കു കാഴ്ചയർപ്പിക്കുന്നു. 1 സ്വ. 1 കൃപ. 1 ത്രി.

❖

# 4

# വിശുദ്ധ കുമ്പസാരം

## ഒരുക്കം

### അപേക്ഷ

പരിശുദ്ധ റൂഹായായ ദൈവമേ, എഴുന്നെള്ളിവന്ന് എന്റെ ബോധത്തെ പ്രകാശിപ്പിക്കണമേ. എന്റെ പാപങ്ങളെല്ലാം കണ്ടുപിടിക്കുവാനും അവയുടെ തിന്മയേയും കാഠിന്യത്തേയും ഗ്രഹിക്കുവാനും അവയെക്കുറിച്ച് പരമാർത്ഥമായി മനസ്താപപ്പെടുവാനും അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുവാനും എനിക്കു കൃപ നല്കണമേ. പാപികളുടെ സങ്കേതമായ മറിയമേ, വ്യാകുല മാതാവേ, എൻെറ പാപങ്ങളെപ്പറ്റി ഉത്തമ മനസ്താപം ഉണ്ടാകുവാൻ എനിക്കുവേണ്ടി അപേക്ഷിക്കണമേ. എന്റെ പ്രിയമുള്ള കാവൽമാലാഖാ, ഞാൻ നടത്തുവാൻ പോകുന്ന ഈ കുമ്പസാരം ആയുസിൽ അവസാനത്തേതെന്നവണ്ണം പരമാർത്ഥമായി നിർവ്വഹിക്കുവാനും മേലിൽ നല്ലവനായ ദൈവത്തിനു വിരോധമായി പാപം ചെയ്യാതിരിക്കുവാനും എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

സൂചന: ശ്രദ്ധാപൂർവ്വം ആത്മശോധന ചെയ്യണം. നീ ദൈവസന്നിധിയിൽ വിധിക്കായി നില്ക്കുമ്പോൾ ദൈവം നിന്നോട് കണക്കുചോദിക്കുന്നതുപോലെ, ദൈവകല്പനകൾക്കും തിരുസഭയുടെ കല്പനകൾക്കും വിരോധമായി ചെയ്ത പാപങ്ങളേയും, നിഗളം, ദ്രവ്യാഗ്രഹം, മോഹം, കോപം, കൊതി, അസൂയ, മടി എന്നീ പ്രധാന ദുർഗുണങ്ങളേയുംപറ്റി പരിശോധിക്കുക.

### ആത്മപരിശോധന (ദൈവകല്പനകളിലൂടെ)

1. ദിനംപ്രതിയുള്ള പ്രാർത്ഥനകൾ അലക്ഷ്യമായി നടത്തുകയോ മുടക്കംവരുത്തുകയോ ചെയ്തോ?

   ദൈവത്തിലുള്ള വിശ്വാസത്തിനും ശരണത്തിനും വിരോധമായി വല്ലതും ഉണ്ടായിട്ടുണ്ടോ?

   ദൈവത്തെ ഏറ്റവും ഭക്തിപൂർവ്വം സ്നേഹിക്കാതെയും ആരാധിക്കാതെയുമിരുന്നോ?





   ദൈവാലയങ്ങളേയോ, ദൈവിക കാര്യങ്ങളേയോ, ദിവ്യവസ്തുക്കളേയോ, ആളുകളേയോ, അനാദരിച്ചു പ്രവർത്തിച്ചിട്ടുണ്ടോ?

   ഘനമായ പാപങ്ങളോടെ വി.കൂദാശകൾ സ്വീകരിച്ചിട്ടുണ്ടോ?

   വി.കൂദാശകളിലും, വി.കർമ്മങ്ങളിലും അയോഗ്യമായി പങ്കെടുത്തുവോ?

   വി.കുമ്പസാരത്തിൽ ഏററുപറയേണ്ട ഏതെങ്കിലും പാപം അറിഞ്ഞുകൊണ്ട് മറച്ചുവയ്ക്കുകയോ അവയുടെ എണ്ണം കുറച്ചുപറയുകയോ പാപങ്ങളുടെ തര വ്യത്യാസങ്ങളും അറിയിക്കേണ്ട സാഹചര്യങ്ങളും തെളിച്ചുപറയാതിരിക്കുകയോ നിശ്ചയങ്ങൾ പതിവായി ലംഘിക്കുകയോ ചെയ്തിട്ടുണ്ടോ?

   ലോകകാര്യങ്ങളിൽ താല്പര്യപ്പെട്ടും സുഖപ്രിയത്താലും അലസതയാലും സ്വന്തം ആത്മരക്ഷയുടെ കാര്യത്തിൽ ശ്രദ്ധവയ്ക്കാതെയുമിരുന്നിട്ടുണ്ടോ?

   ദൈവത്തെ വേണ്ടവണ്ണം അറിയുവാൻ ശ്രമിക്കാതെയും വേദപഠനം, പ്രസംഗങ്ങൾ, ധ്യാനങ്ങൾ ആദിയായ മാർഗങ്ങളെ ഉപേക്ഷിച്ചും നടന്നിട്ടുണ്ടോ?

   വി.കത്തോലിക്കാസഭ പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങൾക്ക് എതിരായി വല്ലതും വിശ്വസിക്കുകയോ, സംസാരിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടോ?

   ജാതികൾക്കടുത്ത പ്രവൃത്തികളേയോ, മൂഢവിശ്വാസങ്ങളേയോ ഏതെങ്കിലും വിധത്തിൽ ആദരിക്കുകയോ അനുകൂലിക്കുകയോ ചെയ്തുവോ?

2. അനാവശ്യമായോ അസത്യമായോ സത്യം ചെയ്യുകയും ആണയിടുകയും മററും ചെയ്തുവോ?

   ദൈവദൂഷണം പറയുകയോ വിചാരിക്കുകയോ ചെയ്തുവോ?

3. ഞായറാഴ്ചകളിലും കടമുള്ള പെരുന്നാളുകളിലും വി.കുർബാന മുടക്കുകയും, ദുർവ്യാപാരംകൊണ്ടും, വിലക്കപ്പെട്ട പ്രവൃത്തികളാലും ലംഘിക്കുകയും മററുള്ളവരെ ഇവയ്ക്ക് സഹായിക്കുകയും ചെയ്തിട്ടുണ്ടോ?

4. മാതാപിതാക്കന്മാർ, പട്ടക്കാർ ആദിയായ അധികാരികൾക്കു കീഴ്‌വഴങ്ങാതെയും അവരെ സ്നേഹിക്കാതെയും ആദരിക്കാതെയും അവർക്കു ചെയ്യേണ്ട പ്രത്യുപകാരങ്ങൾ ചെയ്യാതെയും ഇരുന്നുവോ?

അവരെ കോപിപ്പിക്കുകയോ അവർക്കു ദോഷം ആഗ്രഹിക്കുകയോ ചെയ്തുവോ?

മാതാപിതാക്കൾ, തങ്ങളുടെ മക്കളുടെ വേദപഠനം, ക്രിസ്തീയ വിശ്വാസത്തിൽ വളർത്തൽ ആദിയായ എല്ലാ കാര്യങ്ങളിലും വേണ്ടവണ്ണം താല്പര്യമായി ശ്രദ്ധിക്കാതെ അവർ മക്കൾക്കോ മററുള്ളവർക്കോ മാതൃകാദോഷമായിരുന്നിട്ടുണ്ടോ?

വേലക്കാരുടെ ആത്മീയകാര്യങ്ങൾ നടത്തിക്കാതിരുന്നിട്ടുണ്ടോ?

5. അന്യർക്കു ദേഹോപദ്രവമോ, ദ്രവ്യനഷ്ടമോ, മാനഹാനിയോ വരുത്തിയിട്ടുണ്ടോ?

വാക്കാലോ പ്രവൃത്തിയാലോ ആർക്കെങ്കിലും ഇടർച്ചയുണ്ടാക്കിയോ? ആരോടെങ്കിലും വിരോധമുണ്ടോ?

സഹോദരങ്ങളെ സ്നേഹിക്കാതിരുന്നിട്ടുണ്ടോ? സഹോദരങ്ങളോട് വിദ്വേഷം മനസ്സിൽ വച്ചുകൊണ്ടിരുന്നിട്ടുണ്ടോ?

പ്രതികാരം ചെയ്തിട്ടുണ്ടോ? അതിനായി മനസ്സു വച്ചിട്ടുണ്ടോ?

കോപിക്കുകയോ, താൻ തന്നെയോ, മററുള്ളവരോ മരിക്കുവാൻ ആഗ്രഹിക്കുകയോ ചെയ്തിട്ടുണ്ടോ?





ആവലാതി, പിറുപിറുപ്പ്, പ്രാക്ക് ഇവ ഉണ്ടായോ?

മറ്റുള്ളവരെ ദോഷം പഠിപ്പിക്കുകയോ പാപത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ?

6. (6-ഉം 9-ഉം) : അശുദ്ധവിചാരം, സംസാരം, പ്രവൃത്തി എന്നിവ ഉണ്ടായിട്ടുണ്ടോ?

പഞ്ചേന്ദ്രിയങ്ങളെ, പ്രത്യേകമായി, നോട്ടം, സ്പർശനം എന്നിവയെ അടക്കി ഭരിക്കാതെ സ്വാതന്ത്ര്യം കൊടുത്തുവോ?

അനാവശ്യ കളികൾ, ഉല്ലാസങ്ങൾ, ബന്ധങ്ങൾ ആദിയായ വല്ല പാപകാരണങ്ങളെയും വർജ്ജിക്കാതെയിരുന്നുവോ?

മദ്യപാനം ആദിയായ ദുർനടപടികൾക്കു പങ്കുണ്ടായിട്ടുണ്ടോ?

7. (7-ഉം 10-ഉം) : അന്യന്റെ മുതൽ അന്യായമായി ആഗ്രഹിക്കുകയും കൈവശപ്പെടുത്തുകയും ചെയ്തുവോ? മോഷ്ടിക്കുകയോ നഷ്ടം വരുത്തുകയോ ചെയ്തുവോ? വല്ല ജോലിയും ഏററിട്ട് നീതിയോടും വിശ്വസ്തതയോടും കൂടി നിറവേററാതിരിക്കുകയോ, മേലധികാരിക്ക് നഷ്ടം വരുത്തുകയോ ചെയ്തുവോ?

അധികാരമുള്ളവർ അന്യായമായി അതുപയോഗിക്കുവാൻ ഇടയായോ?

കടംവീട്ടാൻ നിവൃത്തിയുണ്ടായിട്ടും വീട്ടാതെയും വേലക്കാർക്കു ന്യായമായി കൂലി കൊടുക്കാതെയുമിരുന്നോ? എത്രത്തോളം നഷ്ടം അന്യന് ഉണ്ടായി?

8. കള്ളം പറയുകയോ, കള്ളത്തിനു സാക്ഷി നിൽക്കുകയോ, നിർത്തുകയോ ചെയ്തുവോ? (അതുകൊണ്ട് ആർക്കെങ്കിലും എന്തെങ്കിലും നഷ്ടമോ മാനഹാനിയോ ഉണ്ടായോ?)

നിഗളം, കോപം, ദ്രവ്യാഗ്രഹം (ലുബ്ധ്), മടി, കൊതി ആദിയായ പാപങ്ങൾ എത്രത്തോളം, ഏതുവിധത്തിൽ വെളിപ്പെട്ടിട്ടുണ്ട്?

സ്പർധയോ മറ്റുള്ളവന്റെ ഗുണത്തിൽ അസുഖമോ ദോഷത്തിൽ തൃപ്തിയോ ഉണ്ടോ?

വി.കുമ്പസാരം, വി.കുർബാനാനുഭവം, നോമ്പ് എന്നിവ മുടക്കിയിട്ടുണ്ടോ?

(ഇവകൂടാതെ വല്ലതും ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കുകയും അതിനുശേഷം കണ്ടുപിടിച്ച പാപങ്ങളെപ്പറ്റി താഴെ പറയുന്നവയിൽ ഒന്നോ അധികമോ ആവശ്യംപോലെ ചിന്തിച്ചു നന്നായി അനുതപിക്കുകയും ചെയ്യുക)

## അനുതാപചിന്തകൾ

1. വിചാരത്താലുള്ള ഒറ്റപാപം നിമിത്തം സാത്താൻ സ്വർഗത്തിൽനിന്നും നിത്യാഗ്നിയിലേക്കു തള്ളപ്പെട്ടു.
2. ആദാമും ഹവ്വായും ഒറ്റ കല്പന ലംഘിച്ചതിനാൽ പറുദീസായിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടു.
3. പാപം നിമിത്തം ദൈവം ജലപ്രളയത്താൽ ലോകത്തെ നിശേഷം നശിപ്പിച്ചു.
4. പാപം നിമിത്തം സോദോമിനേയും ഗോമോറായേയും തീമഴ പെയ്യിച്ച് ദൈവം നശിപ്പിച്ചു.
5. നിത്യനരകം - അവിടെ ഒരിക്കലും ദൈവത്തെ കാണുവാൻ സാധിക്കുകയില്ല. എന്നേക്കും അതിവേദന അനുഭവിക്കേണ്ടിവരും.
6. പാപപരിഹാരാർത്ഥം യേശുതമ്പുരാൻ സഹിച്ച പീഡകൾ- ഗെത്സമെൻ തോട്ടത്തിലെ അതിവേദന, യേശുവിനെ തൂണിന്മേൽ കെട്ടി അടിച്ചത്, മുൾക്കിരീടം ധരിപ്പിച്ചത്, കുരിശുമരം ചുമന്നത്, തൃക്കൈകളിലും തൃക്കാലുകളിലും ആണികൾ തറച്ചത്, രണ്ടു കള്ളന്മാരുടെ മദ്ധ്യേ കുരിശിച്ചത്, കർത്താവിന്റെ അതിവേദനയും മരണവും.





7. ദൈവം എത്ര പരിശുദ്ധൻ! താൻ പാപത്തെ എത്രയധികം വെറുക്കുന്നു? എന്നെ എത്രമാത്രം താൻ സ്നേഹിക്കുന്നു. ദൈവം എത്ര നല്ലവൻ, എന്തെല്ലാം നന്മകൾ, കഴിവുകൾ എനിക്കു നല്കിയിട്ടുണ്ട്.

   മുടിയനായ പുത്രനെ എത്ര കരുണയോടുകൂടെ ആ പിതാവ് കൈക്കൊണ്ടു.

   വലതുഭാഗത്തെ കള്ളൻെറ പാപങ്ങൾ ക്ഷമിക്കുകയും, മറിയം മഗ്ദലേനായുടെ ഭയങ്കര പാപങ്ങളെ മോചിക്കുകയും ചെയ്തത് എത്ര കരുണയോടെയായിരുന്നു.

## അനുതാപപ്രാർത്ഥന

സർവശക്തനും നിത്യനുമായ ദൈവമേ, നീ ഉടയവൻ; ഞാനോ, നീച അടിമ. ഈ അടിമ സർവനന്മസ്വരൂപിയായിരിക്കുന്ന നിന്നെ ശങ്കിക്കാതെ നിനക്കു വിരോധമായി പാപങ്ങൾ ചെയ്തു. നിനക്കെതിരായി ദ്രോഹങ്ങൾ ചിന്തിച്ചു. കർത്താവേ, എന്റെ പാപങ്ങളാൽ സ്ലീബായിൽ നിന്നെ ഞാൻ തറച്ചു. നിന്റെ തിരുമുറിവുകൾക്കും രക്ത ച്ചൊരിച്ചിലിനും ഞാനത്രെ കാരണം. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ ഞാൻ നശിപ്പിച്ചു. ഞാൻ പിശാചിന് അടിമയായിപ്പോയി. നിത്യനരകത്തിന് ഞാൻ യോഗ്യനായി. എന്നാൽ, മോക്ഷം നഷ്ടമായതിലുള്ള സങ്കടത്തെക്കാളും നരകത്തിൽ പോകുമെന്നുള്ള ഭയത്തെക്കാളും നല്ല പിതാവായ നിന്നെ സങ്കടപ്പെടുത്തിയതിനാൽ ഞാൻ ദു:ഖിക്കുന്നു. പിതാവേ, സ്വർഗത്തിനു മുമ്പാകെയും നിനക്കു വിരോധമായും ഞാൻ തിന്മ ചെയ്തുപോയി. എന്നോടു ക്ഷമിക്കണമേ. നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തുകളയുകയുമരുതേ. ഇനിമേൽ നിനക്കു വിരോധമായി പാപങ്ങൾ ചെയ്യുകയില്ലെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു. നിത്യപിതാവേ, നിന്റെ തിരുക്കുമാരനെ ഓർത്ത് എന്നോടു കരുണയുണ്ടാകണമേ.

ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവകുഞ്ഞാടായ എന്റെ യേശുവേ, നിൻെറ തിരുമുറിവുകളുടെ യോഗ്യതകളെ ഓർത്ത് എന്റെ പാപങ്ങൾ ക്ഷമിക്കണമേ. എന്നെ അനുഗ്രഹിക്കണമേ. മറിയം മഗ്ദലനായോടുകൂടി നിന്റെ തൃപ്പാദങ്ങളെ ചുംബിക്കുന്ന ഈ ധൂർത്തനായ പുത്രനെ കൈക്കൊള്ളണമേ. നിന്റെ തിരുമുറിവുകളിൽനിന്നു ഒഴുകുന്ന വിലയേറിയ തിരുരക്തത്താൽ എന്റെ ആത്മാവിനെ കഴുകണമേ.

വ്യാകുലയായ മാതാവേ, നീ വഴിയായി ഞാൻ എന്റെ തമ്പുരാനെ വീണ്ടും കണ്ടെത്തട്ടെ. സ്വർഗവാസികളായ മാലാഖമാരേ, വിശുദ്ധരേ, നിങ്ങളും എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. ആമ്മീൻ.

(അനുതാപത്തിന്റെ മറ്റു പ്രാർത്ഥനകളും മസുമൂറാകളും ആവശ്യാനുസരണം ചൊല്ലാവുന്നതാണ്)

(മേലിൽ പാപഹേതുക്കളെ ഉപേക്ഷിച്ച് നല്ല ജീവിതം നയിക്കുവാൻ സൂക്ഷിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയോടെ പട്ടക്കാരന്റെ അടുക്കൽ (അദ്ദേഹം മിശിഹായുടെ പ്രതിനിധിയും നിന്റെ ആത്മവൈദ്യനും ന്യായാധിപതിയും പിതാവുമാണെന്നു വിചാരിച്ച്) ഏറ്റവും എളിമയോടും വണക്കത്തോടുംകൂടെ മുട്ടുകുത്തി മൗദ്യോനൂസോ ചൊല്ലി ഏറ്റുപറച്ചിൽ നടത്തണം. ഭയത്താലും ലജ്ജയാലും ഒന്നും ഒളിച്ചുവയ്ക്കാതെ പാപങ്ങൾ എല്ലാം മനസ്താപത്തോടും പരമാർത്ഥതയോടുംകൂടി ഏററുപറയണം. കഴിഞ്ഞ കുമ്പസാരം സംബന്ധിച്ച് വല്ല പോരായ്മകളും വന്നിട്ടുണ്ടെങ്കിൽ അത് ആദ്യം ഏറ്റുപറയണം.)

### മൗദ്യോനൂസൊ

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യൈകദൈവത്തിന്റെ തിരുമുമ്പാകെയും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെയും സകല വിശുദ്ധന്മാരുടെയും വിശുദ്ധ മാലാഖമാരുടെയും മുമ്പാകെയും ദൈവത്തിന്റെ പട്ടക്കാരാ, പാപങ്ങൾ മോചിക്കുവാനും ബന്ധിക്കുവാനും ദൈവം അങ്ങേയ്ക്കു ഭരമേല്പിച്ചിട്ടുള്ള ആചാര്യത്വത്തിന്റെ മുമ്പാകെയും ഞാൻ എന്റെ പാപങ്ങൾ





ഏറ്റു പറയുന്നു. ഞാൻ പാപിയാകുന്നു. ഞാൻ പാപിയാകുന്നു. ഞാൻ മഹാപാപിയാകുന്നു.

(ഇവിടെ ഏറ്റുപറച്ചിൽ നടത്തണം)

എൻെറ പാപങ്ങളെപ്പറ്റി ഞാൻ സത്യമായി ദു:ഖിക്കുന്നു. അവയെല്ലാം ഞാൻ മനഃപൂർവ്വമായി വെറുത്തുപേക്ഷിക്കുന്നു. കർത്താവേശുമിശിഹായുടെ രക്ഷാകരമായ വ്യാപാരങ്ങളിലും കരുണയിലും ഞാൻ ആശ്രയിക്കുന്നു. പിതാവേ, എനിക്കു പാപമോചനം തന്ന് എന്നെ അനുഗ്രഹിക്കണമേ.

(ഏറ്റുപറഞ്ഞതിനുശേഷം)

ഞാൻ ഏറ്റുപറഞ്ഞിട്ടുള്ളവയും വിട്ടുപോയിട്ടുള്ളവയുമായ എന്റെ സകല പാപങ്ങൾക്കും, പ്രത്യേകിച്ച് എന്റെ മുൻപാപങ്ങളായ (ഇന്നവയ്ക്കും) മോചനമപേക്ഷിക്കുന്നു.

### മന:സ്താപപ്രകരണം

എല്ലാ വസ്തുക്കളെയുംകാൾ സ്നേഹയോഗ്യനായ എൻെറ സർവേശ്വരാ, നിനക്കെതിരായി ഞാൻ പാപം ചെയ്തതിനാൽ ദു:ഖിക്കുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എൻെറ ആത്മാവിനെ ഞാൻ മലിനമാക്കിയതിനാലും, സ്വർഗഭാഗ്യം നഷ്ടമാക്കി നരകത്തിനു ഞാൻ യോഗ്യനായതിനാലും ഖേദിക്കുന്നു. നിന്റെ വരപ്രസാദത്തിൻെറ സഹായത്താൽ ഇനിമേൽ പാപം ചെയ്യുകയില്ലെന്നു ഞാൻ നിശ്ചയിച്ച് പാപഹേതുക്കളെല്ലാം ഉപേക്ഷിക്കുന്നു. ഇനിയും ഏതെങ്കിലും പാപം ചെയ്യുന്നതിനുമുമ്പ് മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു. എന്നെ അനുഗ്രഹിക്കണമേ. ആമ്മീൻ.

### വി.കുമ്പസാരം കഴിഞ്ഞ് സ്തോത്രം

മഹാദയാലുവായ ദൈവമേ, നീ എനിക്കു നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾക്കു തക്ക സ്തോത്രം ചെയ്യുവാൻ എനിക്കു പ്രാപ്തി പോരാ. ഇതുവരെയും ഞാൻ എൻെറ

പാപങ്ങളാൽ പിശാചിന് അടിമയായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ നിൻെറ ദാസനായിരിക്കുന്നു. എന്റെ പാപകാഠിന്യത്താൽ നിത്യനരകത്തിനു ഞാൻ അർഹനായിരുന്നു. എന്നാൽ ഇപ്പോൾ പരമാനന്ദ സ്വർഗഭാഗ്യത്തിന് ഞാൻ യോഗ്യനായിത്തീർന്നിരിക്കുന്നു. എന്റെ ദോഷങ്ങളാൽ ഞാൻ പിശാചിന്റെ സാദൃശ്യത്തിലായിരുന്നു. ഇപ്പോൾ യേശുമിശിഹായുടെ തിരുരക്തത്തിൻ ഫലത്താൽ മാലാഖമാർക്കു തുല്യനായിരിക്കുന്നു. എൻെറ ദോഷങ്ങളുടെ ബഹുലതനിമിത്തം പാപച്ചങ്ങലകളാൽ ഞാൻ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ നിന്റെ വിശേഷ കൃപയാൽ ഞാൻ നിൻെറ സ്നേഹപുത്രരിൽ ഒരുവനായിരിക്കുന്നു.

നല്ലവനായ പിതാവേ, നന്ദിയോടെ നിന്നെ ഞാൻ സ്തുതിച്ചാരാധിക്കുന്നു. നിന്നെ സ്തുതിച്ച് സ്തോത്രം ചെയ്യുവാൻ എന്റെ ആയുസിനെ ഞാൻ നിനക്കു സമർപ്പിക്കുന്നു.

ദൈവമാതാവും സകല വിശുദ്ധരും സകല മാലാഖമാരുമേ, എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമേ. ആമ്മീൻ.

(കുമ്പസാരത്തിൽ കല്പിച്ചിട്ടുള്ള പ്രായശ്ചിത്തം നിറവേറ്റണം)

❖





# 5

# വിശുദ്ധ ദൈവമാതാവിനോടുള്ള മാദ്ധ്യസ്ഥ പ്രാർത്ഥന

(കർമ്മി മദ്ബഹായിൽ ത്രോണോസിന്റെ മുമ്പാകെ കിഴക്കോട്ടഭിമുഖമായി നിൽക്കുന്നു. ഇരുവശങ്ങളിലും ശുശ്രൂഷകർ കത്തിച്ച മെഴുകുതിരികൾ പിടിക്കുന്നു. അപേക്ഷകർ കത്തിച്ച തിരികൾ പിടിച്ചുകൊണ്ട് നടയുടെ താഴെ നിൽക്കണം).

(തിരി കൊടുക്കുമ്പോൾ പാടാവുന്നത്)

1. ധന്യേ നിൻ പ്രാർത്ഥനമേവട്ടേ ഞങ്ങളോടൊന്നി
   ച്ചർത്ഥന-കേട്ടിട്ടേകീടട്ടേ പുണ്യം നാഥൻ
2. എന്തൗന്നത്യം ഭൗമികപുത്രിക്കുണ്ടായെന്നു
   ചൊന്നീടും ഞാൻ സംഭ്രമമാർന്നിട്ടത്ഭുതപൂർവ്വം
3. തൃക്കാരുണ്യം സുതനെത്താഴ്ത്തി സവിധേ ചേർത്തു
   ദൈവസുതൻ തൻ മാതാവാകാൻ തിരുഹിതമാർന്നാൾ
4. സൗമ്യരിലല്ലാതെങ്ങമരും ഞാനെന്നുരചെയ്തോൻ
   ജാതരിലേററം താഴ്ത്തപ്പെട്ടുള്ളവളിൽ പാർത്താൻ
5. ആരുമുയർത്തപ്പെട്ടില്ലിതുപോലതിനാൽ സ്പഷ്ടം
   മറിയാമേപ്പോലാരും താഴ്ത്തപ്പെട്ടിട്ടില്ല
6. ഒമ്പതുമാസം നിന്നേയേറ്റോൾ തൽ പ്രാർത്ഥനയാൽ
   ദൈവാത്മജനേ! കോപത്തിൻ ദണ്ഡൊഴിവാക്കേണം.

കർമ്മി : ശുബ്ഹോ...

ജനം : ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടുലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകണമേ. ആമ്മീൻ.

കർമ്മി : കാരുണ്യവാനായ കർത്താവേ! നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കായി തുറന്നു

തരണമേ. ഞങ്ങളുടെ ശരണം നിന്നിലായിരിക്കുന്നതിനാൽ ഞങ്ങൾ ലജ്ജിച്ചു പോകുമാറാകരുതേ. നീ മുഖാന്തരം സകല ദുരിതങ്ങളിൽ നിന്നും ഞങ്ങൾ രക്ഷപ്രാപിച്ച് വീണ്ടുകൊള്ളപ്പെടുമാറാകണമേ. ഞങ്ങളുടെ രക്ഷകനും വീണ്ടെടുപ്പുകാരനും നീയായിരിക്കുന്നതിനാൽ ഞങ്ങളോട് ദയയുണ്ടാകണമേ. ഞങ്ങളുടെ രഹസ്യവും, പരസ്യവുമായ തെറ്റുകളെയും കുറ്റങ്ങളെയും ഓർക്കരുതേ, ഞങ്ങളോട് നീ കോപിക്കയുമരുതേ. നിന്റെ കരുണയാലും മനുഷ്യസ്നേഹത്താലും ഞങ്ങളെ കാത്തുകൊള്ളുകയും, ഞങ്ങളുടെ ശത്രുക്കളിൽനിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളുടെ ദൈവവും, ഞങ്ങൾ നിന്റെ ജനവുമാകുന്നുവല്ലോ. നല്ലവനായ ഞങ്ങളുടെ കർത്താവേ, നിന്നെ പ്രസവിച്ച വിശുദ്ധ കന്യകമറിയാമിൻെറ മാദ്ധ്യസ്ഥപ്രാർത്ഥനയാൽ ഞങ്ങളോട് കരുണയുണ്ടാകണമേ. മാതാവിന് തിരുസന്നിധിയിൽ ധൈര്യവും (അപേക്ഷാ സ്വാതന്ത്ര്യവും) മുഖപ്രസന്നതയും ഉള്ളതുകൊണ്ട് ഉത്തമനായുള്ളോവേ! ദയതോന്നി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.
ഹാലേലുയ്യാ-ഹാലേലുയ്യാ-ഹാലേലുയ്യാ.

**മാനീസാ**

യുഗകാലങ്ങളിലൊക്കെയിലും
മറവായ് സ്ഥിതിചെയ്തൊരു മർമ്മം

നിർമ്മലയേ! കാലത്തികവിൽ
നിൻ സവിധം വെളിവായ് വന്നു.





ദൂതത്തലവൻ ഗബ്രിയേൽ
മധുരസ്വരത്തിൽ നിന്നോടായ്

അഭിവാദ്യം ചെയ്തോതിയിദം
വിത ചെയ്യാ വയലേ സ്വസ്തി

അതിർകാണാത്താഴമേ മോദി-
ക്കംബരമെത്തും സോപാനം

യാക്കോബു താതൻ ദർശിച്ച
വാനെത്തും ശ്രേണിയെ മോദി-

ക്കകമേ ദൈവികമാം മന്നാ
നിക്ഷേപിത ചെപ്പേ മോദി-

ക്കാദിമശാപം തീർത്തോളാം
ആദാംരക്ഷകയേ മോദി-

ച്ചീടുക കർത്തൻ നിൻ കൂടെ.
കുറിയേലായിസ്സോൻ... കുറി... കുറി...

(കർമ്മി പടിഞ്ഞാറോട്ട് തിരിഞ്ഞു നിൽക്കുന്നു)

മന്നാ നിക്ഷേപിത ചെപ്പും
തളിർത്തോരഹറോൻ തൻ വടിയും

ഉൾക്കൊണ്ടൊരു നിയമപ്പെട്ടി
ശ്ലേമോൻ തന്നുറുമാലുമിവ

നിൻ സാമ്യം ദൈവജനനീ
അസ്പഷ്ടം നിബിയന്മാരും

സസ്പഷ്ടം ശ്ലീഹന്മാരും
നിൻസുത രഹസ്യം കാണിച്ചു

സതതം സ്തുത്യനാവുകയാൽ
നിന്നുടെ സൂനു മിശിഹായെ
ഞങ്ങളെന്നും സ്തുതിക്കുന്നു.

## തക്ശെപ്തോ

മഹാവിശുദ്ധ സ്ഥലത്ത് എല്ലാ പരിശുദ്ധൻമാരെയും കാൾ അത്യുന്നതനായി സ്ഥിതിചെയ്യുന്ന വചനമായ ദൈവത്തെ പ്രസവിച്ചവളും സകലത്തേയുംകാൾ മഹത്ത്വമുള്ളവളുമായ മാതാവേ, ഞങ്ങളുടെ ഈ അപേക്ഷയെ നീ കൈക്കൊള്ളണമേ. ഞങ്ങളെല്ലാവരേയും നിന്റെ മാദ്ധ്യസ്ഥതയാൽ ദു:ഖങ്ങളിൽനിന്നും ആപത്തുകളിൽനിന്നും വിടുവിക്കണമേ. എല്ലാവിധ ദോഷകരമായ പ്രതികാരത്തിൽനിന്നും രക്ഷിക്കണമേ. ഞങ്ങൾ നിന്റെ മുമ്പാകെ ഉച്ചത്തിൽ കേണപേക്ഷിക്കുന്നു– കരുണയുടെ വാതിലേ, സകല നന്മകളുടേയും ഭണ്ഡാരമേ, തന്നോട് അപേക്ഷിക്കുന്നവരെ ലജ്ജിപ്പിക്കാത്തവളുമായ ഞങ്ങളുടെ നാഥയും കന്യകയുമായ അമ്മേ, ഞങ്ങളെ സഹായിക്കുവാൻ നീ വേഗത്തിൽ എഴുന്നെള്ളി വരണമേ. നിന്റെ സ്വീകാര്യ പ്രാർത്ഥന വഴിയായി ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തണമേ. ഞങ്ങളുടെ രോഗങ്ങളെ സുഖപ്പെടുത്തണമേ.

നിന്റെ അപേക്ഷയാൽ ഞങ്ങളുടെ കറകളെ മായിച്ച് ആത്മാക്കളെ വിശുദ്ധീകരിക്കണമേ. ഞങ്ങളുടെ വിചാരങ്ങളെ നിർമ്മലമാക്കുകയും വഴികളെ നേരെയാക്കുകയും ചെയ്യണമേ. നിന്റെ മാദ്ധ്യസ്ഥതയാൽ ക്ഷീണിതർ ശക്തി പ്രാപിക്കുമാറാകണമേ. ഞങ്ങളുടെ വൃദ്ധജനങ്ങളെ താങ്ങണമേ. യുവതീയുവാക്കൻമാരെ പരിപാലിക്കണമേ. പൈതങ്ങളെ ജ്ഞാനത്തിലും ദൈവഭയത്തിലും വളർത്തണമേ. ഞങ്ങളുടെ സമീപസ്ഥരെ കാത്തുകൊള്ളുകയും ദൂരസ്ഥരെ സമാധാനത്തോടെ തിരിച്ചുവരുത്തുകയും ചെയ്യണമേ. ദുർബലർക്ക് കരുണ ലഭിക്കണമേ. പാപികളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമേ.

നിന്റെ മാദ്ധ്യസ്ഥം ഉത്തമ പുരുഷൻമാർക്കും സുകൃതസ്ത്രീകൾക്കും അഭയസ്ഥാനമായിരിക്കണമേ. വിശ്വാസികളായ മരിച്ചുപോയവർക്ക് കരുണ ലഭിക്കുമാറാകണമേ.





ദുഷ്ടമനുഷ്യരുടെ ഉപദ്രവത്തിൽനിന്നും അസൂയയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. നിർദ്ദയരായ ജനങ്ങളെ ഞങ്ങളിൽനിന്നും അകറ്റണമേ. തിരുസഭയും അതിന്റെ മക്കളും സംരക്ഷിക്കപ്പെടുമാറാകണമേ.

മാതാവേ! നിന്നിൽ ആശ്രയിക്കുന്നവർ സുരക്ഷിതരാകണമേ. ശ്രേഷ്ഠകരമായ നിന്റെ പരിശുദ്ധതയുടെ മുമ്പിൽ നിൽക്കുന്ന ഈ ദാസരുടെ അപേക്ഷകളെയും, ജാഗരണങ്ങളെയും സ്വീകരിക്കണമേ. ഇവരുടെ എല്ലാവിധ രോഗങ്ങളെയും സുഖപ്പെടുത്തണമേ. നിന്റെ കരുണയിൻകോട്ട ഇവരെ ചുറ്റിക്കൊണ്ട് പൈശാചിക ബന്ധനങ്ങളിൽ നിന്നും, എല്ലാവിധ അപകടങ്ങളിൽനിന്നും കാത്തുകൊള്ളണമേ. നിന്റെ വിശുദ്ധതയുടെ മറ ഇവർക്ക് അഭയസ്ഥാനമായിരിക്കണമേ. ഇവരുടെ ഭൗതികവും ആത്മീയവുമായ ജീവിതത്തിൽ ഇവർ വിജയികളാകണമേ. രഹസ്യവും പരസ്യവുമായ ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ ശത്രുക്കളിൽനിന്നും ഇവരെ രക്ഷിക്കണമേ. ഞങ്ങളുടെ മാതാവേ, ഞങ്ങളെയും, നിന്റെ പുരോഹിതന്മാരെയും, ശെമ്മാശ്ശൻമാരെയും, ഇവിടെ സന്നിഹിതരായിട്ടുള്ള എല്ലാ ജനങ്ങളേയും കാത്തുകൊള്ളണമേ. ഞങ്ങൾ ശബ്ദമുയർത്തി മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റുപറയുന്നു.

കുറിയേലായിസ്സോൻ... കുറി... കുറി...

(കിഴക്കോട്ട് തിരിയുന്നു)

രക്ഷകനാം മിശിഹാ–ഞങ്ങൾതൻ–സ്രഷ്ടാവാം ദേവാ
ദയചെയ് ഞങ്ങൾമേൽ–നിൻമാതാ, യാചനമൂലം
പൈശാചികചതിയിൽ, നിന്നെങ്ങൾ–ക്കേകണമേ മുക്തി
ദുർസേനാവലയിൽ നിന്നും നീ രക്ഷിക്കേണമേ

നിൻ–ദാസർ ഞങ്ങൾ, നാഥാ–തൃക്കയ്യിൽ
യാ–ചിപ്പാൻ കൃപയേ, നീ–യ–ല്ലാതില്ലാരും

ഏകണമേ പുണ്യം മോചനവും നിന്നടിയങ്ങൾക്കായ്
പൂർണ്ണശാന്തിയുമേ, മൃതരായോർ-ക്കരുളീടണമേ.

(രണ്ടു ഭാഗമായി അഞ്ചുപ്രാവശ്യം വീതം ചൊല്ലുന്നു)

കുറിയേലായിസ്സോൻ... ... ...
നാഥാ കൃപചെയ്തീടണമേ... ...
നാഥാ കൃപചെയ്യണമലിവാൽ... ...
നാഥാ ഉത്തരമരുളണമേ... ... ...
ശുബഹോലോക്ക് മോറാൻ... ശുബഹോലോക്ക് മോറാൻ
ശുബഹോലോക്ക് സബറാൻല്ഓലം. ബാറെക്മോർ.
സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...
കൃപ നിറഞ്ഞ മറിയമേ...

(കർമി അപേക്ഷകരുടെ ശിരസ്സിൽ കൈവച്ച് പ്രാർത്ഥിച്ച് കൈമുത്തിച്ചയയ്ക്കുന്നു).

1 ഭൂസ്വർഗം പേറുന്നോനേ
മറിയാമുദരേ കൈക്കൊണ്ട്
കാലത്തികവിൽ ബേത്‌ലഹേം
ഓഫർത്തായിൽ വെളിവാക്കി.
സർവ്വേശ്വരനുടെ പെററമ്മേ
കരുണക്കടലേ പരിശുദ്ധേ
താഴാഴ്മയുടെ മാതൃകയേ
പ്രാർത്ഥിക്കണമേ കൈവെടിയല്ലേ.
നിന്നേകസുതൻ സന്നിധിയിൽ
അർപ്പിക്കണമേ അടിയാരെ
കൃപയും വാഴ്‌വും നല്കണമേ

2 ആദത്തിൻ പാപം പോക്കി
ട്ടേദനിലവനെ ഏററീടാൻ
താതാത്മജ വചനം നരനായ്
തീരാൻ റൂഹാ തെരഞ്ഞെടുത്ത
നിർമ്മല കന്യകയേ സ്വസ്തി





രണ്ടാം ഹവ്വായേ സ്വസ്തി
കൃപാനിധിയാം അമ്മേ സ്വസ്തി
തൃക്കൺ പാർക്കണമീയടിയാരെ
തവസന്നിധിയിൽ കണ്ണീരോട-
ർത്ഥന ചെയ്യും മക്കളെ നീ
കൈവെടിയല്ലേ മാതാവേ

3 ദൈവികസൂര്യനുദിച്ചെന്ന
ദിവ്യാംബരമേ തേസ്വസ്തി
ജീവമരത്തെ മുളപ്പിച്ച
തിരുവയലാമമ്മേ സ്വസ്തി
കുഞ്ഞാടുണ്ടായൊരുമരവും
നീരുറ-വൊഴുകിയ തീപ്പാറ
നാണയമരുളിയ മൽസ്യമതും
മാതാവേ നിന്നെ വെളിവാക്കി
സകലചരാചര സ്രഷ്ടാവേ
കൈകളിലാഘോഷിച്ചവളേ
അമ്മേ കൃപചെയ്തീടണമേ.

❖

# 6

## വിശുദ്ധ കുർബാനയുടെ വാഴ്‌വിന്റെ ക്രമം

സ്രാപ്പികളെ കണ്ടേശായാ...
അല്ലെങ്കിൽ
അഗ്നിമയന്മാരാരെനോക്കിൽ...
അല്ലെങ്കിൽ
രഹസ്യം രഹസ്യം ഉടയോനരുളി...

### കുക്കിലിയോൻ

കർമ്മി : തവജനതയ്ക്കശനം നീയേകി ഹാ-ഹാ
വാനവർ യോഗ്യാഹാരം താൻ

ജനം : ഒരുക്കിയൊരപ്പമവർക്കവനേകി ഹാ-ഹാ
നിർല്ലോഭം സ്വ-ർഗേനിന്നും. ബാറെക്മോർ

കർമ്മി : ശുബ്ഹോ...

ജനം : മെന്ഓലം...

### എക്‌ബോ

കർമ്മി : ഉയരേ നിന്നാഴത്തിങ്കൽ അവതരിച്ച്

ജനം : ജനഗണമാർന്ന
പൈദാരിദ്ര്യാദികൾ തീർത്ത
സ്വർഗീയാഹാരമിതല്ലോ.

ശുശ്രൂ : സ്തൗമെൻകാലൊസ്...

ജനം : കുറിയേലായിസ്സോൻ

കർമ്മി : നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട്
കരുണയും ദയയും യാചിക്കണം.

ജനം : കാരുണ്യവാനായ കർത്താവേ, ഞങ്ങളെ
അനുഗ്രഹിച്ച് സഹായിക്കണമേ.





കർമ്മി : സ്തുതിയും സ്തോത്രവും മഹിമയും പുകഴ്ചയും
അനശ്വരകീർത്തിയും ഇടവിടാതെ സമർപ്പിക്കു
വാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ.

### പ്രുമിയോൻ

തന്റെ ശരീരം മുറിച്ചു ഞങ്ങളെ തീറ്റുകയും തന്റെ രക്തം കലർത്തി ഞങ്ങളെ കുടിപ്പിക്കുകയും തന്റെ സ്വർഗ രാജ്യത്തിനു ഞങ്ങളെ അവകാശികളാക്കുകയും ചെയ്ത സ്വർഗീയ അപ്പമായ തനിക്കു സ്തുതി. വി. കുർബാനയുടെ വാഴ്‌വ് (ആരാധന) നടത്തുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും... (ബ്കുലഹൂൻ യൗമ്മോസൊദ് ഹായായിൻല്ഒൽമ്മീൻ)

### സെദറാ

ഈറേന്മാരിൽനിന്നും മാലാഖമാരിൽ നിന്നും മറഞ്ഞി രിക്കുന്ന പിതാവായ ദൈവമേ, നിന്റെ മുമ്പാകെയും തന്റെ സ്നേഹംമൂലം ലോകത്തിനു വെളിപ്പെട്ട നിന്റെ വാത്സല്യപുത്രന്റെ മുമ്പാകെയും തന്റെ ആവസിപ്പാൽ ലോകത്തെ പുണ്യപ്പെടുത്തിയ നിന്റെ വിശുദ്ധ റൂഹായുടെ മുമ്പാകെയും ഈ ആരാധന ഞങ്ങൾ സമർപ്പിക്കുന്നു. ഇതു കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോച നത്തിനും നിന്റെ ഇടവക മുഴുവന്റെയും കുറ്റം മാഞ്ഞു പോകുന്നതിനും വിശ്വാസികളായ സകല മരിച്ചവരുടേയും ആശ്വാസത്തിനും നല്ല ഓർമ്മയ്ക്കുമായിത്തീരണമേ. ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ...

ദൈവത്തിൽ നിന്ന് കടങ്ങൾക്ക് പരിഹാരവും...

### കൂക്കോയാ

ജീവാഹാരം ഞാൻ തന്നെ നാഥൻ താൻ ചൊല്ലി
ഉയരേ നിന്നായ് ഞാൻ വന്നു രക്ഷിപ്പാൻ ലോകം

അയച്ചു താതൻ വചനമതാം എന്നെ
കർഷകനെപ്പോൽ ഗബ്രിയേൽ വിതച്ചു.
സൽഭൂമറിയാം ഗർഭേ ഞാൻ റൂഹായാൽ ജാതനായ്
ദൂതന്മാരവർ ചെയ്യും പോൽ ആചാര്യർ കൈകളിൽ
ഹാലേലൂയ്യാ - ഘോഷിക്കുന്നെന്നെ.
ബാറെക്മോർ.

ശുബ്ഹോ... മെൻഓലം...

മാനുഷവേഷം പൂണ്ടോനാം നാഥൻ തൻ ഗാത്രം
അഗ്ന്യാത്മീയർ വാനോർ രഥമതിലാഘോഷിപ്പൂ
സംഖ്യാതീതർ ക്രോബേർ വാഴ്ത്തുന്നു
ചിറകാൽ സ്രോപ്പേർ കാദീശ് പാടുന്നു
ഭക്ത്യാവന്നവർ സഹിതം നാം ആർത്തുരചെയ്യേണം
തനുരുധിരങ്ങൾ തന്നസുതാ-കൃപചെയ്യടിയാരിൽ
ഹാലേലൂയ്യാ സ്തുത്യൻ നീ നിത്യം.
മൊറിയോ...

### എത്രോ

വെടിപ്പുള്ള ആത്മാക്കളുടെ മണവാളനും തന്റെ സുഗന്ധവാസനയാൽ മണവാട്ടിയായ വി. സഭയ്ക്കു സ്നേഹത്തെ സമർപ്പിച്ച ഭംഗിയുള്ള പനിനീർപുഷ്പവുമായ ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, നിന്റെ വിശുദ്ധ ശരീരത്തിന്റെ മാധുര്യത്താൽ ഞങ്ങളെ തൃപ്തിപ്പെടുത്തുകയും ഞങ്ങളുടെ ഹൃദയങ്ങൾ നിന്റെ ദൈവികസ്നേഹത്താൽ കത്തിജ്വലിക്കുവാൻ തക്കവണ്ണം ഇമ്പമുള്ളതും വിസ്മയനീയവുമായ നിന്റെ തിരുരക്തത്തിന്റെ മാധുര്യത്താൽ ഞങ്ങളെ ലഹരിപിടിപ്പിക്കുകയും ചെയ്യണമേ. ഹോശോ...

(വി. കുർബാനയുടെ ആശിർവ്വാദം നടത്തുന്നു.)

യേശു പിതൃസുതനെ...

ഭൂവാകെ നമിക്കും നിന്നെ...

❖



# 7

## പെരുന്നാൾ റാസാ ഗാനങ്ങൾ

### I

### പൊതുവായത്

(ദൈവജനനീ - എന്ന രീതി)

1 സ്വർഗരാജ്യ-സിംഹാസനമേറി-
സ്ഥിതി ചെയ്യുന്നവനേ
സർവ്വചരാചര പാലകനേ
സ്വസുതനെ ഭൂവിലയച്ചവനേ
സുരവര സംഹിതനായവനേ-
സ്വജനത്തിനു വരദായകനേ
മംഗളമായ് തീരണമീ പെരുന്നാൾ.

2. ഗോൽഗോത്തായിൽ-കുരിശുമരത്തിൻമേൽ-
ആണികൾ മൂന്നേറ്റു
പ്രാണൻ ഞങ്ങൾക്കായ് വിട്ടു-
ത്ഥാനം ചെയ്തഥവാനേറി
താതൻ തൻ വലമാർന്നവനേ-
നാഥാ യേശു മഹേശ്വരനേ
മംഗളമായ് തീരണമീ പെരുന്നാൾ.

3 താതോത്ഭവനേ-ജീവദനാം-നാഥാ-
ജനകാത്മജ തുല്യാ
പരമാരാദ്ധ്യാ സംസ്തുത്യ-
നിബിയർ ശ്ലീഹന്മാർ വഴിയായ്
ഭാഷിച്ചവനെ പാവനനേ-
ജീവനെഴും വിമലാത്മാവേ
മംഗളമായ് തീരണമീ പെരുന്നാൾ.

4 ബേതലഹേമിൽ-കല്ലിൻ ഗുഹതന്നിൽ-
ലോകത്തിൻ പതിയെ

പെറ്റവളേ ഗുണവിളനിലമേ,
ശാശ്വതകന്യേ, ഭാഗ്യവതി
ഉടലോടംബരമാർന്നവളേ,
എൻ മാതാവെ മറിയാമേ
മംഗളമായ് തീരണമീ പെരുന്നാൾ.

5 ഇസ്രായേല്യൻ-ദാവീദിൻ പുത്രൻ-
ശില്പകലാകാരൻ
കന്യകയുടെ കാവൽ പുരുഷൻ-
വന്ദ്യവയോധിക മൗലിമണി
കർത്താവിന്റെ വളർത്തു പിതാ-
വുത്തമശീലൻ യൗസേപ്പേ
മംഗളമായ് തീരണമീ പെരുന്നാൾ.

6 ലോകത്തിൻ പാപം-പേറും ദൈവത്തിൻ-
കുഞ്ഞാടെന്നേവം
മശിഹായെ സാക്ഷിച്ചവനേ-
സ്ത്രീസംജാതരിലഗ്രിമനേ
മൗലിയെ ബലിയർപ്പിച്ചവനേ,
സ്നാപക മാർ യൂഹാനോനേ
മംഗളമായ് തീരണമീ പെരുന്നാൾ

7 യൗനാൻ തൻ തനയാ-ശ്ലീഹഗണപ്രമുഖ-
ഈശോ ദൈവസുതൻ
മിശിഹാ എന്നുരചെയ്തവനേ-
അനുതാപീ മാർ പത്രോസേ
രാജ്യം ചുറ്റി വിജാതികളെ-
നേടിയ മാർ പൗലോസ് ശ്ലീഹാ
മംഗളമായ് തീരണമീ പെരുന്നാൾ

8 മൈലാപ്പൂരിൽ-മശിഹായെ പ്രതി തൻ-
ജീവൻ വച്ചവനെ
നിരണം മുതലായവയേഴു-
ഭവനം സംസ്ഥാപിച്ചവനെ
ഇൻഡ്യായുടെ കാവൽക്കാരാ-





മാന്യപിതാവേ മാർത്തോമ്മാ
മംഗളമായ് തീരണമീ പെരുന്നാൾ

9 ശ്ലീഹന്മാർ കൈവെ-പ്പേകിയ ശെമ്മാശൻ
സഹദേന്മാർ മുമ്പൻ
യൂദന്മാർക്കെതിരായ് വേദം
വ്യാഖ്യാനിച്ച മഹാജ്ഞാനി
എറിയുന്നോർക്കായ് പ്രാർത്ഥിച്ചോൻ-
ദർശകനേ സ്തേഫാനോസേ
മംഗളമായ് തീരണമീ പെരുന്നാൾ.

10 ശൈശവമതിലീശ-തൃക്കൈകളിലേന്തി-
പരിലാളിച്ചവനേ
അന്തോഖ്യായുടെ അദ്ധ്യക്ഷാ-
ലേഖനമേഴു ചമച്ചവനെ
കേസരികൾക്കിരയായവനേ,
ഇഗ്നാത്തിയോസഗ്നിമയാ
മംഗളമായ് തീരണമീ പെരുന്നാൾ.

11 പണ്ഡിത വൈദികനേ-റൂഹായുടെ നാവേ,-
സത്തമനാമിടയാ
സോദരനാം ഗ്രിഗോറിയോസ്-
സഹിതം സഭയാം തോട്ടത്തിൽ
ദുർവചനക്കളകളെ നിത്യം-
നീക്കിയ ബസേലിയോസേ
മംഗളമായ് തീരണമീ പെരുന്നാൾ.

12 ഉന്നതകുല ജാതാ-ആത്മോന്നതി കരുതി-
ട്ടൈഹിക സമ്പാദ്യം
സകലം വിട്ടതി ഭീതികരം-
മിസ്രേം കാനനമാർന്നവനെ
ദയറാ ജീവിത വഴികാട്ടി-
സിദ്ധൻ മാർ അന്തോനിയോസ്
മംഗളമായ് തീരണമീ പെരുന്നാൾ.

13 രാജരാജന്നായ്-ജീവനുപേക്ഷിച്ചും-
പാഷാണ്ഡന്മാരോ
ടതി ധീരതയോടരാടി-
ജ്ജയമകുടം പ്രാപിച്ചവനേ
സർപ്പത്തെ ഹിംസിച്ചവനേ
മാർ ഗീവറുഗീസാം-സഹദാ
മംഗളമായ് തീരണമീ പെരുന്നാൾ.

14 യൂലിത്തി എന്ന-മുന്തിരി തലപെറ്റ-
വാഴ്‌വിൻ പൂങ്കുലയേ
വാദത്തിൽ ക്രിസ്തേതരനാം-
മന്നവനെ വീഴ്ത്തിയ ശിശുവീരാ
ആദിയിലമ്മയ്ക്കതി ധൈര്യം-
നല്കിയ മാർ കുറിയാക്കോസേ
മംഗളമായ് തീരണമീ പെരുന്നാൾ.

15 ഒൻപതുവൃന്ദമതായ്-ദൈവസ്തുതി ചെയ്യും-
മാലാഖമാരേ
പരനായ് ജീവിതമർപ്പിച്ച-
നിരുപമ പരിശുദ്ധന്മാരേ
ശരണത്തോടെ ഇഹംവിട്ട-
ഭക്തരതാം വിശ്വാസികളേ
മംഗളമായ് തീരണമീ പെരുന്നാൾ.

## II

## വി. ദൈവമാതാവിന്റെ പെരുന്നാളുകളിൽ

(ദൈവജനനീ - എന്ന രീതി)

1 നാഥാ ദേവാ
നിൻ തിരുസന്നിധിയിൽ
കന്യകമാതാവിൻ
ബഹുമാനത്തിന്നർപ്പിക്കും





പ്രാർത്ഥന സ്വീകൃതമാകണമേ
പരിമള ധൂപമൊടെന്നേയ്ക്കും
തന്നോർമ്മയതുണ്ടാകട്ടെ
മംഗളമായ് തീരണമീ പെരുന്നാൾ.

2 കന്യകമറിയാം
ദൈവത്തിൻ ജനനീ
സ്ത്രീകളിലതിധന്യ
പാപമെഴാതെ പിറന്നവൾ താൻ
ഹവ്വാതന്നുടെ ശാപത്തെ
നീക്കിയ രണ്ടാം ഹവ്വാതൻ
ഓർമ്മകഴിക്കുന്നീ സമയം
മംഗളമായ് തീരണമീ പെരുന്നാൾ.

3 മാതാ തന്റെ
പ്രാർത്ഥനായാശ്രയമായ്
തേടി വരുന്നവരെ
തള്ളീടരുതേ മാതാവേ
ഈശൻ നിന്നൊടു കൂടെന്നും
അത്ഭുതകരമായ് ദൈവത്തിൻ
മാതാവായിത്തീർന്നീടും
മംഗളമായ് തീരണമീ പെരുന്നാൾ.

4 പേർവഴി ചാർത്താൻ
യൗസേപ്പോടൊത്ത്
ബേത്‌ലഹേം പുരിയിൽ
യാത്രകഴിച്ചൊരു ഗർഭിണി നീ
സത്രത്തിൽ സ്ഥലമില്ലായ്കെ
പുൽക്കുടിലിൽ പ്രസവിച്ചവളേ
ദാരിദ്ര്യത്തിൻ നിറകുടമേ
മംഗളമായ് തീരണമീ പെരുന്നാൾ.

5 ശീലകൾ ചുറ്റി
ശിശുവെ പാഴ്ഗുഹയിൽ

വച്ചതുനേരമതാ
ആട്ടിടയർ വിദ്വാന്മാരും
വന്നുവണങ്ങി തിരുമുമ്പിൽ
രാജാധീശനു സമമങ്ങേ-
ക്കർപ്പിക്കുന്നു നേർച്ചകളെ
മംഗളമായ് തീരണമീ പെരുന്നാൾ.

6 ഹേറോദോസിൻ
വാൾമുനയിൽനിന്നും
ശിശുവെ രക്ഷിപ്പാൻ
വാനവദൂതൻ കല്പനയാൽ
മെസറേമിൽ നീ പോയപ്പോൾ
ദൈവികപരിപാലനയതിനാൽ
ഭക്ത്യാ ചേർന്നുവസിച്ചല്ലോ
മംഗളമായ് തീരണമീ പെരുന്നാൾ.

7 കാൽവരിമലയിൽ
ക്രൂശിൻചാരത്തായ്
നിലകൊണ്ടൊരു ജനനീ
ശെമഓൻ പണ്ടുപറഞ്ഞോരാ
വാൾ നിൻ ഹൃദയം ഭേദിച്ചു
വ്യാകുലമാതേ ഞങ്ങൾക്കായ്
ആകുലമൊടു പ്രാർത്ഥിക്കണമെ
മംഗളമായ് തീരണമീ പെരുന്നാൾ.

8 പാവനകന്യേ
ദൈവത്തിൻ ജനനീ
ധന്യതയാർന്നവൾ നീ
പരിമളധൂപമൊടെന്നേക്കും
നിന്നോർമ്മയതുണ്ടാകട്ടെ
താവക പ്രാർത്ഥന യാചനയാൽ
ധരയിന്മേൽ കൃപയുണ്ടാക
മംഗളമായ് തീരണമീ പെരുന്നാൾ.





## III

## മാർത്തോമ്മാശ്ലീഹായുടെ പെരുനാൾ

(ദൈവജനനീ - എന്ന രീതി)

1. ദൈവപിതാവേ
വത്സലനാംതാതാ
അനുപമ സ്നേഹത്താൽ
ഉലകം മുഴുവൻ സൃഷ്ടിച്ചോൻ
താവക ദൈവിക സാദൃശ്യം
മർത്ത്യർക്കേകിയ സർവ്വേശാ
പാടി നമിച്ചു സ്തുതിക്കുന്നു
അനുഗ്രഹമായ് തീരണമീതിരുനാൾ (റാസ)

2. നിർമ്മലനാകും
ദൈവത്തിൻസൂനോ
മിശിഹാ കർത്താവേ,
സന്തോഷത്തിൻ സദ്‌വാർത്ത
സകലജനത്തിനുമേകീടാൻ
സകലരിലും താഴ്ന്നവനാകാൻ
തിരുമനസ്സായൊരു രക്ഷകനേ
അനുഗ്രഹമായ് തീരണമീതിരുനാൾ

3. ദൈവാത്മാവേ
പാവനനാം റൂഹാ
അത്യുന്നത ശക്തി
താതസുതൻ തൻ സ്നേഹം നീ
ആദിയിലുള്ളൊരു ചൈതന്യം
ശ്ലീഹന്മാരിലിറങ്ങി നീ
തീനാളത്തിൻ രൂപത്തിൽ
അനുഗ്രഹമായ് തീരണമീതിരുനാൾ

4. ത്രീയേകൻ നീ
പരിപാവനത്രിത്വം
സാരാംശം ഏകം
മൂന്നാളെങ്കിലുമേകൻതാൻ
സാക്ഷാൽ ദൈവം സത്യേകൻ
സകലത്തിന്നും ഉടയവനേ
സർവ്വതിലും സ്ഥിതി ചെയ്വോനേ
അനുഗ്രഹമായ് തീരണമീതിരുനാൾ

5. പുണ്യപിതാവാം
മാർ തോമ്മാശ്ലീഹാ
ദിദിമോസ് നാമം
പേറും പ്രേഷിതനേ താതാ
മിശിഹാ ഹിതമതുകൈക്കൊണ്ട്
മഹിതാചാര്യം ശ്ലീഹായെ
മലങ്കര സഭയുടെ പൊൻതാതാ
അനുഗ്രഹമായ് തീരണമീതിരുനാൾ

6. രക്ഷകനാകും
മിശിഹായൊടുകൂടെ
രാപകലില്ലാതെ
ചേർന്നു നടന്നൊരുമാർ തോമ്മാ
പാവനറൂഹാനിറവോടെ
അനുഗ്രഹമേറെ ചൊരിയുന്ന
അപ്പോസ്തോലർക്കഭിമതനേ
അനുഗ്രഹമായ് തീരണമീതിരുനാൾ

7. കർത്താവാമേശു
മിശിഹായോടൊത്ത്
പോയി മരിച്ചിടാൻ
ധീരതകാട്ടിയ സൽശിഷ്യാ
ഈശോ തന്നുടെ മാർഗമതിൽ





ചേലൊടു യാത്ര തിരിച്ചോനേ
പ്രാർത്ഥിക്കേണം ഞങ്ങൾക്കായ്
അനുഗ്രഹമായ് തീരണമീതിരുനാൾ

8. ശ്ലീഹർമദ്ധ്യേ
പുനരാഗതനായോൻ
തോമ്മാശ്ലീഹായേ
ചാരേ ചേർത്തിട്ടിദമോതി
സ്പർശിക്കീ മുറിവിൻ പാടിൽ
കർത്താ ദൈവം നീ തന്നെ
ഏറ്റുപറഞ്ഞൊരു മാർ തോമ്മാ
അനുഗ്രഹമായ് തീരണമീതിരുനാൾ

9. ഭാരതമക്കൾ
എന്നെന്നും പാടും
ഞങ്ങൾ തൻ താതാ
മാർ തോമ്മാ നിൻ ശ്രേഷ്ഠതയെ
വിശ്വാസത്തിൻ ദീപശിഖ
ഞങ്ങൾക്കായ് നീ തെളിയിച്ചു
പാരിൽ നിൻ സ്മൃതി അനവരതം
അനുഗ്രഹമായ് തീരണമീതിരുനാൾ

10. പാവന റൂഹാ
വന്നു നിറഞ്ഞപ്പോൾ
ഭീതിയൊഴിഞ്ഞേവം
ധീരതയോടെ സുവിശേഷം
പാരിതിലെങ്ങും ഘോഷിക്കാൻ
ശ്ലീഹർക്കായികുറിയിട്ടു
ഇൻഡ്യയിലെത്തി മാർതോമ്മാ
അനുഗ്രഹമായ് തീരണമീതിരുനാൾ

11. ശ്ലീഹരിലേറ്റം
ധന്യൻ മാർതോമ്മാ
മിശിഹാ തൻ കൃപയാൽ
കർതൃമഹത്വം ദർശിച്ചു
ദൈവാത്മാവാൽ പൂരിതനായ്
ഭാരതമണ്ണിൽ മിശിഹാതൻ
തിരുസഭയെ സ്ഥാപിച്ചോനെ
അനുഗ്രഹമായ് തീരണമീതിരുനാൾ

12. തോമ്മാശ്ലീഹാ
മിശിഹാസുവിശേഷം
ശോഭിതദീപം പോൽ
സ്നേഹമിയന്നൊരു മനസ്സോടെ
പരിചിൽ തെളിയിച്ചതിമോദാൽ
ഭാരതഭൂവിൽ നാമെല്ലാം
പാടിയുയർത്തും അപദാനം
അനുഗ്രഹമായ് തീരണമീതിരുനാൾ

13. മാർ തോമ്മാ നിൻ
നിശ്ചയദാർഢ്യത്തോ-
ടൊത്തുള്ളൊരു ധൈര്യം
താവക സുതരാം ഞങ്ങൾ തൻ
പാതയിൽ ദീപ്തി പരത്തട്ടെ
യേശുവെ വാഞ്ഛിച്ചനുദിനവും
കൃപയിൽ പൂരിതരായീടാൻ
അനുഗ്രഹമായ് തീരണമീതിരുനാൾ

14. തോമ്മാശ്ലീഹാ
പ്രേഷിതഗുരുവരനേ
ഏഴരപ്പള്ളികളെ
സ്ഥാപിച്ചു ഭൂഭാഗത്തെ
ധന്യമതാക്കിയ പരിശുദ്ധാ-





പാപച്ചേറ്റിൽ പൂണ്ടവരെ
പാവനപാതേ നയിച്ചവനേ
അനുഗ്രഹമായ് തീരണമീതിരുനാൾ

15. പ്രീതിവരുത്തും
സുരഭില കാഴ്ചയതായ്
മൈലാപ്പൂർമലയിൽ
എഴുപതുരണ്ടൊടുചേർന്നാണ്ടിൽ
ജൂലൈ മാസം മൂന്നാം നാൾ
കുന്തത്താൽ കൊല്ലപ്പെട്ട
വിശ്വാസത്തിൻ യോദ്ധാവേ
അനുഗ്രഹമായ് തീരണമീതിരുനാൾ

16 ഈ ഇടവകതൻ
മാദ്ധ്യസ്ഥൻതാതാ
തോമ്മാശ്ലീഹാ നീ
വാഴ്ത്തുക ഞങ്ങളെ തൃക്കൈയാൽ
നീ തെളിയിച്ചൊരു വീഥിയതിൽ
കൃപയിൻ നിറവിൽ മുന്നേറാൻ
ചൊരിയുക താവക സിദ്ധികളെ
അനുഗ്രഹമായ് തീരണമീതിരുനാൾ

17. മാർ തോമ്മാ നിൻ
തിരുന്നാൾ ദിവസമിതിൽ
ത്രിത്വത്തെ ഞങ്ങൾ
ആരാധിച്ചു വണങ്ങുന്നു
താവക മാതൃക ഞങ്ങൾക്കായ്
നൽകിയ ദൈവപിതാവിന്നും
തിരുസുതനൊപ്പം റൂഹായ്ക്കും
സ്തുതിഗീതം പാടുന്നീ മക്കൾ.

❖

## സുറിയാനി, ഗ്രീക്ക് പദങ്ങളുടെ അർത്ഥം

ആലോഹോ = ദൈവം
ആമ്മീൻ = അപ്രകാരംതന്നെ
ബാറെക്മോർ = കർത്താവേ അനുഗ്രഹിച്ചാലും
സ്തൗമെൻകാലൊസ് = നമുക്കു നന്നായി നില്ക്കാം
കുറിയേലായിസ്സോൻ = കർത്താവേ, ഞങ്ങളോട് കരുണചെയ്യണമേ
മൊറിയോ = കർത്താവ്
മോറാൻ = ഞങ്ങളുടെ കർത്താവ്/ നാഥൻ
ശ്ലോമ്മോ = സമാധാനം
ശൈനോ = ശാന്തി
മൊറിയോറാഹേം അലൈൻ ഊ ആദാറൈൻ = കർത്താവേ, കരുണ തോന്നി ഞങ്ങളെ സഹായിക്കണമേ
സ്ലീബാ = കുരിശ്, ക്രൂശിക്കപ്പെട്ടവൻ
ഏവൻഗേലിയോൻ = സുവിശേഷം, സദ്വാർത്ത
റൂഹാ = ആത്മാവ്/ പരിശുദ്ധാത്മാവ്
പാറക്കലീത്ത = ആശ്വാസപ്രദൻ/പരിശുദ്ധാത്മാവ്
കാദീശ് (കാദീശോ) = പരിശുദ്ധൻ
നിബിയ = പ്രവാചകൻ
ശ്ലീഹാ = അപ്പോസ്തോലൻ/ (ദൈവത്താൽ) അയയ്ക്കപ്പെട്ടവൻ
സഹദാ = രക്തസാക്ഷി
മല്പാൻ = ഗുരു
കൊഹനൊ (കഹനാ) = വിശുദ്ധകർമ്മം അനുഷ്ഠിക്കുന്നവൻ/ വൈദികൻ
കശ്ശീശാ = ശ്രേഷ്ഠൻ (പുരോഹിതൻ)





ശെമ്മാശൻ = ശുശ്രൂഷകൻ, സഹായി
ദയറാ = സന്യാസാശ്രമം
ദയറായക്കാർ = സന്യാസം സ്വീകരിച്ചിരിക്കുന്നവർ
മാലാഖ = (ദൈവ)ദൂതൻ
ഈറേ മാലാഖ = ജാഗരൂകതയോടെ പ്രവർത്തിക്കുന്ന മാലാഖ
മസ്മൂറാ = സങ്കീർത്തനം
ബോവൂസൊ = അപേക്ഷ
ഫെസ്ഗോമൊ = പ്രതിവാക്യം
എനിയൊനൊ = പ്രതിവാക്യപ്രാർത്ഥന
ഹാലേലുയ്യാ = സ്തുതി
ഓശാന = രക്ഷിക്കണമേ/മഹത്ത്വം
ഹാശാ = കഷ്ടാനുഭവം
ആബൂൻ = നമ്മുടെ പിതാവ്
ശുബ്ഹോ, ലാബോ, ഉ ലബ്രോ, വൽ റൂഹോകാദീശോ. = പിതാവിനും, പുത്രനും, പ. റൂഹായ്ക്കും സ്തുതി
മെൻഓലം വാദാമൊ ല്ഓലം ഒൽമീനാമ്മീൻ = ആദിമുതൽ എന്നെന്നേക്കും ആമ്മീൻ
മൗദ്യോനൊ = വിശ്വാസസാക്ഷി (വിശ്വാസം ഏറ്റുപറയുന്നവൻ)
മൗദ്യോനീസോ = വിശ്വാസ പ്രകരണം
പ്രുമിയോൻ = ആമുഖം
സെദറാ = ക്രമം, നിര
എത്രോ = ധൂപാർപ്പണ പ്രാർത്ഥന
ക്രിസ്തു (മിശിഹാ) = അഭിഷിക്തൻ
യേശു = രക്ഷകൻ
കോലൊ = ശബ്ദം (ഗീതം)
യൽദാ = കർത്താവിന്റെ ജനനം (ക്രിസ്മസ്)

| | | |
|---|---|---|
| മായൽത്തോ | = | കർത്താവിന്റെ ദേവാലയ പ്രവേശനം |
| ദനഹാ | = | ഉദയം (കർത്താവിന്റെ മാമോദീസാ) |
| കൃംതാ | = | ഉയിർപ്പ് (ഈസ്റ്റർ) |
| സൂലോക്കോ | = | സ്വർഗാരോഹണം |
| ശൂനോയോ | = | സ്വർഗാരോപണം |
| പെന്തിക്കൊസ്തി | = | അൻപതാം ദിവസം (പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ മേൽ വന്ന ദിവസം) |
| എപ്പിസ്ക്കോപ്പാ | = | മെത്രാൻ |
| മദ്ബഹാ | = | ബലിയർപ്പിക്കുന്ന സ്ഥലം |
| കെസ്ത്രൂമാ | = | അഴിക്കകം (വൈദിക സംഘം നിൽക്കുന്ന സ്ഥലം) |
| ഹൈക്കലാ | = | വിശ്വാസികൾ നിൽക്കുന്ന സ്ഥലം |
| ദർഗാ | = | പടി/പദവി |

## ഒൻപത് വൃന്ദം മാലാഖമാർ

(ആരോഹണ ക്രമത്തിൽ)

(മൂന്നു വൃന്ദങ്ങൾ വീതമുള്ള
മൂന്ന് ഗണങ്ങളായി വിഭജിച്ചിരിക്കുന്നു)

I. മാലാഖമാർ, റീശൈമാലാഖമാർ, റീശൊന്വോസന്മാർ

II. ഹൈലാവോസർ, മോറാവോസർ, ശുൽത്തോനന്മാർ

III. മൗത്ത്ബേന്മാർ, സ്രാപ്പികൾ, ക്രോബകൾ

❖